REV. FR. JOSEPH KAIPPALLIL
CATHOLIC MISSION HOUSE
KATTOOR, KOZHENCHERRY - 689650
KERALA - INDIA.

[illegible]

ܛܟܣܐ ܕܩܢܕܝܠܐ ܟܗܢܝܬܐ

# കന്തീലാ
# കഹനൈത്താ

(സുറിയാനിയിൽനിന്നു തർജ്ജിമ)

കണ്ടനാട്ട് ഇടവകയുടെ
മാർ ഔഗേൻ തീമാത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്
പരിശോധിച്ച് അനുവദിച്ചത്.

പരിഭാഷകൻ,
മല്പാൻ തേനുങ്കൽ ഗീവറുഗീസ് കത്തനാർ, കോലഞ്ചേരി.

---

പ്രസാധകൻ,
മൂക്കഞ്ചേരിൽ പത്രോസ് റമ്പാൻ, ബി. ഏ., ബി. ഡി., എൽ. റ്റി.
സ്ലീബാദാസ സമൂഹാദ്ധ്യക്ഷൻ, മുളന്തുരുത്തി.

---

1949.

---

മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ പ്രസ്സ് & ബുക്ക്ഡിപ്പോ
തിരുവല്ലാ, തിരുവിതാംകൂർ.

www.malankaralibrary.com

REV. FR. JOSEPH KAIPPALLIL
CATHOLIC MISSION HOUSE
KATTOOR, KOZHENCHERRY - 689650
KERALA - INDIA.

ܛܘܟܣܐ

ܕܩܢܕܝܠܐ ܕܡܫܚܐ ܟܗܢܝܬܐ

# കന്തീലാ
# കഹനൈത്താ

(സുറിയാനിയിൽനിന്നു തർജ്ജിമ)

കണ്ടനാട്ട് ഇടവകയുടെ
മാർ ഔഗേൻ തീമൊത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്
പരിശോധിച്ച് അനുവദിച്ചതു്.

പരിഭാഷകൻ,
മല്പാൻ തേനുങ്കൽ ഗീവറുഗീസ് കത്തനാർ, കോലഞ്ചേരി.

---

പ്രസാധകൻ,
മൂക്കഞ്ചേരിൽ പത്രോസ് റമ്പാൻ, ബി. ഏ., ബി. ഡി., എൽ. ററി.
സ്ലീബാദാസ സമൂഹാദ്ധ്യക്ഷൻ, മുളന്തുരുത്തി.

---


1949.

മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ പ്രസ്സ് & ബുക്ക്ഡിപ്പോ
തിരുവല്ലാ, തിരുവിതാംകൂർ.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com



www.malankaralibrary.com



[illegible]
[illegible]
[illegible]
[illegible]

മല്പാൻ തേനുങ്കൽ ഗീവറുഗീസു് കത്തനാർ.

www.malankaralibrary.com

# വിഷയവിവരം


| കന്തീലാക്രമം. | പേജു് |
|---|---|
| 1-ാം ശുശ്രൂഷ | 1 |
| 2-ാം ,, | 10 |
| 3-ാം ,, | 17 |
| 4-ാം ,, | 23 |
| 5-ാം ,, | 28 |

കംഥക്കൈനെത്താക്രമം.

| | |
|---|---|
| പ്രാരംഭം | 39 |
| 1-ാം ശുശ്രൂഷ | 52 |
| 2-ാം ,, | 61 |
| 3-ാം ,, | 69 |
| 4-ാം ,, | 80 |
| 5-ാം ,, | 90 |
| 6-ാം ,, | 97 |
| 7-ാം ,, | 108 |
| 8-ാം ,, | 117 |


www.malankaralibrary.com

# കന്തീലാക്രമം

ഒരുവൻ രോഗിയാണെങ്കിൽ സഭയുടെ കശീശന്മാരെ വിളിക്കട്ടെ. അവർ അവനുവേണ്ടി പ്രാർത്ഥിക്കയും നമ്മുടെ കർത്താവായ ഈശോമ്ശിഹായുടെ നാമത്തിൽ അവനെ എണ്ണ പൂശുകയും ചെയ്യട്ടെ. വിശ്വാസപൂർവ്വകമായ പ്രാർത്ഥന അവനെ സുഖപ്പെടുത്തുകയും അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കപ്പെടുകയും ചെയ്യും എന്നു നമ്മുടെ കർത്താവിന്റെ സഹോദരൻ സൌഭാഗ്യവാനായ മാർ യാക്കോബ് ശ്ലീഹാ (5:14-15) പൊതുവിലേക്ക് എഴുതിയ ലേഖനത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം മാനസാന്തരപ്പെട്ട് തിരിഞ്ഞുവരുന്ന രോഗിയുടെ സ്വാസ്ഥ്യത്തിനും ആയുസ്സിനുംവേണ്ടി ഈ ക്രമം കഴിക്കുന്നതാകുന്നു.

ആദ്യമെ പള്ളിയിലെ കശീശന്മാർ ഒരുമിച്ചുകൂടി കാടിപൂശിയ മൺപാത്രമൊ സ്ഫടികപ്പാത്രമൊ കൊണ്ടുവന്ന്, കഴച്ചമാവുകൊണ്ട് വട്ടത്തിൽ പിഞ്ഞാണിപോലെയുണ്ടാക്കി അതിൽവച്ച് അതിൽ നല്ല സൈതെണ്ണയും മൂന്നുതുള്ളി തെലാമിദ്രഷക സൈത്തും ഒഴിച്ച് പഞ്ഞികൊണ്ട് ഈർക്കിലിൽ ചുറ്റി അഞ്ചു തിരിയുണ്ടാക്കി സ്ലീബാ മാതൃകയിൽ ഒന്ന് കിഴക്കും ഒന്നു പടിഞ്ഞാറും ഒന്നു വടക്കും ഒന്നു തെക്കും ഒന്നു നടുവിലുമായി ആ എണ്ണയിൽ കുത്തിനിർത്തി, രണ്ടുവശത്തും മെഴുകുതിരിയും നടുവിൽ പരിശുദ്ധ സ്ലീബായും വന്ദ്യ ഏവൻഗേലിയോനുമായി അലങ്കരിക്കപ്പെട്ട ഒരു മേശയിൽ വയ്ക്കണം. എന്നാൽ അനുതാപി മേശയുടെ ഒരു വശത്ത് മുട്ടുകുത്തി നിൽക്കുകയൊ കിടക്കുകയൊ ചെയ്യണം. അഞ്ച് എന്ന സംഖ്യ ബുദ്ധിമതികളായ അഞ്ചു കന്യകമാരെയും പഞ്ചേന്ദ്രിയ ശുദ്ധിയേയും ഉദ്ദേശിക്കുന്നു. ആദ്യമെ കിഴക്കേതും പിന്നെ നടുവിലത്തേതും മൂന്നാമത്തേ പടിഞ്ഞാറേതും നാലാമത്തേ വടക്കേതും അഞ്ചാമത്തേ തെക്കേതും ആയി ഓരോ തെശ്മെശ്തായും തുടങ്ങുമ്പോൾ ഓരോ തിരി കത്തിക്കണം. 'തിരി'യെന്ന് അർത്ഥമുള്ള കന്തീലാ എന്ന് ഇതിനു പേർ പറയപ്പെടുന്നു.

## ഒന്നാം ശുശ്രൂഷ.

ഒരു കൌമാ ചൊല്ലണം.

മേൽപട്ടക്കാരനൊ പട്ടക്കാരനൊ കന്തീലാമേൽ മൂന്നു റൂശ്മാ ചെയ്ത് കിഴക്കെ തിരി കത്തിച്ച്

www.malankaralibrary.com

# സ്ലൂസോ.

പട്ടക്കാരൻ:- ശൂബ്ഹോലാബോ ലബ്രോ വല്രൂഹോക്കാദീശോ.

ജനം:- ബലഹീനരും പാപികളുമായ നമ്മുടെ മേൽ അനുഗ്രഹങ്ങളും മനോഗുണവും രണ്ടുലോകങ്ങളിലും ചൊരിയപ്പെട്ടുമാറാകട്ടെ.

പട്ടക്കാരൻ:- ഞങ്ങൾക്ക് അനവധി കരുണയോടുകൂടെ കൃപാവരദാനവും പാപജീർണ്ണതയിൽനിന്നുള്ള പുതുക്കവും നൽകിയവനായി ഞങ്ങളുടെ കർത്താവേശുമ്ശിഹായാകുന്ന വിസ്മയനീയ മഹാ ദൈവമെ നീ ഭൂതബാധിതന്മാർക്ക് (ഭൂതങ്ങളിൽനിന്നുള്ള) സ്വാതന്ത്ര്യവും കുരുടന്മാർക്ക് കാഴ്ചയുംനൽകി പുണ്യവാന്മാരെ സ്നേഹിക്കുകയും പാപികളോട് കരുണ തോന്നുകയും അവരെ അന്ധകാരത്തിൽനിന്നും മരണനിഴലുകളിൽനിന്നും നിന്റെ അന്ധകാരരഹിതമായ ദിവ്യപ്രകാശത്തിലേക്കു കൊണ്ടുവരികയും ചെയ്തു. ഭൂമിയിൽ മനുഷ്യരുടെ അടുക്കലേക്കുള്ള നിന്റെ എഴുന്നെള്ളത്താലും നിന്റെ ഉദയത്താലും നിന്റെ അറിവിൻപ്രകാശത്തെ ശോഭിപ്പിച്ചതിനാൽ ബന്ധനസ്ഥന്മാർക്കു വിമുക്തിയും നിത്യസന്തോഷത്തിലേക്കും ആശ്വാസത്തിലേക്കുമുള്ള പ്രവേശനവും നൽകി. നിന്നെ സ്വീകരിക്കുന്നവരെ വിശുദ്ധ മാമോദീസാമൂലം ദൈവമക്കളായിത്തീരുവാൻ അർഹരാക്കിത്തീർക്കുകയും അതിനാൽ പൈശാചിക അടിമയിൽനിന്നു ഞങ്ങളെ ഉദ്ധരിച്ചുകൊണ്ടു് നിന്റെ വിശുദ്ധ തിരുശരീര രക്തങ്ങളിൽ സംബന്ധിപ്പാനും നിന്റെ സ്വർഗ്ഗരാജ്യം അനുഭവിപ്പാനും ഞങ്ങളെ വിളിച്ച് യോഗ്യരാക്കുകയും ചെയ്തു. സർവ്വനാഥാ! ഞങ്ങളിൽ കൃപാകടാക്ഷമുണ്ടായി സർവ്വലോകരക്ഷാർത്ഥം ചിന്തിയ നിന്റെ വിലയേറിയ രക്തത്താൽ ഞങ്ങളെയും വിശിഷ്യ നിന്റെ ബഹുലമായ കരുണയിൽ അഭയം പ്രാപിച്ചുകൊണ്ടു്, തിരുസന്നിധിയിൽ മുട്ടുകുത്തിനിൽക്കുന്ന ഈ നിന്റെ ദാസനെയും ശുദ്ധീകരിക്കേണമെ. നിന്റെ ഭക്തന്മാർക്കു നൽകിയിട്ടുള്ള ഈ പരിശുദ്ധ എണ്ണയും നിന്റെ രക്ഷാകരമായ സ്ലീബായുടെ അടയാളവും നിന്റെ പരിശുദ്ധാത്മാവിന്റെ സഹായവും മുഖാന്തിരം ഞങ്ങളുടെ രഹസ്യകാര്യങ്ങളിലും പരസ്യകാര്യങ്ങളിലും നിന്നെ പ്രീതിപ്പെടുത്തിക്കൊണ്ടു് സ്വർഗ്ഗരാജ്യത്തിന് പുരോഹിത ശുശ്രൂഷ നടത്തുന്ന തിരഞ്ഞെടുക്കപ്പെട്ട ഗോത്രവും വിശുദ്ധ ജനവും രക്ഷിക്കപ്പെട്ട കൂട്ടവുമായിത്തീരുവാൻ ഞങ്ങളെ യോഗ്യരാക്കേണമെ. ഈ ദാസനുവേണ്ടി പാപികളായ ഞങ്ങൾ തിരുസന്നിധിയിൽ സമർപ്പിക്കുന്ന അപേക്ഷകളും പ്രാർത്ഥനകളും കൈക്കൊള്ളേണമെ. നിന്റെ സ്നേഹിതനായ മോശയേയും നിനക്ക് പ്രീതിയുള്ള ശമുവേലിനെയും നീ തിരഞ്ഞെടുത്തി

ട്ടുള്ള മുന്നോട്ടക്കാരനായ യോഹന്നാനെയുംപോലെ ഞങ്ങളും നിനക്കുള്ളവരായിത്തീൎന്ന് നിൻെറ നിയമത്തെ ശുശ്രൂഷിപ്പാനും സൎവ്വ അക്രൈസ്തവ നിലയും ലോകമോദവും സകല പാപാശുദ്ധങ്ങളും ഞങ്ങളിൽനിന്ന് ഉരിഞ്ഞുപേക്ഷിച്ചുകൊണ്ടു് നീ കല്പിച്ചപ്രകാരം ഈ എണ്ണയാൽ അഭിഷേകം ചെയ്യപ്പെട്ടു് പുണ്യമായി ജീവിപ്പാനും ഞങ്ങളെ യോഗ്യരാക്കേണമെ. ഹോശോ......ആമീൻ.

## 51-ാം സങ്കീൎത്തനം.

ദൈവമേ! നിൻെറ കൃപയിൻപ്രകാരം..............

എനിയോനൊ (ശ്മാഅയാനെ ശുബഹൊ)

ദൈവമെ! എൻെറ പാപമോൎത്താൽ മേല്പോട്ടു നോക്കുവാൻ എനിക്കു ഭയമാകുന്നു. സങ്കടമുള്ള ഹൃദയത്തോടെ ഞാൻ നിലവിളിക്കുന്നതിനാൽ എന്നോടു് കരുണചെയ്യേണമെ.

അനുതാപികളായ നിനുവായക്കാരെപ്പോലെ ഞാൻ നിങ്കൽ മാനസാന്തരം സമൎപ്പിക്കുകയും ശെമഓൻെറ ഭവനത്തിലെ പാപിയായ സ്ത്രീയെപ്പോലെ സങ്കടത്തോടെ കണ്ണുനീരു് ഒഴുക്കുകയും ചെയ്യുന്നു.

ഞാൻ പാപിയായ സ്ത്രീയെപ്പോലെയും ചുങ്കക്കാരനെപ്പോലെയും നിലവിളിച്ചു പ്രാൎത്ഥിക്കുന്നു. കൎത്താവേ! തൻെറ സമ്പാദ്യങ്ങൾ നാനാവിധമായി നശിപ്പിച്ച പുത്രനെപ്പോലെ സ്വൎഗ്ഗത്തിലും തിരുസന്നിധിയിലും ഞാൻ പാപം ചെയ്തുപോയി.

കാരുണ്യവാനെ എൻെറ സഹായത്തിനായിവന്നു് നിൻെറ കല്പനകൾ ആചരിപ്പാൻ എന്നെ ശക്തനാക്കണമെ. കൎത്താവേ! ന്യായവിസ്താര നാഴികയിൽ തിരുസന്നിധിയിൽ എനിക്കു ദയ ലഭിക്കയും ചെയ്യേണമെ.

ദുഷ്ടന്മാൎക്കും ശിഷ്ടന്മാൎക്കും സമമായി വാതിൽ തുറന്നിട്ടിരിക്കുന്ന ദൈവമേ, നിൻെറ കരുണാവാതിൽ എനിക്കു തുറന്നുതന്നു് ഈ മാനസാന്തരത്താൽ എന്നെ സ്വീകരിക്കേണമെ.

ദുഷ്ടൻെറ കുടുക്കുകളാൽ എന്നെ ബന്ധിച്ചു് ലോകം അതിൻെറ മോഹങ്ങളാൽ എന്നെ അടിമപ്പെടുത്തിയിരിക്കുന്നു. ഇപ്പോൾ ഞാൻ നിൻെറ കൃപയിലേക്കു തിരിഞ്ഞിരിക്കുന്നതിനാൽ ദുഃഖിതനായി മടങ്ങിപ്പോകാനിടയാകരുതെ.

സകല വൈദികരും സഹോദരന്മാരും മാതാപിതാക്കളുമായുള്ളോരെ ഞാൻ നിങ്ങളിൽ സങ്കേതം പ്രാപിച്ചതിനാൽ എന്നോടു് കരുണചെയ്യുവാൻ എനിക്കുവേണ്ടി ദൈവത്തോടു അപേക്ഷിക്കണമെ.

www.malankaralibrary.com

പാപികൾക്കുവേണ്ടി മരത്തിന്മേൽ തന്നത്താൻ ബലിയർപ്പിച്ച ദൈവമെ, കണ്ടാലും നിന്റെ ശ്രേഷ്ഠതയിൻമുൻപാകെ വണങ്ങി നിൽക്കുന്ന എന്നെ, കർത്താവേ, നിന്റെ സ്ലീബായാൽ കാത്തുകൊള്ളേണമെ.

കർത്താവെ, എന്റെമേൽ ദയതോന്നേണമെ. എന്റെമേൽ കരുണയുണ്ടാകേണമെ. കാരുണ്യവാനെ, ഞാൻ ചെയ്തുപോയ തിന്മകൾ നീ എന്നോട് ക്ഷമിക്കയുമരുതെ.

നീതിയായി ന്യായം വിസ്തരിക്കയും സകല രഹസ്യങ്ങളും വെളിവായി അറികയുംചെയ്യുന്ന ന്യായാധിപനായ കർത്താവെ, നീതിയുള്ള നിന്റെ ന്യായവിസ്താരത്തിൽ രഹസ്യങ്ങൾ വെളിപ്പെടുന്നതിനാൽ എന്നെ കുററപ്പെടുത്തരുതേ. ബാറെക്മോർ.

ശുബഹോ............ മെനഓലം............

കന്യകയായ ദൈവമാതാവും ദീർഘദർശിമാരും ശ്ലീഹന്മാരും സാഹദേന്മാരും എ ദിക്കു്, ദുഷ്ടനും അവന്റെ സൈന്യങ്ങൾക്കും എതിരായ ഉന്നതകോട്ടയായിരിക്കേണമെ.

കുക്കുലിയോൻ. സങ്കീർത്തനം 32:1—4.

അന്യായം ക്ഷമിക്കപ്പെട്ടും പാപങ്ങൾ മറയ്ക്കപ്പെട്ടുമിരിക്കുന്നവൻ ഭാഗ്യവാൻ. കർത്താവു് പാപം കണക്കിടാതെയും തന്റെ ഹൃദയത്തിൽ വഞ്ചനയില്ലാതെയുമിരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. ഞാൻ നിത്യവും നെടുവീർപ്പോടെ മൌനമായിരുന്നതുകൊണ്ടു് എന്റെ അസ്ഥികൾ ജീർണ്ണിച്ചുവിച്ചു എന്തെന്നാൽ രാവും പകലും നിന്റെ തൃക്കൈ എന്റെമേൽ ഭാരമാവുകയും എന്റെ നെഞ്ചിൽ മരണവേദനയുണ്ടാവുകയും ചെയ്തു. ബാറെക്മോർ.

ശുബഹൊ......... മെനഓലം.........

എക്ബൊ (സോഗെദ്ലൊക്മൊറിയൊ)

യൌനാൻ ദീർഘദർശിയെ ആഴത്തിൽനിന്നു് വീണ്ടെടുത്ത പ്രജാവത്സലനെ, എന്റെ അനവധി പാപങ്ങളിൽനിന്നു് എന്നെയും ഉദ്ധരിക്കേണമെ. സ്തൌമെൻ.. ......

## പ്രുമിയോൻ.

പട്ടക്കാരൻ:—നാമെല്ലാവരും പ്രാർത്ഥിച്ചു് .........

ജനം:— അനുഗ്രഹിക്കുന്നവനായ..........

പട്ടക്കാരൻ:—സ്തുതിയും സ്തോത്രവും......

www.malankaralibrary.com

പാപികൾക്ക് തുറന്നിരിക്കുന്ന കരുണാവാതിലും മരണമുള്ളവരെ ജീവിപ്പിച്ചു ജീവന്റെ തുറമുഖവും അശുദ്ധന്മാരെ ശുദ്ധീകരിക്കുന്ന ശുദ്ധീകരണസോപ്പായും കറയുള്ളവരെ ശുചീകരിക്കുന്ന ശുചീകരണതളിപ്പും തന്റെ പിതാവിന്ന് പരിമളവാസന കാഴ്ചയണഞ്ച്ചു പ്രീതിപ്പെടുത്തിയ സംയോജിപ്പിക്കുന്ന ധൂപകലശവും ആയവന്ന് സ്തുതി. തന്റെ ദാസനുവേണ്ടി കന്തീലാശുശ്രൂഷ നടത്തുന്ന ഈ നേരത്തിലും സകല പെരുന്നാളുകളിലും...........

# സെദറാ.

പ്രാർത്ഥനകൾ കൈക്കൊള്ളുകയും യാചനകൾ നൽകുകയും ചെയ്യുന്ന ദൈവമായ കർത്താവെ. പ്രഥമകടിഞ്ഞൂലായ ഹാബേലിന്റെ കാഴ്ച കൈക്കൊണ്ടതുപോലെ ഞങ്ങളുടെ ധൂപം കൈക്കൊള്ളണമെ. കർത്താവെ! ഹനോക്കിന്റെ ശുശ്രൂഷ നിനക്ക് പ്രസാദകരമായതുപോലെ ഞങ്ങളുടെ ശുശ്രൂഷയും നിനക്ക് പ്രസാദകരമായിത്തീരണമെ. നീതിമാനായ നോഹയുടെ ബലിയിൽ നീ തൃപ്തിപ്പെട്ടതുപോലെ ഞങ്ങളുടെ അധരഫലങ്ങളിലും നീ തൃപ്തിപ്പെടേണമെ. ഞങ്ങളുടെ പിതാവും നിന്റെ സ്നേഹിതനുമായ അബ്രഹാമിന്റെ വിശ്വാസം നിനക്കിഷ്ടമായതുപോലെ ഞങ്ങളുടെ പ്രാർത്ഥനയും നിനക്കിഷ്ടമായിത്തീരണമെ. നീതിമാനായ യോബിനാൽ തിന്മപെട്ടവൻ ലജ്ജിച്ചതുപോലെ നിന്റെ സഭയുടെ വൈരിയായ ദുഷ്ടൻ ലജ്ജിക്കുമാറാകണമെ. വന്ദ്യാചാര്യനായ അഹറോന്റെ ധൂപത്താൽ ഇസ്രായേൽജനത്തിൽനിന്നു വസന്ത വിരോധിക്കപ്പെട്ടപ്രകാരം ദോഷകരമായ ശിക്ഷകളും കോപസൂചകങ്ങളായ വടികളും ഞങ്ങളിൽനിന്ന് വിരോധിക്കപ്പെടുമാറാകണമെ. നിന്റെ പ്രസംഗകനായ യോഹന്നാനെ സംബന്ധിച്ച് അചാര്യനായ സ്ക്കറിയായ്ക്ക് അവന്റെ ശുശ്രൂഷയിൽ അറിവു ലഭിച്ചപ്രകാരം ഞങ്ങൾക്ക് ഞങ്ങളുടെ ശുശ്രൂഷയിൽ ജീവന്റെയും രക്ഷയുടെയും ആശ ലഭിക്കുമാറാകണമെ. കർത്താവെ! ചുങ്കക്കാരനായ സക്കായിയുടെ എന്നപോലെ നിന്റെ തിരുവചനത്താൽ ഞങ്ങളുടെ പാപങ്ങളെയും പരിഹരിക്കണമെ. സൌഭാഗ്യരായ ശ്ലീഹന്മാരിൽ പ്രമുഖനായ ശെമഓന്റെ പ്രാർത്ഥന അംഗീകരിക്കപ്പെട്ടപ്രകാരം ഞങ്ങളുടെ പ്രാർത്ഥനയും തിരുസന്നിധിയിൽ അംഗീകരിക്കപ്പെടേണമേ. പാപിയായ സ്ത്രീയുടെ പാപങ്ങൾ മോചിച്ചപ്രകാരം ഞങ്ങളുടെ അനവധി പാപങ്ങളും ഞങ്ങളോടു മോചിക്കണമെ ആ രോഗിണിയായ സ്ത്രീയുടെ കഠിന വേദനകൾ സുഖപ്പെടുത്തുവാൻ

www.malankaralibrary.com

ദയതോന്നിയതുപോലെ ഞങ്ങളുടെമേലും ദയതോന്നണമെ. കാനായക്കാരിയായ സ്ത്രീയുടെ പുത്രിയിൽനിന്നു ദുഷ്ടനെ തോല്പിച്ചോടിച്ചപ്രകാരം വൈരിയുടെ ശക്തിയെ ഞങ്ങളിൽനിന്നു അകററിക്കളയേണമെ. സുന്ദരനായ ദാനിയേലിന് എന്നപോലെ തിരുസന്നിധിയിൽ ഞങ്ങൾക്കു് നീതീകരണം നൽകണമെ. ജ്വലിക്കുന്ന അഗ്നിചൂളയിൽ ഹാനനിയാ മുതലായവരുടെ ബന്ധനങ്ങൾ അഴിഞ്ഞുപോയതുപോലെ ദുഷ്ടപിശാചുക്കളുടെ ബന്ധനങ്ങൾ ഞങ്ങളിൽനിന്നു അഴിച്ചുകളയേണമെ കർത്താവെ! നിന്റെ ആചാര്യന്മാരും ശെമ്മാശന്മാരും നിന്റെ പരിപൂർണ്ണ തിരുഹിതാനുവർത്തികളായിത്തീരുവാനും നിന്റെ ഇടയന്മാർ നിന്റെ പരിശുദ്ധഊടുവഴികളിൽനടന്നും നിന്റെ ജീവൻ നൽകുന്ന കർത്തവ്യകല്പനകൾ ആചരിച്ചു ഭയഭക്തിയോടെ നിന്റെ ആടുകളെ മേയിപ്പാനും അവർക്കു സംഗതിയാക്കണമെ ഇപ്പോൾ നിന്റെ ഇടവക ഈ സമയത്തു തിരുസന്നിധിയിൽ പ്രാർത്ഥന സമർപ്പിച്ചുകൊണ്ടു് നിന്നോട്ട് അനുഗ്രഹങ്ങളും കരുണയും യാചിക്കുന്നു. നിന്റെ സഭ അതിന്റെ മക്കളാൽ ഉന്നതി പ്രാപിക്കയും നിന്റെ ജനം വിജയകരമായി രക്ഷിക്കപ്പെടുകയും നിന്റെ കുഞ്ഞാടുകൾ നിന്റെ പുൽമാലിയിൽ മേയുകയും നിന്റെ പെണ്ണാടുകൾ നിന്റെ നന്മകളാൽ സംതൃപ്തരാകയും ചെയ്യണമെ. പാപികളോടു കരുണയുള്ളവനും അനുതാപികളിൽ ഇഷ്ടപ്പെടുന്നവനുമായ ദൈവമെ! ഞങ്ങൾ എല്ലാവർക്കും നിന്നിൽനിന്നു കരുണ ലഭിക്കയും നിന്റെ കരുണാബാഹുല്യംപോലെ ദയതോന്നി ഞങ്ങളെ അനുഗ്രഹിക്കയും ചെയ്യണമെ. കർത്താവെ! തിരുവിഷ്ടമുണ്ടായി ഞങ്ങളുടെ ധൂപവും പ്രാർത്ഥനകളും കൈക്കൊണ്ടു് ഞങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളെയും വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവരേയും നീതീകരിക്കേണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും സമർപ്പിക്കും ഹോശോവബ്......

ദൈവത്തിൽനിന്നു കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും രണ്ടുലോകങ്ങളിലും എന്നെന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ ആമ്മീൻ.

കോലൊ (ല്മൽക്രൂസറൊഉറൊ)

മ്ശിഹാരാജാവെ! ഞാൻ നിന്റെ കരുണാവാതിലിൽ എല്ലായ്പോഴും മുട്ടുകയും നിന്റെ സമൃദ്ധിയുള്ള ശ്രീഭണ്ഡാരത്തിൽനിന്നു അനുഗ്രഹങ്ങളും കരുണയും യാചിക്കയും ചെയ്യുന്നു. കർത്താവെ! നീ എനിക്കു് ബലമേറിയ ആശയും ശരണവുമാകയാൽ നി

www.malankaralibrary.com

ന്നെ അഭയം പ്രാപിച്ച് ഏറ്റുപറഞ്ഞ എന്നെ ലജ്ജിപ്പിക്കാതെ സഹായിക്കേണമെ.

കാരുണ്യവാനായ കർത്താവെ! ഞാൻ നിൻെറ അടുക്കൽ നിലവിളിച്ചു യാചിക്കുന്നു. കർത്താവെ! നീ സകല ഗോത്രങ്ങളെയും ന്യായംവിധിക്കുന്ന നാളിൽ ഞാൻ നിൻെറ സ്ലീബായെ ഉപേക്ഷിക്കാത്തവനാകയാൽ എന്നെയും ഉപേക്ഷിക്കാതെ എന്നിൽ നിക്ഷിപ്തമായിരിക്കുന്ന നിൻെറ തിരുശരീരരക്തങ്ങൾ ഓർത്തു നരകത്തിൽനിന്നു എന്നെ രക്ഷിക്കേണമെ. ബാറെക്മോർ.

ശുബഹൊ.............

എൻെറ അംശിഷ്ടാത്മാവെ! നീ ന്യായവിധിനാളിനെ വിസ്മരിക്കുന്നതു എത്രത്തോളം? മാനസാന്തരത്താൽ കരുണയും മോചനവും യാചിച്ച് ശുദ്ധീകരണം പ്രാപിക്കയും നല്ല പാഥേയങ്ങൾ ഒരുക്കി മണവാളനെറ മുമ്പാകെ നഗ്നമായിരിക്കാതെ കല്യാണവസ്ത്രങ്ങൾ ശേഖരിക്കയും ചെയ്യുക.

മെനഓലം..........

കണ്ണുനീരുറവയും മാനസാന്തരഹൃദയവും എനിക്കു ആരു തന്നു? വ്യർത്ഥമായും നിഷ്പ്രയോജനമായും കഴിഞ്ഞുകൂടിയ എൻെറ ആയുഷ്ക്കാലങ്ങളും എൻെറ നടപടി പിശകുകളും ഓർത്ത് മഹാസങ്കടത്തോടെ ഇരുന്ന് ഞാൻ തനിത്താൻ കരഞ്ഞുപോയി. മൊറിയോ റാഹേമ്മേലൈ .......

## എത്രൊ.

ഞങ്ങളുടെ ദൈവമായ കർത്താവെ! ഞങ്ങളുടെ ബലഹീന കൈകളിൽനിന്നുള്ള ധൂപം കൈക്കൊണ്ടു് ഈ എണ്ണ ശുദ്ധീകരിക്കയും ❖ ഇതുകൊണ്ടു് അഭിഷേകം ചെയ്യുന്ന എല്ലാവർക്കും ആത്മശരീരങ്ങളുടെ രക്ഷ സിദ്ധിപ്പാൻവേണ്ടി നിൻെറ അവർണ്ണനീയ കൃപാരഹസ്യം ഇതിൽ രൂപീകരിക്കയും ചെയ്യണമെ. നീതിമാനായ നോഹയുടെ, പെട്ടകത്തിലുണ്ടായിരുന്നവർക്കുവേണ്ടി അവൻ അയച്ച പ്രാവു്, സമാധാനത്തിൻെറയും പ്രളയത്തിൽനിന്നുള്ള പൂർണ്ണരക്ഷയുടെയും കൃപാരഹസ്യത്തിൻെറയും സൂചനയായി ഒരു സൈത്തിൻെറ ഇല അതിൻെറ വായിൽ കൊത്തിക്കൊണ്ടുവന്നപ്രകാരം പാപപ്രളയത്തിൽനിന്നുള്ള ഉദ്ധാരണം ഇതുമൂലം സിദ്ധിക്കുമാറാകണമെ. പരിശുദ്ധങ്ങളായ ദിവ്യകൂദാശകൾ അനുഷ്ഠിക്കുന്നതിന്ന് സൈത്തുഫലങ്ങൾ നൽകുന്ന കർത്താവെ! നിൻെറ പരിശുദ്ധാത്മാവിൻെറ ശക്തിയാലും ആവസിപ്പാലും ഈ എണ്ണ വാഴ്ത്തേണമെ ❖ പിതാവും പുത്രനും പരിശുദ്ധാ

www.malankaralibrary.com

ത്മാവുമായ ദൈവമെ! വിശ്വാസപൂർവ്വം ഇതുകൊണ്ടു് അഭിഷേകം ചെയ്കയൊ ഇതു സ്വീകരിക്കയൊ ചെയ്യുന്ന ഏവൎക്കും ഇതു് അനശ്വരമായ കൃപയും നീതിയുടെ ആയുധവും ആത്മശരീരങ്ങളുടെ പുതുക്കവും സകല പൈശാചിക വ്യാപാരങ്ങളിൽനിന്നുള്ള രക്ഷയും സൎവ്വ തിന്മകളിൽനിന്നുമുള്ള സ്വാതന്ത്ര്യവും ആയി ഭവിക്കണമെ. ഹോശോ...... ആമ്മീൻ.

ജനം:—പൌലോസ് ശ്ലീഹാ ധന്യൻ ചൊൽകേട്ടേ........

✓ റോമ്മാ. 15:1—7.

പെസ്ഗോമ്മാ. സങ്കീൎത്തനം 51:1.

ഹാലേ—ഉഹാലേ. ദൈവമെ! നിൻെറ കൃപയിൻപ്രകാരം എന്നോടു കരുണചെയ്യണമെ. നിൻെറ അനുഗ്രഹങ്ങളുടെ ബഹുത്വംപോലെ എൻെറ പാപങ്ങൾ മായിച്ചുകളയണമെ ഹാലേ...

✓ ഏവൻഗേലിയോൻ ലൂക്കോ. 18:35—43

# ലുത്ത്നിയാ.

നാമെല്ലാവരും താല്പൎയ്യമായി നല്ലവണ്ണം നിന്നു് ദൈവത്തിനു പ്രീതികരമായ ശബ്ദങ്ങളാൽ കുറിയേലായിസ്സോൻ എന്നു് ഏറ്റുചൊല്ലണം.

ജനം:—കുറിയേലായിസ്സോൻ.

ഈ എണ്ണ സന്തോഷവും വിശുദ്ധിയും നൽകുന്നതും രാജകീയവസ്ത്രവും ശത്രുവിൻെറ സൎവ്വശക്തിയും തോല്പിച്ചുമൎത്തുന്ന ആയുധവും ആയിത്തീരുവാൻ കൎത്താവിനോടു നാം പ്രാൎത്ഥിക്കണം. കുറിയേ......

ഈ എണ്ണയെ സ്വീകരിക്കയൊ അതിൽ സംബന്ധിക്കയൊ ചെയ്യുന്ന എല്ലാവൎക്കും ഇതു് ഹൃദയാനന്ദവും നിത്യസന്തോഷവും സൎവ്വപാപജീൎണ്ണതയിൽനിന്നുള്ള പുതുക്കവും സൎവ്വ ഭയത്തിൽനിന്നുള്ള രക്ഷയും ആയിത്തീൎന്നു. ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ വിശുദ്ധിയോടെ പ്രകാശമായി ശോഭിക്കുമാറാകണമെ. ഇതിനാൽ നമുക്കു പാപപരിഹാരവും അകൃത്യങ്ങളുടെ വിമോചനവും ആത്മശരീരങ്ങളുടെ സൌഖ്യവും സ്വസ്ഥതയും ലഭിപ്പാൻ കൎത്താവിനോടു നാം പ്രാൎത്ഥിക്കണം കുറിയേലായിസ്സോൻ.

കൎത്താവേ! ഈ എണ്ണ ഞങ്ങൾക്കു് ബലമുള്ള ആയുധവും നിൻെറ കരുണയെ കാത്തുകൊള്ളുന്ന കോട്ടയും ആയിരിക്കേണമെ. വിശ്വാസികളുടെ എല്ലാ വസതികളെയും ഭവനങ്ങളെയും ഈ

www.malankaralibrary.com

വീടിനെയും, നിന്നിൽ സത്യസന്ധന്മാരായിരുന്നു് നിന്റെ കല്പനകൾ ആചരിക്കുന്ന ഇതിലേ നിവാസികളെയും വാഴ്ത്തേണമെ. ❖ നിന്റെ വിജയകരമായ സ്ളീബായാൽ ❖ ഞങ്ങളെ ഉപദ്രവം കൂടാതെ കാത്തുകൊള്ളണമെ. നീ ഞങ്ങളെ വാഴ്ത്തി ❖ നിന്റെ നന്മകളും സഹായവും ധാരാളമായി നൽകുകയും നിന്റെ നിരപ്പും സമാധാനവും ഞങ്ങളിൽ നിലനിൎത്തുകയും ചെയ്യണമെന്നു ഞങ്ങൾ അപേക്ഷിച്ചു പ്രാൎത്ഥിക്കുന്നു. കുറിയേലായിസ്സോൻ.

പട്ടക്കാരൻ അനുതാപിയുടെ നെററിയിൽ എണ്ണകൊണ്ടു് മൂന്നുപ്രാവശ്യം സ്ളീബാ വരച്ചു ചൊല്ലണം.

✓ നിത്യജീവനുവേണ്ടി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും തിരുനാമത്തിൽ നീ വെടിപ്പാക്കപ്പെട്ടു് ശുദ്ധീകരിക്കപ്പെട്ടു് മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും നീ ചെയ്തുപോയിട്ടുള്ള പാപങ്ങളും കുററങ്ങളും നിന്നോടു ക്ഷമിക്കപ്പെടുമാറാകട്ടെ. സകല ദുർവിചാരങ്ങളും പൈശാചികപ്രവൎത്തനങ്ങളും നിന്നിൽനിന്നു മാഞ്ഞുപോകുമാറാകട്ടെ. ബശ്മൊദാബൊ ❖ ആമ്മീൻ. ഉബ്ദാബ്റൊ ❖ ആമ്മീൻ. വദറൂഹൊ കാദീശൊ ❖ ല്ഹായെ ദൽഓലംഓൽമീൻ. ആമ്മീൻ.

# ഹൂത്തോമൊ.

ദുഃഖികളുടെ സൃഷ്ടിയോടു ദയതോന്നുന്ന കാരുണ്യവാനും ഉദയംമുതലും ഹൃദയ രഹസ്യങ്ങൾ പരിശോധിച്ചറിയുന്നവനുമായ ദൈവമായ കൎത്താവേ! നിന്റെ പ്രജാവാത്സല്യംനിമിത്തം ശുദ്ധതകളുടെ ഉന്നതത്തിൽനിന്നു് ഇറങ്ങിവന്നു് ആദാമിനേയും അവന്റെ സന്താനങ്ങളേയും നാശകരമായ ജീൎണ്ണതയിൽനിന്നു് രക്ഷിപ്പാൻവേണ്ടി നീ മനുഷ്യാവതാരം ചെയ്തു അനന്തരം "ഞാൻ നീതിമാന്മാരെയല്ലാ അനുതാപത്തിലേക്കു പാപികളെയത്രെ വിളിപ്പാൻ വന്നിരിക്കുന്ന"തെന്നു അരുളിച്ചെയ്യുകയും കാണാതെപോയ പണമാകുന്ന ആദാമിനെ അന്വേഷിച്ചു കണ്ടെത്തുകയും ചെയ്തു വീണ്ടും "എന്റെ അടുക്കൽ വരുന്നവനെ ഞാൻ പുറത്തു തള്ളിക്കളയാതെ അവനു് നിത്യജീവൻ കൊടുക്കുമെ"ന്നും നീ അരുളിച്ചെയ്തുവല്ലോ. അതനുസരിച്ചു് നിന്റെ അടുക്കൽ വന്ന പാപിയായ മറിയാമിനോടു് "നിന്റെ പാപങ്ങളും കുററങ്ങളും നിന്നോടു മോചിച്ചിരിക്കുന്നതിനാൽ സമാധാനത്തോടെ പോക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു" എന്നു പറഞ്ഞു് നിത്യജീവന്റെ ഓഹരി അവൾക്കു് നൽകി. പിന്നെ, പാപം ചെ

www.malankaralibrary.com

യ്യാത്ത തൊണ്ണൂററൊമ്പതു നീതിമാന്മാരുടെ നേരേയുള്ളതിനേക്കാൾ അധികം അനുതപിക്കുന്ന ഒരു പാപിയുടെനേരെ സ്വർഗ്ഗത്തിൽ മഹാസന്തോഷമുണ്ടാകുമെന്ന് നിന്റെ പരിശുദ്ധ എവൻഗേലിയോനിലും നീ അരുളിച്ചെയ്തിരിക്കുന്നു. കർത്താവെ! നിന്റെ വിശുദ്ധിയുടെ ഉന്നതത്തിൽനിന്ന് ഞങ്ങളെ കടാക്ഷിച്ചുകൊണ്ടു് ഞങ്ങൾക്ക് പാപമോചനം നൽകി, നിന്റെ പരിശുദ്ധാത്മാവിനെ ഞങ്ങളുടെമേൽ വസിപ്പിക്കണമെ. ഇപ്പോൾ കർത്താവെ! അപൂർണ്ണരും അരിഷ്ടരുമായ നിന്റെ ദാസരായ ഞങ്ങളുടെ മദ്ധ്യസ്ഥതയാൽ നിന്റെ കരുണയോടു് പാപപരിഹാരവും കുററങ്ങൾക്കു വിമോചനവും യാചിക്കുന്ന ഈ നിന്റെ ദാസനെ വാഴ്ത്തുകയും നിന്റെ പ്രജാവാത്സല്യത്താൽ ഇവന്റെ മാനസാന്തരം കൈക്കൊള്ളുകയും ചെയ്യണമെ. ഇവൻ വചനത്താലും പ്രവൃത്തിയാലും മനസ്സോടും മനസ്സുകൂടാതെയും അറിഞ്ഞും അറിയാതെയും ചെയ്തുപോയിട്ടുള്ള സകല പാപവും ക്ഷമിച്ച്, ഇവന്റെ സകല മാലിന്യങ്ങളും കറവുകളും കുററങ്ങളും അകററി വെടിപ്പാക്കേണമെ നിന്റെ കരുണയിൻകീഴ് ഇവനെ മറച്ചു കാത്തുകൊള്ളുകയും ദുഷ്ടപിശാചിന്റെ ബന്ധനങ്ങൾ അഴിച്ച് ഇവന്റെ സകല പരീക്ഷകളിൽനിന്നും പീഡകളിൽനിന്നും ഇവനെ രക്ഷിക്കയും ചെയ്യണമെ. നിന്റെ മാതാവിന്റെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ നിന്റെ പരിശുദ്ധ തിരുനാമത്തിൽ ഇവന് വാഴ്വും അനുഗ്രഹവും ലഭിക്കുമാറാകണമെ ഹോശോ...... ആമ്മീൻ.

---

## രണ്ടാം ശുശ്രൂഷ.

ദൈവമെ! നീ പരിശുദ്ധനാകുന്നു ഇത്യാദി ഒരു കൌമാ.

പട്ടക്കാരൻ, പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ കന്തീലാമേൽ മൂന്നു റൂശ്മാ ചെയ്തു് നടുവിലത്തെ തിരി കത്തിക്കുന്നു.

## സ്ലൂസോ.

പട്ടക്കാരൻ:—ശുബഹൊലാബൊ.........

ജനം:— ബലഹീനന്മാരും പാപി..........

✓ തിരുകരുണാബാഹുല്യത്താൽ ഞങ്ങളുടെ ആത്മശരീരങ്ങൾക്കു് രോഗശാന്തി നൽകുന്ന ദൈവംതമ്പുരാനെ! ഈ എണ്ണയെ വാഴ്ത്തണമെ ✠ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈ

www.malankaralibrary.com

വമെ! ഇതുകൊണ്ടു് അഭിഷേകം ചെയ്യപ്പെട്ടുന്നവക്കു് ഇതിനാൽ രോഗശാന്തിയും സകല ദുർവ്വികാരങ്ങളിൽനിന്നും ആത്മശരീരങ്ങളുടെ അശുദ്ധിയിൽനിന്നുമുള്ള രക്ഷയും സകല തിന്മകളിൽനിന്നുമുള്ള വിണ്ടെടുപ്പും സർവ്വത്ര പരിശുദ്ധമായ നിൻെറ തിരുനാമത്തിനു മഹത്വവും ഉണ്ടാകണമെ. ഹോശോവബ്ക്കുല.. ... ആമ്മീൻ.

കുക്കുലിയോൻ. സങ്കീർത്തനം 18:1—6.

എൻെറ ശക്തിയും എൻെറ ശരണവുമായ കർത്താവെ! ഞാൻ നിന്നെ സ്നേഹിക്കും. എൻെറ സങ്കേതസ്ഥലവും എൻെറ രക്ഷകനും ബലവാനുമായ ദൈവത്തിൽ ഞാൻ ശരണം പ്രാപിച്ചിരിക്കുന്നു. താൻ എൻെറ സഹായക്കാരനും എൻെറ രക്ഷയുടെ കൊമ്പും എൻെറ മഹത്വമുള്ള അഭയസ്ഥാനവും ആകുന്നു. ഞാൻ കർത്താവിനെ വിളിച്ചു് എൻെറ ശത്രുക്കളിൽനിന്നു രക്ഷപ്രാപിക്കും. താൻ തൻെറ ദേവാലയത്തിൽനിന്നു് എൻെറ ശബ്ദം കേൾക്കയും എൻെറ നിലവിളി തൻെറ തിരുസന്നിധിയിൽ ചെവിയിൽ എത്തുകയും ചെയ്തു. ബാറെക്മോർ.

ശുബഹൊ....... മെനഓലം........

## എക്ബൊ.

നദികൾ എന്നെ ചുററി വളഞ്ഞു. നാശകരമായ ജന്തു എന്നെ വിഴുങ്ങുകയും ചെയ്തു. സമുദ്രത്തിൻെറ ഉള്ളിൽ ഞാൻ മുങ്ങിയിരിക്കുന്ന ഈ സന്ദർഭത്തിൽ കർത്താവെ! എൻെറ ജീവൻെറ പ്രശംസയായ യേശുവെ, നാശത്തിൽനിന്നു എന്നെ ഉദ്ധരിക്കേണമെ, എന്നു് നിലവിളിച്ചു പറകയല്ലാതെ എന്തു് നിവൃത്തി എന്നു് യോനാൻ ദീർഘദർശിയോടുകൂടെ താഴെ അഗാധമായ കുഴികളിൽനിന്നു ഞാൻ നിലവിളിക്കുന്നു. സ്തൗമെൻകാ......

## പ്രുമിയോൻ.

തൻെറ കരുണാവാതിലിൽ മുട്ടുന്ന പാപികളിൽനിന്നു തൻെറ ദയയും കരുണയും വിരോധിക്കാതെ അവൻ മനസ്സുതിരിഞ്ഞുവരുവാൻ ആഗ്രഹിക്കുന്ന ഉത്തമനാഥനു സ്തുതി. ഞങ്ങളുടെ കർത്താവും ദൈവവും രക്ഷിതാവുമായ യേശുമശിഹാ! ഞങ്ങൾ നിന്നോടപേക്ഷിച്ചുപ്രാർത്ഥിക്കുന്നു. സങ്കടകരമായ വേദന അനുഭവിച്ചു് പാപവിപത്തിൽ കിടക്കുന്ന ഈ നിൻെറ ദാസൻ (          ) ആത്മശരീരങ്ങൾക്കു് ശാന്തിയും സുഖവും നൽകണമെ. നിൻെറ മാതാവിൻെറയും സകല പരിശുദ്ധന്മാരുടെയും

www.malankaralibrary.com

പ്രാൎത്ഥനകളാൽ നിൻെറ ദാസനു് കന്തീലാശുശ്രൂഷ നടത്തുന്ന ഈ സമയത്തും........ഞങ്ങളെല്ലാവരോടും ദയതോന്നണമെ. ബ്കലഹ്ഹൻ...... ആമ്മീൻ.

## സെദറാ.

കാരുണ്യവാനായ ദൈവംതമ്പുരാനെ! നിൻെറ ശ്രേഷ്ഠതയിൻ മുമ്പാകെ വണങ്ങിനിന്നു് പാപങ്ങൾക്കു പരിഹാരവും കുററങ്ങൾക്കു വിമോചനവും യാചിക്കുന്ന ഈ നിൻെറ ദാസൻ (          ) ഈ സമയത്തു് തിരുസന്നിധിയിൽ നിൽക്കുന്ന ശേഷമെല്ലാവിശ്വാസികൾക്കുവേണ്ടിയും ഹീനന്മാരും പാപികളുമായ ഞങ്ങൾ തിരുസന്നിധിയിൽ സമൎപ്പിക്കുന്ന ഈ സുഗന്ധധൂപസമേതം നിൻെറ കരുണയോടപേക്ഷിച്ചു പ്രാൎത്ഥിക്കുന്നു. ഇവർ മനസ്സോടും മനസ്സുകൂടാതെയും അറിഞ്ഞും അറിയാതെയും ആണയിട്ടും ശപിച്ചും വ്യാജം പറഞ്ഞും മദ്യപിച്ചും തിന്നും കുടിച്ചും അതിഭക്ഷണം കഴിച്ചും കണ്ണുകൊണ്ടു നോക്കിയും ചെവികൊണ്ടു കേട്ടും മൂക്കുകൊണ്ടു് മണത്തും നാവിനാൽ സംസാരിച്ചും ഹൃദയത്തിൽ വിചാരിച്ചും ക്ഷുദ്രക്കാരോടു ചോദിച്ചും വേദവിപരീതികളോടു ചേൎന്നും ഉണൎവ്വിലൊ ഉറക്കത്തിലൊ സാത്താൻ ഞങ്ങളുടെ ബലഹീനവൎഗ്ഗത്തെ തെററിക്കുന്ന ഏതു പാപവീഴ്ചയാലും ചെയ്തുപോയിട്ടുള്ള സകല പാപങ്ങളും ഇവരോടു ക്ഷമിക്കണമെ. കൎത്താവെ! നിന്നെ ഏററുപറഞ്ഞിട്ടുള്ള എല്ലാ മനുഷ്യരുടെയും പ്രത്യേകമായും പ്രഥമമായും തിരുസന്നിധിയിൽ മുട്ടുകുത്തി പാപപരിഹാരവും കുററങ്ങൾക്കു വിമോചനവും നിന്നോടു യാചിക്കുന്ന ഈ നിൻെറ ദാസൻെറയും പാപങ്ങളും ലംഘനങ്ങളും നിൻെറ ദൈവത്വം ക്ഷമിച്ചു നീതീകരിക്കയും മായിച്ചു് ഇല്ലായ്മ ചെയ്യുകയും ചെയ്യണമെ. ബലവാനായ ദൈവമായ കൎത്താവെ! അഗ്നിമയന്മാരുടെയും മാലാഖമാരുടെയും റീശെ മാലാഖമാരുടെയും അപേക്ഷകളാൽ നീ നിൻെറ കൃപാമൂലം ഇവനെ നീതീകരിക്കണമെ ബലവാനായ ദൈവമായ കൎത്താവെ! ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും അപേക്ഷകളാൽ നിൻെറ കൃപാമൂലം ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കയും നിൻെറ കരുണയാൽ ഞങ്ങളുടെ അകൃത്യങ്ങൾ മായിക്കയും ചെയ്യണമെ ബലവാനായ ദൈവമായ കൎത്താവെ! മെത്രാന്മാരുടെയും മോറാവോസന്മാരുടെയും അപേക്ഷകളാൽ നിൻെറ കൃപയും കരുണയുംമൂലം ഞങ്ങളെയും തിരുസന്നിധിയിൽ മുട്ടുകുത്തി നിൽക്കുന്ന ഈ നിൻെറ ദാസനെയും നീതീകരിക്കണമെ.

www.malankaralibrary.com

ദൈവമായ കത്താവെ! ക്രൂബേന്മാരുടെയും സ്രോപ്പേന്മാരുടെയും അ പേക്ഷയാൽ നിൻെറ കൃപമൂലം ഇവനെ നീതീകരിക്കണമെ. ദൈവമായ കത്താവെ! മേലുള്ള സകല സംഘങ്ങളുടെയും അപേ ക്ഷയാൽ നിൻെറ കൃപമൂലം ഇവനെ നീതീകരിക്കണമെ. സ കല നീതിമാന്മാരും പിതാക്കന്മാരും തങ്ങളുടെ ക്രൂടാരങ്ങളിൽ ഞ ങ്ങൾക്കുവേണ്ടി ആമ്മീൻ ആകുന്ന സ്തുതി നിങ്കൽ അട്ടഹസി ക്കുമാറാകണമെ. അലറുന്ന സിംഹവും അമറുന്ന കാളയും പാട്ടു ന്ന കഴുകനും ജീവവണ്ടികൾമേലും രഥത്തിന്മേലും ഇരിക്കുന്ന സ്വ യംഭുവും അനാദ്യന്തനും ആയ നിൻെറ രൂപവും പ്രതിഛായയും വഹിച്ച് നിന്നെ ആരാധിച്ച് മഹത്വപ്പെടുത്തുന്ന മനുഷ്യനും ആയ ചതുർമുഖജന്തുക്കൾ പൂട്ടിയിരിക്കുന്ന ക്രൂബേന്മാരുടെ രഥമാ യ നിൻെറ മഹിമാസനത്തിൽനിന്നു പാപവിമോചനശബ്ദം ഞങ്ങൾ കേൾക്കുമാറാകണമെ. കത്താവെ! നീ മുഖാന്തിരം ഞ ങ്ങൾക്കും ഈ നിൻെറ ദാസനും പാപപരിഹാരവും അകൃത്യവി മോചനവും ലഭിക്കുകയും ചെയ്യണമെ. ഞങ്ങൾ നിനക്കും നി ൻെറ പിതാവിനും നിൻെറ പരി......ഹോശോവബ്......

ദൈവത്തിൽനിന്നു കടങ്ങൾക്കു പരിഹാരവും പാപങ്ങൾ ക്കു മോചനവും രണ്ടുലോകങ്ങളിലും എന്നെന്നേക്കും നാം കൈ ക്കൊള്ളുമാറാകട്ടെ. ആമ്മീൻ.

കോലൊ (ഏഴാംനെം നുഹറൊ)

ശമുവേൽ ഈശായിയുടെ പുത്രനായ ദാവീദിനെ എണ്ണ കൊണ്ടു രാജാവായി അഭിഷേകം ചെയ്തു് ഇസ്രായേലിനെ ഭരി ക്കുന്ന അദ്ധ്യക്ഷനും അധികാരിയുമാക്കിത്തീർത്തു. എണ്ണകൊണ്ടു തന്നെ മോശ, അഹറോനെയും അഭിഷേകംചെയ്തു് മഹാശുദ്ധ സ്ഥലത്തു ശുശ്രൂഷ ചെയ്‌വാൻ നിയോഗിച്ചു. ആ കൊമ്പിലെ എണ്ണപോലെയും ശെമഓൻെറ വീട്ടിലെ പാപിയായ സ്ത്രീയുടെ എണ്ണപോലെയും ഈ എണ്ണയും വാഴ്ത്തപ്പെട്ടമാറാകണമെ ❖

പാപിയായ സ്ത്രീയുടെ എണ്ണക്കുപ്പിയെ വാഴ്ത്തുകയും കരു ണയാൽ അവളുടെ സകല കുററങ്ങൾക്കും പാപങ്ങൾക്കും പൂർണ്ണ മോചനം അരുളുകയും ചെയ്ത ദൈവമെ! ഈ എണ്ണയെയും ഇതു സമർപ്പണം ചെയ്തവരുടെ ഭവനങ്ങളെയും വാഴ്ത്തുകയും ❖ സ ത്യവിശ്വാസത്താൽ ഇതുകൊണ്ടു് അഭിഷേകം ചെയ്യപ്പെടുന്നവ ൎക്കു് പാപമോചനം അരുളുകയും ചെയ്യണമെ. ബാറെക്മോർ.

ശുബഹൊ..........

തന്നെ വിളിക്കുന്ന പാപികളിൽനിന്നു് കരുണയെ വിരോ ധിക്കാത്ത ദൈവമെ! കോപസൂചകങ്ങളായ ശിക്ഷകളും വടിക

www.malankaralibrary.com

ളും കരുണയാൽ ഞങ്ങളിൽനിന്ന വിരോധിച്ച് നീക്കിക്കളയേണമെ. നിന്റെ കൃപയെ അഭിനന്ദിപ്പാൻതക്കവണ്ണം നിന്റെ സ്ലീബായുടെ വലിയ അടയാളത്താൽ ദുഷ്ടനെ ഉൻമൂലനം ചെയ്തുകൊണ്ട് ഞങ്ങൾക്ക് സന്തോഷകരമായ മാസങ്ങളും ശുഭകരമായ വത്സരങ്ങളും നല്കണമെ.

മെനഉലംവാദാ..........

സമുദ്രത്തിന്റെ അടിയിൽനിന്ന മത്തായിയുടെ പുത്രനായ യൌനാന്റെ അപേക്ഷ സ്വീകരിച്ച് മൂന്നാംദിവസം കരയിൽ തള്ളുവാൻ ആ വലിയ മത്സ്യത്തിന കല്പന കൊടുത്ത ദൈവമെ! ഞങ്ങൾ നിന്നെ കോപിപ്പിച്ചെങ്കിലും നിന്നെ സംയോജിപ്പിപ്പാൻ നിന്റെ സ്നേഹത്തെ പ്രതി മരിച്ച നീതിമാന്മാർ ഞങ്ങൾക്കുള്ളതിനാൽ ഞങ്ങളുടെ പ്രാർത്ഥന കേട്ട് ഞങ്ങളോടു സംയോജിക്കയും കൃപയാൽ ഞങ്ങളുടെ യാചന നൽകുകയും ചെയ്യണമെ. മൊറിയൊറാഹേം............

## എത്രാം.

ജീവന്റെ വഴിയായ രക്ഷിതാവെ! ഞങ്ങൾ നിന്നെ വന്ദിക്കുന്നു. ഞങ്ങളുടെ ആത്മാക്കളുടെ ഉത്തമകൂട്ടുകാരനായ യേശുമശിഹാ ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. ഞങ്ങളുടെ കാലുകളുടെ വിളക്കും ഞങ്ങളുടെ ഊടുവഴികളുടെ പ്രകാശവും ആയുള്ളോവെ ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു ഞങ്ങളുടെ ദൈവമെ! വഴിയാത്ര ചെയ്തവരും അതിന്നായി ഉദ്ദേശിക്കുന്നവരുമായ എല്ലാ ദേശത്തിലുമുള്ള ഞങ്ങളുടെ പിതാക്കളേയും സഹോദരങ്ങളെയും പ്രത്യേകിച്ച് നിന്റെ കരുണയിൽ അഭയം പ്രാപിച്ച് തന്റെ ആത്മാവിന്ന പാപപരിഹാരവും കുററങ്ങളുടെ മോചനവും ശരീരത്തിന്ന സൌഖ്യവും ആരോഗ്യവും യാചിക്കുന്ന ഈ നിന്റെ ദാസനേയും ഉദ്ദേശിച്ച് നിന്റെ മഹിമയിൻമുമ്പാകെ സമർപ്പിച്ച ഈ സുഗന്ധധൂപം ഞങ്ങളുടെ ബലഹീന കൈകളിൽനിന്ന കൈക്കൊള്ളണമെ. ഞങ്ങൾ യാത്രചെയ്യുന്ന എല്ലാ ദേശത്തും ഞങ്ങൾ താമസിക്കുന്ന എല്ലാ സ്ഥലത്തും നീ ഞങ്ങൾക്കും അവർക്കും കൂട്ടായിരുന്ന് ഞങ്ങളോടുകൂടെ വസിക്കണമെ. തന്റെ എല്ലാ ഭക്തന്മാരെയും കാത്തുരക്ഷിക്കുന്ന കർത്താവെ! ഈ നിന്റെ ദാസനെ നിന്റെ ഭയക്കും അനുഗ്രഹത്തിനും ഞങ്ങളെല്ലാവരേയും നിന്റെ വിജയകരമായ സ്ലീബായുടെ മുദ്രണത്തിനും നിന്റെ അനുഗ്രഹകരമായ കൃപാപ്രവർത്തനത്തിനും യോഗ്യരാക്കണമെ. സമുദ്രത്തിലും കരയിലും ഇസ്രായേലിന്റെ പാളയത്തെ ന

www.malankaralibrary.com

ന്നിയ നിരപ്പിന്റെയും സമാധാനത്തിന്റെയും മാലാഖ രഹസ്യവും പരസ്യവുമായ സകല ഉപദ്രവങ്ങളിൽനിന്നും ഞങ്ങളെല്ലാവരേയും രക്ഷിച്ചുകൊണ്ടു് ഞങ്ങളുടെ വഴികൾ ക്രമീകരിച്ചു് ഞങ്ങളെ നടത്തികൊള്ളണമെ. ഹോശോവബ്...... ആമ്മീൻ.

ശ്ലീഹാ വീലശേഷം ദൈവത്താൽ പ്രേരിതരായ........

യാക്കോബ് 5:10—20.

പെസ്ഗോമൊ. സങ്കീർത്തനം. 57:1

ഹാലേ—ഉ ഹാലേ—ദൈവമെ! എന്റെ ആത്മാവു് നിന്നിൽ ശരണം പ്രാപിച്ചിരിക്കുന്നതുകൊണ്ടു് എന്നോടു കരുണ ചെയ്യണമെ. കലഹം അടങ്ങുന്നതുവരെ നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടണമെ. ഹാലേ...

ഏവൻഗേലിയോൻ. ലൂക്കോ. 10:25—37.

# ലുത്ത്നിയാ.

ശെമ്മാശൻ:—നാമെല്ലാവരും താൽപ്പര്യമായി........

ജനം:—കുറിയേ........

പിതാവായ ദൈവമെ! ഞങ്ങൾക്കും ഞങ്ങൾ പ്രത്യേകമായി അഭ്യർത്ഥിക്കുന്ന ഈ നിന്റെ ദാസനും നിരപ്പും സമാധാനവും പാപമോചനവും നൽകണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ........

കർത്താവേ! നിന്റെ പരിശുദ്ധാത്മാവിന്റെ കൃപാശക്തിയാൽ ഈ എണ്ണക്കു് അനുഗ്രഹവും ഇതുകൊണ്ടു് അഭിഷേകം ചെയ്യപ്പെടുന്ന എല്ലാവർക്കും പാപപരിഹാരവും കുററങ്ങളുടെ മോചനവും ആത്മശരീരങ്ങളുടെ സർവ്വരോഗങ്ങളിൽനിന്നുള്ള ആശ്വാസവും സൌഖ്യവും ആരോഗ്യവും ലഭിപ്പാൻവേണ്ടി ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ........

കർത്താവെ! ഈ നിന്റെ ദാസൻ ( ) വേണ്ടി ഞങ്ങൾ നിന്റെ കർത്തൃത്വത്തോടു് അപേക്ഷിക്കുന്നു. നിന്റെ ദയയാലും കൃപയാലും ഇവനെ സന്ദർശിച്ചു് ഇവന്റെ അകൃത്യങ്ങൾക്കു് പരിഹാരവും കരുണാബാഹുല്യത്താൽ വേദനകൾക്കും രോഗങ്ങൾക്കും സൌഖ്യവും നൽകണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ........

അനവധി കരുണയുള്ളവനായ കർത്താവേ! തോററുപോകാത്തതും സർവ്വത്ര കഴിവുള്ളതുമായ നിന്റെ ബലമുള്ള വലത്തുതൃക്കൈ

www.malankaralibrary.com

നിനക്കു് പ്രീതിയുള്ളവരായ സകല ശുദ്ധിമാന്മാരുടെയും പ്രാൎത്ഥനയാൽ ദുഷ്ടമനുഷ്യരുടെയും അശുദ്ധ പിശാചുക്കളുടെയും ഉപദ്രവങ്ങളിൽനിന്നും വിരോധങ്ങളിൽനിന്നും ഞങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളെയും മറച്ചുകൊള്ളേണമെന്നു് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ........

കൎത്താവേ! ഈ വാസസ്ഥലത്തേയും എല്ലാ ഭവനങ്ങളെയും സത്യവിശ്വാസികളുടെ വീടുകളേയും സകല പൈശാചിക ഉപദ്രവങ്ങളിൽനിന്നും കാത്തുകൊള്ളണമെ. അവയിൽ വസിക്കുന്നവൎക്കു നീ നൽകുന്ന നിന്റെ ധാരാളമായ നൽവരങ്ങൾക്കുവേണ്ടി സദാ നിന്നെ സ്തോത്രം ചെയ്തു മഹത്വപ്പെടുത്തുവാനായിട്ടു് നിന്നിൽനിന്നുള്ള നന്മകളും അനുഗ്രഹങ്ങളും പാപപരിഹാരവും കുററങ്ങൾക്കു മോചനവും അവൎക്കു നൽകണമെ എന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേലായിസ്സോൻ.

പട്ടക്കാരൻ ആ ദീനക്കാരിയുടെ നെററിമേൽ എണ്ണകൊണ്ടു് മൂന്നുപ്രാവശ്യം സ്ലീബാ വരച്ചു ചൊല്ലണം.

നിത്യജീവനുവേണ്ടി പിതാവിന്റെയും പുത്രന്റെയും......
(പുറം 9)

പിന്നെ നെഞ്ചിന്മേൽ എണ്ണകൊണ്ടു് മൂന്നുപ്രാവശ്യം സ്ലീബാവരച്ചു ചൊല്ലണം.

നിത്യജീവനുവേണ്ടി പിതാവിന്റെയും പുത്രന്റെയും......

## ഹൂത്താമാ.

ഞങ്ങളുടെ കൎത്താവും ദൈവവും രക്ഷിതാവുമായ യേശുമശിഹാ! നിന്നിൽ സംജാതമായിരിക്കുന്ന അതീവ കരുണകളാൽ ഞങ്ങളുടെ ആത്മശരീരങ്ങളുടെ വേദനകളും രോഗങ്ങളും നീ സൌഖ്യമാക്കിയിരിക്കുന്നു. കൎത്താവേ! നിന്റെ ബലമേറിയ വലത്തുകൈ നീട്ടി ഈ എണ്ണയെയും ഇതുകൊണ്ടു് അഭിഷേകം ചെയ്യപ്പെടുന്നവരേയും നീ വാഴ്ത്തേണമെ. ✠ ഈ നിന്റെ ദാസന്റെ ആത്മശരീരങ്ങളുടെ സൎവ്വ വേദനകളും രോഗങ്ങളും സുഖപ്പെടുത്തേണമെ. വചനത്താലൊ പ്രവൃത്തിയാലൊ വിചാരത്താലൊ ഇവനിൽ വന്നുപോയിട്ടുള്ള സകല കുറവുകൾക്കും മാലിന്യങ്ങൾക്കും പരിഹാരമുണ്ടാക്കേണമെ. സകല പാപാശുദ്ധിയിൽനിന്നും അന്യായത്തിൽനിന്നും ഇവനെ ശുദ്ധീകരിച്ചു് ഇവന്റെ ആയുഷ്കാലം മുഴുവനും ഉപദ്രവകരമായ സകല സംഭവങ്ങളിൽനിന്നും പരീക്ഷകളിൽനിന്നും രക്ഷിക്കേണമെ. നീ ഇവനെ കൈവെടിയുകയൊ തന്മൂലം ഇവന്റെ വൈരികൾ സന്തോഷിക്കുകയൊ

www.malankaralibrary.com

ചെയ്‌വാനിടയാകാതെ ഇവനെ നിന്റെ കൽപനകളും, നിയമങ്ങളും പൂർണ്ണമായി അനുവർത്തിക്കുന്നവനാക്കിത്തീർക്കേണമെ. ഈ എണ്ണകൊണ്ടു് അഭിഷേകം ചെയ്യപ്പെടുന്ന ഏവരേയും സൗഖ്യമാക്കുകയും നിന്റെ വലിയ എഴുന്നള്ളത്തു് ദിവസത്തിൽ നിന്റെ കൃപയാലും കരുണയാലും ഞങ്ങൾക്കെല്ലാവർക്കും ദയലഭിക്കയും ചെയ്യേണമെ. ഫൊശൊവബ്‌...... ആമ്മീൻ.

---

# മൂന്നാം ശുശ്രൂഷ

ദൈവമേ! നീ പരിശുദ്ധനാകുന്നു. ഇത്യാദി ഒരു കൗമ്മാ

പട്ടക്കാരൻ പരിശുദ്ധത്രിത്വത്തിന്റെ നാമത്തിൽ കന്തീലാമേൽ മൂന്നു റൂശ്‌മാ ചെയ്തു് പടിഞ്ഞാറെ തിരി കത്തിക്കുന്നു.

## സ്‌ലൂസൊ

ബലവാനും ലോകൈകപരാക്രമിയും സർവ്വത്ര പരിശുദ്ധനുമായ ദൈവമായ കർത്താവേ! ഈ എണ്ണയേയും ഇതുകൊണ്ടു് അഭിഷേകം ചെയ്യപ്പെടുന്നവരേയും നിത്യജീവന്നായിട്ടു് പിതാവിന്റെയും ❖ പുത്രന്റേയും ❖ ജീവനുള്ള പരിശുദ്ധാത്മാവിന്റെയും ❖ തിരുനാമത്തിൽ നീ വാഴ്ത്തി ശുദ്ധീകരിക്കേണമെ, ആമ്മീൻ.

കുക്കിലിയോൻ സങ്കീർത്തനം 65:1–5. 9:11

ദൈവമേ! ഔഹിയോനിൽ സ്‌തുതി നിനക്കു യോഗ്യമാകുന്നു. നിനക്കു് നേർച്ച കഴിക്കപ്പെടുകയും ചെയ്യുന്നു. എന്റെ പ്രാർത്ഥന കേൾക്കണമെ. സർവ ഭൂഭാഗങ്ങളുടെയും ശരണമായ ഞങ്ങളുടെ രക്ഷിതാവായ ദൈവമേ! ഞങ്ങളോടുത്തരമരുളേണമെ. നീ ഭൂമിയെ മഹത്വത്തോടെ ഓർക്കുകയും അതിനെ ശാന്തമാക്കി അധികം ഐശ്വര്യപ്പെടുത്തുകയും ചെയ്തു. ചാറൽമഴയാൽ അതിന്റെ മുള നനവേറു് ആശീർവ്വാദത്തോടെ വളരും. നിന്റെ കൃപയാൽ ആണ്ടിന്റെ കിരീടത്തെ വാഴ്ത്തേണമെ. ബാറെക്‌മോർ

മെന്ന് ഓലം.........

എക്കു്ബൊ. (കിബ്യൂസൊന്തു് ദീയാത്തിക്കി)

കർത്താവെ! നിന്നെ വിളിക്കുന്ന പാപികളിൽനിന്നു നിന്റെ നൽവരം നിരോധിക്കുകയൊ കരുണാവാതിലിൽ മുട്ടുന്ന അനുതാപികളുടെ മുമ്പിൽ അതു അടച്ചുകളകയൊ ചെയ്യാതെ കരുണയുള്ളവനെ! അവരുടെ യാചനകൾ അവർക്കു നൽകണമെ, അവർബ്ബ,

www.malankaralibrary.com

ധിമതികളായ കന്യകമാരോടുകൂടെ തങ്ങളുടെ വിളക്കുകൾ തെളി ച്ചുകൊണ്ടു് നിന്നോടുകൂടെ മണവറയിൽ പ്രവേശിക്കയും പ്രജാവ ത്സലനായ കാരുണ്യവാനെ! നിൻെറ കൃപയ്ക്കു് സ്തുതിപാടുകയും ചെയ്യണമെ. സ്സൗമെൻകാലോ.........

# പ്രുമിയോൻ

തൻെറ വാതിലിൽ മുട്ടുന്ന പാപികളിൽ സന്തോഷിക്കയും തന്നെ ആശിച്ചുകാത്തിരിക്കുന്ന അനുതാപികളിൽ ആനന്ദിക്കയും തൻെറ അടുക്കലേക്കു് തിരിയുന്ന വഴിപിഴച്ചവരെ സ്വീകരിക്കു കയും തൻെറ നിർദ്ദേശസ്ഥലത്തു വന്നുകൂടുന്ന ചിതറിപ്പോയവരെ സ്നേഹിക്കയും ചെയ്യുന്ന ഉത്തമനാഥന്നു സ്തുതി. തൻെറ ദാസനു ക ന്തീലാശുശ്രൂഷനടത്തുന്ന ഈ നേരത്തും............

# സെദറാ

ഞങ്ങളുടെകത്താവേയ്ശുമ്ശിഹാ! നിൻെറ കരുണാവാതിലിൽ ഞങ്ങൾ മുട്ടുകയും സർവ്വസൗഭാഗ്യസമ്പൂർണ്ണമായ നിൻെറ ശ്രീഭ ണ്ഡാരത്തിൽനിന്നു പാപങ്ങൾക്കും കററങ്ങൾക്കും വിമോചനംയാ ചിക്കുകയും ചെയ്യുന്നു. കത്താവേ! ഈ സമത്തു നിൻെറ ദാസ ൻെറ സഹായത്തിനു എഴുന്നെള്ളിവരികയും നിൻെറ ഉത്തമമായ തിരുമനസ്സുപോലെ ഞങ്ങളുടെ പ്രാത്ഥന കേൾക്കുകയും ചെയ്യണ മെ. എന്തെന്നാൽ നിങ്ങൾ മനുഷ്യരുടെ പാപങ്ങൾ ക്ഷമിച്ചാൽ ക്ഷമിക്കപ്പെട്ടിരിക്കുമെന്നും ക്ഷമിക്കാതിരുന്നാൽ ക്ഷമ ലഭിക്കാതി രിക്കുമെന്നും സ്വർഗ്ഗത്തിലും ഭൂമിയിലും കെട്ടിയാൽ കെട്ടപ്പെട്ടിരി ക്കുമെന്നും സ്വർഗ്ഗത്തിലും ഭൂമിയിലും അഴിച്ചാൽ അഴിക്കപ്പെട്ടിരി ക്കുമെന്നും നിൻെറ പരിശുദ്ധ ശ്ലീഹന്മാരോടു് അരുളിച്ചെയ്തുകൊ ണ്ടു് അവർക്കു് അതിനുള്ള അധികാരം നൽകുകയും ചെയ്തു. ആ കയാൽ ഏകസത്യവാനും നീതിമാനും ആയ ദൈവമേ! ഈ സമ യത്തു തിരുസന്നിധിയിൽ നിൽക്കുന്ന ഈ നിൻെറ ദാസൻെറപാ പങ്ങൾ നീതീകരിച്ചു് ക്ഷമിക്കേണമെ. നിൻെറ തൃക്കാലുകൾ എ ണ്ണകൊണ്ടു് പൂശി തലമുടികൊണ്ടു് തുടച്ച പാപിയായ സ്ത്രീയെ സ്വീകരിച്ചു് അവളോടു് "നീ അധികം സ്നേഹിച്ചതുകൊണ്ടു നി ൻെറ അനവധി പാപങ്ങൾ നിന്നോടു മോചിച്ചിരിക്കുന്നു" എന്നു അരുളിച്ചെയ്തതുപോലെ മനസ്സോടും മനസ്സുകൂടാതെയും അറിഞ്ഞും അറിയാതെയും ആണയിട്ടും വ്യാജംപറഞ്ഞും തക്കിച്ചും ശണ്ഠകൂടി യും സാത്താൻ മനുഷ്യവർഗ്ഗത്തെ തെററിക്കുന്ന ഏതു കാരണത്താലും

www.malankaralibrary.com

ചെയ്തുപോയിട്ടുള്ള ഈ നിന്റെ ദാസന്റെയും ഞങ്ങളുടെയും പാപങ്ങൾ ക്ഷമിക്കണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിച്ച് പ്രാർത്ഥിക്കുന്നു. മനുഷ്യരക്ഷയ്ക്കായി പാപപരിഹാരാർത്ഥം തൃക്കൈകൾ കുരിശിൽ നീട്ടിയവനായ കർത്താവേ! ഞങ്ങളുടെ പാപങ്ങളും കുററങ്ങളും പരിപൂർണ്ണമായി ക്ഷമിച്ച് തിരുഹിതാനുവർത്തികളായ തിരഞ്ഞെടുക്കപ്പെട്ടവരോടൊന്നിച്ച് നിന്റെ വലത്തുഭാഗത്തുനിന്നു നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും സമർപ്പിപ്പാൻ ഞങ്ങളെ യോഗ്യരാക്കേണമേ. ഹൊശോ..........

ദൈവത്തിൽനിന്നു കടങ്ങൾക്കു് പരി...............

കൊലൊ (പൂീഹൊനാത്തറേഹ്)

പാപിയായ സ്ത്രീ ഹദിയോക്കു് എന്ന വ്യാപാരിയോടു ഉയർന്നതരം എണ്ണവാങ്ങി, പാപമോചനം ലഭിപ്പാനായി ശെമഓന്റെ വീട്ടിൽചെന്നു. ശെമഓനാകട്ടെ, വഴിപിഴച്ചവളെ! സർവ്വസൃഷ്ടിയും നീ വേശ്യാസ്ത്രീ ആണെന്നറിയുന്നതിനാൽ വാതില്ക്കൽനിന്നു പൊയ്ക്കോൾകാ എന്നു പറഞ്ഞു് അവളെ നിരോധിച്ചു. എങ്കിലും സ്ത്രീയെ! നിന്റെ പാപങ്ങൾ നിന്നോടു മോചിച്ചിരിക്കുന്നതിനാൽ നീ പൊയ്ക്കോൾക എന്നു അവളോടു പറഞ്ഞ രക്ഷിതാവിനു സ്തുതി. താൻ നാമെല്ലാവരുടേയും പാപങ്ങൾ മോചിക്കുന്നവനാകയാൽ തനിക്കും തന്നെ അയച്ചവനും സ്തുതി.

നമ്മുടെ രക്ഷിതാവു് ദൃഷ്ടാന്ത കഥകൾ ഉപമകളായി ഇങ്ങനെ സംസാരിച്ച് പറഞ്ഞു. സ്വർഗ്ഗരാജ്യം വിളക്കുകൾ എടുത്തുമണവാളന്റെയും മണവാട്ടിയുടെയും എതിരേൽപിനു പുറപ്പെട്ട കന്യകമാരോടു തുല്യമാകുന്നു, അവരെല്ലാവരും ഒന്നിച്ചുകിടന്നുറങ്ങിയപ്പോൾ ഇതാ മണവാളൻ വരുന്നുയെന്നു് ഒരു വലിയ ആർപ്പുവിളിയുണ്ടായി. അപ്പോൾ ബുദ്ധിമതികളായ കന്യകമാർ അവന്റെകൂടെ അകത്തുപ്രവേശിച്ചു. ബുദ്ധിഹീനകളാകട്ടെ വലിയ സങ്കടത്തോടും അവർണ്ണനീയമായ പ്രലാപങ്ങളോടുംകൂടെ വാതില്ക്കൽ നിൽക്കേണ്ടിവരികയും ചെയ്തു. ബാറെക്മോർ.

ശുബ്ഹൊ............

പിതാവിന്റെ വചനമായ ഏകപുത്രൻ, നമ്മുടെ സഹായത്തിനായി ഉപമകൾ രചിച്ച് ഇങ്ങനെ പറഞ്ഞു. പ്രാഭാഡംബരങ്ങളിൽ ജീവിച്ചിരുന്ന ഒരു ധനവാൻ ഉണ്ടായിരുന്നു. സമൃദ്ധിയായി ഭക്ഷണം കഴിപ്പാൻ കൊതിച്ചിരുന്ന ദരിദ്രനായ ലാസറും ഉണ്ടായിരുന്നു. ഇവൻ മരിച്ചപ്പോൾ മാലാഖമാർ ഇവനെ നമ്മുടെ പിതാവായ അബ്രഹാമിന്റെ മാർവിടത്തിലേക്കുകൊണ്ടുപോ

www.malankaralibrary.com

തി. ധനവാനാകട്ടെ മരിച്ചു അതിവേദനയുള്ള സ്ഥലത്തേക്കുപോകയും ആ സമസൃഷ്ടിയോടു ദയതോന്നാഞ്ഞതിനാൽ അഗ്നിനരകത്തിൽ നിത്യാരിഷ്ടതകൾക്കു അവകാശിയായിത്തീരുകയും ചെയ്തു.

മെൻഓലം......... ......

സ്വർഗ്ഗരാജ്യം കല്യാണസദ്യ നടത്തിയമനുഷ്യനോടു തുല്യമാകുന്നു അതിലേക്കു വരുന്നതിനു അവൻ സ്വജനങ്ങളെ ക്ഷണിച്ചെങ്കിലും അവർക്കു അതിൽ വന്നുസംബന്ധിപ്പാൻ ഇഷ്ടമുണ്ടായില്ല. അതിനാൽ സകല ജാതികളുംവന്നു അവനോടൊരുമിച്ചു ആഹ്ലാദിപ്പാൻ ക്ഷണിക്കുന്നതിനുവേണ്ടി തന്റെ ദാസന്മാരെരെ പറഞ്ഞയച്ചു. സർവ്വഭാഗങ്ങളിൽനിന്നും വന്നുകൂടിയവർ ഭവനംനിറയെ ഭക്ഷണത്തിന്നിരുന്നു. കല്യാണഭവനത്തിൽ യോഗ്യമല്ലാത്ത അഴുക്കു വസ്ത്രം ധരിച്ച മനുഷ്യനെ അവൻ വന്നുകാണുകയാൽ അവനെ അന്ധകാരത്തിൽ തള്ളുവാൻ കല്പിക്കയും ചെയ്തു.
മൊറിയോ റാഹേമ്മേ ...... .........

## എത്രൊ

സർവ്വ വൈദ്യനാഥനും സർവകൃപയും വിശുദ്ധിയും നൽകുന്ന ദൈവവും പൂർണ്ണസുഖം പ്രദാനം ചെയ്യുന്നവനും എപ്പോഴും മനുഷ്യായുസ്സിനെക്കുറിച്ചു ചിന്തയുള്ളവനും ദിവ്യസഹായങ്ങൾ ഞങ്ങളിൽനിന്നു വിരോധിക്കാത്തവനും ആയ കർത്താവേ! ആത്മശരീരങ്ങളുടെ സൌഖ്യവും ആരോഗ്യവും നിന്നോടപേക്ഷിക്കുന്ന ഈ നിന്റെ ദാസൻ (            ) മേൽ കരുണാസമ്പൂർണ്ണമായനിന്റെ വലതു തൃക്കൈ ആവസിപ്പിച്ചു ഇവനു രോഗശാന്തിയും ആശ്വാസവും ധൈര്യവും സഹായവും നൽകണമെ. കർത്താവേ! ഇവനിൽനിന്നു ക്ഷീണവും രോഗവും വേദനയും മാററി വിരോധകൃത്യങ്ങളും ഉപദ്രവങ്ങളും ദുർവ്വികാരങ്ങളും പരീക്ഷകളും അകററിക്കളയണമെ. ഇവനു സുഖവും ശക്തിയും രക്ഷയും നൽകി കാത്തുകൊള്ളണമെ. ഇവൻ എഴുന്നേററു ഉറച്ചുനില്പാൻതക്കവണ്ണം നിന്റെ ബലമുള്ള വലത്തുകയ്യാൽ ഇവനെ താങ്ങി സഹായിക്കണമെ. നിന്റെ ബഹുലമായ കൃപപോലെയും അനവധിയായ അനുഗ്രഹംപോലെയും ഇവനു നല്ല അടയാളം നൽകിക്കൊണ്ടു ഇവന്റെ പാപങ്ങളും കുററങ്ങളും ക്ഷമിക്കേണമെ. ഇവൻ നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധാത്മാവിനെയും സ്തോത്രംചെയ്തു വന്ദിക്കും. ഹൊശൊ............

www.malankaralibrary.com

ജനം:—പൌലോസ്ശ്ലീഹാ ധധ്യൻ ചൊൽ...........

✓ 1 കോറന്തി. 6:1—5

പെസ്ഗോമൊ. സങ്കീൎത്തനം 6:4

ഹാലേ-ഹാലേ-കൎത്താവേ നീ തിരിഞ്ഞു് എന്റെ ആത്മാവിനെ രക്ഷിക്കയും നിന്റെ കൃപനിമിത്തം എന്നെ വീണ്ടെടുക്കുകയും ചെയ്യണമെ. ഹാലേ....

✓ ഏവൻഗേലിയോൻ. മത്തായി 9:36—10:4

## ലുത്ത്നിയാ

ശെമ്മാശൻ:—നാമെല്ലാവരും താല്പൎയ്യമായി........

ജനം:—കുറിയേ........

ദൈവദാസനായ ( ) വേണ്ടിയും അവന്റെ കൃതജ്ഞതയ്ക്കുവേണ്ടിയും ഈ എണ്ണയാൽ ആത്മജഡങ്ങളുടെ സകല അശുദ്ധിയിൽനിന്നും സകല പാപമാലിന്യങ്ങളിൽനിന്നും പുണ്യവും സുഖവും പ്രാപിച്ചു് ഇവൻ വെടിപ്പായി ശുദ്ധീകരിക്കപ്പെട്ടുവാൻവേണ്ടിയും കൎത്താവിനോടു നാം പ്രാൎത്ഥിക്കണം. കുറി....

പാപികൾ തന്റെ അടുക്കലേക്കു മനസ്സുതിരിഞ്ഞുവരുവാൻ ആഗ്രഹിക്കുന്ന ദൈവമേ! നിനക്കു സ്തുതി. ഈ നിന്റെ ദാസൻ ( ) സകല പാപങ്ങളും ക്ഷമിക്കയും ഇവനു പാപപരിഹാരവും നിത്യജീവനും നൽകുകയും ചെയ്യണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ....

സൎവ്വത്തിനും സഹായ സംരക്ഷണകൾ നൽകുന്ന ദൈവമേ! സൎവ്വത്തേയും പരിപൂൎണ്ണമായി സംതൃപ്തിപ്പെടുത്തുന്ന നിന്റെ കൃപയാൽ ആണ്ടിന്റെ കിരീടത്തെ വാഴ്ത്തണമെ. നിന്റെ പരിശുദ്ധ പള്ളികളിൽ സദാ നിരപ്പും സമാധാനവും നൽകണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ...

തന്റെ സൃഷ്ടിയുടെ ആവശ്യങ്ങളറിയുന്ന ഞങ്ങളുടെ ദൈവമായ കൎത്താവേ! സൎവ്വ ജീവികളുടെയും കണ്ണുകൾ നിങ്കലേക്കു നോക്കിക്കൊണ്ടിരിക്കുന്നു നീ അവക്കു നല്ലകാലംകൊണ്ടു് സംരക്ഷണ നൽകുന്നവനാകയാൽ തക്കതായ ശീതോഷ്ണഗുണങ്ങളും ഫലവൎദ്ധനവും ഞങ്ങൾക്കു നൽകണമെന്നു് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ........

ദയാലുവും അനവധി കൃപയും കരുണയുമുള്ളവനുമായ ദൈവമെ, നിന്റെ ആചാൎയ്യന്മാരെയും ശെമ്മാശന്മാരെയും പരിശുദ്ധ സഭയുടെ എല്ലാ മക്കളെയും അനുഗ്രഹിക്കണമെ. ഈ ഭവനത്തി

www.malankaralibrary.com

ലും വിശ്വാസികളുടെ എല്ലാ വസതികളിലും നിന്റെ കൃപയും വാഴ്വും നൽകണമെ. ഇതിൽ വസിക്കുന്നവരെ ആത്മശരീരാത്രുപികളുടെ സകല ഉപദ്രവങ്ങളിൽനിന്നും കാത്തു സംരക്ഷിക്കേണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ........

പട്ടക്കാരൻ അനുതാപിയുടെ നെററിമേൽ എണ്ണകൊണ്ടു്
മൂന്നുപ്രാവശ്യം സ്ളീബാ വരച്ചു ചൊല്ലണം

നിത്യജീവനുവേണ്ടി പിതാവിന്റെയും പുത്രന്റെയും........

(പുറം 9)

പിന്നെ നെഞ്ചിന്മേൽ എണ്ണകൊണ്ടു് മൂന്നുപ്രാവശ്യം
സ്ളീബാവരച്ചു് ചൊല്ലണം.

നിത്യജീവനുവേണ്ടി പിതാവിന്റെയും............

പിന്നെ കാലിന്റെ മുട്ടുകൾമേൽ രണ്ടു് വലത്തേതിലും ഒന്നു്
ഇടത്തേതിലുമായി മൂന്നുപ്രാവശ്യം സ്ളീബാവരച്ചു് ചൊല്ലണം.

നിത്യജീവനുവേണ്ടി പിതാവിന്റെയും............

## ഹൂത്തോമ്മോ

പരിശുദ്ധനായ ദൈവവും സർവാധിപതിയായ രക്ഷിതാവും മഹത്വത്തിന്റെ മഹാരാജാവും മരണത്തിനിടവരുത്താതെ ശിക്ഷോപദേശം നൽകുന്നവനും അഹങ്കാരികളുടെയും ബലവാന്മാരുടെയും സിംഹാസനങ്ങൾ മറിച്ചിട്ടു് ബലഹീനന്മാരെ ഉയർത്തുന്നവനുമായ കർത്താവേ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ഞങ്ങളുടെ മേൽ ഉളവായിരിക്കുന്ന നിന്റെ അനവധി അനുഗ്രഹങ്ങളാൽ നിന്റെ വിശുദ്ധ തിരുനാമത്തിൻ മുദ്രയേററു് നീതീകരണം നൽകുന്ന പരിശുദ്ധ തിരുശരീരരക്തങ്ങൾ അനുഭവിച്ചിരിക്കുന്നബലഹീനരും അരിഷ്ടരുമായ നിന്റെ ദാസന്മാരോടു കരുണതോന്നണമെ. കർത്താവെ! ഇപ്പോൾ നിന്റെ വിശുദ്ധ തിരുനാമത്തിൽ സങ്കേതം പ്രാപിക്കുന്ന ഈ നിന്റെ ദാസൻ ( ) ഞങ്ങളോടും ദയതോന്നണമെ. ഇവനു നിന്റെ ആശീർവാദങ്ങൾ നൽകുകയും നിന്റെ അനുഗ്രഹങ്ങളും കൃപയും ഇവന്റെമേൽവർഷിക്കയും ചെയ്യണമെ. ഇവന്റെ ആത്മശരീരങ്ങളുടെ സർവവേദനകളും രോഗങ്ങളും സുഖമാക്കണമെ. നിന്റെ പരിശുദ്ധാത്മശക്തിയാലും വിജകരവും രക്ഷാകരവുമായ നിന്റെ സ്ളീബായുടെ അടയാളത്താലും നിന്റെ വിശുദ്ധ മാതാവായ മറിയാമിന്റെയും ദീർഘദർശിമാരുടെയും ശ്ളീഹന്മാരുടെയും സഹദേന്മാരുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാലും ഞെരുക്കങ്ങളിൽനിന്നും ഭീഷണികളിൽനിന്നും ഇവനെ രക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.

---

www.malankaralibrary.com

# നാലാം ശൂശ്രൂഷ

ദൈവമേ! നീ പരിശുദ്ധനാകുന്നു. ഇത്യാദി ഒരു കൌമാ

പട്ടക്കാരൻ പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ കന്തീലാമേൽ മൂന്നു റുശ്മാ ചെയ്തു് വടക്കെത്തിരികത്തിക്കുന്നു.

## സ്ലൂസൊ

ബലവാനായ ദൈവവും മനുഷ്യരുടെ അനീതികൾ ക്ഷമിക്കുന്നവനും പാപിയുടെ മരണത്തിൽ ഇഷ്ടമില്ലാത്തവനുമായ കത്താവെ! ആ തൈലപ്പാത്രംപോലെയും പാപിയായ സ്ത്രീയുടെ തൈലക്കുപ്പിപോലെയും നിന്റെ വലത്തുതൃക്കൈകൊണ്ടു ഈ എണ്ണവാഴ്ത്തേണമെ ❖ നിത്യജീവനുവേണ്ടി പിതാവിന്റെയും ❖ പുത്രന്റെയും ❖ ജീവനുള്ള പരിശുദ്ധാത്മാവിന്റെയും ❖ തിരുനാമത്തിൽ ഈ എണ്ണകൊണ്ടു് പൂശപ്പെടുന്നവർക്കു് ആത്മസൌസ്ഥതയും ശരീരാവയവങ്ങളുടെ സ്ഥിരതയും നൽകണമെ. ആമ്മീൻ.

കുക്ലിയോൻ സങ്കീർത്തനം 96: 7–10

ജാതികളുടെ ഗോത്രങ്ങളെ, നിങ്ങൾ കർത്താവിന്നു കൊടുപ്പീൻ നിങ്ങൾ കർത്താവിന്നു സ്തുതിയും ബഹുമാനവും കൊടുപ്പീൻ നിങ്ങൾ കർത്താവിന്റെ നാമത്തിന്നുതക്ക ബഹുമാനംകൊടുപ്പീൻ നിങ്ങൾ കാഴ്ചകൾ എടുത്തു് തന്റെ പ്രാകാരങ്ങളിലെക്കു് പ്രവേശിപ്പീൻ. കർത്താവിനെ തന്റെ ശുദ്ധതയുടെ മണ്ഡപത്തിൽ വന്ദിപ്പീൻ സർവഭൂമിയും തന്റെ മുമ്പാകെനിന്നു ഇളകും. കർത്താവ് രാജ്യഭാരം ചെയ്തു എന്നും ഭൂതലം ഇളകാതെവണ്ണം അതിനെ സ്ഥിരമാക്കിയെന്നും ജാതികളുടെ ഇടയിൽ പറവീൻ. ബാറെക്മോർ.

ശുബ്ഹൊ............ മെനഓലം............

എക്ബൊ (കാലസൂമൽക്കൊ)

ഞാൻ പ്രവൃത്തികളിൽമടിയനും ദോഷിയുമായ ദാസനായിരിക്കുമ്പോൾപേരിൽഉത്തമനുംഗുണവാനുമായ ദാസൻഎന്നുവിളിക്കപ്പെട്ടതിനാൽ എനിക്കു് ഹാ കഷ്ടം! ഞാൻ അജ്ഞതാദാഹമുള്ളവനുമായിരിക്കെ, മററുള്ളവർക്കു് ഉപദേശവും പാനീയവും നൽകിയതിനാൽ എനിക്കു് കഷ്ടം! അൽപസമയത്തെ കൂലിപോലുംനിരസിക്കാത്ത ഉത്തമനായുള്ളോവെ! നിന്റെ കരുണയാൽ അവസാനത്തെ കൂലിക്കാരോടുകൂടെ എന്നെയും ഗണിച്ചുകൊള്ളേണമെ. സ്തൌമെൻ കാലോസ്.......

www.malankaralibrary.com

# പ്ര്യമിയോൻ

സൃഷ്ടികളുടെ സ്രഷ്ടാവും നിർമ്മാതാവും തന്നെ വിളിക്കുന്ന പാപികൾക്കു ധാരാളമായി കൃപനൽകുന്നവനുമായവനു സ്തുതി. കർത്താവേ! ഇപ്പോൾ തിരുസന്നിധിയിൽ ഭയത്തോടും വിറയലോടുംകൂടി നിൽക്കുന്ന ഈ നിന്റെ ദാസന്റെയും ഞങ്ങളുടെയും പാപങ്ങൾക്കും കുററങ്ങൾക്കും മോചനം നൽകുവാൻ തിരുവിഷ്ടമുണ്ടാകണമെ. നിന്റെ സ്ളീബായാൽ രക്ഷപ്രാപിച്ച നിന്റെ ആട്ടിൻകൂട്ടം നിന്റെദാസന്റെ കന്തീലാശുശ്രൂഷ നടത്തുന്ന ഈസമയത്തും സകല പെരുനാളുകളിലും......നിനക്കു സ്തുതിയുംസ്തോത്രവും സമർപ്പിക്കുന്നു ബ്കലഹുൻ........

# സെദറൊ

ഞങ്ങളുടെ ദൈവമായ കർത്താവെ! ഞങ്ങൾ നിന്നോടപേക്ഷിച്ചു പ്രാർത്ഥിക്കുന്നു. കരുണയുണ്ടായി പാപമോചനം ലഭിപ്പാൻ കാത്തിരിക്കുന്ന ഈ നിന്റെ ദാസൻ (    ) ഞങ്ങളുടെയും രഹസ്യവും പരസ്യവുമായ സകല രോഗങ്ങളും വേദനകളും സുഖപ്പെടുത്തണമെ. കർത്താവെ! ഇവനും നിന്റെ വലത്തുതൃക്കൈ സൃഷ്ടിച്ചിട്ടുള്ള സകല മനുഷ്യവർഗ്ഗത്തിനും നീ ധാരാളമായി അനുഗ്രഹം നൽകണമെ. രാജാക്കന്മാരെയും അധികാരികളെയും സമാധാനശീലരാക്കി നിന്നിലുള്ള വിശ്വാസസ്നേഹം അവർക്കുകൊടുത്തു ധർമ്മങ്ങളാൽ അവരെ ഐശ്വര്യവാന്മാരാക്കണമെ. രോഗികളുടെയും ഞെരുക്കമുള്ളവരുടെയും ആവശ്യങ്ങൾ നിറവേററികൊടുക്കണമെ. അനാഥന്മാർക്കും വിധവമാർക്കും ആശ്വാസവും ആമോദവും നൽകണമെ ദൂരസ്ഥന്മാരെയും സമീപസ്ഥന്മാരെയും കടലിലോ കരയിലൊ ആപത്തിൽപെട്ടിരിക്കുന്നവരെയും കരുണയുള്ള പിതാവിനെപോലെ സന്ദർശിച്ച് അവർക്കു നിരപ്പും സമാധാനവും നൽകണമെ. സത്യവിശ്വാസത്തിൽനിന്നു തെററിപ്പോയവരെ നിന്റെ വിശുദ്ധ എവൻഗേലിയോന്റെ സുവിശേഷത്തിലേക്ക് ആകർഷിക്കയും സത്യവിശ്വാസത്തിൽ നിലനിൽക്കുന്നവർക്ക് ധൈര്യവും ക്ഷമയും നൽകയും ചെയ്യണമെ. നിന്റെ ആചാര്യന്മാരെയുംശെമ്മാശ്ശന്മാരെയും ഈ നിന്റെ ദാസൻ (  ) വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നതിനാൽ ഇവനെയും അനുഗ്രഹിക്കണമെ ❖ നിന്നിലുള്ള ആശയോടെ നിദ്രപ്രാപിച്ച് നിന്റെ പ്രത്യക്ഷതയ്ക്കു കാത്തിരിക്കുന്ന വിശ്വാസികളായ സകലമരിച്ചുപോയവർക്കും നീതീകരണവും വിശ്രമവും നൽകണമെ. ഞങ്ങൾ നിനക്കും നി

www.malankaralibrary.com

ന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു. ഫോശോ...........ദൈവത്തിൽ നിന്നു കടങ്ങളുടെ പരിഹാരവും........ ആമ്മീൻ.

കോലൊ (മോറെന്തറമിശൊ)

ദൈവമെ! നിന്റെ കൃപമൂലം എന്നോടു കരുണതോന്നുകയും നിന്റെ കരുണയാൽ എന്റെ കുററങ്ങൾ ക്ഷമിക്കുകയും ചെയ്യേണമെ. ആദാമിന്റെ മുറിവുകൾ സുഖപ്പെടുത്തിയ പരമവൈദ്യാ ഉത്തമമായ നിന്റെ കരുണയാൽ എന്റെ മുറിവുകളും സുഖപ്പെടുത്തേണമെ.

കർത്താവെ! ഞാൻ പാപം ചെയ്തു പോയതുകൊണ്ട് നിന്റെ പിതാവിന്റെ സ്നേഹത്താൽ എന്റെ കുററങ്ങൾ ക്ഷമിക്കേണമെന്നു നിന്നോടു പ്രാർത്ഥിക്കുന്നു. നിന്റെ തിരുശരീരരക്തങ്ങൾ എനിക്ക് അച്ചാരമായി ലഭിച്ചിരിക്കുന്നതിനാൽ ആ ഭയങ്കര നാഴികയിൽ എന്നെ പുറംതള്ളരുതെ. ബാറെക്മോർ.

ശുബ്ഹൊ...............

വേശ്യാസ്ത്രീ അകത്തുപ്രവേശിക്കാൻ സമ്മതിക്കാതെ സാത്താൻ വാതിലിനുള്ളിൽ കടന്നിരുന്നു അവളാകട്ടെ അവന്റെ കഴുത്തിൽ ചവുട്ടി അകത്തുകടക്കുകയും മോചനം പ്രാപിക്കയും ചെയ്തു.

മെനൊലം...............

ലേവ്യരായ മോശയും അഹറോനും നിദ്രപ്രാപിച്ചു. ജനത്തിൽനിന്നു വിശുദ്ധതൈലം ഇല്ലാതാകയും ചെയ്തു. ഈ എണ്ണ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയുംനാമത്തിൽ വാഴ്ത്തപ്പെട്ടുമാറാകണമെ. മൊറിയൊറാഹെം...........

## എത്രൊ

മുട്ടുള്ളവരാലും കുറവുള്ളവരാലും ശുശ്രൂഷിക്കപ്പെടുന്ന മുട്ടില്ലാത്തവനും കുറവില്ലാത്തവനുമായ ദൈവമെ! നിനക്കു സ്തുതി. നിനക്കു സ്തോത്രം. സുഗന്ധവാസനയാൽ തിരുനാമമഹത്വം സ്വീകരിപ്പാൻ ഇഷ്ടം തോന്നിയ മഹത്വത്തിന്റെ നാഥനായ കർത്താവെ! വേരുകൾ അവയുടെ സുഗന്ധവാസനയാൽ നിന്നെ വന്ദിക്കുന്ന ലോകങ്ങളുടെ സൃഷ്ടാവെ! അവ സമർപ്പിക്കുന്നവർ നിന്നെ സ്തോത്രം ചെയ്യുന്നു. കർത്താവെ!സമർപ്പണസാധനങ്ങളുടെ സുഗന്ധവാസനയാൽ തിരുവിഷ്ടമുണ്ടായി, അവ സമർപ്പിക്കുന്നവരെ കരുണയാൽ നീ നീതീകരിക്കേണമെ. പിതാവും പുത്രനുംപ

www.malankaralibrary.com

രിശുദ്ധാത്മാവുമേ! ഞങ്ങളുടെമേൽ വിളിക്കപ്പെട്ടിട്ടുള്ള നിൻെറ വന്ദ്യതിരുനാമംനിമിത്തം ദയവായി ഞങ്ങളെല്ലാവരോടും കൃപചെയ്യണമെ. ഹൊശൊ:........... ആമ്മീൻ.

ജനം:— പെസലെംസ്സശ്ളീഹാ ധന്യൻ...............

✓ റോമ്മ 13: 11-14

പെസ്ഗൊമൊ സങ്കിൎത്തനം 40: 1.

ഹാലേ-ഹാലേ-ഞാൻ കർത്താവിൽ ശരണപ്പെട്ടു. താൻഎൻെറ അടുക്കലേക്ക് തിരിഞ്ഞ് എൻെറ പ്രാർത്ഥന കേൾക്കുകയും ചെയ്തു.

✓ ഏവൻഗേലിയോൻ മത്തായി 15: 21-31.

# പ്രുത്ത്നിയാ

ശെമ്മാശൻ:—നാമെല്ലാംവരു. താൽപര്യമായി...............

ജനം:—കുറിയെ..........

കർത്താവെ! ഈ നിൻെറ ദാസൻ( )പാപപരിഹാരത്തിന്നും കുററങ്ങളുടെ മോചനത്തിനും വേണ്ടി ഞങ്ങൾ നിന്നോടപേക്ഷിച്ചു പ്രാൎത്ഥിക്കുന്നു. കുറിയേ.......

വിശുദ്ധസഭയുടെ മക്കൾക്കും അതിലെ ആചാൎയ്യന്മാർക്കുംശെമ്മാശന്മാർക്കും എല്ലാ ആചാൎയ്യഗണങ്ങൾക്കുംവേണ്ടി നാം കർത്താവിനോട പ്രാൎത്ഥിക്കണം. കുറിയേ......

കർത്താവെ! നിൻെറ വിശുദ്ധ തിരുനാമം ഓൎത്തു ദരിദ്രന്മാരുടെയും അഗതികളുടെയും ആവശ്യം നിറവേററിക്കൊടുത്തു് സഹായിക്കുന്ന എല്ലാവർക്കും നീ പരസ്യമായി കൃപനൽകുകയും രണ്ടു ലോകങ്ങളിലും അവർക്ക് നല്ലപ്രതിഫലം നൽകുകയുംചെയ്യണമെ. കുറിയേ... ...

കർത്താവെ! നിൻെറ ദാസന്മാരുടെ ഉപജീവനത്തിന്നും ആവശ്യങ്ങൾക്കും സഹായിക്കുന്ന എല്ലാ വിശ്വാസികൾക്കു നന്മകൾ പ്രതിഫലം നൽകണമെ. നിൻെറ അനശ്വരമായ സ്വൎഗ്ഗീയ അനുഗ്രഹങ്ങളാൽ അവരെ ആശീർവദിക്കയും ചെയ്യണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ.......

നമ്മുടെ മാതാപിതാക്കന്മാരുടെയും സഹോദര സഹോദരികളുടെയും ഗുരുക്കന്മാരുടെയും വിശ്വാസികളായ സകല മരിച്ചുപോയവരുടെയും നല്ല സ്മരണക്കുവേണ്ടിയും അവരുടെ പാപങ്ങൾക്ക് പരിഹാരവും കുററങ്ങൾക്ക് മോചനവും സ്വൎഗ്ഗരാജ്യത്തിലെ ശോഭയുള്ള കൂടാരങ്ങളിൽ വിശ്രമവും ലഭിപ്പാൻവേണ്ടിയും കർത്താവിനോട്ട നാം പ്രാൎത്ഥിക്കണം. കുറിയേ.......

www.malankaralibrary.com

പട്ടക്കാരൻ അനുതാപിയുടെ നെററിമേൽ എണ്ണകൊണ്ടു് മൂന്നുപ്രാവശ്യം സ്ളീബാവരച്ചു് ചൊല്ലണം.

നിത്യജീവനുവേണ്ടി പിതാവിന്റെയും പുത്രന്റെയും............

(പുറം 9)

പിന്നെ നെഞ്ചിന്മേൽ എണ്ണകൊണ്ടു് മൂന്നുപ്രാവശ്യം സ്ളീബാവരച്ചു് ചൊല്ലണം

നിത്യജീവനുവേണ്ടി പിതാവിന്റെയും...............

പിന്നെ കാലിന്റെ മുട്ടുകൾമേൽ രണ്ടുവലത്തേതിലും ഒന്നു് ഇടത്തേതിലുമായി എണ്ണകൊണ്ടു് മൂന്നുപ്രാവശ്യം സ്ളീബാവരച്ചു ചൊല്ലണം.

നിത്യജീവനുവേണ്ടി പിതാവിന്റെയും...............

പിന്നെ ഉള്ളങ്കൈകൾമേൽ രണ്ടു വലത്തേതിലും ഒന്നു് ഇടത്തേതിലുമായി എണ്ണകൊണ്ടു മൂന്നുപ്രാവശ്യം സ്ളീബാവരച്ചു ചൊല്ലണം.

നിത്യജീവനുവേണ്ടി പിതാവിന്റെയും..............

## ഹൂത്തോമ്മോ

ഞങ്ങളുടെ ഉത്തമനാഥനും ദയാലുവും മനുഷ്യരോടു സ്നേഹമുള്ളവനും കൃപയും സത്യവും അനവധിയുള്ളവനുമായ കർത്താവെ! നീ നന്ദികെട്ട യഹൂദജനത്തിൽ രോഗികളും തളർവാതക്കാരുമായവർക്കു് ആശ്വാസവും സൌഖ്യവും ആരോഗ്യവും നൽകുകയും പാപമരണത്തിൽനിന്നു അവരെ രക്ഷിക്കയും ചെയ്തു. നിന്റെ പരിശുദ്ധ ശ്ളീഹന്മാർക്കു് ദുരാത്മാക്കളെ ഒഴിച്ചുകളവാനും രോഗങ്ങളും ദീനങ്ങളും സുഖപ്പെടുത്തുവാനും പാപങ്ങൾ മോചിപ്പാനും അധികാരം നൽകുകയും അവർമൂലം ബലഹീനരായ ഞങ്ങൾക്കും ഈ അധികാരം നൽകുകയും ചെയ്തു. കർത്താവെ! ഈ എണ്ണയേയും സത്യവിശ്വാസത്തോടെ ഇതിനാൽ അഭിഷേകം ചെയ്യപ്പെടുന്നവരേയും നീ വാഴ്ത്തേണമെ ❖ മനസ്സോടും മനസ്സുകൂടാതെയും അറിഞ്ഞും അറിയാതെയും അവർ ചെയ്തുപോയിട്ടുള്ള പാപങ്ങളും കുററങ്ങളും ക്ഷമിച്ചു് പരിഹരിക്കേണമെ. ആത്മശരീരങ്ങളുടെ സകലമാലിന്യങ്ങളിൽനിന്നും അവരെ വെടിപ്പാക്കി നിന്റെ പരിശുദ്ധാത്മശക്തിയാൽ ശുദ്ധീകരിക്കണമെ. നിന്റെ ദിവ്യ അറിവിന്റെ കതിരുകളാൽ അവരുടെ ബോധങ്ങളെ പ്രകാശിപ്പിച്ചു് നിന്റെ സകല വിശുദ്ധന്മാരോടുംകൂടെ നിന്റെ സ്വർഗ്ഗരാജ്യത്തിലെ ആനന്ദത്തിനു അവരെ യോഗ്യരാക്കേണമെ. എന്തെന്നാൽ നീ വലഞ്ഞിരിക്കുന്നവരുടെസങ്കേതസ്ഥലവും അദ്ധ്വാ

www.malankaralibrary.com

നിച്ച് ക്ഷീണിച്ചവരുടെ വിശ്രമവും വിലപിച്ചിരിക്കുന്നവരുടെ ആശ്വാസവും അധോഗതിക്കാരുടെ പുരോഗമനവും ആകുന്നു. ഞങ്ങൾ നിനക്കും നിന്റെ പിതാവിന്നും നിന്റെ പരിശുദ്ധാൽമാവിന്നും സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു. ഹൊശൊവബ്. ...........ആമ്മീൻ.

---

## അഞ്ചാം ശുശ്രൂഷ

ദൈവമേ! നീ പരിശുദ്ധനാകുന്നു. ഇത്യാദി ഒരു കൗമ്മാ

പട്ടക്കാരൻ പരിശുദ്ധത്രിത്വത്തിന്റെ നാമത്തിൽ കന്തിലാമേൽ മൂന്നു റൂശ്മാചെയ്തു് തെക്കെതിരി കത്തിക്കുന്നു.

## സ്ലൂസൊ

പിതാവാം ദൈവമെ! നിന്റെ നാമത്തിലും ❖ നിന്റെ ഏകപുത്രന്റെ നാമത്തിലും ❖ പരിശുദ്ധാൽമാവിന്റെ നാമത്തിലും ❖ മനുഷ്യരുടെ ആശ്വാസത്തിന്നുതകുവാൻ നീ സൃഷ്ടിച്ചിട്ടുള്ള ഈ എണ്ണയെ ഞാൻ മുദ്രകുത്തുന്നു. കർത്താവെ! "വിവിധരോഗങ്ങളാൽ വിഷമിച്ചിരിക്കുന്നവരെ എന്റെ നാമത്തിൽ എണ്ണപൂശി സുഖപ്പെടുത്തുവിൻ" എന്നു നിന്റെ ഏക പുത്രൻ തന്റെ വിശുദ്ധ ശിഷ്യന്മാരോടു കൽപിച്ചപ്രകാരം, അനവധികൃപയുള്ളഉത്തമനാഥാ! നിന്റെ പരിശുദ്ധന്മാർ ഏവരുടെയും പ്രാർത്ഥനയാൽ അദൃശ്യവും സർവസഹായസമ്പൂർണ്ണവുമായ നിന്റെ വലത്തുതൃക്കൈ ഈ എണ്ണയിൽ ആവസിപ്പിക്കയും അതിനാൽ രോഗശാന്തി നൽകുന്ന നിന്റെ ശക്തി ഇതിൽ ഉൽഭൂതമാകയും ചെയ്യണമെ. വിശ്വാസപൂർവം ഇതിനാൽ അഭിഷേകം ചെയ്യപ്പെടുന്ന ഏവന്റെയും രഹസ്യവും പരസ്യവുമായ സകല രോഗങ്ങളും വേദനകളും സുഖപ്പെടുകയും അശുദ്ധപിശാചുക്കളും ദുരാത്മാക്കളും അവരിൽനിന്നു ഒഴിഞ്ഞുപോകയും ആത്മശരീരങ്ങൾക്കുണ്ടാകുന്ന സർവോപദ്രവങ്ങളും നീക്കപ്പെടുകയും ചെയ്യണമെ നിന്റെ പരിപൂർണ്ണമായ വൈദ്യശക്തി ഇതിൽ നിക്ഷേപിക്കപ്പെടുകയും ഇതിനാൽ നിന്റെ പരിശുദ്ധ തിരുനാമം മഹത്വപ്പെടുകയും ചെയ്യണമെ. ഹൊശൊവബ്........ആമ്മീൻ.

കുക്കിലിയോൻ സങ്കീർത്തനം 119:1-4

ഞാൻ എന്റെ ഞെരുക്കത്തിൽ കർത്താവിനെ വിളിക്കയും താൻ എന്നോടു ഉത്തരമരുളുകയും ചെയ്തു. അന്യായക്കാരുടെ അധരങ്ങളിൽനിന്നും വഞ്ചനയുള്ള നാവുകളിൽനിന്നും കർത്താവു് എ

www.malankaralibrary.com

ന്റെ ആത്മാവിനെ രക്ഷിച്ചു. വഞ്ചനയുള്ള നാവ് നിനക്കു എന്തുതരും, നിനക്ക് എന്തു ക്രൂരതയായി ചെയ്യും? മനുഷ്യന്റെ അസ്ത്രങ്ങൾ ബാലുത്താമരത്തിന്റെ തീക്കനലുകളെപ്പോലെ മൂർച്ചയുള്ളതാകുന്നു. ബാറെക് മോർ.

ശുബ് ഹൊ.............. മെന് ഓലം...........

എക്ബൊ (എശായൊദസ്സദ്)

കർത്താവെ, കലങ്ങിയ സമുദ്രമായ ലോകത്തിൽനിന്നു പ്രലാപസ്വരത്തിൽ ഞാൻ നിന്നെ വിളിച്ചു. നശീകരണജന്തുവായ പാപം എന്നെ വിഴുങ്ങിയിരിക്കുന്നു ഉടയവനേ! എന്റെനിലവിളി അവഗണിക്കാതെ നിന്റെ ശുദ്ധതകളുടെ ഉയരത്തിൽനിന്നുഎന്നെ കടാക്ഷിച്ച്, മനുഷ്യസ്നേഹമുള്ളവനേ, എന്റെ ഞെരുക്കത്തിൽനിന്നുള്ള സങ്കടം കേട്ട് എന്റെ ജീവനെ രക്ഷിക്കേണമെ. സ്തൗമെൻകാലോ......

# പ്രുമിയോൻ

ഈറേന്മാരും മാലാഖമാരും തന്നെ വന്ദിച്ചുപുകഴ്ത്തുകയും സർവസൃഷ്ടിയും തന്നാൽ സൃഷ്ടിക്കപ്പെട്ട് രൂപീകരിക്കപ്പെട്ട് പ പരിപൂർണ്ണനിറവ് പ്രാപിക്കയും ചെയ്യുന്നവനായി എല്ലാം ശുദ്ധീകരിക്കുന്ന പരിശുദ്ധനുസ്തുതി. തന്റെ ദാസന്റെ കന്തീലാശുശ്രൂഷ നടത്തുന്ന ഈ സമയ......

# സെദറൊ

ഞങ്ങളുടെ വലിയ രക്ഷിതാവും കറയില്ലാതെ വെടിപ്പുള്ളവനും സർവവിശുദ്ധിയും നൽകുന്ന യേശുമ്ശിഹായും ആയ ഞങ്ങളുടെ ദൈവമെ! നിനക്കു സ്തുതി. നിനക്ക് സ്തോത്രം. നിനക്കു പുകഴ്ച നിന്റെ താഴ്മകൊണ്ടു് നീ മനുഷ്യസൃഷ്ടിയുടെ അടുക്കൽ എഴുന്നള്ളിവന്നതിനാൽ ആ വൈരിമൂലം അതിനുണ്ടായ അധഃപതനത്തിൽനിന്നു എഴുന്നേൽപ്പാൻതക്കവണ്ണം നിങ്കലേക്കു് മനസ്സുതിരിഞ്ഞു് നീ നിശ്ചയിച്ചിട്ടുള്ള മാനസാന്തരമെന്ന സിദ്ധൗഷധത്താൽ നിന്റെ ദൈവീകകരുണയിലേക്ക് വന്നെത്തുവാൻ നീ അതിനു ധൈര്യവും ജീവനും നൽകി. ഭൂമിയിൽ കെട്ടുന്നതു് സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിപ്പാനും ഭൂമിയിൽ അഴിക്കുന്നതു സ്വർഗ്ഗത്തിലും അഴിഞ്ഞതായിരിപ്പാനും ഒരുവന്റെ പാപങ്ങൾ ക്ഷമിച്ചാൽ ക്ഷമിക്കപ്പെട്ടുവാനും ഉള്ള അധികാരം നിന്റെ പരിശുദ്ധശ്ളീഹ

www.malankaralibrary.com

ന്മാൎക്കും അവരുടെ പിൻഗാമികളായ ആചാൎയ്യഗണങ്ങൾക്കും നീ കൊടുത്തതിനാൽ ഓരോ തെറ്റുകളാലും ലംഘനങ്ങളാലും അധഃപതിച്ച് പശ്ചാത്താപത്തോടെ മനസ്സുതിരിഞ്ഞു് നിന്നിൽ അഭയം പ്രാപിക്കുന്ന ഏവൎക്കും പാപബന്ധങ്ങളിൽനിന്നുള്ള വിമുക്തി നീ നൽകി. കൎത്താവെ! അറിഞ്ഞും അറിയാതെയും മനസ്സോടും മനസ്സുകൂടാതെയും വിചാരംകൊണ്ടും വചനംകൊണ്ടും പ്രവൃത്തികൊണ്ടും മറേറതുവിധത്തിലും വന്നുപോയിട്ടുള്ള ജഡസംബന്ധവും ആത്മസംബന്ധവുമായ എല്ലാ പാപങ്ങളിൽനിന്നും, കുററങ്ങളിൽനിന്നും ബലഹീനനും അരിഷ്ടനുമായ ഈ നിന്റെ ദാസൻ (        ) ആത്മാവിന്നു്, നിന്റെ ധാരാളമായ കരുണയാലും നിന്നെ അയച്ചവന്റെ കൃപയാലുംനിന്റെ പരിശുദ്ധാത്മാവിന്റെ ആവസിപ്പാലും പാപപരിഹാരവും പൂൎണ്ണമോചനവും പരിപൂൎണ്ണവിശുദ്ധിയും നൽകണമെ. എന്തെന്നാൽ ഈ നിന്റെ ദാസൻ തലകുനിച്ച് വിനയവിചാരത്തോടും മാനസാന്തരത്തിന്റെ കണ്ണുനീരുകളോടുംകൂടെ നിന്റെ മഹത്വത്തിൻ മുമ്പാകെ പ്രാൎത്ഥിക്കയും ഈ പുരോഹിതശുശ്രൂഷയുടെ മദ്ധ്യസ്ഥതവഴിയായി നിന്റെ കരുണയോടു യാചിക്കയും ചെയ്യുന്നു ഇവനെ തിരുസന്നിധിയിൽ വെടിപ്പോടും വെണ്മയോടും വിശുദ്ധിയോടുംകൂടെ നിൎത്തണമെ. ഇവന്റെ ആയുഷ്ക്കാലം മുഴുവനും തെററിപ്പോകാതെ സ്ഥിരതയാൽ ഇവനെ കാത്തുകൊള്ളണമെ. നിന്റെ വിറയ്ക്കത്തക്ക ഭയങ്കരസിംഹാസനത്തിൻ മുമ്പാകെ ധൈൎയ്യസമേതംസന്തോഷത്തോടെനിന്നു് നിന്റെ മഹത്വത്തിന്നു ഇവൻ സ്തുതിപാടുമാറാകണമെ. എന്തെന്നാൽ നീ നല്ലവനും വളരെ അനുഗ്രഹമുള്ളവനും ദയാലുവും പാപികളുടെ മനസ്സുതിരിവിൽ തിരുവിഷ്ടമുള്ളവനുമാകുന്നുവല്ലോ. നിന്റെ സൃഷ്ടിയോടു നീ ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ നിന്റെ എല്ലാ കൃപകൾക്കുംവേണ്ടി ഞങ്ങൾ നിനക്കും നിന്റെ പിതാവിന്നും നിന്റെ ജീവനുള്ള പരിശുദ്ധാത്മാവിന്നും സ്തുതിയും ബഹുമാനവും പുകഴ്ചയും ഉപകാരസ്മരണയും ഞങ്ങൾ സമൎപ്പിക്കുന്നു. ഹോശാവബ്......ദൈവത്തിൽനിന്നു് കടങ്ങൾക്കു് പരിഹാരവും...... ആമ്മീൻ

കോലെം (ഹംമ്മൊള് റഹമൈക്കു്)

“സ്വൎണ്ണം വിലയായി എടുത്തുകൊണ്ടു് എനിക്കു് എണ്ണ തരിക. ഞാനു എന്റെ കണ്ണുനീരുകൾകൂടിചേൎത്തു് മഹോന്നതന്റെ പ്രഥമപുത്രനെപോയ, പൂശുവാൻവേണ്ടി എനിക്കു് ഉയർന്നതരം തൈലം തരിക. ഞാൻ വാങ്ങുന്ന ഈ എണ്ണയാൽ എ

www.malankaralibrary.com

ന്റെ കടങ്ങളും പാപങ്ങളും മോചിക്കപ്പെട്ടുമെന്ന് ദൈവത്തിൽ ശരണപ്പെട്ടുന്നു" എന്നു പാപിയായ സ്ത്രീ സുഗന്ധതൈലവ്യാപാരിയോടു പറഞ്ഞ ശബ്ദം അതികൗതുകമായിരുന്നു. അവൾ തൈലം വാങ്ങിക്കൊണ്ടു് പോവുകയും നമ്മുടെകർത്താവ് അവളുടെ വിശ്വാസം കണ്ടു് അവൾക്ക് പാപപരിഹാരം നൽകുകയും ചെയ്തു.

ഞങ്ങളുടെ കർത്താവെ! എന്റെ ബലഹീനതയെ കടാക്ഷിക്കേണമെ. എന്തെന്നാൽ ഞാൻ വളരെ പാപം ചെയ്തു നിന്നെ കോപിപ്പിച്ചു. ഞാൻ ആരെ അഭയം പ്രാപിക്കേണ്ടു എന്നറിയുന്നില്ല. ഞാൻ വൈദ്യന്മാരെ സമീപിക്കയും അവരുടെ ഔഷധങ്ങൾ എന്നിൽ ചെലവാക്കുകയും ചെയ്തു. വ്രണം കഠിനമാകുന്നു, അതു സുഖപ്പെടുത്തുന്നവനോ ഇല്ലതാനും. ഉത്തമ വൈദ്യനായുള്ളോവേ! നീ വളരെ ഔഷധമുള്ളവനാണെന്നും നിന്നെ സമീപിക്കുന്നവനു സുഖം ലഭിക്കുമെന്നും നിന്നെക്കുറിച്ചു ഞാൻ കേട്ടിരിക്കുന്നു. നിന്റെ ജനകനായ പിതാവിന്റെ സ്നേഹത്താലും നിന്നെ പ്രസവിച്ചു മറിയാമിന്റെ പ്രാർത്ഥനയാലും എന്റെ കടങ്ങൾ നീതീകരിക്കണമെ. ബാറെക് മോർ.

ശുബ്ഹൊ............

"പാപികളെ! വന്നു് സുവിശേഷത്തിൽ ആനന്ദിച്ചു് രക്ഷപ്രാപിപ്പീൻ. ഞാൻ യഥാർത്ഥ കൃഷിക്കാരനാകുന്നു. ഞാൻ വരണ്ടഭൂമിയിൽ സജീവമായ മഴയും തൃപ്തിയപാനീയവും നൽകുന്നു. ദാഹമുള്ള ഏവനും എന്റെ അടുക്കൽവന്നു് ജീവഉറവയിൽ നിന്നു കുടിച്ചുകൊള്ളട്ടെ. എന്നാൽ അവന്റെ പാപങ്ങൾ പരിഹരിക്കപ്പെട്ടും" എന്നു നമ്മുടെ രക്ഷിതാവ് അരുളിച്ചെയ്ത ശബ്ദം അതികൗതുകമായിരുന്നു.

മെനു് ഓലം.........

ഏകജാതനായ ദൈവമെ! എന്റെ പാപങ്ങൾ വർദ്ധിക്കയും കുററങ്ങൾ പെരുകുകയും ചെയ്കതിനാൽ നിന്റെകരുണാസമുദ്രത്തിലേക്കു് ഞാൻ നോക്കുന്നു. നിന്റെ വെടിപ്പുള്ള സോപ്പായാൽ എന്റെമേൽ തളിക്കേണമെ. എന്റെ കണ്ണുനീരുകളാൽ എന്നെ വെണ്മയാക്കണമെ. കർത്താവേ! നിന്റെ പിതാവിന്റെ സ്നേഹത്താൽ ഞാൻ നിന്നോടപേക്ഷിക്കുന്നു. എന്റെ വൈരികൾ എന്നെ ആക്ഷേപിക്കരുതെ. കുററങ്ങളെപ്പററി മാനസാന്തരപ്പെടുന്ന ഈ പാപിയെക്കുറിച്ചു മാലാഖമാർ സന്തോഷിക്കയും രാവും പകലും അനുതാപികൾക്കു് തന്റെ വാതിൽ തുറന്നുകൊടുക്കുന്ന ദൈവം വലിയവനാണെന്നു പറകയും ചെയ്യും

മൊറിയൊ..............

www.malankaralibrary.com

# എത്രൊ

തങ്ങളുടെ കററങ്ങൾ വിവേചിച്ചറിഞ്ഞു് മാനസാന്തരപ്പെട്ടവാനും കരുണയ്ക്കായി തിരുസന്നിധിയിൽ വീണപേക്ഷിപ്പാനും തൻെറ ദാസന്മാർക്കു അറിവും ബുദ്ധിയും നൽകിയ ദൈവമായ കർത്താവെ! ഞങ്ങളുടെ മാനസാന്തരവും സ്തോത്രവും ദയയോടും കരുണയോടുംകൂടെ കൈക്കൊള്ളണമെ. തിരുസന്നിധിയിൽ ഞങ്ങൾ സമർപ്പിച്ച ഈ പരിമളധൂപംമൂലം ഞങ്ങളുടെ സകല കററങ്ങളും ക്ഷമിച്ചു് നീതീകരിക്കണമെ് പാപത്തിൽനിന്നും എതൃശക്തിയുടെ അധികാരത്തിൽനിന്നും അധീനതയിൽനിന്നും പൂർണ്ണരക്ഷ പ്രാപിപ്പാൻ നിൻെറ കൃപയും ശക്തിയും ഞങ്ങൾക്കു നൽകണമെ. ഞങ്ങളുടെ ആയുഷ് കാലം മുഴുവനും സുകൃതസേവനംചെയ്തുകൊണ്ടു ഞങ്ങളുടെ ആത്മാക്കളുടെ മേല്പട്ടക്കാരനും പ്രധാന ഇടയനും ഭരണക്കാരനും കർത്താവും ദൈവവും രക്ഷിതാവും ആയ നിൻെറ ഏകപുത്രൻ യേശുമ്ശിഹാ മൂഖാന്തിരം അഴിവില്ലാത്ത അനശ്വരമായ നിത്യസൗഭാഗ്യങ്ങൾക്കു് ഞങ്ങൾ യോഗ്യരായിത്തീരേണമെ. താൻ മൂഖാന്തിരം തന്നോടുകൂടെ നിനക്കും നിൻെറ പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും ആധിപത്യവും യോഗ്യമാകുന്നു. ഫോശോവബ്............ആമ്മീൻ.

പൌലോസ്സ്ശ്ളീഹാ ധന്യൻ...............

എപ്പേസി. 6:10—20

പെസ്ഗോമൊ

ഹാലേ—ഹാലേ—കർത്താവു് എന്നെ ശിക്ഷിച്ചു. എങ്കിലും എന്നെ മരണത്തിനു് ഏല്പിച്ചില്ല. ഹാലേ.........

ഏവൻഗേലിയോൻ. മത്തായി 9:18—26

# ലുത്ത്നിയാ

ശെമ്മാശൻ:—നാമെല്ലാവരും താല്പര്യമായി.......

ജനം:—കുറിയേ........

യഥാർത്ഥത്തിൽ ഉത്തമനും സ്വർഗ്ഗസേനകളുടെ നാഥനും ആയ കർത്താവേ! നിൻെറ അവർണ്ണനീയ മനുഷ്യസ്നേഹത്താൽ നിൻെറ രാജ്യത്തിൻെറ സിംഹാസനത്തിൻമുമ്പാകെ തലകുനിച്ചിരിക്കുന്ന ഈ നിൻെറ ദാസൻെറ അപേക്ഷയും നിലവിളിയും അനു

www.malankaralibrary.com

താപവും പ്രാർത്ഥനയും നിന്റെ നിർവ്വചനീയമായ പ്രജാവാത്സല്യം ഓർത്തു കൈക്കൊള്ളുകയും ഞങ്ങളോടൊരുമിച്ച് നില്ക്കുന്ന എല്ലാവർക്കും രക്ഷയ്ക്കുപയുക്തമായ സഹായം നല്കുകയും ചെയ്യണമെന്ന് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ.........

കർത്താവേ! ഞങ്ങൾ നിന്റെ വിരുന്നിന് ക്ഷണിക്കപ്പെട്ടവരും നിന്റെ മണവറയിലെ തോഴന്മാരും നിന്റെ സ്വർഗ്ഗരാജ്യത്തിൽ പുതിയ അവകാശികളും ആയിത്തീരുവാൻ കൃപമൂലം ഞങ്ങളെ സന്നദ്ധരാക്കുകയും ബുദ്ധിയുള്ള കന്യകമാരോടൊന്നിച്ച് പ്രകാശമുള്ളവയും പ്രകാശിപ്പിക്കുന്നവയുമായ വിളക്കുകളാൽ സന്തോഷസമേതം നിന്നെ എതിരേററു സ്വീകരിച്ച് നിസ്സീമമായ ഭാഗ്യങ്ങളിൽ നിന്നോടുകൂടെ സന്തോഷിപ്പാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമെന്ന് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ...

സ്വർഗ്ഗീയമണവാളനായ മ്ശിഹാ! ആത്മീയവിരുന്നിനും നിന്റെ പ്രകാശാലംകൃതമായ മണവറയ്ക്കും ഞങ്ങളെ സന്നദ്ധരാക്കുകയും അധികം പ്രകാശമുള്ള വിളക്കുകളാൽ കന്യകമാരുടെ ആത്മാക്കളോടുകൂടെ തിരുസന്നിധിയിൽ പ്രകാശിച്ച് നിന്റെ പിതാവിന്റെ അനുഗ്രഹിക്കപ്പെട്ട ഭവനങ്ങളിൽ ചെന്നാട്ടപ്പാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ...........

കർത്താവേ! നിന്റെ ബലഹീനദാസരും പാപികളുമായ ഞങ്ങൾ, പാപികൾക്കും കുററക്കാർക്കുംവേണ്ടിയും തെററിപ്പോയവർക്കും നശിച്ചുപോയവർക്കുംവേണ്ടിയും രോഗികൾക്കും ഞെരുങ്ങിയിരിക്കുന്നവർക്കുംവേണ്ടിയും അടിമകൾക്കും ബന്ധനസ്ഥന്മാർക്കുംവേണ്ടിയും ദരിദ്രന്മാർക്കും മുട്ടുള്ളവർക്കുംവേണ്ടിയും വിശ്വാസികളായ മരിച്ചുപോയവർക്കുവേണ്ടിയും ഈ സമയത്തു തിരുസന്നിധിയിൽ നടത്തിട്ടുള്ള ഞങ്ങളുടെ അപേക്ഷകളും പ്രാർത്ഥനകളും യാചനകളും പ്രകാശമുള്ള നിന്റെ ആകാശനിവാസങ്ങളിൽ കൈക്കൊള്ളുകയും നിന്റെ കൃപയാലും മനുഷ്യസ്നേഹത്താലും ഓരോരുവനും വേണ്ട ആവശ്യങ്ങളും സഹായങ്ങളും നീതിയോടെ നൽകുകയും ചെയ്യണമെന്ന് ഞങ്ങൾ നിന്നോടപേക്ഷിച്ച് പ്രാർത്ഥിക്കുന്നു. കുറിയേ...

തന്റെ വിശുദ്ധപർവ്വതത്തിൽനിന്ന വിസ്മയകരമാംവണ്ണം നിത്യജീവൻ പ്രകാശിപ്പിക്കുന്ന അനാദ്യന്ത പ്രകാശത്തിന്റെ പുത്രനും യഥാർത്ഥ പ്രകാശവുമായ മ്ശീഹാതമ്പുരാനെ! അനാദ്യന്തവും ദൈവീകവുമായ നിന്റെ പരിശുദ്ധ പ്രകാശത്തിൻ കതിരുകളാൽ ഞങ്ങളുടെ വിചാരങ്ങളെ പ്രകാശിപ്പിക്കണമെ. നിന്റെ അനുഗ്രഹസമ്പൂർണ്ണമായ വലത്തുതൃക്കൈ നീട്ടി സത്യവിശ്വാസമുള്ള നിന്റെ സഭ മുഴുവനെയും ആശീർവദിക്കണമെ ✠ നിന്റെ

www.malankaralibrary.com

പരിശുദ്ധ മാലാഖമാരുടെ കാവലുകളാൽ നിന്റെ വിശ്വാസികളായ ജനത്തെയും ഈ ഭവനത്തെയും നിന്നിൽ അഭയം പ്രാപിച്ച് നിന്റെ തിരുനാമത്തെ ഏററുപറയുന്ന അതിലെ നിവാസികളെയും നീ കാത്തുകൊള്ളുകയും നിന്റെ ബലമുള്ള വലത്തുകയ്യാൽ അനുഗ്രഹിക്കയും ചെയ്യണമെ. ❖ ഞങ്ങളെയും അവരെയും ആത്മശരീരങ്ങളുടെ സകല ഉപദ്രവങ്ങളിൽനിന്നും കാക്കണമെ. ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമെ. ഞങ്ങളുടെ കുററങ്ങൾക്ക് മോചനം നൽകണമെ. ഞങ്ങളുടെ മരിച്ചുപോയവക്കും വിശ്വാസികളായ എല്ലാ മരിച്ചുപോയവക്കും തിരുഹിതാനുവത്തികളായ എല്ലാ പരിശുദ്ധന്മാരോടൊരുമിച്ച് നിന്റെ പ്രകാശമുള്ള കൂടാരങ്ങളിൽ വിശ്രമം നൽകണമെന്നു ഞങ്ങൾ നിന്നോട് അപേക്ഷിച്ചു പ്രാർത്ഥിക്കുന്നു. കുറിയേലാ......

### മോർ യാക്കോബിന്റെ ബോവൂസൊ.

ഞങ്ങളുടെ നാഥനായ കത്താവെ! ഞങ്ങൾ നിന്നെ വിളിക്കുന്നു. ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ സഹായത്തിന്ന് എഴുന്നെള്ളി വന്ന് ഞങ്ങളുടെ ആത്മാക്കളുടെമേൽ കരുണചെയ്യണമെ.

ഈറേന്മാരുടെയും മാലാഖമാരുടെയും നാഥനായി ഞങ്ങളുടെ ഉടയവനായ കർത്താവെ ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ സഹായത്തിന്ന് എഴുന്നെള്ളിവന്ന് ഞങ്ങളുടെ ആത്മാക്കളുടെമേൽ കൃപചെയ്യണമെ.

കത്താവെ! ഇതാ ഞങ്ങൾ നിന്നെ കോപിപ്പിച്ചതിനാൽ ഞങ്ങളോട് നീ സംയോജിപ്പാൻവേണ്ടി ആന്തരീയ മദ്ധ്യസ്ഥരെ നിനക്കു സമർപ്പിക്കുന്നു വിശുദ്ധിയോടെ ആരിൽനിന്നു ജനിപ്പാൻ തിരുവിഷ്ടം തോന്നിയൊ ആ മാതാവായ നിന്നെ പ്രസവിച്ച കന്യകമറിയാം ആദ്യമെ ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും.

സമുദ്രത്തെ വിഭാഗിച്ച മഹാനായ മോശയും ആകാശത്തിൽ സൂര്യചന്ദ്രന്മാരെ വിലക്കിനിത്തിയ യേശുബർനൂനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും. കത്താവെ, ദീർഘദർശിമാരും ശ്ലീഹന്മാരും നിന്റെ സ്നേഹത്തെക്കുറിച്ചു സർവ്വ ഞെരുക്കങ്ങളും അനുഭവിപ്പാൻ കഴുത്തുകൾ കൊടുത്ത വാഴ്ത്തപ്പെട്ട സഹദേന്മാരും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും.

പരിശുദ്ധ സഭയുടെ മക്കൾക്കുവേണ്ടി ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. നീ എഴുന്നെള്ളിവരുമ്പോൾ അവക്കു നന്മകൾ പ്രതിഫലം നൽകണമെ. നീ അവരെ പുനർജ്ജീവിപ്പിച്ച് പുതുക്കി

www.malankaralibrary.com

സന്തോഷിപ്പിക്കയും പുനരുത്ഥാനത്തിൽ നിന്റെ വിശുദ്ധന്മാരോടൊരുമിച്ച് അവരെ പന്തിഇരുത്തുകയും ചെയ്യണമെ.

കർത്താവെ! നിന്നെ പ്രസവിച്ച കന്യകമാതാവും ദീർഘദർശിമാരും ശ്ലീഹന്മാരും സഹദേന്മാരുമായ സ്നേഹമുള്ള സംഘവും നിന്നെ മഹത്വപ്പെടുത്തുന്ന അവരുടെ പ്രാർത്ഥനകളാൽ ബലഹീനന്മാരോട് കരുണ തോന്നുകയും രോഗികളെ സന്ദർശിക്കയും ചെയ്യണമെ.

കർത്താവെ! സർവ്വ രഹസ്യങ്ങളും വെളിപ്പെടുന്ന ആ സമയത്ത് കരുണയ്ക്കായി ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ഞങ്ങളുടെ മേൽ കരുണയുണ്ടാകണമെ.

പട്ടക്കാരൻ താഴെയുള്ളതു ചൊല്ലിക്കൊണ്ട് അനുതാപിയുടെ നെററിയിൽ എണ്ണകൊണ്ടു മൂന്നുപ്രാവശ്യം സ്ളീബാ വരക്കുന്നു.

നിത്യജീവനുവേണ്ടി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും തിരുനാമത്തിൽ നീ വെടിപ്പാക്കപ്പെട്ട് ശുദ്ധീകരിക്കപ്പെട്ടുമാറാകട്ടെ. മനഃസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും നീ ചെയ്തുപോയിട്ടുള്ള പാപങ്ങളും കുററങ്ങളും നിന്നോട് ക്ഷമിക്കപ്പെട്ടുമാറാകട്ടെ. സകല ദുർവിചാരങ്ങളും പൈശാചികപ്രവർത്തനങ്ങളും നിന്നിൽനിന്നു മാഞ്ഞുപോകുമാറാകട്ടെ. ബശ്മൊ ദാബോ ❖ ആമ്മീൻ. ഉദാബ്റൊ ❖ ആമ്മീൻ വദറൂഹൊ ഹായൊവു കാദിശൊല്ല്വാഹായെ ദൽ ഓലം ഒൽമീൻ ❖ ആമ്മീൻ.

മേലെഴുതിയതു ചൊല്ലിക്കൊണ്ട് മേൽപ്രകാരം നെഞ്ചിന്മേൽ മൂന്നുപ്രാവശ്യം സ്ളീബാ വരക്കണം.

മേലെഴുതിയതു ചൊല്ലിക്കൊണ്ട് കാലിന്റെ മുട്ടിന്മേൽ മൂന്നുപ്രാവശ്യ സ്ളീബാ വരക്കണം.

മേലെഴുതിയതു ചൊല്ലിക്കൊണ്ട് വലത്തുകയ്യിന്മേൽമൂന്നുപ്രാവശ്യം സ്ളീബാ വരക്കണം.

മേലെഴുതിയതു ചൊല്ലിക്കൊണ്ട് ഇടത്തുകയ്യിന്മേൽ മൂന്നു പ്രാവശ്യം സ്ളീബാ വരക്കണം.

പിന്നീട് അനുതാപി കന്തീലായുടെമുമ്പാകെ കിഴക്കോട്ടു മുഖമായി മുട്ടുകുത്തി തലകുനിച്ചു നിൽക്കണം. പട്ടക്കാരൻ താഴെ വിവരിക്കുന്നപ്രകാരം അയാളുടെ എല്ലാ അംഗങ്ങളിലും എണ്ണ പൂശണം. എണ്ണ പൂശുമ്പോഴെല്ലാം മേലെഴുതിയ പ്രാർത്ഥന പട്ടക്കാരൻ ചൊല്ലണം.

www.malankaralibrary.com

വലത്തേതിന്മേൽ രണ്ടും ഇടത്തേതിന്മേൽ ഒന്നുമായി കണ്ണുകളിൽ മൂന്നു സ്ളീബായും മൂക്കിന്മേൽ മൂന്നു സ്ളീബായും മുകളിലത്തെ ചുണ്ടിലും താഴത്തെ ചുണ്ടിലും നാവിലുമായി മൂന്നു സ്ളീബായും വലത്തേതിൽ രണ്ടും ഇടത്തേതിൽ ഒന്നുമായി ചെവിയിന്മേൽ മൂന്നു സ്ളീബായും അന്തരിന്ദ്രിയങ്ങളിന്മേൽ മൂന്നു സ്ളീബായും എണ്ണതൊട്ടു വരക്കണം.

ആദ്യമായി തലമുതൽ കാൽവരെയും വലത്തെകൈമുതൽ ഇടത്തെകൈ വരെയും രണ്ടാമതു കണ്ണുമുതൽ വായ്‌വരെയും വലത്തെ ചെവിമുതൽ ഇടത്തെ ചെവിവരെയും മൂന്നാമതു അന്തരിന്ദ്രിയങ്ങൾക്കു മേലും വരക്കുന്നു. അതായതു അവസാനം ശരീരത്തിന്മേൽ ഒന്നും മുഖത്തു ഒന്നും മദ്ധ്യത്തിൽ ഒന്നും ആയി മൂന്നു സ്ളീബായ്ക്കു തുല്യമാക്കുകയാണ് ചെയ്യുന്നതു്.

അനന്തരം പട്ടക്കാർ അനുതാപിയുടെ വലത്തും ഇടത്തും ഭാഗങ്ങളിൽനിന്നു അവരുടെ വലത്തുകൈകളും പ്രധാന പട്ടക്കാരൻ അയാളുടെ വലത്തുകയ്യിൽ സ്ളീബായും ഏവൻഗേലിയോനും പിടിച്ചും അനുതാപിയുടെ തലയിൽവച്ചു് ഈ പ്രാർത്ഥന ചൊല്ലി അവസാനിപ്പിക്കണം.

## ഹൂത്തോമ്മോ

ഞങ്ങളുടെ കർത്താവും ദൈവവും രക്ഷിതാവുമായ യേശുമ്ശിഹാ! നിന്റെ പരിശുദ്ധശ്ളീഹന്മാരോടു "നിങ്ങൾ രോഗികളുടെമേൽ കൈവച്ചാൽ സുഖപ്പെട്ടു"മെന്നു അരുളിച്ചെയ്ത നിന്റെ യഥാർത്ഥ വാഗ്ദാനമനുസരിച്ചു് ഈ രോഗിയുടെമേൽ നിന്റെ ദാസന്മാരായ ഞങ്ങൾ കൈവച്ചു് നിന്റെ ബഹുലമായ കരുണയോടു പ്രാർത്ഥിക്കുന്നു. കർത്താവെ! നിന്റെ വിശുദ്ധസ്ളീബായും നിന്റെ വന്ദ്യ ഏവൻഗേലിയോനും മുഖാന്തിരം ഈ നിന്റെ ദാസനു സുരക്ഷിതമായി സുഖം നൽകണമെ. രാജാവായ ദാവീദിന്റെ അനുതാപം സ്വീകരിച്ചു് അവനു പാപമോചനം നൽകിയപ്രകാരം ഈ ദാസൻ ( ) അനുതാപം കൈക്കൊള്ളുകയും അവന്റെ ആത്മശരീരങ്ങളുടെ സകല വേദനകൾക്കും സൌഖ്യവും ആരോഗ്യവും നൽകുകയും ചെയ്യണമെ ഞങ്ങളുടെ രക്ഷക്കായിപിതാവിന്റെ അടുക്കൽനിന്നു അയക്കപ്പെട്ടുകയും കരുണയോടെ ഞങ്ങളുടെ വേദനമാററി കൃപയാൽ രോഗശാന്തിനൽകുകയും ചെയ്ത ഞങ്ങളുടെ കർത്താവും ദൈവവും രക്ഷിതാവുമായ യേശുമ്ശിഹാ ഈ നിന്റെ ദാസൻ ( ) സുഖപ്പെടുത്തുകയും അവനു പാപപരിഹാരവും കുറ്റങ്ങൾക്കു് മോചനവും നൽകുകയും ചെയ്യണമെ. നിന്റെ കല്പനകളും നിയമങ്ങളും ആചരിച്ചു് അനുവ

www.malankaralibrary.com

ത്തിപ്പാൻ ഇവനെ ശക്തനാക്കണമെ. ഇവനു നിൻെറ സകല വിശുദ്ധന്മാരോടുംകൂടെ ഓഹരിയും നിനക്കു സ്തുതിപാടുന്ന സംഘങ്ങളോടൊന്നിച്ചു് അനശ്വരമായ സൗഭാഗ്യങ്ങളിൽ ആനന്ദവും നൽകണമെ. ഞങ്ങളെല്ലാവരും നിനക്കു സ്തുതിയും സ്തോത്രവും സമർപ്പിക്കുന്നു. ഹോശൊവബ്.......ആമ്മീൻ.

കർത്താവേ! ശെമഓൻെറ വീട്ടിൽവച്ചു് പാപിയായ മറിയാമിനെ കൈക്കൊള്ളുകയും അവളുടെ പാപങ്ങൾക്കും കുററങ്ങൾക്കും മോചനം നൽകുകയും ചെയ്തപ്രകാരം ഈ നിൻെറ ദാസൻ ( ) മാനസാന്തരം സ്വീകരിച്ചു് ഇവൻെറ പാപങ്ങൾക്കും കുററങ്ങൾക്കും വിമോചനം നൽകണമെ. കർത്താവേ! സിദ്ധനായ ഹാബേലിൻെറ കാഴ്ച കൈക്കൊണ്ടതുപോലെ ഈ നിൻെറ ദാസൻ ( ) അനുതാപം കൈക്കൊള്ളണമെ. കർത്താവെ നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും അപേക്ഷകളും പ്രാർത്ഥനകളും യാചനകളും കാഴ്ചകളും കടിഞ്ഞൂൽ ഫലങ്ങളും സ്വീകരിച്ചതുപോലെ ഈ നിൻെറ ദാസൻ ( ) മാനസാന്തരം സ്വീകരിക്കണമെ. കർത്താവെ! മൌദ്യാനന്മാരുടെ പോരാട്ടത്തിൽ സഹദേന്മാരുടെ രക്തം നീ കൈക്കൊണ്ടപ്രകാരം ഈ നിൻെറ ദാസൻ ( ) അനുതാപം സ്വീകരിച്ചു് നിൻെറ വിശുദ്ധന്മാർക്കു വാഗ്ദാനം ചെയ്തിട്ടുള്ള സൌഭാഗ്യങ്ങളിൽ അവരോടൊന്നിച്ചു് നിൻെറ സ്വർഗ്ഗരാജ്യത്തിൽ ആനന്ദിപ്പാൻ ഇവനെയും യോഗ്യനാക്കണമെ. കർത്താവെ! നിന്നെ മൂന്നുപ്രാവശ്യം ഉപേക്ഷിച്ചശേഷം മനസ്സുതിരിഞ്ഞ ശെമഓൻകീപ്പായുടെ അനുതാപംകൊണ്ടു് അവനെ സ്വീകരിച്ചപ്രകാരം ഈ നിൻെറ ദാസൻ ( ) അനുതാപം സ്വീകരിച്ചു് ഇവൻ നിൻെറ തിരുമുമ്പാകെ ചെയ്തുപോയ സകല പാപങ്ങൾക്കും മോചനം നൽകുകയും കരുണയാൽ ഞങ്ങളെല്ലാവരെയും പുണ്യപ്പെടുത്തുകയും സത്യവിശ്വാസത്തോടെ നിന്നിലുള്ള ശരണത്തിന്മേൽനിദ്രപ്രാപിച്ചു് മുൻഗമിച്ചിട്ടുള്ള വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവർക്കു് വിശ്രമം നൽകുകയും ചെയ്യണമെ. കർത്താവെ! വചനത്താലൊ പ്രവൃത്തിയാലൊ അല്പമായൊ അനല്പമായൊ ഇവനോടുകൂടെ ഇതിൽ സംബന്ധമുള്ള ഏവർക്കും നീ പുണ്യവും മോചനവുംനൽകണമെ. ദൈവമായ കർത്താവെ! നിൻെറ ദാസൻ ( ) നീ അനുസ്മരിച്ചു് സകല പരീക്ഷകളിൽനിന്നും ഉപദ്രവങ്ങളിൽനിന്നും രക്ഷിച്ചുകൊള്ളണമെ. നിൻെറ രക്ഷയാൽ ഇവനെ സന്തോഷിപ്പിക്കയും ഇവനെയും ഇവനുള്ള സകലത്തെയും ആശീർവദിക്കയും ചെയ്യണമെ. സമാധാനമനുഷ്യർക്കു വാഗ്ദാനം ചെയ്തിട്ടുള്ള നല്ല അവസാനത്തിനു ഞങ്ങളെല്ലാവരെയും യോഗ്യരാക്കണമെ. [illegible]

[illegible]

www.malankaralibrary.com

വിൻെറയും നിൻെറ എല്ലാ പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ഞങ്ങളുടെ മാതാപിതാക്കന്മാർക്കും സഹോദരസഹോദരിമാർക്കും ഗുരുക്കന്മാർക്കും ആശ്വാസം നൽകുകയും ചെയ്യണമെ. ഹോശോ. ആമ്മീൻ.

കർത്താവെ! വിശുദ്ധ മാമ്മോദീസായുടെ മക്കൾ എല്ലാവരുടെ മേലും നിൻെറ കൃപയും ധാരാളമായ അനുഗ്രഹങ്ങളും എന്നെന്നേക്കും വന്നു വസിക്കുമാറാകണമെ. ആമ്മീൻ.

മുറപ്രകാരം വിശ്വാസപ്രമാണവും കുക്കിലിയോനുകളും ഹുത്താമ്മായും ചൊല്ലി കൈ മുത്തിക്കേണ്ടതും ശുശ്രൂഷയിൽ സംബന്ധിച്ച എല്ലാവർക്കും ഈ എണ്ണ നെററിയിൽ പൂശേണ്ടതും ആസ്സുരോഗികളുടെ തൈലാഭിഷേകംപോലെ ഗണിക്കപ്പെടുന്നതും ബാക്കിയുള്ള എണ്ണ രോഗികളുടെ തൈലാഭിഷേകത്തിനുപയോഗിപ്പാൻ സൂക്ഷിക്കേണ്ടതുമാകുന്നു.

കുഴച്ചുവച്ചത് എല്ലാവർക്കും അനുഭവിക്കാവുന്നതാണ്.

---

REV. FR. JOSEPH KAIPPALLIL
CATHOLIC MISSION HOUSE
KATTOOR, KOZHENCHERRY - 689650
KERALA - INDIA.

www.malankaralibrary.com

# കഹനൈത്താക്രമം.

## മേൽപ്പട്ടക്കാർ, പട്ടക്കാർ, റമ്പാന്മാർ, ശെമ്മാശന്മാർ എന്നീ വൈദികരുടെ

## ശവസംസ്ക്കാരക്രമം.

മരണത്തെക്കുറിച്ച്: ഹൂദായകാനോൻ 6-ാം അദ്ധ്യായം 1-ാം വാക്യം

"ഒരു വൈദികനോ, അൽമേനിയോ മരണമാത്രയിൽ ആകുമ്പോൾ ആ ആളെ കിഴക്കോട്ടു മുഖമായി തിരിച്ചു കിടത്തി അരക്കെട്ടി കൈകൾ നെഞ്ചത്തു അടക്കിവച്ചുകൊണ്ടു 'പിതാവും പുത്രനും പരിശുദ്ധാത്മാവും ആയ സത്യേകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു' എന്നു ചൊല്ലിച്ചുകൊണ്ടിരിക്കണം. പ്രാണൻ വിട്ടാൽ ഉടനെ അയാളുടെ കണ്ണുകൾ കൂട്ടി അടച്ചശേഷം മാലാഖമാരുടെ സ്തുതിപ്പും, മോറാനേശുമിശിഹാ എന്നതും, ഒരു കൗമായും, വിശ്വാസപ്രമാണവും ചൊല്ലി കഴിഞ്ഞിട്ടു ചാത്തും നീതിയെ നിന്നാചാര്യന്മാരും എന്നാദിയായതു ചൊല്ലി ധൂപം വെയ്ക്കണം"

### കുളിപ്പിക്കുന്നതിനുള്ള മുമ്പുള്ള ക്രമം.

ഈ ക്രമവും, ഇതു കഴിഞ്ഞുള്ള അനുതാപത്തിന്റെ ഏഴു സങ്കീർത്തനങ്ങളും സമയ സൗകര്യങ്ങളനുസരിച്ചു നടത്തേണ്ടതാണ്)

പട്ടക്കാരൻ:—ശുബഹോലാബോ...............

ജനം:—ബലഹീനന്മാരും പാപികളുമായ ഞങ്ങളുടെമേൽ തന്റെ അനുഗ്രഹങ്ങളും മനോഗുണവും രണ്ടുലോകങ്ങളിലും എന്നേന്നേക്കും ചൊരിയപ്പെട്ടുമാറാകണമെ.

## സ്ലൂസൊ.

പട്ടക്കാരൻ:—ഞങ്ങളുടെ രക്ഷയ്ക്കായിട്ടു വന്നവനും, ഞങ്ങളുടെ ഉയർപ്പിനും, ഞങ്ങളുടെ വർഗ്ഗത്തിന്റെ പുതുക്കത്തിനുമായി വരുവാനിരിക്കുന്നവനുമായ ദൈവപുത്രനാകുന്ന ഞങ്ങളുടെ മിശിഹാതമ്പുരാനെ! സത്യവിശ്വാസത്താൽ നിന്നിലുള്ള ആശയോടു കൂടി നിര്യാണം പ്രാപിച്ച നിന്റെ ആരാധകനായ ഈ ദാസൻ,

www.malankaralibrary.com

നിൻെറ അഭേദ്യമായ സ്വൎഗ്ഗീയ വാഗ്ദാന പരമാനന്ദത്തെ നോക്കിപാൎക്കുന്നതിനാൽ തിരുകരുണയാൽ ഇവനെ ജീവിപ്പിച്ച് എന്നേക്കും ആശ്വസിപ്പിക്കണമെ.

കുക്കലിയോൻ സങ്കീൎത്തനം 26:6—9.

എൻെറ കൈകളെ ഞാൻ വെടിപ്പായി കഴുകി, കൎത്താവെ! നിൻെറ ബലിപീഠത്തെ ഞാൻ പ്രദക്ഷിണം ചെയ്യും. ആയതു നിൻെറ മഹത്വശബ്ദത്തെ കേൾപ്പിപ്പാനും, നിൻെറ സകല അത്ഭുതപ്രവൃത്തികളേയും കീൎത്തിപ്പാനും ആകുന്നു. കൎത്താവെ! നിൻെറ ഭവനശുശ്രൂഷയേയും നിൻെറ മഹത്വമുള്ള വാസസ്ഥലത്തേയും ഞാൻ ഇഷ്ടപ്പെട്ടു പാപികളോടുകൂടെ എന്നേയും, രക്തപ്രിയരായ മനുഷ്യരോടുകൂടെ എൻെറ ജീവനേയും നശിപ്പിക്കരുതെ.

ജനം—ബാറെക്മോർ.

പട്ടക്കാരൻ:—ശുബ്ഹൊ.................

ജനം:—മെനഓലംവാദാംമെൽഓലംഒൽമ്മീനാമ്മീൻ.

എക്ബോ.

വിശുദ്ധസ്ഥലത്ത് വെടിപ്പോടും വിശുദ്ധിയോടുംകൂടി നടന്നിരുന്ന കാലുകൾ പറുദീസായുടെ വാതിലുകളിൽകൂടി കടന്ന് മാലാഖമാരോടൊരുമിച്ച് വസിക്കുമാറാകണമെ.

ശുശ്രൂഷക്കാരൻ:—സ്റ്റൌമെൻകാലോസ്കറിയേലായിസൻ.

കോലോകൾ (ക്രൂക്കായം)

മോശ തൻെറ സഹോദരനായ അഹറോനെ പൎവതത്തിലേക്കു കൂട്ടിക്കൊണ്ടു ചെന്ന് അവനു കൊടുക്കപ്പെട്ടിരുന്ന പുരോഹിതാംശവസ്ത്രങ്ങൾ ഉരിഞ്ഞെടുത്ത് അഹറോൻെറ പിൻകാലം മശ്ക്കൻശ്വബിനോയിൽ ശുശ്രൂഷ ചെയ്‌വാൻ വേണ്ടി എലിയോസാറിനെ അതു ധരിപ്പിച്ചു ഞങ്ങളെ വേൎപിരിഞ്ഞുപോയ വിശുദ്ധ പുരോഹിതാ! പരിശുദ്ധസഭ നിൻെറ ഓൎമ്മയെ ആനന്ദത്തോടെ കൊണ്ടാടുന്നു.

മോശ നിൎയ്യാണം പ്രാപിക്കുവാൻ നിശ്ചിതസ്ഥലമായ നെബോപൎവതത്തിലേക്കു കരേറിച്ചെന്നു; തൻെറ ദാസൻെറ യാത്ര അയപ്പിനായി ദൈവം ഉയരത്തിൽനിന്നു ഇറങ്ങിവന്നു. ആദാമിനെ സൃഷ്ടിച്ച ആ വലത്തു തൃക്കരം പ്രവാചകൻെറ മൃതശരീരം സംസ്കരിച്ചുകൊണ്ടിരിക്കയിൽ അവിടെ ദൈവദൂതന്മാർ വന്ന്,

www.malankaralibrary.com

ആദ്യവും അന്ത്യവും "കത്താവെ നിനക്കുസ്തുതി" എന്നുള്ള നവീന ഗാനം പാടി.

ജനം:— ബാറെക് മാർ

പട്ടക്കാരൻ:— ശുബഹൊലാബോ:..............

ദൈവപുത്രാ! ബാല്യംമുതലെ ഞാൻ നിൻെറ തിരുനകം വഹിച്ചിരുന്നു. ഇപ്പോഴൊ എഴുന്നേററു നിന്നെ ശുശ്രൂഷിപ്പാൻ അനുവദിക്കാതെ മരണം എന്നെ പിടിച്ചടക്കിയിരിക്കുന്നു. ഹൃദയങ്ങൾ പരിശോധിക്കുകയും രഹസ്യകാൎയ്യങ്ങൾ അറിയുകയും ചെയ്യുന്നവനെ! നിനക്കായിട്ടു ഒരുങ്ങിയിരുന്ന എൻെറ ഹൃദയത്തെ കടാക്ഷിക്കേണമെ. പുണ്യാത്മാക്കളോടു ഒരുമിച്ചു ഞാനും "കത്താവെ, നിനക്കു സ്തുതി"യെന്നു അട്ടഹാസിക്കുമാറു്, അവസാന നാഴികയിലെ കൂലിക്കാരോടൊപ്പം എനിക്കും കൂലി നൽകേണമെ.

ജനം:—മെനമൊലം..............

പുത്രൻതമ്പുരാനെ! നിൻെറ പരിശുദ്ധ ബലിപീഠത്തിങ്കൽ ശുശ്രൂഷചെയ്‌വാനും നിൻെറ പട്ടമഹിഷിയായ തിരുസഭയിൽ രക്ഷയുടെ പാനപാത്രം വിതരണം ചെയ്യുവാനും നീ എന്നെ യോഗ്യനാക്കിയതിനാൽ നിന്നെ സത്യമായി സ്നേഹിച്ച പരിശുദ്ധന്മാരോടൊന്നിച്ച് സന്തോഷങ്ങളുടെ മണവറ അനുഭവിപ്പാനും എന്നെ യോഗ്യനാക്കേണമേ. കത്താവെ, മനുഷ്യനേപ്പോലെ ഞാൻ പിഴച്ചുപോയിരിക്കുന്നെങ്കിലും, നീ കരുണയുള്ള ദൈവമാകയാൽ കരുണചെയ്തു് എന്നെ അനുഗ്രഹിക്കേണമേ.

പള്ളിയും ബലിപീഠവും കുർബാനയുമേ! സമാധാനത്തോടെ വസിക്ക; ഞാൻ വിട്ടുപോന്ന ആട്ടിൻകൂട്ടമേ! ഞാൻ പോകേണ്ടിയിരിക്കുന്ന ഈ വഴി, യാത്രക്കാരനു അത്യന്തം ഭയാനകമായിരിക്കുന്നതിനാൽ ഇനിമേൽ എനിക്കുവേണ്ടി പ്രാൎത്ഥിപ്പിൻ. ഞാൻ ആരുടെ തിരുവിഷ്ടത്താൽ മരണം അനുഭവിച്ചുവോ! ആ എൻെറ കത്താവും, ദൈവവുമേ! "കത്താവെ നിനക്കു സ്തുതി" എന്നു ആൎത്തുപറവാൻ എന്നെ അനുഗ്രഹിക്കേണമെ.

എൻെറ സഹോദരന്മാരേ! നിങ്ങളിലുള്ള എൻെറ സ്നേഹവും, പേരും നിമിത്തമായി എനിക്കുവേണ്ടി നിങ്ങൾ സസന്തോഷം ഉറക്കമിളക്കുകയും, നിങ്ങളുടെ കുർബാനകളാൽ എനിക്കാശ്വാസവും കരുണയും ലഭിപ്പാൻ, പരിശുദ്ധ ബലിപീഠത്തിൽ എന്നെ ഓക്കുയും ചെയ്തതിനാൽ നിങ്ങളെല്ലാവരും ഏററവും ഉപകാരസ്മരണയുള്ളവരാകുന്നു. കത്താവു തൻെറ രാജ്യത്തിൽ നിങ്ങൾക്കെല്ലാവൎക്കും ഇതിനു പ്രതിഫലം നൽകട്ടെ.

www.malankaralibrary.com

കർത്താവേ! നിന്റെ ഭയാനകം സ്വീകരിപ്പാൻ നിന്റെ തിരുകൃപ സൂര്യാസ്തമനസമയത്ത് ഈലോകത്തിൽനിന്ന് എന്നെ വിളിച്ചിരിക്കുന്നു. സങ്കടഭൂയിഷ്ഠമായ ഭൂതലത്തിൽനിന്ന് നിന്റെ മഹനീയ കരുണകൾ എന്നെ ആനയിക്കുകയും ചെയ്തു. പരിശുദ്ധ സഭയിൽ നിന്റെ മുമ്പാകെ വിശുദ്ധിപൂർവ്വം ശുശ്രൂഷ ചെയ്ത വിജയികളായ പട്ടക്കാരോടൊരുമിച്ച് ഇനി സ്വർഗ്ഗരാജ്യത്തിലും എനിക്ക ആനന്ദം നൽകണമെ.

ഞാൻ ആർക്ക ഭരണക്കാരനായിരുന്നുവോ! ആ എന്റെ സഹോദരന്മാരും സ്നേഹിതന്മാരുമെ! കണ്ടാലും വിശുദ്ധ സ്ഥലത്ത് ഞാൻ നമസ്കരിച്ചുപോന്നു. ഇപ്പോൾ ഇതാ സർവ്വ മൃതന്മാരും പോകുന്ന മാർഗ്ഗത്തുടെ ഞാൻ പുറപ്പെടുന്നു. വിശുദ്ധ സ്ഥലത്തു പട്ടക്കാരൻ വിളിച്ചപേക്ഷിച്ച് പരിശുദ്ധാത്മാവ് എഴുന്നെള്ളി ഇറങ്ങുന്ന നാഴികയിൽ കർത്താവിന്റെ തിരുബലിയിൽ എനിക്ക ഓഹരി ലഭിപ്പാൻവേണ്ടി എന്നെ ഓർത്തുകൊള്ളേണമേ.

പരിശുദ്ധ സഭയും, എനിക്ക ദൈവദത്തമായിരിക്കുന്ന ആത്മീകമക്കളുമേ! മശിഹായുടെ തിരുസമാധാനത്തിൽ വസിപ്പിൻ. എന്റെ സഹോദരങ്ങളും വത്സലരുമേ! ഞാൻ ചെന്നു അംഗീകരിക്കപ്പെടുവാനായി എനിക്കവേണ്ടി പ്രാർത്ഥിപ്പിൻ. എന്നെ നിങ്ങളോടൊന്നിപ്പിക്കുകയും, ഇപ്പോൾ വേർപെടുത്തുകയും ചെയ്തിരിക്കുന്ന മിശിഹാതമ്പുരാൻ ജീവസംപൂർണ്ണമായ സ്ഥലത്തു വച്ച് നിങ്ങളെ വീണ്ടും കാണുവാൻ എനിക്ക സംഗതി ആക്കട്ടെ.

വിധികർത്താവു ന്യായാസനത്തിൽ ഇരുന്നു ലോകത്തെ വിധിക്കുംപോലെ, പട്ടത്വം പട്ടക്കാരനെ വിധിക്കും. താങ്കൾക്ക ആവശ്യമില്ലായിരുന്നെങ്കിൽ എന്നെ കൈക്കൊണ്ടതെന്തു? എന്നെ സ്നേഹമില്ലായിരുന്നെങ്കിൽ എന്നോടു അടുത്തതുമെന്തു? ദേവാലയത്തിൽ സന്ധ്യാരാധനയും പ്രഭാതാരാധനയും നടത്തുന്നതിനിഷ്ടമില്ലായിരുന്നെങ്കിൽ ഉയരങ്ങളിൽനിന്നു എന്നെ വിളിച്ചിറക്കി അപ്രയോജനമാക്കിയതും എന്തു? കർത്താവെ! നിന്റെ ദാസനെ ആശ്വസിപ്പിക്കണമേ.

ദൈവപുത്രാ! നിന്റെ പ്രത്യക്ഷതയുടെ മഹാദിനത്തിൽ, നീ സർവ്വഗോത്രങ്ങളേയും വിധിപ്പാൻ ന്യായാസനാരൂഢനാകയും, ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിപ്പാൻ പന്തിരുവരുടെ സിംഹാസനങ്ങൾ സ്ഥാപിക്കപ്പെടുകയും, പട്ടത്വം പട്ടക്കാരുടെ പ്രവൃത്തികളെ തൂക്കികൊടുക്കുകയും ചെയ്യുന്ന അവസരത്തിൽ കർത്താവേ! വിശുദ്ധിയോടെ നിന്നെ ശുശ്രൂഷിച്ച ഈ

www.malankaralibrary.com

നിൻെറ ദാസനായ പട്ടക്കാരൻെറമേൽ സദയം കരുണചെയ്തു ഇവനെ ആശ്വസിപ്പിക്കേണമെ.

എനിക്കുവേണ്ടി കുർബ്ബാനകളർപ്പിക്കുവിൻ. എന്തെന്നാൽ കർത്താവിൻെറ തിരുശരീരംപോലെ എനിക്കു ഉപകരിക്കുന്നതൊന്നുമില്ല. നമ്മുടെ രക്ഷിതാവിൻെറ തിരുശരീരം എനിക്കു അനുഭവപ്പെടുന്നു. അതുപോലെ നിലവിളിയും നെടുവീർപ്പുകളുംകൊണ്ടു് എനിക്കു പ്രയോജനമില്ല. സഭയുടെ പുരോഹിതന്മാരെ ഞാൻ ചെന്നു മിശിഹായുടെ സിംഹാസനത്തിൻമുൻപാകെ സ്വീകരിക്കപ്പെടുവാൻ നിങ്ങളുടെ പ്രാർത്ഥനാവസരങ്ങളിൽ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു ആത്മാവു അപേക്ഷിക്കുന്നു.

ബസ്ക്കുദിശായും, പരിശുദ്ധ മദ്ബഹായും, വിശുദ്ധ സഹദേന്മാരുടെ തിരുശേഷിപ്പുകളും. എൻെറ സ്നേഹിതന്മാരുമേ! സമാധാനത്തോടെ വസിപ്പിൻ സർവേശ്വരൻെറ തിരുഗാത്രം പൂജിക്കപ്പെടുമ്പോൾ, വിശുദ്ധ മദ്ബഹാമേൽ എന്നെയും സ്മരിച്ചു ആവസിപ്പിരിക്കണമെ. ഭയങ്കര ന്യായാസനസന്നിധിയിൽ എൻെറ സകല ദുഷ്കൃത്യങ്ങൾക്കും പരിഹാരം ലഭിപ്പാൻ എൻെറ വത്സലരെ! നിങ്ങൾ കരുണാനിധിയോടു എനിക്കുവേണ്ടി കരുണകൾക്കായി അപേക്ഷിക്കുകയും ചെയ്വിൻ.

മരണമാകുന്ന പാനപാത്രം ആയതു ആസ്വദിക്കുന്നവനു് എത്ര കൈപ്പേറിയതാകുന്നു. നിർയ്യാണസമയം എന്തു ഭയങ്കരവും കഠിനതരവും ആകുന്നു. വരിക, നമുക്കുപോകാം, ഉടയവൻ നിന്നെ വിളിക്കുന്നു എന്നു മാലാഖാ പറയുമ്പോൾ, എൻെറ ശരീരമേ, ഉയർപ്പുനാൾവരെ സമാധാനത്തോടെ വസിക്ക എന്നു്, ആത്മാവു സങ്കടത്താൽ നിറഞ്ഞൊഴുകുന്ന കണ്ണുനീരുകളോടെ ശരീരവും ആയി യാത്ര പറയുന്നു. കർത്താവെ! എന്നോടു കരുണചെയ്യേണമെ.

ആത്മാവും ശരീരവും തമ്മിൽ പിരിയുമ്പോൾ, ആത്മാവു പറയുന്നു, ലോകവും അതിൻെറ നേട്ടവുംകൊണ്ടു് എനിക്കു എന്തു ഫലം? ന്യായാസനത്തുങ്കൽ ഉപയോഗപ്പെടുന്ന പുണ്യപ്രവർത്തികളെ എനിക്കുമുൻപയപ്പാൻ ഞാൻ ആഗ്രഹിച്ചിരുന്നു. ഭവനം അതിൽ വസിക്കുന്നവർക്കും, സമ്പത്തു് അതാഗ്രഹിക്കുന്നവർക്കുമായി വിട്ടുകൊടുത്തിട്ടു് എൻെറ കൃത്യങ്ങളെക്കുറിച്ചു് കണക്കുബോധിപ്പിക്കുവാനിതാ ഞാൻ പോകുന്നു. കർത്താവെ! എൻെറ കുററങ്ങൾ ക്ഷമിക്കേണമെ. മൊറിയോറാഹേ..........

www.malankaralibrary.com

മോർ യാക്കോബിന്റെ ബോവൂസോ.

ദൈവപുത്രാ, അനശ്വരമായ സ്വർഗ്ഗരാജ്യത്തിൽ വിശുദ്ധന്മാരോട്ടും, നീതിമാന്മാരോട്ടുംകൂടെ നിന്റെ ആചാര്യന് വിശ്രമം നൽകണമെ.

ദൈവപുത്രാ! നിദ്രപ്രാപിച്ച് ഞങ്ങളെ വേർതിരിഞ്ഞുപോന്നിരിക്കുന്ന ഞങ്ങളുടെ ഈ സഹോദരനേയും, ഗുരുക്കന്മാരേയും, സ്വർഗ്ഗരാജ്യത്തിൽ ആശ്വസിപ്പിക്കേണമെ. അവർ നിന്റെ പ്രതിരൂപമാകുന്നവല്ലോ. അതിനു ജീർണ്ണം ഭവിച്ചിരിക്കുന്നതിനാൽ അവരെ നവീകരിക്കേണമേ. അവരുടെ സ്ഥാനമാകുന്ന ജീവന്റെ സ്ഥലത്തേക്കു കരേറുവാൻ അവരെ വിളിച്ചുണർത്തേണമേ

നല്ല ഉടയവനേ! അവരുടെ പ്രലാപകരമായ നെടുവീർപ്പുകൾക്ക് ശമനം വരുത്തി പാതാളത്തിലെ ദുഃഖവേദനകളെ അകറ്റേണമേ. നീ വാഗ്ദാനം ചെയ്തിരിക്കുന്നതുപോലെ പുനരുത്ഥാനനാളിൽ ശോഭയുള്ള മഹത്വവസ്ത്രം അവരെ ധരിപ്പിക്കുകയും ചെയ്യേണമേ.

പ്രധാനാചാര്യനും, മഹാപുരോഹിതശ്രേഷ്ഠനുമായ മിശിഹാ! നിനക്കുസ്തുതി. നിന്റെ കൃദാശകൾ അനുഷ്ഠിച്ച നിന്റെ ആചാര്യന് പുണ്യം നൽകേണമെ.

അനുതാപത്തിന്റെ ഏഴു സങ്കീർത്തനങ്ങൾ

6, 32, 38, 51, 102, 129, 142 എന്നീ സങ്കീർത്തനങ്ങൾ ഇവിടെ വായിക്കണം.

മൃതശരീരം കുളിപ്പിക്കുന്നതു സംബന്ധിച്ച് ഹൂദായകാനോൻ ആറാം അദ്ധ്യായം ഒന്നാം വാക്യം.

"മേൽപ്പട്ടക്കാരും, പട്ടക്കാരും, റമ്പാന്മാരും, ശെമ്മാശന്മാരും നിര്യാണംചെയ്താൽ മുഖവും കാൽക്കരങ്ങളും മാത്രം കഴുകിയാൽ മതി. എന്നാൽ അൻമേനികളുടെ മൃതശരീരം മുഴുവനും കുളിപ്പിക്കണം. പുരുഷന്മാരെ പുരുഷന്മാരും, സ്ത്രീകളെ സ്ത്രീകളും കുളിപ്പിക്കണം. അപ്രകാരം, പട്ടക്കാരെ പട്ടക്കാരും, ശെമ്മാശന്മാരെ ശെമ്മാശന്മാരും, റമ്പാന്മാരെ റമ്പാന്മാരും കുളിപ്പിക്കയാണ് വേണ്ടതു്".

പ്രസ്താവസംഗതികൾ സമയോചിതമായി ചെയ്യേണ്ടതാണ്.

www.malankaralibrary.com

## കുളിപ്പിക്കുന്ന സമയത്തെ പ്രാൎത്ഥന.

പട്ടക്കാരിൽ ഒരുവൻ ചൊല്ലണം.

കൎത്താവെ! എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽനിന്ന എന്നെ വെടിപ്പാക്കണമെ എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

---

കുളിപ്പിച്ചതിനുശേഷം രോഗക്കിടക്കയിൽ ധരിച്ചിരുന്നവസ്ത്രങ്ങൾ മാറി, അലക്കിയിരിക്കുന്ന കാൽകുപ്പായം, കമ്മീസ്, കഴുത്തുലാഹ അരക്കെട്ട്, തൊപ്പി, തലപ്പാവ്, കൈമേസ്, കാൽമേസ്, ചെരിപ്പ് എന്നീ സാധാരണ വസ്ത്രങ്ങൾ ധരിപ്പിക്കണം.

ഓരോന്നും മാറി ധരിക്കുമ്പോൾ ഒരു പട്ടക്കാരൻ താഴെയുള്ള പ്രാൎത്ഥനകൾ യഥാക്രമം ചൊല്ലിക്കൊള്ളണം.

### മലിനവസ്ത്രം മാറുമ്പോൾ.

ദൈവമായ കൎത്താവെ! എന്റെ ദുഷ്പ്രവൃത്തികളുടെ അശുദ്ധിയാൽ സാത്താൻ എന്നെ ധരിപ്പിച്ച അശുദ്ധ വസ്ത്രങ്ങളെ എന്നിൽനിന്ന നീക്കികളഞ്ഞു് എന്നേക്കു നിന്റെ മാന്യതയുടെ ശുശ്രൂഷയ്ക്കും, നിന്റെ വിശുദ്ധ തിരുനാമത്തിന്റെ മഹത്വത്തിനും ചേൎച്ചയുള്ള വിശുദ്ധ വസ്ത്രങ്ങൾ എന്നെ ധരിപ്പിക്കേണമേ. ആമ്മീൻ.

### ഇടത്തുകാലിൽ ചെരിപ്പിടുമ്പോൾ.

ദൈവമായ കൎത്താവെ! സൎപ്പങ്ങളേയും, തേളുകളേയും, ശത്രുവിന്റെ സകല സൈന്യങ്ങളേയും എന്നേക്കും ചവിട്ടുവാൻ തക്കവണ്ണം സമാധാനത്തിൻ സുവിശേഷത്തിന്റെ ഒരുക്കംകൊണ്ടു എന്നെ ചെരിപ്പിടുവിക്കേണമേ. ആമ്മീൻ.

### വലത്തുകാലിൽ ചെരിപ്പിടുമ്പോൾ.

ദൈവമായ കൎത്താവേ! നിന്റെ അറിവിനു എതിരായി ഉണ്ടാകുന്ന എല്ലാ ഉന്നതഭാവത്തേയും എന്റെ പാദപീഠത്തിൻ കീഴിൽ താഴ്ത്തേണമേ. നിന്നിൽനിന്നുള്ള സഹായങ്ങളാൽ ജഡവികാരങ്ങളെ എന്നേക്കും ഞാൻ ചവിട്ടുമാറാകണമേ. ആമ്മീൻ.

www.malankaralibrary.com

ഇനി സ്ഥാനോചിതമായ വിശുദ്ധവസ്ത്രങ്ങൾ നിയമിതമായ പ്രാർത്ഥനകൾ ചൊല്ലി ധരിപ്പിക്കണം. അതായത് പട്ടക്കാരനെങ്കിൽ വെള്ളലോഹ, ഹമീനീകോ, ഇടക്കെട്ട്, കൈഉറകൾ, കാപ്പാ എന്നിവകളും ശെമ്മാശനായിരുന്നാൽ ശുശ്രൂഷകപ്പായവും, ഊറാറായും ധരിപ്പിക്കണം. ഇതുപോലെ തന്നെ ഓരോ സ്ഥാനികൾക്കും അവരവരുടെ അംശവസ്ത്രങ്ങൾ ധരിപ്പിച്ചുകൊള്ളണം.

### വെള്ളലോഹ മൂന്നു റുശ്ശുമാ ചെയ്തു ധരിപ്പിക്കുമ്പോൾ.

ദൈവമായ കർത്താവേ! വിശുദ്ധറൂഹായുടെ ശക്തിയാൽ നാശമില്ലാത്ത അങ്കി എന്നെ ധരിപ്പിക്കണമേ. പിതാവും പുത്രനും, പരിശുദ്ധറൂഹായും ആയുള്ളോവെ, ഞങ്ങളുടെ ആയുഷ്കാലം മുഴുവനും സത്യവിശ്വാസത്താൽ വെടിപ്പും ചൊവ്വുമുള്ള ക്രിയകളോടുകൂടെ ഞങ്ങളെ നടത്തിക്കേണമേ. ആമ്മീൻ.

### രണ്ടു റുശ്ശുമാ ചെയ്തു ഹമീനീകോ ധരിപ്പിക്കുമ്പോൾ.

കർത്താവെ! യുദ്ധത്തിൽ ശക്തികൊണ്ടു നീ എന്നെ അരകെട്ടിക്കുകയും, എനിക്കു വിരോധമായി നിൽക്കുന്നവരെ എന്റെ കീഴിൽ മുട്ടുമടക്കിക്കയും ചെയ്യേണമേ.

### ഒരു റുശ്ശുമാ ചെയ്തു എടക്കെട്ടു കെട്ടിക്കുമ്പോൾ.

പരാക്രമനായുള്ളോവെ! നിന്റെ പ്രഭയും, സ്തുതിയുംകൊണ്ടു നിന്റെ അരയിൽ വാൾകെട്ടേണമെ. നിന്റെ മഹത്വം ജയിക്കുന്നു.

### എടത്തെ കൈ ഉറമേൽ രണ്ടു റുശ്ശുമാ ചെയ്യുമ്പോൾ.

കർത്താവെ! എന്റെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളും വലത്തേതു സംബന്ധിച്ചു സകല പ്രവൃത്തികൾക്കും ഒരുക്കമുള്ളവയും ആക്കിതീർക്കേണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! ഞങ്ങളെ നിന്റെ മാന്യതയുടെ ശുശ്രൂഷയ്ക്കും നിന്റെ വിശുദ്ധ തിരുനാമമഹത്വത്തിനും വെടിപ്പുള്ള ആലയങ്ങളും ഉത്തമോപകരണങ്ങളും ആക്കിതീർക്കുകയും ചെയ്യേണമെ. ആമ്മീൻ.

### ആയത്തു ധരിപ്പിക്കുമ്പോൾ.

കർത്താവേ! യുദ്ധത്തിനു എന്റെ കൈകളെ അഭ്യസിപ്പിക്കുകയും ചെമ്പുവില്ലുപോലെ എന്റെ ഭുജങ്ങൾ സ്ഥിരപ്പെടുത്തുകയും ചെയ്യേണമേ.

www.malankaralibrary.com

വലത്തുകൈ ഉറമേൽ ഉറമേൽ ഒരു റൂശ്മാ ചെയ്തുകൊണ്ട്

കർത്താവെ! എൻെറ അംഗങ്ങളെ നീതിയുടെ ആയുധങ്ങളും ഇത്യാദി.

ആയത്തു ധരിപ്പിക്കുമ്പോൾ.

കർത്താവെ! നിൻെറ വലത്തുകൈ എന്നെ സഹായിക്കുകയും, നിൻെറ ശിക്ഷ എന്നെ വളർത്തുകയും ചെയ്യേണമേ.

കാപ്പമേൽ മൂന്നു റൂശ്മാ ചെയ്യുമ്പോൾ.

കർത്താവെ! നിൻെറ ആചാര്യന്മാർ നീതിയും നിൻെറ പുണ്യവാന്മാർ മഹത്വവും ധരിക്കും നിൻെറ ദാസൻ ദാവീദുനിമിത്താം നിൻെറ അഭിഷിക്തൻെറ മുഖം തിരിക്കരുതെ.

കാപ്പ ധരിപ്പിക്കുമ്പോൾ.

നിൻെറ പ്രധാനാചാര്യന്മാരെ രക്ഷയും, നിൻെറ നീതിമാന്മാരെ മഹത്വവും ധരിപ്പിക്കേണമേ!

മേൽപ്രകാരം സാധാരണ വസ്ത്രങ്ങളും അംശവസ്ത്രങ്ങളും ധരിപ്പിച്ചശേഷം, മൃതശരീരം ജനമദ്ധ്യെ കൊണ്ടുവന്ന് ശവമഞ്ചത്തിൽ കിഴക്കോട്ടുമുഖമായി തിരിച്ചുകിടത്തി ധൂപം വച്ചിട്ട് ദേശനടപ്പനുസരിച്ച് ചരേതന്നു യോഗ്യമായിരിക്കുന്ന ബഹുമാനാവസ്ഥയിൽ മൃതശരീരം പള്ളിയിലേക്കു കൊണ്ടുപോകണം. ആ അവസരത്തിൽ വഴിയാത്രയിൽ താഴെക്കാണുന്ന മദ്റോശോ ചൊല്ലണം. നഗരികാണിക്കുന്ന പ്രദക്ഷണസമയത്തും ഈ മദ്‌റാശൊ ചൊല്ലാവുന്നതാണ്.

മദ്റോശൊ (ഓ ഉമരാ)

കർത്താവെ! നിൻെറ ശരണത്തിൽ നിദ്രപ്രാപിച്ച നിൻെറ ആചാര്യന് കർബാനാർപ്പണസമയത്ത് വിശുദ്ധ മദ്ബഹായിൽ ഓർമ്മ നൽകേണമെ.

1 റൂബേൽ കല്പനലംഘനത്താൽ പാപം ചെയ്ത അശുദ്ധനായിട്ടു മോശയുടെ ധൂപംമൂലം പാപപരിഹാരം ലഭിച്ച പുണ്യപ്പെട്ടു എങ്കിൽ സ്ളീബായുടെ ജീവനുള്ള റൂശ്മായാൽ മുദ്രിതരായിരിക്കുന്നവർ തെരഞ്ഞെടുക്കപ്പെട്ട ആചാര്യന്മാരുടെ ധൂപത്താൽ എത്ര അധികം വെടിപ്പാക്കപ്പെടും.

www.malankaralibrary.com

൧ സിംഹത്തിൽനിന്നു ശെംശോനായി ഒഴുകിയ തേൻ കുടിച്ച് അവനും അവൻെറ മാതാപിതാക്കളും ആനന്ദിക്കുകയും അവൻ തൻെറ വൈരികളിൽനിന്നു രക്ഷപെടുകയും ചെയ്തെങ്കിൽ വരികിൽ ജീവനോടിരിക്കുന്നവരും പരേതരുമായവർ വിശുദ്ധ കുർബാനകളാൽ എത്രയോ അധികം ആനന്ദിക്കുകയും ഭയങ്കരാഗ്നിയിൽനിന്നു അവർ ഒരുമിച്ചു രക്ഷിക്കപ്പെടുകയും ചെയ്യും.

൧ വെട്ടപ്പെട്ട മരക്കൊമ്പ് മണ്ണും ജലവുമേററ് വീണ്ടും മുളച്ചു തളിക്കുകയും തഴച്ചു കായ്ക്കുകയും ചെയ്യുമെങ്കിൽ മ്ശിഹായിൽ മരിച്ചിരിക്കുന്നവർ തൻെറ ശരീരരക്തം അനുഭവിച്ച് എത്രയധികമായി പുനർജീവിച്ചാനന്ദിക്കും!

൧ മൃതരെ ജീവിപ്പിക്കുന്ന പുത്രൻെറ പരിശുദ്ധ സാദൃശ്യം കൊണ്ടു ഏലിയാ വിധവയുടെ മകനെ ജീവിപ്പിച്ചു എങ്കിൽ ഏലിയായുടേയും നാഥനായ മിശിഹാ തന്നിൽ മരിച്ചവർക്കുവേണ്ടി, ആചാര്യന്മാരാൽ ബലി അർപ്പിക്കപ്പെട്ടുകൊണ്ടിരിക്കെ അവർ എത്ര അധികം പുണ്യരാക്കപ്പെട്ടും!

൧ ഹേ! താൽക്കാലികഭവനമേ, ഐഹികജീവിതത്തിന് എന്നെ വ്യാമോഹിപ്പിച്ചതെന്ത്? പാപസമുദ്രമേ, എന്നെ ആഴത്തിൽ താഴ്ത്തിക്കളഞ്ഞതെന്ത്? ഹാ! ശീഘ്റമായോരോട്ടമേ! ഈ നിർഭാഗ്യത്തിൽ എന്നെ അടിപ്പെടുത്തിയതും എന്ത്? ഇതാ ഉത്തമമന്നൻ എന്നെ കാത്തിരിക്കുന്നിടത്തേക്ക് ഞാൻ പോകുന്നു.

൨ ലോകമേ! നീ വസ്ത്രാലങ്കാരങ്ങളാൽ എന്നെ ആകർഷിക്കയും ധനസമ്പാദ്യങ്ങളാൽ എന്നെ വശീകരിക്കയും ചെയ്തു. പക്ഷിയെപ്പോലെ എന്നെ കുടുക്കുവെച്ച് പിടിച്ച് ബന്ധിക്കുകയും കടന്നുപോകുന്ന നിഴലിൽ എൻെറ പത്തു വിരലുകളേയും പിടിക്കയും ചെയ്തു മനുഷ്യൻ തൻെറ സ്വപ്നത്തിൽ എന്നപോലെ ഞാൻ ഞെട്ടിഉണർന്ന് പരിഭ്രമിച്ചുപോയി.

൪ കള്ളൻ രാത്രിയിൽ ധനം മോഷ്ടിച്ചുകൊണ്ടു ഓടിമറയുന്നു നീയോ എനിക്കു മഹാകള്ളനായിചമഞ്ഞു എൻെറ സർവ്വുംമുടിച്ചു പരസ്യമായി എന്നെ കൊള്ളചെയ്തു. രഹസ്യമായി എൻെറ പുണ്യങ്ങളേയും നശിപ്പിച്ചു. ഇങ്ങനെ ഞാൻ നഗ്നനുംഅരിഷ്ടനും, ലജ്ജിതനുമായി എൻെറ നാഥൻെറ അടുക്കലേക്കു പോകുന്നു.

൫ ഞാൻ നിങ്കൽ ഇരുന്നു ഓരോരൂപവുംകണ്ടു തെററിദ്ധരിച്ചു അവയെ അനുഗമിച്ചു. കണ്ടതെല്ലാം സ്ഥിരമായവ എന്നു ഞാൻ അഭിമാനിച്ചുകൊണ്ടിരുന്നു. ഞാൻ പ്രസന്നമായ യുവകോ

www.malankaralibrary.com

മളതാത്തിൽ അതനുഭവിപ്പാൻ ആഗ്രഹിക്കേ, മരണംവന്നു കൂടുകയും എന്റെ സന്തോഷങ്ങൾ പൂപോലെ വീണുപോകയും ചെയ്തു.

൬ എന്റെ സർവേന്ദ്രിയങ്ങളും ലോകത്തിൽവച്ച് നിന്ദാവഹമായി തീർന്നിരിക്കുന്നു ഇതാ എന്റെ വായ് കരച്ചിൽകൊണ്ടു തുറന്നിരിക്കുന്നു. എന്റെ ഹൃദയത്തിൽ നെടുവീർപ്പുകൾ ആവിർഭവിച്ചിരിക്കുന്നു. എന്റെ കണ്ണുകൾ അശ്രുപൂർണ്ണങ്ങളായിരിക്കുന്നു. ഇതാ എന്റെ കൈകാലുകൾ വിലങ്ങിൽ കിടക്കുന്നു. അഹോ! യേശുവേ! നിന്നെ സ്തോത്രം ചെയ്‌വാൻ നിന്റെ വാഗ്ദാനം എന്റെ ബന്ധനങ്ങൾ അഴിക്കുമാറാകണമെ.

൭ എന്റെ ആലോചന മുഴുവനും തൽക്കാലികവിഭവങ്ങളെ ആശ്രയിച്ചായിരുന്നു. ഞാൻ ലഹരിയേറിയ മദ്യങ്ങളും, ഓരോ ഭോജ്യങ്ങളും തേടിനടന്നു. അവ ഭക്ഷിച്ചുകുടിച്ച് മടിക്കാമെന്നോർത്ത് ഞാൻ നിരത്തിവയ്ക്കവെ മരണം പെട്ടെന്നുവന്നുകൂടുകയും, അവ ആസ്വാദിപ്പാനുള്ള വായ് അടച്ചുകളയുകയും ചെയ്തു.

൮ എന്റെ ബാല്യകാലത്തെ ഉദ്യമംമുഴുവനുംഎനിക്കായി അഗ്നികൂട്ടുകയായിരുന്നു. അതിൽ വഞ്ചനയും വ്യഭിചാരവും ആണകളുമാകുന്ന വിറകുകൾ ഇട്ടെരിച്ചു. അതെനിക്കായി ബാബേല്യരെപ്പോലെ തീച്ചൂള ജ്വലിപ്പിച്ചിരിക്കുന്നതിനാൽ ഇതാ ഞാൻ ഭയാക്രാന്തനായിരിക്കുന്നു. അഗ്നിച്ചൂളയിൽ ആവിർഭവിച്ച പനിമഞ്ഞായവനെ! ഈ തീച്ചൂളയിൽനിന്നു എന്നെ വിമുക്തനാക്കേണമെ.

൯ നീതിപരമായ ശാസനസഹിപ്പാൻ ആർക്കു കഴിയും! എനിക്കു ഇഹത്തിൽ ഉപകാരപ്രദമായിട്ടുള്ളത് ഇന്നതെന്നു നീ ഉപദേശിച്ചതന്നതിനെ ഞാൻ അനുസരിച്ചില്ല, സോപ്പപോലെ എനിക്കു തെരഞ്ഞെടുക്കുവാൻതക്കവണ്ണം അഗ്നിയും, വെള്ളവും നീ നിയമിച്ചിരിക്കുന്നു. എന്റെ ഉടയവനെ! പ്രയോജനകരമായതിനെ തിരഞ്ഞെടുപ്പാൻ മനസ്സില്ലാതെപോയ ഈ അരിഷ്ടന്റെമേൽ കരുണചെയ്യേണമെ!

൰ നീ ഒരുക്കിതന്ന ലഘുവായഭാരം വഹിപ്പാൻ ഞാൻ മനോദുഃഖിതനായിതീർന്നു. ഞാൻ ദിനംതോറും എന്റെ തലമേൽ മഹാഭാരംശേഖരിച്ചുവന്നു. അന്യായഭാരംഎന്നെതാഴ്ത്തിക്കളയുന്നതിനാൽ; തീക്കടൽ പറന്നുകടപ്പാൻ എനിക്കു ത്രാണിയില്ല. നിന്റെ സ്ളീബാ എന്നെ തുറമുഖത്തേക്കു ചേർത്തുകൊള്ളേണമെ!

൱ ഞാൻ വ്യാപാരം ചെയ്തു സമ്പാദിപ്പാൻ സമുദ്രയാത്ര ചെയ്തു. എനിക്കു പ്രതികൂലമായി കോളിളക്കമുണ്ടാകയും, മഹാ

www.malankaralibrary.com

സമുദ്രം എന്റെ സർവ്വസമ്പാദ്യങ്ങളും വിഴുങ്ങിക്കളയുകയും ചെയ്തു എന്റെ സമ്പാദ്യം മുടിഞ്ഞാലും, ഞാൻ രക്ഷപെട്ടെങ്കിൽ നന്നായിരുന്നു. സ്വന്തം ഗ്രഹം കരുതുവാൻ ത്രാണികെട്ടവനായല്ലോ എന്നു ഓർത്തു് ഞാൻ മനോവേദനപ്പെടുന്നു.

൰൨ എന്റെ മാതാപിതാക്കന്മാരിൽനിന്നു ജാതനായി ഈ സൃഷ്ടിയിലേക്കു ഞാൻ അവതരിച്ചമാത്രയിൽഅരിഷ്ടതയുള്ള ഈ ലോകം എനിക്കു നൽകിയതു് എന്റെ വായിൽ കരച്ചിലായിരുന്നു. ഞാൻ മടങ്ങിപ്പോകുന്ന സമത്തു എനിക്കു വഴിയാഹാരമായി ലഭിച്ചതും, കരച്ചിലും, ദീർഘശ്വാസവുംതന്നെ. അന്നു പ്രകൃതി കരഞ്ഞു ഇപ്പോഴോ, സ്വമനസ്സാലെ ഞാൻ കരയുന്നു.

൰൩ ഇതാ അന്ത്യമായിപ്പോയി എന്നു ഭയപ്പെടുത്തിക്കൊണ്ടു സ്വപ്നങ്ങളുടെ രാത്രിയും, മരണാപകടവും എന്നെശവക്കുഴിയിലേക്കു ആനയിക്കുന്നു. എന്റെ അവയവങ്ങൾക്കു്, അഗ്നിവച്ചിരിക്കുന്നതിൽ ഇതാ ഞാൻ പരിഭ്രാന്തനായിരിക്കുന്നു. ഞാൻ അനുഭവിച്ചിരിക്കുന്ന സഞ്ജീവമായ ഔഷധമെ! അഗ്നിയിൽനിന്നെന്നെ വീണ്ടുകൊള്ളണമെ.

൰൪ നിനച്ചിരിയാതെ എനിക്കു മരണവേദനകൾ ഭവിച്ചതിനാൽ ഞാൻ അമ്പരന്നുപോയി, രോഗവും ക്രമേണ മരണവും എന്നെ പിടികൂടി. ദൃശ്യങ്ങളായവ ഒഴിഞ്ഞുപോയി. അദൃശ്യങ്ങളായവ എന്നെ അപകടത്തിലാക്കി. നിന്റെ തിരുരക്തത്താൽ എന്റെ പാപങ്ങൾക്കു പരിഹാരം ലഭിച്ചു് ഞാൻ നിന്റെ കൃപയെ സ്തോത്രം ചെയ്യുമാറാകണമേ.

൰൫ എന്റെ ആയുഷ്ക്കാലം ക്ഷയിച്ചു് പറന്നുപോയി. അതിൽ എനിക്കു് മിച്ചമായ ഉപദ്രവങ്ങൾ, ന്യായാസനത്തിലേക്കു് മുൻചെന്നു് വിധികർത്താവിന്റെ സന്നിധിയിൽ എന്നെ കാത്തിരിക്കുന്നു. എന്റെ രഹസ്യകാര്യങ്ങൾ വെളിപ്പെടുന്ന ആ സമയത്തു്ഞാൻ എന്തുചെയ്യും? പാപികളിൽ കനിയുന്നവനേ! ന്യായവിധിയിൽ എന്നെ പ്രവേശിപ്പിക്കരുതെ!

൰൬ മരണദൂതൻ ധൃതികൂട്ടി. പിന്നെ പ്രാർത്ഥിപ്പാൻ എന്നെ ആരു അനുവദിക്കും! ഇവർ രമണീയരായി കാണപ്പെടുന്നു. അയ്യൊ കഷ്ടം, എന്റെ നടത്തകൾ എത്ര അറയ്ക്കത്തക്കവ! ഇവർ എവിടെ കൊണ്ടുചെന്നാക്കുവാൻപോകുന്നുഎന്നറിയായ്കയാൽ എന്റെ ഹൃദയം ഞെട്ടിവിറക്കുന്നു. നിന്റെ ആജ്ഞ്യം ഇവരെ കൽപിച്ചയച്ചു. അതുപോലെ നിന്റെ കരുണകളും എന്റെ മേൽ ഉണ്ടാകണമേ.

www.malankaralibrary.com

൮ ലോകത്തിൽനിന്നു പൂപോലെ എന്റെ ദിവസങ്ങൾക
ടന്നുപോയി. സൃഷ്ടിയാകുന്ന പുൽത്തകിടിയിൽ ഞാൻ പൂച്ചെടി
സമാനം മുളച്ചുപൊങ്ങി. മരണമാരുതൻ എന്നിൽ ഊതി, പെട്ടെ
ന്നു ഞാൻ ജീവിതമററവനായി. എന്റെ ഉടയവനേ! നിന്നെ സ്തു
തിപ്പാനായി പുനരുത്ഥാനമാരിയാൽ എന്നെ മുളപ്പിക്കേണമെ.

൯ ബാല്യംമുതലെ പുണ്യജീവിതനേട്ടം ഞാൻ കരുതിയില്ലാ
വേഗത്തിൽ പറക്കുന്ന ചിറകുകളെ ഞാൻ സമ്പാദിച്ചതുമില്ലാ ക
ഷ്ടം! ഞാൻ എന്തുചെയ്യേണ്ടു. അഗ്നിക്കടലിന്മേൽ എനിക്കു
പറക്കേണ്ടിയിരിക്കുന്നു. അതിന്മേൽ പറന്നുപോകുവാൻ എനിക്കു
എന്തുനിവൃത്തി!

൰ ഭയങ്കരമായ കടവിൽ നിന്റെ സ്ളീബാ എന്നോടൊരു
മിച്ചുവന്നു് എന്റെ മുമ്പിൽനിന്നു്, അന്ധകാരസൈന്യങ്ങളെ ത
ള്ളിപായിക്കേണമേ. അതെനിക്കു് താക്കോലായി ഭവിച്ചു് പറു
ദയിസാവാതിൽ തുറന്നുതരുവാറാകണമേ. കാരുണ്യവാനേ! ഞാൻ
അതിലുൾപ്രവേശിച്ചു്, ആനന്ദത്തോടെ നിന്റെ കരുണകളെ
സ്തോത്രം ചെയ്യുമാറാകണമേ.

൰൧. വിധികർത്താവു് ഉച്ചരിക്കുമ്പോൾ, മാലാകമാരും, അ
ഗ്നിമയന്മാരുടേയും, ആത്മമയന്മാരുടേയും കൂട്ടങ്ങളും, വിറയലോ
ടെ നിൽക്കുന്ന ആ സമയത്തു്, വെളിപ്പെടുന്ന എന്റെ ദുർവൃത്തി
കളെക്കുറിച്ചു് അയ്യോ! എനിക്കു് എന്തു സമാധാനം ബോധിപ്പി
ക്കുവാനുള്ളു.

൰൨ ഞങ്ങളുടെ സഹോദരാ! നിന്റെ ബാല്യത്തിലെ
ആനന്ദം, പുഷ്ടിയുള്ള പുൽമാലികളെ ആശ്രയിച്ചുവന്നു. വാർദ്ധ
ക്യകാലം, നിന്റെ യജമാനന്റെ തോട്ടത്തിൽ ചിലവഴിക്കുകയും
ചെയ്തു. പിന്നെ ഈ നിര്യാണദിനത്തിൽ നിനക്കു ദുഃഖിപ്പാനെ
ന്തുള്ളു? എന്തെന്നാൽ ഇതു നിനക്കു് അദ്ധ്വാനങ്ങളും സങ്കടങ്ങ
ളും ഒഴിഞ്ഞു്, വിശ്രമത്തിലേക്കുള്ള പ്രവേശനമാകുന്നുവല്ലോ.

൰൩. മരണനാഴിക എന്നെ അനുതാപത്തിനു് സമീപിപ്പി
ച്ചു, എന്റെ ഉടയവനേ! ഒരുമണിക്കൂർ ഞാൻ നിന്നോടൊന്നിച്ചു
അദ്ധ്വാനിച്ചു. അന്ത്യവേലക്കാരോടൊരുമിച്ചു് എന്നെ ഗണി
ക്കേണമേ! ഞാൻ നിന്റെ കൃപയേ, സ്തുതിച്ചുവന്നതിനാൽ, നി
ന്റെ നീതി എന്നോടു കരുണ ചെയ്യേണമേ! ഞാൻ മാപ്പു് അ
പേക്ഷിച്ചിരിക്കുന്നതുകൊണ്ടു് അഗ്നിയിൽനിന്നു് എന്റെ ജീവ
നെ വീണ്ടുകൊള്ളേണമേ!

൰൪. എന്റെ ഉപദേശങ്ങൾ പരിശുദ്ധമെങ്കിലും എന്റെ ന
ടപടികൾ കൊള്ളരുതാത്തവ ആയിരുന്നു. എന്റെ ശിഷ്യന്ന് എ
ന്നാൽ പ്രയോജനമുണ്ടായി എങ്കിലും ഞാൻ എനിക്കു പ്രയോജ

www.malankaralibrary.com

നം ഇല്ലാത്തവനായിപ്പോയി. കർത്താവേ! സ്വർഗ്ഗീയമണവറയിൽ പ്രവേശിപ്പാനുള്ള വാതിൽ ഞാൻ ആരാഞ്ഞില്ലെങ്കിലും, എൻെറ അനുതാപം നിന്നെ പ്രസാദിപ്പിച്ചിട്ട് നിൻെറ സ്വർഗ്ഗരാജ്യം എനിക്കു തുറന്നുതരേണമേ!

ഇങ്ങനെ പള്ളിഅകത്ത് എത്തി മൃതശരീരം, കൊണ്ടുവന്ന ശവമഞ്ചത്തോടുകൂടെ, വിശുദ്ധ മദ്ബഹാമുൻപാകെ ഇറക്കിവച്ച്, താഴെ എഴുതിയിരിക്കുന്ന എട്ടു തെശ്മ്ശുത്താകളിൽ മൂന്നാം അഞ്ചാം, മനസ്സുപോലെ മുഴവനുമോ, ശുബഹോലാബോമുതൽ ആരംഭിച്ച് ക്രമംപോലെ തികച്ചശേഷം, നിയമവും ക്രമവും അനുസരിച്ച് പഴയ, പുതിയ നിയമങ്ങളിൽനിന്നുള്ള വായനകളും മൂന്നാം ത്രഘോഷണവും, യാത്ര പറച്ചിലും കഴിഞ്ഞ് പട്ടക്കാരും മേല്പട്ടക്കാരുമെങ്കിൽ കൈമുത്തിനുശേഷം സൈത്ത് എണ്ണ ഒഴിച്ച് പൊതിഞ്ഞ് സംസ്കരിക്കണം.

## ഒന്നാം ശുശ്രൂഷ

ദൈവമേ! നീ പരിശുദ്ധനാകുന്നു എന്നു ആരംഭിച്ച് ഒരു കൗമാ പ്രാർത്ഥിച്ചശേഷം.

പട്ടക്കാരൻ:—ശുബ്ഹൊ................

പ്രതിവാക്യം:—ബലഹീനന്മാരും പാപികളുമായ് ഞങ്ങളുടെമേൽ തൻെറ അനുഗ്രഹങ്ങളും മനോഗുണവും രണ്ടുലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ. ആമ്മീൻ.

## സ്ലൂസൊ

പട്ടക്കാരൻ:—കർത്താവെ! ഞങ്ങളെ വേർപെട്ടുപോന്നിരിക്കുന്ന ഈ നിൻെറ വിശുദ്ധകർമ്മാനുഷ്ഠാനകനെ, ആചാര്യന്മാരുടെ സൗഭാഗ്യസ്ഥലത്തും, പ്രത്യേകം ഒരുക്കിയിരിക്കുന്ന അനുഗ്രഹഭവനങ്ങളിലും വിശ്രമിപ്പിക്കയും; ഞങ്ങളുടെ കർത്താവും ദൈവവുമേ! പ്രകാശമുള്ള ഭവനങ്ങൾക്കും, വിശുദ്ധന്മാരുടെസംഘങ്ങൾക്കും, നിന്നിൽ കൂടെ എന്നേക്കും തിരുനാളാഘോഷിച്ച് ഉല്ലസിക്കുന്നവരോടൊരുമിച്ചുള്ള അവകാശത്തിനും, യോഗ്യനാക്കുകയും ചെയ്യേണമേ! ഹോശോവബ്ക്കുൽസ്ബാൻല്ഒൽമ്മീൻ.

ജനം:—ആമ്മീൻ.

www.malankaralibrary.com

51-ാം സങ്കീർത്തനം—ദൈവമേ! നിൻെറ കൃപയിൻപ്രകാരം. ഇത്യാദി.

എനിയോനോ (ഏമ്മോദ്കീദസം)

പ്രിയരേ! നിങ്ങളെ പിരിഞ്ഞുപോകുന്ന ഞാൻ, ചെന്നെന്നെ അംഗീകരിപ്പാനായിട്ട എനിക്കുവേണ്ടി പ്രാൎത്ഥിപ്പീൻ. ദൈവമേ! ഞങ്ങളുടെമേൽ അനുഗ്രഹംചെയ്യണമെ.

മൺമയന്മാരെ തൻെറ മണവറയുടെ അവകാശികളായി തിരഞ്ഞെടുത്തു് നിയോഗിച്ച മ്ശിഹാതമ്പുരാൻ വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവമേ! ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ.

വിശുദ്ധസഭയേ! പരിശുദ്ധബലിപീഠം പിരിഞ്ഞുപോയ ഈ പുരോഹിതനുവേണ്ടി അപേക്ഷിക്കണമേ. ദൈവമേ...

നിത്യപ്രധാനാചാൎയ്യനാകുന്ന മ്ശിഹാതമ്പുരാനേ! നിൻെറ മണവറയിൽ നിന്നോടൊരുമിച്ച് ഈ ആചാൎയ്യൻ സന്തോഷിക്കേണമേ. ദൈവമേ.....

കൎത്താവേ! സൎവ്വരഹസ്യവും വെളിപ്പെടുന്ന സമയത്തു്, നിൻെറ ദയയിൻ ചിറകുകളാൽ, നിൻെറ ആചാൎയ്യനെ മറച്ചുകൊള്ളേണമേ! ദൈവമേ.....

ഉടയവനേ! നീ, അന്നു ന്യായാസനസ്ഥനാകകൊണ്ടു് നിൻെറ എഴുന്നെള്ളത്തുദിവസം ഭയാനകമാകുന്നു. ദൈവമേ!......

ഞങ്ങളുടെ സഹോദരാ! നിൻെറ ജീവിതകാലത്തിൽ നീ ആശിച്ചിരുന്ന ജീവദേശമായ തുറമുഖത്തു് ഇതാ, അടുത്തിരിക്കുന്നു. ദൈവമേ!...............

കൎത്താവേ! നിൻെറ ന്യായാസനത്തിങ്കൽ, നീതിമാന്മാരും, നീതികെട്ടവരുമായ ഇരുഭാഗക്കാരും നിൻെറ വിധിതീൎപ്പ് നീതിയോടുകൂടിയതെന്നു് ഒരുമിച്ച് അട്ടഹസിക്കും ദൈവമേ........

സ്ളീബായാൽ തൻെറ തിരുസഭയെ രക്ഷിച്ച പുത്രാ! നിന്നെ വിശ്വസിച്ച ഏററുപറഞ്ഞിരിക്കുന്ന തിരുസഭയുടെ പ്രജകൾ, നിന്നാൽ പുണ്യം പ്രാപിക്കുമാറാകണമേ! ദൈവമേ!..........

ജനം—ബാറെക്മോർ.

പട്ടക്കാരൻ:—ശുബ്ഹൊ...............

ജനം:—മെനഓലംവാദാംമെല്ലഓലംഓൽമ്മീനാമ്മീൻ.

സഭയും, തൽപ്രജകളും, ഒരുമിച്ച മുട്ടുകുത്തി പിതാവിനേയും, പുത്രനേയും പരിശുദ്ധാത്മാവിനേയും വന്ദിക്കുമാറാകണമേ. ദൈവമേ!...........

www.malankaralibrary.com

കുക്ക്ലിയോൻ സങ്കീൎത്തനം 25:1—5.

കൎത്താവെ! നിങ്കലേക്ക ഞാൻ എന്റെ ആത്മാവിനെ ഉയൎത്തി എന്റെ ദൈവമേ! ഞാൻ നിന്നിൽ ശരണം വച്ചിരിക്കുന്നു. ഞാൻ ലജ്ജിച്ചുപോകരുതെ! എന്റെ ശത്രുക്കൾ എന്റെ നേരേ പ്രശംസിക്കുകയും അരുതേ! നിന്നെ ആശ്രയിക്കുന്നവരാരും ലജ്ജിക്കുകയില്ല. അന്യായക്കാർ അവരുടെ വ്യൎത്ഥതനിമിത്തം ലജ്ജിക്കും, കൎത്താവെ! നിന്റെ വഴികൾ എനിക്ക കാണിച്ചുതരേണമേ നിന്റെ ഊടുവഴികൾ എന്നെ അറിയിക്കേണമേ! നിന്റെ സത്യത്തിൽ ക്കൂടി എന്നെ നടത്തി പഠിപ്പിക്കുകയും ചെയ്യേണമേ! ബാറക്മോർ.

പട്ട:—ശുബ്ഹൊ.......... ജനം:—മെന്ഓലം............

എക്ബോ.

ദൈവമേ ഉദരത്തിൽനിന്നുതന്നെ നിനക്ക അൎപ്പിക്കപ്പെട്ട്, വൈദികശുശ്രൂഷ ചെയ്ത മഹാത്മാശ്മൂയേലിനോടു ഈ പട്ടക്കാരൻ സമനായി തീൎന്നു നിന്നെ ശുശ്രൂഷിച്ചതുകൊണ്ടു് ഇവന് അനന്തഭാഗ്യം പ്രതിഫലം നൽകേണമേ! നീ എറമിയായെ പരിശുദ്ധാത്മാവിനാൽ തിരഞ്ഞെടുത്തു് ശുദ്ധീകരിച്ചശേഷം, ജനം ആ പ്രവാചകനേ കൊലപ്പെടുത്തിയപ്പോൾ പരിശുദ്ധ ശുശ്രൂഷകരായ വൈദികന്മാൎക്ക വാഗ്ദത്തം ചെയ്തിരിക്കുന്ന സൗഭാഗ്യങ്ങളിലേക്ക് അവനെ എടുത്തുകൊണ്ടല്ലൊ. സ്തൗമൻ കാലസ് കുറിയേലായിസ്സോൻ.

# പ്രൂമിയോൻ

പട്ടക്കാരൻ:—നാമെല്ലാവരും പ്രാൎത്ഥിച്ച കൎത്താവിനോടു അനുഗ്രഹങ്ങളും മനോഗുണവും യാചിക്കണം.

പ്രതിവാക്യം:—അനുഗ്രഹിക്കുന്നവനായ കൎത്താവെ! ഞങ്ങളുടെമേൽ അനുഗ്രഹിച്ച് ഞങ്ങൾക്കു സഹായിക്കേണമേ!

പട്ടക്കാരൻ:—സ്തുതിയും, സ്തോത്രവും, പ്രഭയും, പുകഴ്ചയും മാഞ്ഞുപോകാത്തതായ നല്ല ഉന്നതിയും എല്ലായ്പോഴും സദാനേരത്തിലും, ഇടവിടാതെ കരേറുവാൻ ഞങ്ങൾ യോഗ്യരായി തീരേണമേ! തന്റെ മഹൽസ്ഥാനത്തെ ശുശ്രൂഷിപ്പാൻ തനിക്കാചാൎയ്യന്മാരെ നിയോഗിച്ച മഹാ പ്രധാനാചാൎയ്യനും, തന്റെ പരിശുദ്ധക്രമദാശകൾ അനുഷ്ഠിപ്പാൻ ഭൎത്മ്യരെ നിയമിച്ചാക്കുവാൻ തിരുമനസ്സായ സൽഗുണങ്ങളുടെ ഉടയവനും, നിസ്സാരന്മാരായ മൺ

www.malankaralibrary.com

മയന്മാരിൽനിന്നു്, തന്റെ ദിവ്യക്രൂദാശകൾക്കു് ശുശ്രൂഷകന്മാരെ തെരഞ്ഞെടുത്തു് നിയമിച്ച ആചാര്യനും, പുരോഹിതശ്രേഷ്ഠനും, തന്റെ തൃക്കൈകൾ സൃഷ്ടിച്ച മൺമയന്മാരാൽ ശുശ്രൂഷിക്കപ്പെട്ടുവാൻ തിരുവിഷ്ടം തോന്നിയവനായി മാലാഖമാർ ദൂരെ നോക്കി കാണ്മാൻ ആഗ്രഹിച്ചിരുന്ന സ്വർഗ്ഗീയ രഹസ്യവും ആയവനു സ്തുതി. തന്റെ ആചാര്യന്റെ ഈ ശവസംസ്കാരശുശ്രൂഷസമയത്തും, എല്ലാ പെരുനാളുകളിലും, നേരങ്ങളിലും, നാഴികകളിലും, കാലങ്ങളിലും, ഞങ്ങളുടെ ആയുഷ്കാലം മുഴുവനും സ്തുതിയും, ബഹുമാനവും, വന്ദനവും, തനിക്കു യോഗ്യമാകുന്നു. ബ്കുലഹൂൻ യൗമ്മോസോദ്ഛായെൻല്ല ഒൽമീൻ ആമ്മീൻ.

## സെദറൊ

പട്ടക്കാരൻ:-തന്റെ അദൃശ്യതയിൽ മറവായിരിക്കുന്നവനും, കൃപയിൽ സീമാതീതനും ആയ, സൂക്ഷ്മവും, സ്ഥൂലവും ആയ, സർവ്വഗണങ്ങളുടേയും നാഥാ! ശാരീരികചിന്തകളാൽ ബന്ധിതരും, മൺമയന്മാരും, നിസ്സാരന്മാരും ആയ ഞങ്ങളെ, ആത്മമയന്മാരും, അഗ്നിമയന്മാരും ആയ മാലാഖമാരുടെ കൂട്ടങ്ങൾക്കും, വാനവഗണങ്ങൾക്കും അദൃശ്യമായിരിക്കുന്ന ജീവപ്രദങ്ങളായ രഹസ്യങ്ങൾ ശുശ്രൂഷചെയ്‌വാൻ ഞങ്ങളോടും നിന്റെ പ്രജാവാത്സല്യം നിമിത്തം, നീ തെരഞ്ഞെടുത്തു ക്രമപ്പെടുത്തി. ഞങ്ങളോടു ഒരുമിച്ചു ശുശ്രൂഷിച്ചും, ത്രിതജപങ്ങളാൽ സ്തുതിചെയ്തും, തങ്ങളുടെ കൈകളിൽനിന്നു ആഘോഷിക്കുവാൻമാലാഖമാർ സാമോദം, അതിവാഞ്ഛയോടിരിക്കെ, ആ വിശുദ്ധരഹസ്യങ്ങളിൽക്കൂടെ നിരന്തരം നിന്നെ ശുശ്രൂഷിപ്പാൻ നീ ഞങ്ങൾക്കു ആജ്ഞനൽകിയിരിക്കുന്നു. ഞങ്ങളെ നീ അനുഗ്രഹിച്ചിരുത്തിയ മാന്യസ്ഥാനത്തുനിന്നു്, ഞങ്ങളുടെ ആദ്യപിതാവിന്റെ കൽപ്പനലംഘനവും, അനുസരണക്കേടും നിമിത്തം ഞങ്ങൾ അധഃപതിക്കയും, കഠിനമരണത്തിന്റെ നിർബന്ധ പാനപാത്രം ആസ്വദിച്ചുറിയുകയും. ഇങ്ങനെ ശവക്കല്ലറയിലെ നാശത്തിലേക്കു് ചെന്നുകയറി, മരണത്തിന്റെ അപഹാരക്കാറ്റുകൾ ഏറ്റു തളർന്നു്, രാക്ഷസമായ മരണാധീനതയിൽ കുറച്ചുകാലം കെണിപ്പെട്ടു്, അടിയുകയും ചെയ്തു. ഇതിനാൽ കർത്താവെ! ഞങ്ങൾ നിലവിളിയോടും, സങ്കടത്തോടും, നെടുവീർപ്പുകളോടുംകൂടി നിന്റെ ആദ്യന്തമില്ലാത്ത കരുണകളോടു് അപേക്ഷിച്ചു പ്രാർത്ഥിക്കുന്നു. നിന്റെ ഭാവിരാജ്യമുദിക്കുകയും, നിന്റെ പരാക്രമത്തിൻ ഭയങ്കരത്വം, ന[illegible]സനത്തിൽ ന്യായവിധിക്കായി ആസന്നമാകുക

www.malankaralibrary.com

യും, എല്ലാവർക്കും നീതിയായും, സത്യമായും, പ്രതിഫലം കൊടുക്കുകയും ചെയ്യുമ്പോൾ, കർത്താവേ! നിൻെറ അധികാരത്തിന്നു പ്രീതിയോടെ പരികർമ്മി ഈ ദാസനെ നിൻെറ ന്യായത്തീർപ്പിനാൽ ശിക്ഷിച്ചു വിധിക്കരുതെ. അനേകരേയും, പരിശുദ്ധാത്മദാനങ്ങളാൽ ധന്യരാക്കുകയും, നിന്നെ തിരിച്ചറിയിക്കുന്ന ജ്ഞാനംകൊണ്ടു് പ്രകാശിപ്പിക്കുകയും ചെയ്ത ഈ ദാസൻ, അന്ധകാരനിവാസിയായി കാണപ്പെടരുതെ! നിൻെറ വിശുദ്ധ കർബാനകൊണ്ടു വെടിപ്പായി ശുദ്ധീകരിക്കപ്പെട്ട വായ്, അഗ്നിക്കടിഞ്ഞാണിനാൽ ബന്ധിക്കരുതെ. പരിശുദ്ധാത്മാവിൻെറ പാട്ടുകളെ ഉച്ചരിച്ചുകൊണ്ടിരുന്ന നാവിനെ കാളുന്ന അഗ്നിയിൽ ദഹിപ്പിച്ചുകളയരുതെ. എല്ലാ രാപകലുകളിലും ഉദയാസ്തമനങ്ങളിലും, ഹാലേലൂയ്യാ പാടി ഉണർവോടെ നിന്നെ സ്തുതിച്ചുപോന്നവൻ അരിഷ്ടതകളേറവു് അതിദുഃഖകരമായ സങ്കടശബ്ദങ്ങളാൽ പ്രലപിക്കുവാനോ, നിത്യാഗ്നയിൽ അതിവേദനപ്പെടുവാനോ സംഗതിയാകരുതു്. ഈ ആത്മീയഗായകൻ, കരച്ചിലു, ദീർഘശ്വാസങ്ങളും മൂലം ഊമനാകരുതെ! നിൻെറ അദൃശ്യകാര്യങ്ങളെ വീക്ഷണംചെയ്തും, നിൻെറ രഹസ്യങ്ങളിൽ നോക്കിയും ഇരുന്ന കണ്ണുകൾ, കരിന്പുകയാൽ കുരുടാക്കപ്പെടരുതെ! നിൻെറ പരിശുദ്ധമദ്ബഹായിൽ ചവുട്ടിനടന്ന കാലുകൾ, അഗ്നിക്കട്ടിലുകളെ സ്പർശിക്കുമാറാകരുതെ! നിന്നിൽനിന്നു ഓഹരി പ്രാപിച്ചിരുന്ന ഈ ശരീരത്തെ അഗ്നിക്കും, പുഴുവിനും, ഓഹരിയാക്കിത്തള്ളരുതെ തൻെറ മാധുര്യഗാനങ്ങളാൽ നിന്നെ അനുകൂലമാക്കിയും, പരിശുദ്ധഗീതങ്ങളാൽ നിന്നെ പുകഴ്ത്തിയും, നിൻെറജനത്തിലേക്കു് നിൻെറ ദയാദൃഷ്ടിയെ തൻെറ ധൂപവാസനയും, സ്തുതിപ്പുകളുംകൊണ്ടാകർഷിച്ചും വന്നിരുന്നവനെ സ്വർഗ്ഗീയകടിഞ്ഞൂലുകളുടെ സഭയിൽ നിന്നു് ഭ്രഷ്ടനാക്കരുതെ! എന്നാലോ കർത്താവേ! ഈ ആചാര്യനെ കരുണാകടാക്ഷത്താൽ വിളിച്ചു നിൻെറ സന്നിധിയിൽ ചേർത്തു നിറുത്തേണമേ! ഈ വൈദികനെ ആത്മീയരുടെ കൂട്ടത്തിൽ ഗണിക്കേണമേ! മാലാഖമാരുടെ നിരയിൽ ചേർക്കേണമേ! നിന്നെ സ്തുതിച്ചുകൊണ്ടിരിക്കുന്നവരുടെ പംക്തിയിൽ യോജിപ്പിക്കേണമേ. പരമനിധികളാൽ സന്തോഷം നൽകേണമെ. അനന്തമായ ആനന്ദങ്ങളിൽ നിമഗ്നനാക്കേണമേ. നിൻെറ കിരീടധാരിയായ സഭയിൽ ഇവനെ വസിപ്പിച്ചുകൊണ്ടു് ആത്മപുഷ്ടികളിൽ അനുഭവിപ്പിക്കേണമെ, ആത്മീയരായ നിൻെറ കടിഞ്ഞൂലുകളുടെ പദവിയിലേക്കു് ഇവനെ ഉയർത്തേണമേ. കർത്താവെ അവരോടൊന്നിച്ചു് ഞങ്ങളും നിനക്കും, നിൻെറ പിതാവിനും, നിൻെറ പരിശുദ്ധറൂഹാക്കും സ്തുതിയും സ്തോത്രവും കരേറുമാറാക

www.malankaralibrary.com

ണമെ. ഫോശോവബ് ക്കലസ് ബാൻല്ല ഒൽമീൻ ദൈവത്തിൽ നിന്നു കടങ്ങൾക്കു പരിഹാരവും. പാപങ്ങൾക്കു മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ

കോറലോകൾ (ക്രൂരക്കാദയം)

എനിക്കു ആചാര്യത്വവും, ശുശ്രൂഷയും, ത്യജിക്കാവുന്നതല്ല എന്തെന്നാൽ ആചാര്യത്വം, ദിവ്യവും ശുശ്രൂഷ ദൈവികവും ആകുന്നു. ആകയാൽ നെസ്തോർ, അറിയോസ്, മക്ക്ദോനിയോസു ദുഷ്ടനായ ലേയോൻ, ഉറഹായിലെ ഈഹ ബോ, ശ്മിശാത്ത് കാരൻ പൗലോസ് സീബിനിലെ ബർസൌമേ, എന്നിവരും, ഇവരുടെ സർവോപദേശങ്ങളും ഇവരെ അനുഗമിക്കുന്ന എല്ലാവരും ശപിക്കപ്പെട്ടവരാകുന്നു.

എറമിയായേ! ഉറങ്ങുന്നതെന്തു്! നിദ്രവെടിഞ്ഞു് ഉണരുക. നീ വിലപിച്ചു പണ്ടത്തെ പ്രലാപങ്ങളുമായിവന്നു്, ഭൂവാസികൾ മരിച്ചൊടുങ്ങുന്നതിനാൽ ഭൂതലത്തേയും ആചാര്യന്മാർ ദേഹവിയോഗം ചെയ്തു് ഇല്ലാതാകുന്നതിനാൽ, അവരുടെ സഭകളേയും തങ്ങളുടെ ജീവകാലത്തിൽ തൃപ്തിയടയാതെ പോയതുകൊണ്ടു് മണവറദമ്പതികളേയും ഓർത്തു കരയുക. അവസാനകാലം ആസന്നമായിരിക്കുന്നതിനാൽ ഈ തലമുറയും എനിക്കു തുല്യമായിരിക്കുന്നു. ബാറക് മോർ.

പട്ടക്കാരൻ:—ശുബ്ഹൊ...........

തന്റെ പ്രിയരുടെ നിര്യാണം തിരുസന്നിധിയിൽ വിലയേറിയതെന്നു് നോബ് പർവതത്തിൽവച്ചു് മൂശയുടെ കബറടക്കം കൊണ്ടു് തെളിയിച്ചരുളിയ ദൈവമേ! തിരുസഭയെ കാത്തുപാലിക്കേണമേ. നിന്റെ തിരുവിഷ്ടത്താൽ ഞങ്ങളിൽനിന്നു വേർതിരിച്ചിരിക്കുന്ന ഈ സഹോദരനു് നീ സദയം അനുയാത്രകനായിരുന്നു് അവസാനനാളിൽ ഭയങ്കര ന്യായവിധിയിൽനിന്നു് ഇവനെ രക്ഷിക്കേണമെ. നിന്റെ ദാസൻ പാപമോചനം പ്രാപിച്ചു്, കർത്താവെ! നിന്നെ സ്തുതിക്കുമാറാകേണമേ.

ജനം:—മെനഓലം..............

ഹേ, ഞങ്ങളെ പിരിഞ്ഞുപോകുന്ന വിശുദ്ധ പട്ടക്കാരാ! നീ സമാധാനത്തോടെ പോക. എന്തെന്നാൽ നിന്നെ ആളയച്ചു വിളിച്ചിരിക്കുന്ന ദൈവം നിന്നെ അനുഗ്രഹിക്കുകയും, പരിശുദ്ധ ശരീരവും, രക്ഷയുടെ പാനപാത്രമാകുന്ന ജീവൻ നൽകുന്ന രക്തവും

www.malankaralibrary.com

നീ പൂജിച്ചിരുന്നതിനാൽ "കത്താവെ! നിനക്കു സ്തുതി"യെന്നു ആത്ത്കൊണ്ടു തന്റെ വലത്തുഭാഗത്തു നിൽക്കുവാൻ ഭയങ്കരന്യായതീർപ്പുസമയം നിനക്കു അനുമതി ലഭിക്കുകയും ചെയ്യും.
മൊറിയൊറാഹെ.........

## എത്രോ

കത്താവെ! വ്യാകുലസമ്പൂൎണ്ണമായ ഈ ലോകത്തിൽനിന്നു വേർതിരിഞ്ഞുപോയ ഈ നിന്റെ ദാസനായ ആചാര്യന്റെ ആത്മാവിനെ, ആനന്ദസ്ഥലത്തു ചെന്നെത്തുവാൻ തക്കവണ്ണം നിന്റെ മാലാഖമാർ വഴിനടത്തുമാറാകണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമെ! ഈ ആത്മാവു ഉയർപ്പുനാൾവരെ അവിടെ ആനന്ദിച്ചുകൊണ്ടു ആഹ്ലാദത്തോടുകൂടെ നിന്നെ എതിരേൽക്കുമാറാകണമെ. ഫോശോ......
ജനം:— ആമ്മീൻ.

വേറൊരു കോലാ (മറിയം യൽദാസാലോഹൊ)

ദൈവസന്നിധിയിൽ, നീതിമാന്മാരുടെ മരണം വിലയേറിയതും, അവരുടെ ഓർമ്മദിവസം പ്രസാദകരവും ആകുന്നു "കടന്നുവന്നു സ്വൎഗ്ഗം അനുഭവിച്ചുകൊൾവിൻ" എന്നവരോടു മ്ശിഹാരാജാവു അരുളിച്ചെയ്‌വാനിരിക്കുന്നതുകൊണ്ടു, അവർ ഭാഗ്യവാന്മാരുമാകുന്നു.

സിംഹംപോലെ പാഞ്ഞുവരുന്ന മരണത്തെനോക്കി മോശ ദുഃഖിച്ചുകൊണ്ടു മനോധൈര്യത്തോടെ പറഞ്ഞു. ഹേ: മരണമേ! നിൽക്ക, ദീർഘസംവത്സരങ്ങളായി അദ്ധ്വാനിച്ചു ക്ഷീണിച്ചിരിക്കുന്ന ഈ വയോധികനോടു നീ എന്തു ഭാവിക്കുന്നു എന്നു ഞാൻ നോക്കട്ടെ. ബാറെക് മോർ.

പട്ടക്കാരൻ:— ശുബഹൊലാബോ.............

കിണററിലെ ചെളിമണ്ണിൽ ജനം മറച്ചുവെച്ചിരുന്ന വിശുദ്ധ അഗ്നി, ആ നിലയിൽ എഴുപതുസംവത്സരം ഇരുന്നിട്ടും കെട്ടുപോകാതെ ലഭിച്ചെങ്കിൽ ദൈവപുത്രന്റെ തിരുശരീരമാകുന്നഅഗ്നി ആദാമ്യ ശരീരത്തെ പുനർജ്ജീവിപ്പിച്ചു നവീകരിപ്പാൻ എത്ര എളുപ്പമാകുന്നു. മെന്ഓലം......

കത്താവെ! നിന്റെ ആജ്ഞയാൽ മരണം വാഴ്ച ഏറെറങ്കിലും, ആ ശപിക്കപ്പെട്ട അധികാരം, നിന്റെ പുനരുത്ഥാനത്താൽ

www.malankaralibrary.com

മായിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു് നിനക്കുസ്തുതി, കർത്താവെ! നീ മൺമയനായ ആദാമിന്റെ സൃഷ്ടിയെ എല്ലായിടത്തുനിന്നും ഒരുമിച്ചു കൂട്ടിച്ചേർക്കുന്നതിനാൽ എല്ലാ വായ്കളിൽനിന്നും നിനക്കു സ്തുതി കരേറുമാറാകട്ടെ.

ഉസനിസോം (പറുദൈസാ)

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ! പുനരുത്ഥാനനാളിൽ നിന്റെ സൃഷ്ടിയെ പുത്തനാക്കേണമേ. നിന്റെ രാജ്യത്തിൽ ആത്മശരീരങ്ങൾ ഒന്നിച്ചാനന്ദിക്കുമാറാകേണമേ!

വരുവിൻ; മരണത്താൽ ക്ഷയിച്ചുഴുകി ഇരുളടഞ്ഞ അധോഭവനത്തിൽ കുന്നുകുന്നായി കൂടികിടക്കുന്ന ശവക്കൂട്ടങ്ങളെ കടന്നു നോക്കുവിൻ. ചിതലിനും പുഴുവിനും കൂട്ടുകളായിതീർന്നിട്ടു് സംഭ്രമജനകമായികിടക്കുന്ന അസ്ഥിക്കൂട്ടങ്ങൾ നിഗളിയെ ശാസിക്കുന്നതായും, ക്ഷണഭംഗുരമായ മായകളാൽ തെററിപോയവനെ അധിക്ഷേപിക്കുന്നതായും ലക്ഷീകരിക്കുന്നു.

സൗഭാഗ്യരായിരുന്ന ദമ്പതികൾ സർവ്വ ഐശ്വര്യവുംനശിച്ചു്, തീഞ്ഞഇലകൾ കൂട്ടി ഉടുത്തുകൊണ്ടു്, ഏദനിൽനിന്നു കടന്നുപോരുകയിൽ പരസ്പരം നോക്കി വിലപിച്ചുപറഞ്ഞു്! നന്മയുടെ നാഥനായവൻ ഇതാർക്കുനൽകും? അന്യനുകൊടുത്തേക്കുമോ? നമുക്കുതന്നെ തിരിച്ചുതരുമെന്നു വരുമോ?

ആദാം വിലപിച്ചു് അപേക്ഷിച്ചു, കർത്താവേ! എന്നെ നീ പുറത്താക്കി പറുദീസാ അടച്ചുപൂട്ടിയാലും. എന്നെ അന്വേഷിച്ചു വരുവാൻ നിന്റെ കരുണയെ തടയരുതെ രക്ഷിതാവേ! എന്റെ അവയവങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന നിന്റെ തിരുശരീര രക്തങ്ങൾ പറുദീസാ തുറക്കുന്ന താക്കോലായിരിക്കകൊണ്ടു്, അടയ്ക്കപ്പെട്ട വാതിൽ ന്യായവിധിസമയം എനിക്കു് തുറക്കപ്പെടുവാറാകണമേ.

നിഷ്പ്രയാസം മനുഷ്യരെ കരുക്കുവാൻ ശക്യമായ സൂത്രകെണികളാൽ ദുഷ്ടാ! ഉപായത്തോടെ നീ എനിക്കു് കുടുക്കുവച്ചു. ഞാൻ നിന്റെ കണികളെക്കുറിച്ചു് ഗാഢമായി ആലോചിച്ചു മനസ്സിലാക്കി. സൂത്രമായ നിന്റെ ഇര ചതിവേറിയതും മാർദ്ദവമായ നിന്റെ വീശാൽ ബലഹീന നാട്യവും സന്നദ്ധമായ നിന്റെ ദുർയത്നം നിരന്തരവും ആകയാൽ അവ വിട്ടൊഴിയുവാൻ എനിക്കു് പ്രാപ്തിയുണ്ടായില്ല. ആകയാൽ നിന്നെ ത്യജിച്ചു് ജീവിക്കുന്നവനെല്ലാം സന്തോഷിക്കും.

www.malankaralibrary.com

കർത്താവെ! നിൻെറ കരുണകളാൽ ഭൂലോകത്തിനും അതിലെ നിവാസികൾക്കും ക്ഷേമം നൽകണമേ! അകന്നുപോയവരെ തിരിയെ വരുത്തണമേ, സമീപസ്ഥന്മാരെ കാത്തുകൊള്ളേണമേ, പീഡിതരെ സഹായിക്കേണമേ! ദുഃഖിതരെ ആശ്വസിപ്പിക്കേണമേ, നിൻെറ ആർദ്രകരുണകളാൽ ദരിദ്രരെ പുലർത്തേണമേ, നിൻെറമേൽ ശരണപ്പെട്ടുകൊണ്ടു് ആയുഷ്കാലം തികച്ച ഈ ഞങ്ങളുടെ സഹോദരൻെറ ആത്മാവിനെ സ്വർഗ്ഗീയ ഊർശ്ലേമിൽ ആശ്വസിപ്പിക്കേണമേ.

പിതാവേ! നിൻെറ തിരുസന്നിധിയിലെ ഈ ആരാധകൻ നിൻെറ പരിശുദ്ധന്മാർക്കായി ഒരുക്കപ്പെട്ടിരിക്കുന്ന രാജ്യത്തിൽനിന്നു് ഒരിക്കലും വിരോധിക്കപ്പെടരുതെ. നിൻെറ പരിശുദ്ധ തിരുശരീരം എഴുത്തു്, പെരുമാറിയിരുന്ന ഇരുകൈകളും, നിൻെറ തിരുരക്തംകൊണ്ടു പുണ്യമാക്കപ്പെട്ട വായ്കളും നിന്നെ കവളത്തടിച്ചു് ക്രൂശിച്ചവരെപ്പോലെ നരകാഗ്നിയിൽ പൊരിയുമാറാകരുതെ. കർത്താവെ! ഞങ്ങളുടെ മൃതന്മാരുടെ പേരുകൾ, സ്വർഗ്ഗീയ ഊർശ്ലേമിൽ കരുണാപൂർവ്വം എഴുതി എന്നേക്കും അവർക്ക് ഓർമ്മനൽകേണമെ. ഉയരത്തിൽനിന്നു അറിയിപ്പാനകാഹളം ധ്വനിക്കുമ്പോൾ അവർ നിൻെറ വിശുദ്ധന്മാരുടെ സംഘങ്ങളിലും, ആനന്ദസ്ഥലത്തും, സന്തോഷപൂർണ്ണമായ മണവറയിലും എത്തി നിൻെറ വലത്തുഭാഗത്തുനിന്നു സ്തുതി പാടുമാറാകേണമേ!

### മോർ യാക്കോബിൻെറ ബോവൂസോ.

ദൈവപുത്രാ! അനശ്വരമായ സ്വർഗ്ഗരാജ്യത്തിൽ വിശുദ്ധന്മാരോടും, നീതിമാന്മാരോടുംകൂടെ നിൻെറ ആചാര്യനു വിശ്രമം നൽകേണമേ.

ശോഭയുള്ള ആചാര്യന്മാരേ! നിങ്ങൾ ക്ഷേമത്തോടെ ഇരിപ്പീൻ, നിങ്ങൾ വിശുദ്ധ മദ്ബഹായിൽ കയറിനിൽക്കുമ്പോൾ നിങ്ങളെ പിരിഞ്ഞിരിക്കുന്ന എനിക്കുവേണ്ടിയും പ്രാർത്ഥിപ്പീൻ. എൻെറ സഹോദരന്മാരേ! സ്നേഹിതരേ! സഹചാരികളേ! നിങ്ങൾ എല്ലാവരും സമാധാനത്തോടെ വസിപ്പീൻ. നിങ്ങളുടെ ഇടയിൽനിന്നു മരണം, ഞൊടിമാത്രകൊണ്ടു് എന്നെ വേർതിരിച്ചിരിക്കുന്നതിനാൽ ഇനിക്കുവേണ്ടി പ്രാർത്ഥിപ്പീൻ.

തിരഞ്ഞെടുക്കപ്പെട്ട ജനവും, രക്ഷപെട്ട കൂട്ടവുമേ! നിങ്ങൾ സമാധാനത്തോടെ വസിപ്പീൻ. കർത്താവു നിങ്ങളുടെ സകല കൂട്ടങ്ങളെയും കാത്തുരക്ഷിക്കുമാറാകട്ടെ. എനിക്കുവേണ്ടി പ്രാർത്ഥി

www.malankaralibrary.com

പ്പിൻ, എൻെറ ശിഷ്യരും: പരിചിതരുമായുള്ളോരേ! എന്നെ മറന്നുപോകരുതെ. നിങ്ങൾ പരിശുദ്ധാലയത്തിൽ കയറുമ്പോൾ എന്നെ ഓൎത്തുകൊള്ളേണമെ.

പ്രധാനാചാൎയ്യനും, മഹാപുരോഹിതശ്രേഷ്ഠനുമാകുന്ന മ്ശിഹാതമ്പുരാനേ! നിനക്കുസ്തുതി. നിൻെറ ക്രുദാശകൾ ശുശ്രൂഷിച്ച ഈ നിൻെറ ആചാൎയ്യനു പുണ്യം നൽകേണമേ.

പട്ടക്കാരുടെ കുക്കിലിയോൻ "ചാൎത്തുംനീതിയെ........" ചൊല്ലി

എല്ലാവരും ധൂപംവീശണം.

---

# രണ്ടാം ശുശ്രൂഷ

ദൈവമേ! നീ പരിശുദ്ധനാകുന്നു. ഇത്യാദി ഒരു കൗമ്മാ

## സ്ലൂസൊ

കൎത്താവെ! ഇന്നേദിവസം ഈ ലോകത്തിൽനിന്നു വിയോഗംചെയ്തു നിൻെറ അടുക്കൽ എത്തിയിരിക്കുന്ന ഈ നിൻെറ ശുശ്രൂഷകനായ (      ) ആചാൎയ്യനു പാപപരിഹാരവും കുററങ്ങളുടെ വിമോചനവും നൽകണമെ. നിൻെറ പുണ്യവാന്മാരായ ആചാൎയ്യന്മാരോടും നിൻെറ സ്നേഹിതന്മാരായ വിശുദ്ധന്മാരോടുംകൂടെ ആനന്ദമുള്ള പൎദീസായിൽ ഇവനു വിശ്രമം നൽകണമെ. ഹോശോവബ്ക്കുലസ്ബാനിലഒൽമീൻ ആമ്മീൻ.

കുക്കിലിയോൻ സങ്കീൎത്തനം 103:1–4

എൻെറ ആത്മാവെ കൎത്താവിനെ പുകഴ്ത്തുക, എൻെറസകല അസ്ഥികളുമേ അവൻെറ പരിശുദ്ധനാമത്തെ വാഴ്ത്തുവിൻ എൻെറ കൎത്താവിനെ വാഴ്ത്തുക. അവൻെറ സൎവ്വഉപകാരങ്ങളും മറക്കയുമരുതു്. എന്തെന്നാൽ അവൻ നിൻെറ അകൃത്യങ്ങൾ ഒക്കെയും വിമോചിച്ചു് നിൻെറ സൎവ്വരോഗങ്ങളും സുഖമാക്കുന്നു. അവൻ നാശത്തിൽനിന്നു നിന്നെ രക്ഷിക്കുന്നു. കൃപയും കരുണകളുംകൊണ്ടു് നിന്നെ താങ്ങുകയും ചെയ്യുന്നു. ബാറക്മോർ...

പട്ട:–ശുബ്ഹോ..................

www.malankaralibrary.com

എക്ബൊ

ദൈവമായ കർത്താവേ! സത്യവിശ്വാസത്തോടെ വൈദിക ധർമ്മങ്ങൾ അനുഷ്ടിച്ച് ആയുഷ്കാലം തികച്ചുപിരിഞ്ഞുപോന്നിരിക്കുന്ന ഞങ്ങളുടെ എല്ലാ ആത്മീയ പിതാക്കന്മാരേയും, സഹോദരന്മാരെയും നിൻെറ മഹോന്നതരാജ്യത്തെ മഹൽസ്ഥാനത്തേക്ക് ഉയർത്തണമെ. അവർ നിനക്കർപ്പിച്ചിരിക്കുന്ന സൗരഭ്യധൂപങ്ങളും, ആരാധനകളുംനിമിത്തം അവരുടെ കടങ്ങളും പാപങ്ങളും പരിഹരിക്കപ്പെട്ട പരിശുദ്ധ ആചാര്യന്മാരുടെ ഓഹരിക്കു അവകാശികളായി തീരുകയും സർവ്വോപരി ഉന്നതമായ നിൻെറ ദൈവത്വത്തെ, അവരുടെ കൂട്ടത്തിൽനിന്നു സ്തോത്രം ചെയ്യുകയും ചെയ്യുമാറാകണമെ.

തക്ശെപ്ത്തോ

പുനരുത്ഥാനനാളിൽ മരണം വിസ്മയകരമായി സംഹരിക്കപ്പെടുന്നതുകണ്ടു പാതാളം വിലപിക്കുന്നതെന്തെന്നാൽ മരണമെ! ഇതുവരെ എൻെറ ഭണ്ഡാരങ്ങൾ നിറയ്ക്കാതെ നിൽക്കുന്നതെന്ത്! നീ എനിക്കു തന്നിട്ടുള്ള രാജാക്കന്മാരെ തങ്ങളുടെ കിരീടങ്ങൾസഹിതം കൊണ്ടുവരിക. അവർ ഇതാ മണ്ണായിത്തീർന്നിരിക്കുന്നു. പൂർവ്വവീരന്മാരെക്കൊണ്ടുവരിക. ഇതാ അവർ ഇവിടെ വീണുകിടക്കുന്നു. എനിക്കു തന്നിട്ടുള്ള സ്നേഹമേറിയ മണവറ ദമ്പതിമാർ എവിടെ! അവർ ജീർണ്ണീഭവിച്ചിരിക്കുന്നു മണവാട്ടികളുടെ ചിത്രവേലയുള്ള കിരീടങ്ങൾ എനിക്കു എട്ടുകാലിവലപോലെ അറപ്പാകുന്നു. എന്നെ വിഷമിപ്പിച്ച ആചാര്യന്മാരെ, പള്ളികളിൽനിന്നു എനിക്കായി കൊണ്ടുവരിക. സുന്ദരന്മാരെയും ജ്ഞാനികളെയും ശാസ്ത്രജ്ഞന്മാരെയും തങ്ങൾക്കു ധനനാശം വരുത്തിയ ധനികന്മാരെയും എൻെറ അടുക്കലേക്കു കൊണ്ടുവരിക. രണനിപുണന്മാരിൽ ഉഗ്രനായ ഭയങ്കരനും സർവാത്ഭുത പ്രവൃത്തകനും ഉൽകൃഷ്ട വീരനാഥനും മരിച്ചവരുടെ ജീവദാതാവുമായ മ്ശിഹാരാജാവു എന്നെ സംഹരിക്കും.

## പ്രുമിയോൻ

പട്ടക്കാ:–നാമെല്ലാവരുംപ്രാർത്ഥി........പ്ര: വാ:–അനുഗ്രഹിക്കുന്നവ....

പട്ടക്കാ:–സ്തുതിയും സ്തോത്രവും.......

പട്ടക്കാരൻ:–ദിഷ്ടതിക്കാർക്കു തൻെറ ധനം വിഭാഗിച്ചുകൊടുപ്പാൻ മൺമയരിൽനിന്നു പട്ടക്കാരെ തെരഞ്ഞെടുത്ത് ശ്രീ

www.malankaralibrary.com

ഭണ്ഡാരത്തിന്മേൽ അധിപരാക്കുന്നവനായി പട്ടക്കാരെ അലം കൃതരാക്കുന്നവനും, പ്രധാചാൎയ്യന്മാരെ പരിപൂർണ്ണരാക്കുന്നവനും അവർ തനിക്കു തൃപ്തരായി തീർന്നതിനാൽ തന്റെ തിരുമുഖ പ്രകാശമേററ് ആനന്ദിച്ചുകൊള്ളുവാൻ തങ്കലേക്കു അവരെ ആനയിക്കുന്നവനും ആയവനു സ്തുതി തന്റെ ആചാൎയ്യന്റെ ഈശവം സംസ്കാരശുശ്രൂഷസമയത്തും എല്ലാപെരുനാളുകളിലും........

## സെദറാ

പട്ടക്കാരൻ:- സത്യപുരോഹിതശ്രേഷ്ഠനും വിശുദ്ധപ്രധാനാചാൎയ്യന്മാരെ ശുദ്ധീകരിക്കുന്നവനും ആയ ഞങ്ങളുടെ മ്ശിഹാ തമ്പുരാനെ! നീ വന്ദ്യമായ ആചാൎയ്യത്വം നിന്റെ വിശ്വാസജനത്തിനു കയ്യേൽപിച്ചു. അവരെ പരിശുദ്ധ സഭാമദ്ധ്യസ്ഥന്മാരും ഭവനാധികാരികളും അഭ്യുദയ കർമ്മശൂരന്മാരുമായിനിയമിച്ചുകൊണ്ട്, നിന്റെ മഹാശുദ്ധസ്ഥലത്തുകടന്നുവരുവാൻ യോഗ്യരാക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽക്കൂടെ നിന്റെ അടിയാരുടെ പാപങ്ങളും അകൃത്യങ്ങളും നീ പരിഹരിച്ചു അരുളുകയും ചെയ്തു. അവർക്കു ഈ ലോകാതീതങ്ങളായ സ്വൎഗ്ഗദാനങ്ങൾ പ്രദാനം ചെയ്തുകൊണ്ടു് അവർമുഖാന്തിരം അപ്പഴപ്പോൾ നിന്റെ ആചാൎയ്യസംബന്ധമായ ഇടവകകളിൽനിന്നു് വിവിധശിക്ഷകളും കോപസൂചകങ്ങളായ വഴികളും നീ നീക്കി വിരോധിക്കുകയും ചെയ്തുവല്ലോ. അവർ പരിശുദ്ധാത്മാവിനാൽ സമസ്തൈശ്വൎയ്യസൗഭാഗ്യങ്ങളിലും പരിശോഭിച്ചു്, നിന്റെ പരിലാളനമേററ് വിലസുന്നവരായിരിക്കെ, "നീ മണ്ണാകുന്നു, മണ്ണിലേക്കുതന്നെ തിരികെ ചേരും" എന്നു് ആദ്യപിതാവായ ആദാമിനു് ഉണ്ടായ വിധിത്തീർപ്പ് ഇവൎക്കും ബാധകമാക്കുവാൻ നിന്റെ വിശുദ്ധമാലാഖമാൎക്കു നീ ആജ്ഞനൽകി. അയ്യോ! ശബ്ദഭംഗിയുള്ള നന്ദുനിയാകുന്ന വായ് ഇതാ അടഞ്ഞു നിശബ്ദമായിപ്പോയി. ഹാ! മധുരഗാനംമുഴക്കുന്ന കുഴൽ ഇതാ തകൎന്നുപോയിരിക്കുന്നു. അതിനാൽ കൎത്താവെ! ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു, ഞങ്ങളുടെ നാഥന്റെ അടുക്കലേക്കു വിളിച്ചിരിക്കുന്ന ഈ പുരോഹിതനെ ആദിയും, അന്തവുമില്ലാത്ത ഭാഗ്യങ്ങൾക്കു് യോഗ്യനാക്കേണമേ. ഈ നിന്റെ ദാസൻ തിരുമുമ്പിൽ സമർപ്പിച്ചിട്ടുള്ള ദിവ്യപൂജകളാൽ ധന്യനും, പട്ടക്കാൎക്കും മാലാഖമാൎക്കും ചേർച്ചയുള്ള കൂടാരങ്ങളിൽ അപരിമിതഭാഗ്യങ്ങളാൽ പരിശോഭിതനുമായി കാണപ്പെടേണമേ. നിന്റെ പരിശുദ്ധന്മാരൊന്നിച്ചുള്ള പരമസന്തോഷം, നിന്റെ ആചാൎയ്യത്വത്തിന്റെ പ്രതിഫലമായി ഇവനു നൽകേ

www.malankaralibrary.com

ണമേ! യഥാത്ഥ പ്രധാനാചാര്യനായ മിശിഹാതമ്പുരാനെ, തിരു മുൻപിൽനിന്നു ഈ ദാസൻ ഏററുവാങ്ങീട്ടുള്ള വിലയേറിയ സ്വ ൎണ്ണനാണയങ്ങൾ ആദായസഹിതം തിരിച്ചുതന്നു്, മാലാഖമാരുടേ യും മർത്ത്യരുടേയും സമ്മേളനത്തിന്നു് അർഹനാകുവാൻ കൃപചെ യ്യേണമേ. സർവ്വദുഃഖങ്ങളിൽനിന്നും സങ്കടകരമായ കഷ്ടതകളിൽ നിന്നും ഇവനെ രക്ഷിക്കേണമേ! ഈ ദാസൻ നിൻെറ തിരഞ്ഞെ ടുക്കപ്പെട്ടവരുടെ ശോഭയാൽ പ്രശോഭിതനായിതീൎന്നു് ശ്ലീഹന്മാ രിൽ പ്രമുഖനായ മാർ പത്രോസിനോടു ഒരുമിച്ചു് നിന്നെ ഹല്ലേ ലൂയ്യാപാടി സ്തുതിക്കുകയും, ഇടിയുടെ പുത്രനായ മാർ യോഹന്നാ നോടൊന്നിച്ചു് സ്തോത്രംപാടി പുകഴ്ത്തുകയും, വിശുദ്ധ ശ്ലീഹ ന്മാരോടുകൂടെ സ്തുതിപാടുകയും ചെയ്തുകൊണ്ടു് പട്ടക്കാരുടെ കൂട്ട ത്തിൽ ശോഭിതനും ആചാര്യ അംശവസ്ത്രത്താൽ അലംകൃതനുമായി കാണപ്പെടുമാറാകണമെ. ഐഹികജീവിതത്തിൽനിന്നു നിര്യാ ണംചെയ്തിരിക്കുന്ന ഈ അവസരത്തിൽ അശുദ്ധാത്മാക്കളുടെ ബ ന്ധനത്തിൽനിന്നു് ഈ ദാസനെ കാത്തുകൊള്ളണമെ. ഞങ്ങളു ടെ കർത്താവേശുമ്ശിഹാ! നിൻേറയും സ്തുത്യർഹനും ഭാഗ്യശാലി യുമായ നിൻെറ പിതാവിൻേറയും; നിൻെറ വിശുദ്ധറൂഹായുടേ യും, കൃപയാൽ തിരുഹിതാനുവർത്തികൾക്കു് വാഗ്ദത്തംചെയ്തിരി ക്കുന്ന ആശ്വാസം, ഞങ്ങൾക്കും, ഈ പട്ടക്കാരനും ദാനംചെയ്യേണ മേ. ഹോശോവബ്ക്കുലസുബാൻല്ഒൽമീൻ. (ദൈവത്തിൽനിന്നു കടങ്ങൾക്കും.......) ആമ്മീൻ.

കോലോകൾ (ശ്ലോമ്മെലാംബൊ)

ശരീരത്തോടാത്മാവു യാത്രപറയുന്നു. ഇതാഞാൻ പിരിഞ്ഞു പോകുന്നു എങ്കിലും ദുഃഖിക്കരുതെ. സമാധാനത്തോടെ ഇരുന്നു പുനരുത്ഥാനദിനംവരെ വിശ്രമിച്ചു ആശ്വസിച്ചുകൊൾക. ജീവ നായകൻെറ തിരുകല്പന ഉണ്ടാകുന്ന ദിവസം ഞാൻ നിന്നിൽ പുനരാഗമിച്ചിട്ടു് നാമിരുവരും തൻെറ കർത്തൃത്തെ സ്തുതിച്ചു പാടും.

യുശോഫോത്തു് താഴ്വരയിൽ പന്ത്രണ്ടു സിംഹാസനങ്ങൾ നിരത്തപ്പെട്ടു്, രാജാവു ന്യായാസനാരൂഢനാകുന്ന മാത്രയിൽ സ്രോപ്പേന്മാരും, ഈറേന്മാരും കടന്നുവന്നു് മണവറയിൽ തന്നോ ടൊരുമിച്ചു് പ്രവേശിപ്പാനുള്ളവരെ തിരഞ്ഞെടുത്തു് നിർത്തു മെന്നു് എഴുതപ്പെട്ടിരിക്കുന്നു. ബാറെക്മോർ.

പട്ടക്കാരൻ:—ശുബഹോലാബോ.........

www.malankaralibrary.com

ദൈവം അമ്രാമിന്റെ പുത്രനായ മോശയെ വിളിച്ചരുളിച്ചെയ്തു. നീ, അഹറോനേയും, ഏലിയാസാറിനേയും പർവതത്തിലേക്കു വിളിച്ചുകൊണ്ടുവന്നു്, അഹറോന്റെ അംശവസ്ത്രങ്ങൾ ഉരിഞ്ഞെടുത്തു് ഏലിയാസറിനെ ധരിപ്പിക്കുക.

മെന് ഓലം.............

ആദാം ശവക്കുഴിയിൽ അടക്കപ്പെട്ടിട്ടു് ഇതാ പല തലമുറകളും ഗോത്രങ്ങളും വന്നു കടന്നുപോയി. ഇനിയും പുനരുത്ഥാനത്തിന്റെ ആശ കൊടുത്തു് അവനെ സമാശ്വസിപ്പിപ്പാൻ ഒരുവനുമുണ്ടായില്ല. എന്നാൽ നമ്മുടെ കർത്താവു് എഴുന്നെള്ളിവന്നു് അവനെ സന്ദർശിക്കുകയും നിത്യജീവൻ അവനു വാഗ്ദാനം ചെയ്യുകയും ചെയ്തു.

## ഏത്രൊ

കാരുണ്യവാനായ ദൈവമെ! നിന്റെ ആജ്ഞയാൽ ഇവിടെ നിന്നു നിദ്രപ്രാപിച്ചുപോയ നിന്റെ ആചാര്യന്റെ ആത്മാവിനുവേണ്ടി ഞങ്ങൾ നിന്നിൽ അഭയം പ്രാപിച്ചു് അപേക്ഷിക്കുന്നു. ദുഷ്ടപിശാചുക്കളുടെ പിടിത്തത്തിൽനിന്നും വായുമണ്ഡലത്തിലെ ശത്രുസംഘത്തിൽനിന്നും ഈ ആത്മാവിനെ രക്ഷിച്ചുകൊള്ളണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമെ! അത്ശുദ്ധിമാന്മാരുടെ പട്ടണത്തിൽ വന്നു് സജീവമായ ഭവനങ്ങളിൽ നിന്റെ പ്രീതന്മാരായ പരിശുദ്ധന്മാരോടൊന്നിച്ചു വസിക്കുമാറാകണമെ. ഹോശോ.........ആമ്മീൻ

### വേറൊരു കോലോ (മ്ശീഹോനാത്താറേഹ്)

ഞങ്ങളുടെ രക്ഷിതാവേ! നിന്റെ സുവിശേഷം വിശ്വസിച്ചു് അനുസരിക്കുകയും തിരുശരീരരക്തങ്ങൾ അനുഭവിക്കുകയും ചെയ്തുപോന്ന ഈ ദാസൻ നിന്റെ സ്വർഗ്ഗരാജ്യത്തിലെ മേശമേൽ സ്മരിക്കപ്പെടേണമെ. സർവൈകനാഥാ! തിരുമുമ്പിൽ നിദ്രവെടിഞ്ഞു് അദ്ധ്വാനിച്ചിരുന്നവനെ, പരിത്രാണംചെയ്തു ജീവിപ്പിച്ചു നിന്റെ രാജ്യത്തിൽ എല്ലാ അദ്ധ്വാനങ്ങൾക്കും പ്രതിഫലം കൊടുത്തു സന്തോഷിപ്പിക്കേണമെ. നിന്റെ ദാസൻ മണ്ണിൽനിന്നു ഉയിർത്തെഴുന്നേറ്റിട്ടു്, ഇളവുകൂടാതെ നിന്റെ കർത്തൃത്വത്തെ ശുശ്രൂഷിച്ചു നിൽക്കുന്നവരായ അഗ്നിമയന്മാരുടേയും, ആത്മമയന്മാരുടേയും, കൂട്ടങ്ങളിൽചേർന്നു നിന്നെ സ്തുതിക്കുമാറാകണമെ, ബാറെക്മോ........

പട്ടക്കാർ:- ശുബ്ഹോ...................

മുൾകിരീടം കൈക്കൊണ്ടു സ്ലീബ്പാമേൽ സ്വമനസാലെ ക്രൂശിക്കപ്പെട്ട് പിതാവിന്റെ തൃക്കൈകളിൽ തന്റെ ആത്മാവിനെ ഏൽപിച്ചുകൊടുത്ത കിരീടനിർമ്മാതാവായ രാജാധിരാജാവെ! ദയാലോ! നിന്റെ തിരുകൽപനകളാകുന്ന തോട്ടത്തിൽ അദ്ധ്വാനിച്ചു അലഞ്ഞിരുന്ന, ഈ വിശ്വസ്ഥഭൃത്യനെ നിന്റെ മഹിമോദയദിവസം നിന്റെ വലത്തുഭാഗത്തു നിറുത്തേണമേ. ഉത്സാഹമുള്ള നിന്റെ വേലക്കാർക്കു കൂലികൊടുക്കുന്ന സമയത്ത് ഈ ദാസനും നിന്റെ മണവറയിലേക്കു മനോഹര ക്രീഡാരങ്ങളിലേക്കുംപ്രവേശിച്ച് നിന്റെ രാജ്യത്തിൽ സന്തോഷിക്കുമാറാകേണമേ. മെനഓലം......

പുനരുത്ഥാനമില്ലങ്കിൽ സഹദേന്മാരുടെ മരണംകൊണ്ടു എന്തുപ്രയോജനം? പരലോകമില്ലെങ്കിൽ പുണ്യാത്മാക്കൾ പണിപ്പെട്ടുനേടിയ പരിശുദ്ധികൊണ്ടു എന്തു ഉപകാരം? പുനരുത്ഥാനം വാസ്തവമല്ലങ്കിൽ മ്ശിഹാ മരിച്ചവരുടെ ഇടയിൽനിന്ന് ഉയത്ത് എഴുന്നേററിട്ടില്ല, പരേതരേ നിങ്ങൾ ദൈവപുത്രനെ കാത്തിരിപ്പിൻ. എന്തെന്നാൽ മരിച്ചുപോയവർ ദൈവത്തിന്റെ ദിവ്യശബ്ദം കേൾക്കുന്നമാത്രയിൽ കബറുകൾ തുറന്ന് എഴുന്നേററു് എഴുന്നെള്ളിവരുന്നവനായ തന്റെ എതിരേൽപ്പിനായി പുറപ്പെട്ടുവരുമെന്നു തന്റെ സുവിശേഷത്തിൽതാൻ അരുളിചെയ്തിരിക്കുന്ന വാഗ്ദത്തം സത്യവും ആശാവഹവും ആകുന്നു.

മദ്റോശെം (ഒമറോഈൻദസ്ക്കദിശോ)

വത്സല്യമുള്ളവരെ എന്റെ മരണദിവസത്തിൽ സ്നേഹപൂർവം അടുത്തുവന്ന് എന്നെ ആശ്വസിപ്പിക്കുന്നതാരായിരിക്കും? എന്നു എന്റെ ഓരോ സ്നേഹിതന്മാരെക്കുറിച്ചും ഞാൻ ചിന്തിച്ചുനോക്കി കഷ്ടം! വെറും അന്യരെപ്പോലെ കബറുവാതിലോളം എന്നെ അനുയാത്രചെയ്തുകൊണ്ടു ഇതാ അവരേവരും അകന്നുകളയുന്നു. അഹോ! സത്യസ്നേഹിതനാകുന്നനാഥാ! തിരുകൃപ എനിക്കു അനുയാത്രയായിരിക്കേണമേ.

കർത്താവേ! നീ ലോകങ്ങളെ ന്യായം വിധിപ്പാൻ ഭയങ്കരമായ അഗ്നിസിംഹാസനത്തിൽ ആരൂഢനാകുകയും, അഖിലഗോത്രങ്ങളും തിരുമുമ്പാകെ ഹാജരായി പരസ്യമായി വിസ്തരിക്കപ്പെടുകയും ചെയ്യുമ്പോൾ നിന്റെ ജീവൻ നൽകുന്ന കുരിശടയാളമേററും, നിന്റെ വിലയേറിയ തിരുശരീരരക്തങ്ങൾ അനുഭവിച്ചും ഇരിക്കുന്നവർ, ഉടയവനെ! നിന്റെ വാഗ്ദത്തം അനുസരിച്ച് പ്രകാശമണവറയിൽ നിന്റെകൂടെ മോദിച്ച് ആനന്ദിക്കുമാറാകണമേ.

www.malankaralibrary.com

ഖേറൊ:ഷമദ്‌ഗ്റാംശൊം (ശ്‌മഉൻലമ്‌ദീനസ്‌റൂമി)

കർത്താവേ! നിന്നിൽ ആശ്രയിച്ചു നിദ്ദ്രാതനായ ദാസനെ നിന്റെ മഹിമോദയ ദിവസത്തിൽ ദയാനുസ്മരണനൽകി നിന്റെ വലത്തുഭാഗത്തു നിറുത്തേണമേ.

ദൈവം തന്റെ മഹിമയുടെ യോഗ്യതാ പ്രതിരൂപമായി സൃഷ്ടിച്ച ആദാമിനെ സൃഷ്ടികളുടെ രാജാവും, സമസ്തസൃഷ്ടിയുടെ മേൽ അധിപനുമായി നിയോഗിച്ചു. സൗന്ദര്യമേറിയ ആ ദിവ്യ പ്രതിരൂപസൃഷ്ടിയെക്കുറിച്ച്, ശപിക്കപ്പെട്ടവനുണ്ടായ അസൂയ നിമിത്തം, കഷ്ടം! ഹവ്വായുടെ ആലോചനയ്ക്കു വഴിപ്പെട്ടു ആ കിരീടപതി ഫലം ഭക്ഷിച്ച് അധഃപതിച്ചു. ഏദൻരാജാവിന്റെ ഈ വീഴ്ചകണ്ടു ഈറേമാലാഖമാർ പൊട്ടിക്കരഞ്ഞു.

അല്ലയോ പരേതനേ! നിന്റെ ശരീരവിയോഗമോർത്തു ദുഃഖിക്കരുതേ, "എന്റെ ശരീരം ഭക്ഷിക്കയും, എന്റെ രക്തം കുടിക്കയും ചെയ്യുന്നവൻ എന്നിലും, ഞാൻ അവനിലും വസിക്കും. അവസാനദിവസം ഞാൻ അവനെ ഉയർപ്പിക്കുകയും ചെയ്യും," എന്നു തിരുവിഷ്ടാനുസാരികളോടു കർത്താവു തന്റെ സുവിശേഷത്തിൽ അരുളിച്ചെയ്തിരിക്കുന്നതുപോലെ, നീ അനുഭവിച്ചിരിക്കുന്ന തിരുശരീരരക്തം നിന്റെഅവയവങ്ങളെപുനർജ്ജീവിപ്പിക്കും.

കർത്താവെ! രാപകൽ നിനക്കുസ്തുതി പാടിപ്പോന്നിട്ടു, ഉയർപ്പുദിവസത്തേയും, നിന്റെ എഴുന്നെള്ളത്തുദിവസത്തേയും പ്രതീക്ഷിച്ചിരിക്കുന്ന ഈ ദാസനെ നാശത്തിലും മരണനിഴലുകളിലും ഉപേക്ഷിച്ചുകളയരുതെ; ദയാലുവായ പിതാവിനു സ്തുതി. കാരുണ്യവാനായ പുത്രാ! നിനക്കു വന്ദനം. ആദാമിനെ ജീവിപ്പിക്കുന്ന പരിശുദ്ധാത്മാവിനു സ്തോത്രം.

നിദ്ദ്രാതരായി നമ്മെ പിരിഞ്ഞുപോയിരിക്കുന്ന പിതാക്കളും സഹോദരന്മാരും ജീവഃദശപ്രാപിച്ചു, "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ! വന്നു നിത്യജീവൻ അനുഭവിച്ചുകൊള്ളുവിൻ" എന്നു അരുളിച്ചെയ്യുന്ന അനുഗ്രഹശബ്ദം കേൾക്കുന്നതിനു സംഗതി ആകുവാൻ‌വേണ്ടി ദൈവത്തോടു നാം പ്രാർത്ഥിക്കണം. കർത്താവെ! സൽപ്രവൃത്തികളോടുകൂടെ ആയുഷ്കാലം അവസാനിപ്പിച്ച നീതിമാന്മാരോടും, പുണ്യവാന്മാരോടും ഒരുമിച്ചു ആഹ്ലാദിപ്പാൻ ഞങ്ങളേയും അവരേയും യോഗ്യരാക്കേണമേ.

www.malankaralibrary.com

ഘോറൊയു മട്ട്‌റോഗോ (ഹേംനൗന്യദാഹ)

മൃതന്മാരെ കബ്ബറുകളിൽനിന്നു ഉയിർപ്പിക്കുന്നവനെ, നിനക്കു സ്തുതി. സ്വമനസ്സാലെ മരിച്ചു്, മരിച്ചുപോയവൎക്ക് രക്ഷകൊടുത്ത ജീവനുള്ളവൻെറ പുത്രാ! കല്ലറകളിൽ കിടക്കുന്ന മരിച്ചവർ നിന്നാൽ വെടിപ്പാക്കപ്പെട്ടുകയും, പുനർജ്ജീവിച്ചു് പ്രകാശമണവറയെ പ്രാപിക്കുകയും ചെയ്യേണമേ.

ലോകമഹാപരാക്രമൻ, തിരുമഹിമയെ താഴ്ത്തി ഭൂമിയിൽ എഴുന്നെള്ളിവന്നു് അടിമത്വത്തിൽനിന്നു് തൻെറ പ്രതിരൂപത്തെ വീണ്ടെടുത്തു. ഇനിയും അവയെ ഉയർപ്പിക്കുവാനായി താൻ എഴുന്നെള്ളുവാനിരിക്കുന്നു. അവൻെറ സൃഷ്ടാവായവൻ വാഴ്ത്തപ്പെട്ടവനും, അവൻെറ രക്ഷിതാവായവൻ സ്തോത്രാർഹനും അവനിൽ കനിവുതോന്നിയവൻ വന്ദ്യനും ആകുന്നു.

"എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവനെ! ലോകാരംഭങ്ങൾക്കുമുമ്പേ നിനക്കായി ഒരുക്കിയിരിക്കുന്ന നിത്യജീവൻ വന്നു അനുഭവിച്ചുകൊള്ളുക" എന്നു് കർത്താവെ! പരേതനായ ഈ പട്ടക്കാരനോടു അരുളിച്ചെയ്തു് ജീവനുള്ളവരുടെ ദേശത്തും ഇൗറേന്മാരുടെ ലോകത്തും, ഇവനെ പ്രവേശിപ്പിച്ചു വസിപ്പിക്കേണമേ.

ഘോറൊന്നു് (ദാവീദ് ബക്കിയെ)

കർത്താവേ! ഉയർത്തെഴുന്നേല്പിനാൽ ഞങ്ങളുടെ മരിച്ചുപോയവരെ സ്വർഗ്ഗരാജ്യത്തിൽവച്ചു കാണുവാൻ ഞങ്ങൾക്കു കൃപചെയ്യേണമേ.

ഉടയവനേ! നിൻെറ അന്ത്യമായ എഴുന്നെള്ളത്തുദിവസത്തിൽ അനുഗ്രഹീതരായ പട്ടക്കാരോടു കരുണചെയ്യേണമേ. പ്രകാശങ്ങളുടെ മണവറയിലേക്കു് പരിശുദ്ധന്മാരെ വിളിച്ചുവരുത്തുന്ന ജീവനുള്ളതിരുശബ്ദം കൃപയാൽ ഈപട്ടക്കാരനേയുംക്ഷണിക്കേണമേ.

കർത്താവെ! ഈ നിൻെറ ആരാധകനു്, നീ നല്ല ശരണവും, അനുയാത്രകനും, അഭയസ്ഥാനവും, കാവലുമായിരുന്നു് ഇവനെ അപകടസ്ഥലം കടത്തി ജീവനുള്ളവരുടെ ദേശത്തു എത്തിക്കേണമേ.

ദൈവപുത്രാ! ഞങ്ങളുടെ പിതാക്കളേയും ഭ്രാതാക്കളേയും ദിവ്യരാജ്യത്തിൽ പന്തിയിരുത്തി നിൻെറ നന്മകളിൽനിന്നും, നിൻെറ ജീവതാഴ്‌വരയിൽനിന്നും, ഭക്ഷണപാനീയങ്ങൾ കൊടുത്തു തൃപ്തിപ്പെടുത്തേണമേ.

www.malankaralibrary.com

മോർ യാക്കോബിന്റെ ബോവൂസൊ

ദൈവപുത്രാ! അനശ്വരമായ സ്വർഗ്ഗരാജ്യത്തിൽ......

കർത്താവെ! മരണം പ്രാപിച്ചിരിക്കുന്ന ഈ ആചാര്യന്റെമേൽ നല്ല ശരണം ചൊരിഞ്ഞു ഇവന്റെ സമസ്തകുററങ്ങളേയും ക്ഷമിച്ചു വിമോചിക്കേണമേ. ഉടയവനേ! ജീവനുള്ളവരുടെ മുറിയിൽ നിന്റെ ദാസനെ വിളിച്ചുകയററി ആശ്വസിപ്പിക്കേണമേ. വലിയ ഏദനിൽ ഇവനെ അനുഗ്രഹിച്ച് സ്വർഗ്ഗരാജ്യത്തിൽ കയററി ഇരുത്തേണമേ.

പ്രബലതയോടെ മരണം കിരീടപതിയായി വാണിരുന്നപ്പോൾ, ആ പൂർവ്വിക തലമുറകളിൽ മൃതന്മാരുടെ പാപങ്ങൾ ബലികൾകൊണ്ടു പരിഹരിപ്പാൻ കഴിഞ്ഞിരിക്കെ, അതു വധിക്കപ്പെട്ടും, സ്ഥാനഭ്രഷ്ടമാക്കപ്പെട്ടും, ഭരണം എടുക്കപ്പെട്ടും ഇരിക്കുന്ന ഈ അവസരത്തിൽ, ഇനി മരിച്ചവരുടെ പാപപരിഹാരത്തിൽ ആർക്കാണു സംശയം?

പ്രധാനാചാര്യനും, മഹാപുരോഹിതശ്രേഷ്ഠനും.........

പട്ടക്കാരുടെ കുക്കിലിയോൻ ചൊല്ലി എല്ലാവരും ധൂപംവീശണം.

---

# മൂന്നാം ശുശ്രൂഷ

ദൈവമേ നീ പരിശുദ്ധനാകുന്നു, ഇത്യാദി ഒരു കൗമ്മാ

## സ്ലൂസൊ

കർത്താവെ! ബാഹ്യസംഘത്തിൽനിന്നു ആന്തരീയസംഘത്തിലേക്കു് വേർതിരിഞ്ഞുപോയ ഈ ആചാര്യന്നു് വിശ്രമം നൽകണമേ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ. പാപമോചനവും നിന്റെ പരിശുദ്ധ ആചാര്യന്മാരോടൊന്നിച്ചുള്ള ആനന്ദവും സദയം ഇവന്നു് നൽകണമേ. മോറാൻവാലോഹാൻ........

കുക്കിലിയോൻ സങ്കീർത്തനം 88: 1—4.

എന്റെ രക്ഷയുടെ ദൈവമായ കർത്താവെ! നിന്റെ തിരുമുമ്പാകെ രാപ്പകൽ ഞാൻ നിലവിളിച്ചു. എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ പ്രവേശിക്കണമെ. എന്റെ അപേക്ഷയെ

www.malankaralibrary.com

ശ്രദ്ധിച്ചുകേൾക്കേണമേ. എന്തെന്നാൽ എന്റെ ആത്മാവ് തിന്മകളിൽ മുഴുകി. എന്റെ ജീവനും പാതാളത്തോട് അടുത്തിരിക്കുന്നു. ഞാൻ കുഴിയിലേക്ക ഇറങ്ങിപ്പോകുന്നവരോടൊന്നിച്ച് ഗണിക്കപ്പെട്ടിരിക്കുന്നു. സഹായമററ മനുഷ്യനോട് ഞാൻ സദൃശ്യനായുമിരിക്കുന്നു. ബാറെക്മോർ .....

പട്ട:— ശുബ്ഹൊ........... ജനം:—മെന്ഓലം............

ഏക്ബോ (റംശ ബൂനാഭഹായെഹാദസ)

കർത്താവേ! അബ്രാമിന്റെ പുത്രന്റെ നിർയ്യാണദിവസം നീ അവനിൽ കനിഞ്ഞ് മനുഷ്യ കൈകൾ സ്പർശിക്കാതെ ബഹുമാനത്തോടെ അവനെ സംസ്കരിച്ചതുപോലെ ഇന്നു നിന്റെ ആശയോടെ ദേഹവിയോഗം ചെയ്തിരിക്കുന്ന നിന്റെ ദാസന്റെമേൽ കനിഞ്ഞു് ഇവന്നു് നല്ല ഓർമ്മനൽകേണമേ. ഞങ്ങളെല്ലാവരും നിന്നെ സ്തുതിക്കുന്നു.

മംനീസോ.

ജീവിച്ചിരിക്കുന്ന യാതോരുത്തനും തിരുസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല. എന്തെന്നാൽ പ്രവാചകൻ പറയുംപോലെ മനുഷ്യനാൽ സാദ്ധ്യമാകുന്ന പുണ്യത, കർത്താവെ! നിന്റെ സന്നിധിയിൽ തീരെ നിരർത്ഥകമാകുന്നു എന്നാൽ നിന്റെ കല്പനകളെ അനുസരിച്ച് നിന്റെ പ്രവർത്തികളെ സ്നേഹിച്ചനുകരിച്ചിട്ടുള്ളവരും നിന്റെ വിലയേറിയ കുരിശിനെ സ്നേഹപൂർവ്വം വഹിച്ച് സുകൃതനടപടികളാൽ ജീവിതം നയിച്ചിട്ടുള്ളവരും നിന്റെ പരിശുദ്ധവേദപ്രമാണം ധ്യാനിച്ച്, ജഡകാര്യങ്ങൾ നിരസിച്ച് ത്യജിപ്പാൻ സന്നദ്ധരായവരും, സ്വകുലവും, നാടും ഉപേക്ഷിച്ച്, വിലയേറിയ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവരും, ബുദ്ധിപൂർവം സ്വാർത്ഥം വെടിഞ്ഞു നിനക്കായി ജീവിച്ചിട്ടുള്ളവരുമായ എല്ലാവരേയും മനുഷ്യസ്നേഹദൃഷ്ട്യാ നീ നീതീകരിക്കുന്നു. കർത്താവേ! ഇവയ്ക്കെല്ലാം പകരമായിട്ട് നിന്റെ വിശുദ്ധരോടൊന്നിച്ചുള്ള ആശ്വാസവും, അനവധിയായ നിന്റെ കരുണാധനവും പ്രതിഫലമായി കൊടുപ്പാൻ അവരെ യോഗ്യരാക്കേണമേ.

മാബൂർത്താ

ആദാമിന്റെമേൽ അധികാരം നടത്തിക്കൊണ്ടിരുന്ന മരണം അധികാരദുർബലതയാൽ ഇതാ ദുഃഖിക്കുന്നു. എന്തെന്നാൽ സർപ്പത്തിന്റേയും, ഹവ്വായുടേയും, ആലോചനകേട്ട് ഹതനായിത്തീ

www.malankaralibrary.com

ന്ന സുന്ദരരൂപിയെനോക്കി ഈറേമാലാക്മാർ കരയുകയും, അവൻ കല്പനലംഘനം ചെയ്തു സ്വമഹിമാരഹിതനായിത്തീൎന്നതിനാൽ അവന്റെ ഉടയവൻ എഴുന്നെള്ളിവന്നു; പാതാളത്തിൽ എത്ത അവനെ സന്ദർശിച്ചു സഹായിച്ചെഴുന്നേല്പിക്കുകയും, പ[illegible]ക്രമയും, മൃതരെ ജീവിപ്പിക്കുന്നവനുമായ പ്രാബലനെ സ്തുതിപ്പിൻ, സ്തുതിപ്പിൻ, സ്തുതിപ്പിൻ, എന്തെന്നാൽ താൻ മഹത്വമുള്ളവനാകുന്നു എന്നു മരിച്ചുപോയവർ കബറുകളിൽകിടന്നു അട്ടഹസിച്ചു പറഞ്ഞുതുടങ്ങുകയും ചെയ്തു.

ശുശ്രൂഷക്കാരൻ:—സ്തൌമെൻകാലോസ് കുറിയേലായിസോൻ.

# പ്രുമിയോൻ

പട്ടക്കാരൻ:—നാമെല്ലാവരും പ്രാർത്ഥിച്ചു......................

പ്രതിവാക്യം:—അനുഗ്രഹിക്കുന്നവനായ കർത്താവേ!..............

പട്ടക്കാരൻ:— സ്തുതിയും സ്തോത്രവും.............

ശ്രീഭണ്ഡാരങ്ങളുടെ നാഥനായ പട്ടത്വത്തിന്റെ ദിവ്യദാനങ്ങൾ പ്രദാനംചെയ്യുന്നവനും, നീതിമാന്മാരുടെ പുനരുത്ഥാനവും, തിരുമുൻപിൽ വിശുദ്ധിയോടെ ശുശ്രൂഷിച്ചവരുടെ നവജീവനും സത്യശരണവും, സന്തോഷം നൽകുന്ന കളങ്കരഹിതമായ അച്ചാരവും, "ഞാൻ ഇരിക്കുന്നവിടെത്തന്നെ എന്റെ ശുശ്രൂഷകനും ഇരിക്കും", എന്നരുളിച്ചെയ്തവനുമായ തനിക്കു സ്തുതി. കർത്താവെ! നിങ്കലേക്കു യാത്രപുറപ്പെട്ടിരിക്കുന്ന ഈ വൈദികനുവേണ്ടി തിരുസന്നിധിയിൽ സുഗന്ധധൂപസമേതം ഞങ്ങൾ പ്രാർത്ഥിക്കുന്നു. അഹരോനോടും, ഫിനഹേസിനോടും, ശ്മൂയേലിനോടുംകൂടെ ഇവനെ അണിനിരത്തി, മേലുള്ള അശരീരികളുടെ സംഘങ്ങളിൽചേൎന്നു നിന്നെ ശുശ്രൂഷിപ്പാൻ യോഗ്യനാക്കേണമേ! ഞങ്ങൾ ഈ വൈദികന്റെ ശവസംസ്കാരശുശ്രൂഷ നടത്തുന്നതായ ഈ നേരത്തും, എല്ലാ പെരുന്നാളുകളിലും.............നീ ഞങ്ങൾക്കും ഇവനും പാപപരിഹാരം നൽകേണമേ. ബ്കുലഹ്ൻയൗമ്മോസോദഹായെൻല്ലഉൽമീൻ ആമ്മീൻ.

പട്ടക്കാരൻ:—കൃപയിൽ മഹാനും അപരിമിതനും, സകലത്തിലും സൗഭാഗ്യവാനുമായിരിക്കുന്ന ദൈവമേ! ഏകകാരുണ്യവാനും, കൃപാലുവും, സത്യവും, ദയയും, കർത്തവ്യവും യഥാർത്ഥമായും സ്വാധീനമായിരിക്കുന്നവനുമായ നീ ധാരാളമായ ദിവ്യദാനങ്ങൾ കൊണ്ടു ഞങ്ങളുടെ മനുഷ്യവർഗ്ഗത്തെ ഐശ്വര്യപ്പെടുത്തുകയും, നിന്നെ ശുശ്രൂഷിച്ചു പൂജിച്ചു, തിരുദാനംകൊണ്ടു നിറയുവാൻ

www.malankaralibrary.com

തക്കവണ്ണം വിശുദ്ധന്മാരായ മേൽപട്ടക്കാരുടെയും പുണ്യവാന്മാരായ പട്ടക്കാരുടേയും, ചെടിപ്പുള്ള ശെമ്മാശന്മാരുടേയും സംഘനിരകൾകൊണ്ടു മാനിച്ച് ഉയർത്തുകയും ചെയ്തു. സ്തുത്യവും, സ്വർഗ്ഗീയവുമായ നിന്റെ ശ്രീഭണ്ഡാരത്തിന്റെ ഭരണാധികാരികളായ അവരെ നിയോഗിച്ച്, നിന്റെ പട്ടത്വവും, വിശുദ്ധകൂദാശാനുഷ്ഠാനവും വിശ്വാസപൂർവ്വം ഏല്പിച്ചുകൊടുത്തശേഷം. ഞെരുക്കങ്ങളുടേയും, കഷ്ടപ്പാടുകളുടേയും, സങ്കടാവസ്ഥയിൽനിന്ന് അവരെ നിങ്കലേക്കു ദയവോടും, മനുഷ്യസ്നേഹത്തോടുംകൂടെ മരണംമൂലം വിളിച്ച്, എടുത്തുകൊള്ളുന്നു. എന്തെന്നാൽ നീ മനുഷ്യനെ പൂഴിയിൽനിന്നു മനഞ്ഞുണ്ടാക്കി ആ പൂഴിയിലേക്കുതന്നെ അവനെ തിരികെ ചേർക്കുകയും, അവരിൽ ഓരോരുത്തനും, അവനവന്റെ ജീവിതത്തിന് യുക്തമായിരിക്കുന്ന ഭാഗ്യപരമായ ഓർമ്മയെ അതിവിശുദ്ധമായി നീ പൂജിപ്പിക്കുകയും ചെയ്യുന്നു. എന്നു മാത്രമല്ല, "ഞാൻ ഇരിക്കുന്നവിടെത്തന്നെ എന്റെ ശുശ്രൂഷകനും ഇരിക്കും" എന്നു വാഗ്ദാനം അരുളിക്കൊണ്ട്, അവര നിനക്കു ജീവനോടിരിക്കുന്നവരാകുന്നു എന്ന്, വന്ദ്യവും രക്ഷാകരവും ആയ നിന്റെഏവൻഗേലിയോനിൽ തെളിയിച്ചുംഇരിക്കുന്നു. ആകയാൽ ദൈവമേ! നിന്റെ കർത്തൃത്വത്തെ പ്രീതിപ്പെടുത്തിയ ഈ വൈദികനുവേണ്ടി, നിന്റെ തിരുസന്നിധിയിൽ ഞങ്ങൾ അപേക്ഷിച്ചുപറയുന്നു. ആചാൎയ്യയോഗ്യമായ നടപടികളോടെ ജീവിച്ച്, ഐഹികസഭയും പാപസമുദ്രമാകുന്ന ഈ ലോകവും വിട്ടകന്ന്, ദൈവമേ! തിരുസന്നിധിയിലേക്കു പോന്നിരിക്കുന്ന ഈ ആചാൎയ്യൻ നിനക്ക് ഇഷ്ടനായി അടുത്തു പരിചരിച്ചും, നിന്റെ കൂദാശകളുടെ രഹസ്യങ്ങൾ മേൽ അധിപനാക്കപ്പെട്ടും, രാജകൊട്ടാരങ്ങളിൽ എന്നപോലെ ആചാൎയ്യയോഗ്യമായ വിശുദ്ധസ്ഥലങ്ങളിൽ സാദരം സഞ്ചരിച്ച് അധിവസിച്ചും, തന്റെ ആത്മാവിന്റെ കഴുത്ത് ഭക്തിപൂർവ്വം തിരുമുമ്പിൽ കുനിച്ചുനിന്ന് വിശ്വാസികളുടെ ആത്മരക്ഷയെ അഭ്യർത്ഥിച്ചും, നിന്നെക്കുറിച്ചുള്ള പാട്ടുകളേയും, സ്തോത്രങ്ങളേയും അനവരതം പാടി ധ്യാനിച്ചും, മാധുൎയ്യസ്തുതികളാൽ നിന്റെ ദൈവത്വത്തെ ഘോഷിച്ചും, ഇമ്പകരമായ സ്തോത്രഗാനങ്ങൾ കീർത്തിച്ചുകൊണ്ട് സദാ ഉറക്കമിളച്ചുനിന്നും, തന്റെ ആയുഷ്കാലം നയിച്ചുവന്നിരുന്നു. പുത്രസ്വീകാൎയ്യവും പുനർജനനവുമാകുന്ന മാമോദീസായും, വിശുദ്ധ കുർബാനാനുഷ്ഠാനവും കടങ്ങളുടേയും പാപങ്ങളുടേയും വിമോചനവും ആകുന്ന ദാനങ്ങൾ ബോധശക്തിയുള്ള നിന്റെ ആട്ടിൻകൂട്ടത്തിന് ഈ ആചാൎയ്യൻമുഖാന്തിരമായി നീ വിതരണംചെയ്തു. ആകയാൽ കർത്താവെ! നിന്റെ ആചാൎയ്യന്മാരായ ഞങ്ങളും ഞങ്ങളുടെ സഹോദരന്മാരും തിരുമുമ്പാ

www.malankaralibrary.com

കെ അപേക്ഷിച്ചു പ്രാൎത്ഥിക്കുന്നു; ആചാൎയ്യയോഗ്യമായ ശോഭയിൽ ഇവനെ സ്വീകരിച്ച് അതിമഹത്വത്തോടെ വാത്സല്യിക്കേണമെ. യുക്തവും ന്യായവുംപോലെ ഈ ആചാൎയ്യൻെറ ഓൎമ്മയെ നിരന്തരം എല്ലായ്പ്പോഴും സദാനേരത്തും നിവൎത്തിപ്പാൻ, ബലഹീനരായ അടിയങ്ങളെ യോഗ്യരാക്കുകയും, ഐഹികജീവിതാവസാനത്തിനു മുൻപൊ പശ്ചാത്തപിച്ച് തിരിയുന്ന സത്യഅനുതാപികളാക്കിതീൎക്കുകയും ചെയ്യേണമേ. വിശേഷിച്ചു കൎത്താവേ! അരിഷ്ടതകൾ വിരോധിക്കപ്പെട്ടും മരണം മായിക്കപ്പെട്ടും ഇരിക്കുന്നതായി നിൻെറ പരികൎമ്മികൾ ഇളവില്ലാതെ ഹല്ലേലുയ്യാ പാടി സ്തുതിച്ചുപുകഴ്ത്തിക്കൊണ്ടിരിക്കുന്ന സ്ഥലത്തും, നിന്നെ സ്തുതിക്കുന്നവരുടെ പാളയത്തിലും, ആനന്ദപൂരിതമായ രമണീയ ഭവനങ്ങളിലും, ആമോദംനിറഞ്ഞ മനോഹരമുറികളിലും നിന്നോടൊന്നിച്ചുള്ള ആനന്ദത്തിനും, നിൻെറ ഭക്തൎക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ഭാഗ്യങ്ങൾക്കും ഇവനെ യോഗ്യനാക്കേണമേ! കൎത്താവേ! നിൻെറ ഭയങ്കര ന്യായാസനം സന്നിഹിതമാകയും, സൎവ്വമനുഷ്യരും തിരുമുമ്പിൽ നിൽക്കുകയും, ജ്വലിക്കുന്ന അഗ്നിസമുദ്രം അവരെ മഹാക്ഷോഭത്തോടെ ഭാഗംഭാഗമായി തിരിക്കുകയും ചെയ്തിട്ട്, നീതിയോടുകൂടിയ പ്രതിഫലം ഏവനും തീവ്രമായി ലഭിപ്പാനിരിക്കുന്നതായി, നിൻെറ പ്രത്യക്ഷത ഉളവാകുന്നദിവസത്തിൽ പുണ്യവാന്മാർ മുടിചൂടിക്കപ്പെടുകയും, ദുഷ്ടന്മാർ ദുരിതം പ്രാപിക്കുകയും, സ്വൎഗ്ഗരാജ്യം അതിൻെറ പ്രജകളാൽ ആനന്ദിക്കുകയും, നരകം അതിൻെറ അവകാശികളിൽ തെളിയുകയും ചെയ്യുന്ന സമയത്ത് മാനവസ്നേഹിതാ! നിൻെറ ആരാധകനും, ദാസനും, പരിശുദ്ധരഹസ്യങ്ങളുടെ പരികൎമ്മിയും ആയ ഈ ദാസനെ നിൻെറ മണവറയിലെ ഉചിതമായ തിരുനാളാഘോഷത്തിൽനിന്നു പുറംതിരിക്കുകയോ, നിൻെറ പരിശുദ്ധന്മാരിൽനിന്ന്, നിരോധിച്ചകററുകയോ, നിൻെറ വാൽസല്യവാന്മാൎക്ക് അന്യനായിത്തീൎക്കുകയോ, തിരുമുഖസന്ദൎശനഭാഗ്യത്തിൽനിന്ന് തള്ളിക്കളയുകയോ ചെയ്യരുതു്. അഗ്നികടിഞ്ഞാൺകൊണ്ടു് ഇവൻെറ വായ്കെട്ടുകയും അരുതേ! കൎത്താവെ! നിൻെറ സ്വന്തശബ്ദംകൊണ്ടു് സ്തുതിക്കുകയും, സ്വന്തനാവുകൊണ്ടു് പുകഴ്ത്തുകയുംചെയ്തു് ഇളവില്ലാതെ കീൎത്തിച്ചുവന്നവൻ പ്രലാപസ്വരത്തിൽ വ്യാകുലപ്പെടുമാറാകരുതെ! പ്രവാചകരുടെയും, ശ്ലീഹന്മാരുടേയും എവൻഗേലിസ്തന്മാരുടേയും, ദിവ്യകാഹളശബ്ദം സശ്രദ്ധം അനുസരിച്ചുപോന്നവൻ, "പോകുവിൻ ഞാൻ നിങ്ങളെ അറിയുന്നില്ല," എന്നു നീ അരുളിച്ചെയ്യുന്ന ക്രോധശബ്ദം കേൾക്കുമാറാകരുതെ! കൎത്താവെ! ആന്തരീയമായും, നിരന്തരമായും നിന്നെ ദൎശിക്കുകയും നിന്നെപ്പ

www.malankaralibrary.com

ററിയുള്ള സത്യവിശ്വാസപ്രകാശത്തെ കാണുകയും പകൽഎന്നപോലെ രാത്രികളിലും നിദ്രവെടിഞ്ഞു് ഉണർവ്വോടിരിക്കുകയും ചെയ്ത ഈ നിന്റെ ദാസന്റെ കണ്ണുകൾ കരച്ചിലും പല്ലുകടിയും കൊണ്ടു് കുരുടാക്കത്തീക്കരുതെ. നിന്റെ പരിശുദ്ധ ശരീരരക്തങ്ങൾ എടുത്തു ശുശ്രൂഷിച്ചു് ആഘോഷിച്ചുപോന്ന ഈ കൈകളെ കഠിനവിലങ്ങുകളാൽ ബന്ധിക്കരുതെ. നിന്റെ പരിശുദ്ധ മദ്ബഹായിലെ കട്ടിളപ്പടികളിൽ ചവുട്ടിനടപ്പാൻ ഇടയായ കാലുകളെ ശക്തിയായ ചങ്ങലകൾകൊണ്ടു് ബന്ധിക്കരുതെ. പിന്നയോ! തിരുമുഖപ്രകാശം ഇവനിൽ ഉദിപ്പിച്ചു് സൗഭാഗ്യഭവനങ്ങളിൽ ഇവനെ വസിപ്പിക്കേണമേ. നിന്റെ പരിശുദ്ധവിളിമൂലമായി ഇവൻ ഏററുവാങ്ങിട്ടുള്ള താലെന്തുകളെ ശങ്കകൂടാതെ ധൈര്യമായി തിരിച്ചേല്പിക്കുവാൻ കൃപചെയ്യേണമേ. ശോഭയുള്ള പട്ടക്കാരുടേയും, സത്യവിശ്വാസികളായ പരികമ്മികളുടേയും കൂട്ടത്തിൽ എണ്ണപ്പെടുവാൻ കത്താവെ! ഞങ്ങളേയും ഈ നിന്റെ ദാസനേയും യോഗ്യരാക്കേണമേ! സ്വർഗ്ഗീയഊർശ്ലേം സഭയിൽ ഇവനെ ക്രമീകരിക്കേണമേ! ആനന്ദമായി നിലനിൽക്കുന്ന നിന്റെ മഹാശുദ്ധസ്ഥലത്തേക്കുള്ള ഭാഗ്യമേറിയ പ്രവേശനത്തിനു് ഇവനെ അർഹനാക്കേണമേ. ഞങ്ങളും ഇവനും ഊനമില്ലാത്ത പൂണ്ണാരാധനകൾ നിനക്കു സമർപ്പിച്ചു് പൂജിക്കുമാറാകണമെ. നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹാക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ സമർപ്പിക്കും. ഫോശോവബ്ക്കുലസുബാൻലഒൽമീൻ. ദൈവത്തിൽനിന്നു് കടങ്ങൾക്കു പരിഹാരവും......

ജനം:—ആമ്മീൻ.

കോലോകൾ (ഹ്സഹലീതറഹ)

അബ്രാമിന്റെ പുത്രനും, ജ്യേഷ്ഠനുമായ അഹറോൻ, ആചാര്യവസ്ത്രമായ എഫോദ് ധരിച്ചു് മഹാശുദ്ധസ്ഥലത്തു പ്രവേശിച്ചു് വെടിപ്പുള്ള സൗരഭ്യധൂപം കാഴ്ചവയ്ക്കുമ്പോൾ ആ പരിമളധൂപം സ്വർഗ്ഗത്തിലേക്കുയന്നു് ദൈവകോപം നീക്കി സമാധാനം വരുത്തുകയും ഇസ്രായേൽജനത്തിൽനിന്നു് ശിക്ഷകൾ നിരോധിക്കപ്പെടുകയും ചെയ്തു മിശിഹാ ശ്ലീഹന്മാരിൽ പ്രധാനിയായ ശെമഓനു് പട്ടത്വം ഭരമേൽപ്പിച്ചുകൊണ്ടു്, പൂഴിയിൽ ജനിച്ചു മൺമയന്മാരെ ശുശ്രൂഷസംഘം ആക്കിത്തീർത്തു; മിശിഹാ, മഹത്വത്തോടെ എഴുന്നെള്ളിവരുമ്പോൾ അവക്കു പുനർജീവൻ നൽകുന്നതോടുകൂടെ അവർ തിളങ്ങുന്ന ശോശപ്പാകളുമായി ആത്മചിറകുകളാൽ പറന്നുയരും. ബാറെക്മോർ.

പട്ടക്കാരൻ:— ശുബഹൊലാബോ..............

www.malankaralibrary.com

കർത്താവെ! നിൻെറ സഭകൾ്ത്താവും മഹത്വത്തിൻെറ ശബ്ദങ്ങളാൽ പാടിക്കൊണ്ടിരുന്ന വീണയായ ഞങ്ങളുടെ സഹോദരനെ, നിൻെറ ജീവശബ്ദം കബറിൽനിന്നു പറുദയിസായിലേക്കു ഉയർപ്പിക്കേണമേ ഇവൻ നിൻെറ മഹിമോദയദിവസം നിൻെറ വലത്തുഭാഗത്തുനിന്ന് നിൻെറ ഇഷ്ടന്മാരായ നീതിമാന്മാരോടൊരുമിച്ച് നിൻെറ മണവറയെ പ്രാപിക്കുമാറാകണമേ.

കർത്താവെ! നിനക്കു ആത്മീയകുഴലായിരുന്ന ഞങ്ങളുടെ ഈ സഹശുശ്രൂകനെ ദുഷ്പ്രവൃത്തിക്കാർക്കു തീരുമാനിച്ചിരിക്കുന്ന ഭയങ്കരാഗ്നിയിൽനിന്നു രക്ഷിക്കേണമേ. നിൻെറ കരുണോദയദിവസം, സ്വർഗ്ഗീയഊർശ്ലേമിൽ സന്തോഷിച്ചാനന്ദിപ്പാൻ നിൻെറ ദാസനെയും ഞങ്ങളേയും യോഗ്യരാക്കേണമേ. മെനഓലം.....

പ്രകൃത്യാ മരണമുള്ളവരായ ഞങ്ങൾക്കായി മരണമേററുകൊണ്ടു ജീവൻ വാഗ്ദാനം ചെയ്തവനായി മരിച്ചവർക്കു ഉയിരേകുന്നവനെ! നിൻെറ ജീവസ്വരം നിന്നിലുള്ള ആശയോടെ മരിച്ചുപോയ ഞങ്ങളുടെ സഹോദരനെ നിൻെറ എഴുന്നെള്ളത്തുനാളിൽ, ഉണർത്തി മഹത്വമുള്ള അങ്കി ധരിപ്പിക്കേണമെ. പ്രകാശമുള്ള സന്തോഷമണവറയിൽ നിന്നോടുകൂടെ ഇവനേയും സന്തോഷിപ്പിക്കേണമേ. മൊറിയൊറാഹേം മേ...........

## എത്രൊ

എൻെറ കർത്താവെ! പാവനമായ വിശ്വാസത്തോടെ ഈ ലോകത്തിൽനിന്നു വേർപെട്ടിരിക്കുന്ന നിൻെറ വിശ്വസ്തനായ ആചാര്യന്നു പാപമോചനവും പുണ്യവും നൽകണമെ. ഇവൻെറ ആയുസ്സിൽ ചെയ്തുപോയിട്ടുള്ള സകല പാപങ്ങളും കററങ്ങളും നിൻെറ കരുണാസാഗരത്താൽ കഴുകിക്കളയണമെ. നിൻെറ ദൈവത്വത്തിൻെറ കല്പനയാൽ നാശത്തിൽനിന്നു ഇവനെ ഉദ്ധരിക്കണമെ. നിൻെറ മുദ്രയാൽ ഇവൻെറ ദേഹിയേയും ആത്മാവിനെയും ശുദ്ധീകരിക്കണമെ. ഞങ്ങൾ ഇവന്നുവേണ്ടി സമർപ്പിച്ചതായ ഈ ധൂപത്താൽ ഇവന്നു പുണ്യം നൽകണമെ. കഷ്ടതകളും വ്യസനങ്ങളും ഇല്ലാത്ത ആനന്ദകരമായ സ്ഥലത്ത് ഇവന്നു വിശ്രമം നൽകണമെ. ഞങ്ങളും ഇവനും വിശ്വാസികളായ സകല മരിച്ചവരും നിൻെറ വലത്തുഭാഗത്തുനിന്ന് നിനക്ക് സ്തുതിസമർപ്പിക്കുമാറാകണമെ. ഹോശൊ......ആമ്മീൻ.

www.malankaralibrary.com

വേറൊന്നു് (മൊറഹീമിൻ)

"പ്രിയസഹോദരാ! ഞാൻ നിന്നെവിട്ടു് ദൈവംകല്പനയായിരിക്കുന്നിടത്തേക്കു പോകുന്നു എങ്കിലും ഉയർപ്പുനാളിൽ തമ്മിൽ കണ്ടുകൊള്ളാമെന്നു് ദൈവത്തിൽ എനിക്കു ശരണമുള്ളതിനാൽ, നീ സമാധാനത്തോടെ വസിക്ക" എന്നു ആത്മാവു ശരീരത്തോടു പറയുന്നു.

എന്നെ വിട്ടു് അകലെനിരുക്കുന്നതെന്തു്? എന്നു ശരീരം ആത്മാവിനോടു ചോദിക്കുമ്പോൾ അതിനു മറുപടിയായി ഇതെന്റെ ഇഷ്ടമല്ലാ, ഇതാ ഞാൻ സർവ്വഭാഗവും ചുററിപറന്നിട്ടുംനിന്നിൽകടന്നാധിവസിപ്പാൻ കഴിയായ്കകൊണ്ടു് എനിക്കെന്തുമാത്രം വേദനയുണ്ടെന്നു് സൂക്ഷിച്ചറിക എന്നു ആത്മാവു് പറയുന്നു. ബാറെക്മോർ.

പട്ടക്കാരൻ:—ശുബ്ഹൊ............

ഉടയവനെ! നിന്റെ തിരുനാമത്തിലുള്ള ആശയോടെ നിസ്ത്രാതനായവനു് നല്ല ഓർമ്മ നൽകേണമെ. ഭൂമിയിൽ നിന്റെ തിരുവിഷ്ടം ഇവൻ പ്രവത്തിച്ചവനാതിനാൽ നിന്റെ മഹിമോദയദിവസത്തിൽ നിന്റെ വലത്തുഭാഗത്തു ഇവനെ എഴുന്നേൽപിച്ചു് കത്താവെ! മഹത്വമുള്ള വസ്ത്രം ധരിപ്പിക്കേണമേ.

ജനം:—മെനളാലം.................

കത്താവേ! നീ മണ്ണുകൊണ്ടു് എന്നെ മനഞ്ഞു് ഞാൻ മരിക്കാതിരിക്കുമാറു് ജീവശ്വാസം എന്നിൽ ഊതി. ദുഷ്ടൻ സ്പർദ്ധയോടെ വന്നാലോചിച്ചു് എന്നെ കൊന്നു. കത്താവെ! നിന്റെ പ്രതിരൂപത്തിൽ കനിയേണമേ. നിന്നെ സ്തോത്രംചെയ്തുകൊണ്ടു് നിൽക്കുമാറു് എന്നെ ഉദ്ധരിച്ചു് ജീവിപ്പിക്കേണമേ.

മദ്‌റാശൊ (എത്തിനെബ്ശുപ്രൈക്കീദത്താ)

കത്താവു എന്നെ വിളിക്കുന്നതുകൊണ്ടു ഞാൻ പോകുന്നു, എനിക്കു ഭയമുണ്ടാകയില്ല. അവൻ എന്റെ ശിരസ്സിൽ മഹത്വകിരീടം ചൂടിച്ചു് എന്നെ സന്തോഷിപ്പിക്കും.

അനുഗ്രഹികപ്പെട്ട വൈദീക, നിന്റെ യജമാനന്റെ മുന്തിരിത്തോപ്പിൽ നീ ഗുണവാനായ വേലക്കാരനായിരുന്നതിനാൽ നിന്റെ നിയ്യാണം പരമപിതാവിനു തൃപ്തികരമായിരിക്കുന്നു.

www.malankaralibrary.com

കർത്താവേ! സൗഭാഗ്യസമ്പൂർണ്ണമായ ഭണ്ഡാരം നിൻെറ പട്ടക്കാരനു തുറന്നു സ്വർഗ്ഗരാജ്യത്തിൽ സമാധാനംകൊണ്ടു് അവൻെറ ആത്മാവിനു ആശ്വാസം നൽകേണമേ.

"കർത്താവെ! നിൻെറ മരിച്ചവർ ജീവിച്ചു് കബറുകളിൽ നിന്നു് സ്വർഗ്ഗരാജ്യത്തിലേക്കുത്ഥാനം ചെയ്യും" എന്നു പ്രവാചകൻ പറഞ്ഞിരിക്കുന്നു.

ഞങ്ങളുടെ പ്രിയനേ! തിരഞ്ഞെടുക്കപ്പെട്ട എല്ലാവരും, പരിശുദ്ധന്മാരും, നിൻെറ മുൻപന്മാരാകയാൽ നിനക്കു് ഈ നിര്യാണദിവസം ദുഃഖമുണ്ടാകയില്ല.

ദൈവപുത്രാ! നിൻെറ തിരുശരീരവും, രക്തവും ഇനിക്കു വഴിയും, പാലവുമായിതീർന്നു് ആ മാർഗ്ഗത്തിൽക്കൂടി ഞാൻ ജീവസ്ഥലംപ്രാപിക്കുമാറാകണമേ.

വേറൊന്നു് (പറുദൈസോ)

കരുണനിറഞ്ഞവനേ: പുനരുത്ഥാനത്തിൽ നിൻെറ സൃഷ്ടിയെ നീ പുതുതാക്കേണമേ!

കർത്താവെ! നിൻെറ നൽവരത്തിൻെറ അന്ത്യശിഷ്ടങ്ങൾ അനുഭവിപ്പാൻ ഞങ്ങൾക്കും ഞങ്ങളുടെ മരിച്ചുപോയവർക്കും കൃപനൽകണമെ! ഈ നിൻെറ വത്സലൻെറ ദർശനം സന്തോഷങ്ങളുടെ ഉറവയാകുന്നു. അതനുഭവിപ്പാൻ അർഹനായി അനിത്യമായ ആധാരം ത്യജിച്ചിരിക്കുന്നവൻ, ഞങ്ങളുടെ രക്ഷകനായ യേശുവേ! നിൻെറ ശോഭയിൽ ഇമ്പം അനുഭവിക്കുമാറാകണമേ.

കർത്താവേ! നിൻെറ ആശയോടെ നിദ്രപ്രാപിച്ചവരായ ഞങ്ങളുടെ പിതാക്കളും, സഹോദരങ്ങളും, സൗഭാഗ്യസമ്പൂർണ്ണമായ സ്ഥലത്തു് വിശ്രമിക്കുമാറാകണമേ കർത്താവേ! നീ മനുഷ്യജാതിയെ വിസ്തരിപ്പാൻ എഴുന്നെള്ളുന്ന ദിവസം നിൻെറ പരിശുദ്ധന്മാരോടുകൂടെ നിൻെറ മണവറയെ പ്രാപിച്ചു് സകല നീതിമാന്മാരോടുംകൂടെ നിൻെറ മണവറയെ പ്രാപിച്ചു് സകല സാമീപ്യനീതിമാന്മാരോടുംകൂടെ നിന്നെ സ്തുതിക്കുവാൻ പരേതനായ നിൻെറ ദാസനെ യോഗ്യനാക്കേണമേ.

വേറൊന്നു് (മംനൂക്കൈക്കുദ് മോഷ്യസോ)

കർത്താവേ! നിൻെറ ശരീരരക്തങ്ങളെ അനുഭവിച്ചവനെതീജ്വാല ഭക്ഷിക്കുമാറാകരുതെ, പ്രത്യുത അരിഷ്ടതയിൽനിന്നു നി

www.malankaralibrary.com

ന്റെ കൃപാക്കരുണകളാൽ ഇവൻ ഉദ്ധരിക്കപ്പെടേണമേ. സത്യരാജാവായ മ്ശിഹാ! നിന്നിലുള്ള ആശയോടെ നിദ്രപ്രാപിച്ച ഈ നിന്റെ ദാസൻ നിന്നാൽ കബറിൽനിന്നു ഉയർപ്പിക്കപ്പെട്ടകയും പൂഴിയിൽനിന്നു വീണ്ടുകൊള്ളപ്പെട്ടകയും ചെയ്യണമെ.

ഹേ, മൃതന്റെ സ്നേഹിത! മൃതനു നിഷ്പ്രയോജനമായിരിക്കുന്ന സങ്കടവിലാപം സ്വീകരിക്കാതെ മരിച്ചുപോയവക്കും ജീവനോടെ ഇരിക്കുന്നവർക്കും പ്രയോജനകരമായ പ്രാത്ഥന ദൈവമുമ്പാകെ സമർപ്പിക്കുന്നതിൽ നിന്റെ വിവേകം തെളിയിക്കുക. നീ ബുദ്ധിപൂർവ്വം സമർപ്പിക്കുന്ന പ്രാത്ഥനകേട്ട് നിന്നിൽനിന്നു വേർതിരിഞ്ഞുപോയ നിന്റെ മരിച്ചുപോയവനെ കത്താവു പുണ്യപ്പെടുത്തും.

നമ്മുടെ കത്താവിന്റെ തിരുശരീരരക്തരഹസ്യമാകുന്ന പാപപരിഹാരപ്രദമായ അപ്പവും, വീഞ്ഞുംകൊണ്ട് വിശുദ്ധസ്ഥലത്തു പാപമോചനം ചെയ്യുന്ന മേശമേൽ ഈ ആചാര്യനെ അനുസ്മരിക്കുക.

ഖേറൊനു് (ഹബ്ലൻമാറൻ)

സർവനാഥന്റെ പുത്രാ! നിന്റെ ദാസൻപൂർവ്വീക നീതിമാന്മാരോടു തുല്യനായിത്തീർന്നതിനാൽ നിനക്കു സ്തുതി. നിര്യാതനായ ഈ ആചാര്യൻ നിന്റെ ജീവിതവിജയമനുസരിച്ച ഒരു പുണ്യശ്ലോകനെങ്കിൽ, പുണ്യാത്മാക്കളാലും പൂർവീകനീതിമാന്മാരാലും തെളിയിക്കപ്പെട്ടകയും ഓർപ്പിക്കപ്പെട്ടകയും ചെയ്യുന്നു.

പരിശുദ്ധസ്ഥലത്ത് വിശുദ്ധിയോടെ ശുശ്രൂഷിച്ച ശോഭയുള്ള ഞങ്ങളുടെ സഹോദരാ! സമാധാനത്തോടെപോക. പരിശുദ്ധന്മാരുടെ നിലയിൽ നിനക്കു കിരീടം കരുതിവച്ചിരിക്കുന്നു. നിന്റെ സുകൃതാദ്ധ്വാനങ്ങൾ ആത്മീയരുടെ ഇടയിൽ വിജയശ്രീ കൊള്ളുകയും ചെയ്യുന്നു. "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ! വന്നു നിത്യജീവൻ പ്രാപിച്ച് അനുഭവിച്ചുകൊള്ളുവിൻ" എന്നുള്ള സന്തോഷപൂർണ്ണമായ തിരുശബ്ദംകേട്ട്, കത്താവെ! നിന്റെ വിശുദ്ധന്മാരോടൊരുമിച്ച് പ്രകാശമണവറയിൽ ആനന്ദിച്ചാഹ്ലാദിപ്പാൻ ഇവനെ യോഗ്യനാക്കേണമേ.

അഹോകഷ്ടം! ഈ മരണം, എന്റെ സഹോദരന്മാരേ നിങ്ങളുടെസംസർഗ്ഗസാമീപ്യങ്ങളിൽനിന്നുമെന്നെ വേർതിരിക്കുകയുംഞാൻ കടന്നുപോകാതിരിക്കുമാറ് എന്നെ ഇരുളടഞ്ഞ പാതാളമുറിയിൽ ഇട്ടടക്കുകയും ചെയ്തു.

www.malankaralibrary.com

ശോഭയുള്ള ഞങ്ങളുടെ സഹോദരാ! വെടിപ്പോടെ ശുശ്രൂഷിച്ച പരിശുദ്ധരോടൊരുമിച്ച് ഉയർപ്പുനാളിൽ നീ കിരീടംപ്രാപിച്ച് മനോഹരമണവറയിൽ സ്തുതിപാടുവാൻ ഇടയാകുന്നതിനാൽ ദുഃഖിക്കരുതേ.

ഞങ്ങളുടെ പിതാവെ! നിന്നെ തിരഞ്ഞെടുത്ത പരമപിതാവിനു സ്തുതി. നിന്റെ ഓട്ടത്തിനു വിശ്രമമരുളിയ പുത്രനു സ്തോത്രം. നീ ആരുടെ മുമ്പാകെ ശുശ്രൂഷിച്ചിരുന്നുവോ ആ പരിശുദ്ധാത്മാവ് നിന്നെ വലത്തുഭാഗത്തു വിളിച്ചുനിറുത്തുന്നതിനാൽ വന്ദ്യനാകുന്നു.

മോർ യാക്കോബിന്റെ ബോറൂസോ.

ദൈവപുത്രാ! അനശ്വരമായ സ്വർഗ്ഗരാജ്യത്തിൽ ശുദ്ധിമാന്മാരോടും നീതിമാന്മാരോടുംകൂടെ നിന്റെ ആചാര്യനു വിശ്രമം നൽകേണമേ!

മണവാളനായ മിശിഹാ! നിന്റെ ശുശ്രൂഷകനെ നാശാവസ്ഥയിൽനിന്നു വിളിക്കേണമേ. കബറിനുള്ളിൽ ദുഃഖംപൂണ്ടിരിക്കുന്ന നിന്റെ ആചാര്യനെ ഉണർത്തേണമേ. കർത്താവേ! ക്ഷണഭംഗുരങ്ങളായ ആശകളെ അവഗണിച്ച് നിന്റെ സ്നേഹംനിമിത്തം അനുഭവിച്ച പീഢകൾക്ക്, നന്മകൾ പ്രതിഫലംനൽകണമേ

കർത്താവേ! പരിശുദ്ധമദ്ബഹായിൽ സ്വന്തകൈകളിൽ നിന്നെ ആഘോഷിച്ച ഈ പട്ടക്കാരന്റെ അവയവങ്ങളെ അത്യാഗ്രഹിയായ മരണം നശിപ്പിച്ചുകളയാതെ നിന്റെ സ്ളീബാ ഇവനെ അപകടസ്ഥലംകടത്തി, ഉടയവനേ! സ്വർഗ്ഗരാജ്യത്തിൽ സർവ്വനീതിമാന്മാരുടേയും ഇടയിൽ വസിപ്പിക്കേണമേ.

ശരീരത്തിന്റെ മാതാവായ ഭൂമി. ശരീരാവയവങ്ങളുടെ കിടക്കയായി തീർന്നതിൽ അതു മുഴുവനും ദുഃഖവർണ്ണം വ്യാപിച്ചിരിക്കുന്നു. ഞങ്ങളുടെ കർത്താവേ! നിന്റെ സ്തുതിഗാനങ്ങളിൽ അഹോരാത്രം ഏർപ്പെട്ട നിന്റെ ദാസനെ നിന്റെ വലത്തുഭാഗത്തെ ആനന്ദപൂർണ്ണമായ നിലയ്ക്കു യോഗ്യനാക്കേണമേ.

നശ്വരമായ ആശകളെ പരിത്യജിച്ചും, യൗവ്വനത്തിന്റെ പരമാഡംബരങ്ങളെ അവഗണിച്ച് സ്വന്തആത്മാവിനെ രാഗമോഹങ്ങൾക്കെതിരെ ക്രൂശിച്ചും തിരുനാമത്തെ സ്നേഹിച്ചുപോന്ന ഈ ആചാര്യൻ ആഡംബരനിബിഡമായ പ്രകാശമണവറയിൽ വിശ്രമിക്കുമാറാകണമെ.

www.malankaralibrary.com

നീ ആരുടെ വിശ്വസ്തഭൃത്യനായിരുന്നുവോ ആ പിതാവിനു സ്തുതി. ആരെ സ്നേഹിച്ചു് ഈ ലോകം ത്യജിച്ചുവോ ആ പുത്രനു വന്ദനം. ആരെ സ്തോത്രഗാനങ്ങളാൽ ശുശ്രൂഷിച്ചുകൊണ്ടിരുന്നുവോ ആ പരിശുദ്ധാത്മാവിനു സ്തോത്രം. സർവ്വോപരി ഉന്നതമായ ത്രിത്വമേ! ഞങ്ങളെല്ലാവരോടും കരുണചെയ്യേണമേ.

കർത്താവെ! ഞങ്ങൾ നിന്നെ ഏറ്റുപറഞ്ഞിട്ടുള്ളവരാകയാൽ ഞങ്ങൾ നിരാശാസൂചകമായ ശബ്ദം കേൾപ്പാനിടയാകാതെ നീ ഞങ്ങളെയും ഏറ്റുപറവാൻ ദയയുണ്ടാകണമെ.

പട്ടക്കാരുടെ കുക്കിലിയോൻ ചൊല്ലി ധൂപംവീശണം

---

# നാലാം ശുശ്രൂഷ

ദൈവമേ! നീ പരിശുദ്ധനാകുന്നു. ഇത്യാദി ഒരു കൗമ്മാ

## സ്ലൂസൊ

ഞങ്ങളുടെ നാഥനും പ്രധാനാചാര്യനുമായ മ്ശിഹാതമ്പുരാനെ! ഈ സഭയിൽനിന്നു നിന്റെ അടുക്കലേക്കു് വിയോഗംചെയ്ത ഈ നിന്റെ ദാസനായ ആചാര്യന്നു് ആശ്വാസവും പുണ്യവും നൽകണമെ, ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമെ! പാവനമായി നിനക്കു് ശുശ്രൂഷചെയ്തിട്ടുള്ള നിന്റെ പരിശുദ്ധ ആചാര്യന്മാരോടൊന്നിച്ച് ഇവനെ ആനന്ദിപ്പിക്കയും ചെയ്യേണമെ. മോറാൻവാലോഹാൻ.....ആമ്മീൻ.

കുക്കിലിയോൻ സങ്കീർത്തനം 84:2–6

എന്റെ ഹൃദയവും, എന്റെ ജഡവുമേ! ജീവനുള്ള ദൈവത്തെ സ്തുതിപ്പീൻ. പക്ഷി ഒരു വിശ്രമസ്ഥലവും, ചെങ്ങാലി ഒരു കൂട്ടം കണ്ടെത്തിയിരിക്കുന്നു. ബലവാനായ കർത്താവെ! അവ നിന്റെ ബലിപീഠത്തിനരികെ കുഞ്ഞുങ്ങളെ വളർത്തി. എന്റെ രാജാവും, എന്റെ ദൈവവുമേ! നിന്റെ ഭവനത്തിൽ വസിക്കുന്നവർക്കു ഭാഗ്യം, അവർ എന്നേക്കും നിന്നെ മഹത്വപ്പെടുത്തും. നിന്റെ സഹായകനും നിന്റെ ഊടുവഴി തന്റെ ഹൃദയത്തിലും ആക്കിയിരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ, അവർ സങ്കടകരമായ

www.malankaralibrary.com

താഴ്വരയിൽക്കൂടി കടന്നുപോകയും അതവരുടെ വാസസ്ഥലമാക്കുകയും ചെയ്തു. ബാറെക്മോർ..... ശുബഹോ...... മെനഓലാം...

എക്ബോ. (യൗദമാദനം)

മൃതരേ, നിങ്ങൾ ഭക്ഷിച്ചിരിക്കുന്ന ജീവനുണ്ടാക്കുന്ന തിരുശരീരവും നിങ്ങൾ കുടിച്ചിരിക്കുന്ന പുണ്യംനൽകുന്ന രക്തവും നിങ്ങളെ വലത്തുഭാഗത്തു് ഉദ്ധരിച്ചു് നിർത്തുന്നതാകയാൽ ഉയർപ്പുനാളിൽ നിങ്ങൾക്കു ഭാഗ്യം.

മാനീസോ

കർത്താവെ, ഞങ്ങളോടു ദീർഘമായി കരുണചെയ്യേണമേ. ഏകജാതനും വചനവുമായ ദൈവം തന്റെ മനുഷ്യസ്നേഹത്തിന്റെ വിവിധ സ്ഥിതികളാൽ സദാനേരവും നമ്മെ സന്ദർശിച്ചു കൊണ്ടിരിക്കുന്നു. എന്തെന്നാൽ ഇതുവരെ മരണത്തിന്റെ നാശകരമായ വലകൾ പൊളിക്കുവാൻ കഴിയാതവണ്ണം പാപം ബലപ്പെട്ടിരുന്നു. എങ്കിലും ദൈവം നമ്മോടു കരുണചെയ്യുകയും തന്റെ കരുണയെ നിലനിർത്തി വർദ്ധിപ്പിച്ചുകൊണ്ടു് സ്വമനസ്സാലെ താഴ്മയിലേക്കു് ഇറങ്ങിവന്നു് കൃപയാൽ മനുഷ്യനായി അവതരിക്കയും സകല മരിച്ചവരുടെമേലും വിജയംപ്രാപിച്ചിരുന്ന മരണത്തോടു് തന്റെ ജഡത്തിന്റെ മദ്ധ്യസ്ഥതമൂലം പോരാടുകയും മൃതരുടെ ഇടയിൽനിന്നുയത്തെഴുന്നേററതിനാൽ മരണത്തിന്റെ വലയെ ഉപയോഗശൂന്യമാക്കിത്തീർക്കുകയും ചെയ്തു. ഈ ആശയിൽ നാമും ഒഴികഴിവില്ലാത്ത നിത്യാണമാർഗ്ഗത്തിൽക്കൂടെ യാത്ര ചെയ്യുമ്പോൾ സങ്കീർത്തനങ്ങളും സ്തുതിപ്പുകളും പാടി തന്റെ അനവധിയായ കരുണാബാഹുല്യത്തെ അഭിവന്ദിച്ചുകൊണ്ടു് ഓരോരുത്തർക്കും സംസ്കാരശുശ്രൂഷ നടത്തുന്നു.

മാബർത്തോ

മൃതലോകത്തേക്കു് എനിക്കു വഴിതുറന്നു. ലോകവീഥികളിൽ ഞാൻ അടുത്തുനിന്നു. കബറുകളുടെ ഉള്ളിൽ നഷ്ടശിഷ്ടങ്ങളായി കിടക്കുന്ന തലമുറകളും, അവയിൽ പിടിച്ചിരിക്കുന്ന ചിതലും, പൊതിഞ്ഞിരിക്കുന്ന പുഴുക്കളും, കൃമികളും ഒരു ഭയങ്കരകാഴ്ചയായി ചമഞ്ഞു്; തെരുവീഥികളിലെ ചെളിപോലെ ചവുട്ടപ്പെട്ടും അത്യാഗ്രഹിയായ മരണത്താൽ ക്ഷയിപ്പിക്കപ്പെട്ടും ഇരിക്കുന്നതും ഞാൻ കണ്ടു. കണ്ണുകൾ ഇരുളടഞ്ഞു് നിന്ദ്യമായ എട്ടുകാലിവല ചുററിയിരുന്നു. ചെവികൾ പൊട്ടി ശ്രവണവും നശിച്ചിരുന്നു.

www.malankaralibrary.com

സംഹാരശക്തിയുള്ള നാവം, വരണ്ടുണങ്ങിപ്പോയി തൊണ്ടയും, ശബ്ദരഹിതമായി ശേഷിച്ചിരുന്ന രൂപലാവണ്യമുള്ള മുഖം കരിഞ്ഞു വിരൂപമായിരിക്കുന്നു. ഞാൻ ഇതുകൾകണ്ടു അമ്പരന്ന് അപേക്ഷിച്ചുപറഞ്ഞു. ഞങ്ങളുടെ രക്ഷിതാവെ! മരിച്ചുപോയിരിക്കുന്ന നിന്റെ ദാസരിൽ കനിയേണമേ. ജീവനുള്ളവന്റെ പുത്രാ! നിന്റെ കൃപയെസ്തോത്രം ചെയ്യേണ്ടുന്നതിനു അവരെ പുനർജീവിപ്പിക്കേണമേ! സ്തൗമൻകാലോസ്........

## പ്രൂമിയോൻ

പട്ടക്കാരൻ:-നാമെല്ലാവരും പ്രാർത്ഥിച്ചു........

പ്രതിവാക്യം:-അനുഗ്രഹിക്കുന്നവനായ കർത്താവെ........

പട്ടക്കാരൻ:-സ്തുതിയും സ്തോത്രവും........

സ്വന്ത പരാക്രമശക്തിയാൽ പാതാളത്തെ ഉൻമൂലനംചെയ്തു് മരണത്തെ മായിക്കുകയും മൃതന്മാരെ ഉയർപ്പിച്ചു്, നീതിമാന്മാരുടേയും, പുണ്യവാന്മാരുടേയും, ആത്മാക്കൾക്കു് മരണമില്ലായ്മയുടെ ശരണം നൽകുകയും ചെയ്യുന്നവനായി സർവ്വമരണത്തിനും അധികാരമുള്ള ജീവന്റെ പ്രഭുവിനു മരണമില്ലായ്മയെ നൽകുന്നവനും സ്തുതി. തന്റെ ദാസന്റെ ശവസംസ്കാരശുശ്രൂഷ നടത്തുന്ന ഈ സമയത്തും...... ആമീൻ.

## സെദറൊ

പട്ടക്കാരൻ:-സകലത്തിന്റേയും സൃഷ്ടാവും നിർമ്മാതാവും മരണമുള്ള വർഗ്ഗത്തിന്റേയും മനുഷ്യകുലത്തിന്റേയും, ആത്മശരീരങ്ങളുടെ ഉടമസ്ഥനുമായ ദൈവമേ! നീ, ജീവനോടിരിക്കുന്നവർക്കു ആയുഷ്കാലം അളന്നുകൊടുത്തു് നിർമ്മാതാക്കൾക്കു പരിമിതിയെ കൽപിക്കുകയും പാതാളത്തിലേക്കു ഇറക്കുകയും, ഉദ്ധരിച്ചു ഉയർത്തുകയും ശക്തിയാൽ സൃഷ്ടിക്കുകയും, പരാക്രമത്താൽ മായിച്ചുകളയുകയും, വർത്തമാനകാലത്തിൽ ഉള്ളവയെ സദയം ഭരിക്കുകയും, ഭാവിയിൽ ഇരിക്കുന്നവയെ സഫലമായി പോററിപുലർത്തുകയും മരണശിക്ഷകൊണ്ടു ക്ലേശിപ്പിക്കുകയും പുനർജ്ജീവന്റെ ആശയാൽ സമാശ്വസിപ്പിക്കുകയും ചെയ്യുന്നവനാകയാൽ ഞങ്ങളുടെ പാവപ്പെട്ട അപേക്ഷകളും പ്രാർത്ഥനകളും സശ്രദ്ധം കനിഞ്ഞരുളി [illegible] ദാനശീലനും ദയാലുവുമായി ഞങ്ങൾ

www.malankaralibrary.com

കട പ്രത്യക്ഷപ്പെടേണമെ. സത്യവിശ്വാസത്തോടെ തിരുസന്നിധിയിലേക്ക് മുൻപെ പുറപ്പെട്ടവരായ ഞങ്ങളുടെ സകല പിതാക്കളേയും, സോദരങ്ങളേയും ഗുരുക്കന്മാരേയും, അനുസ്മരിച്ച്, രക്തസാമ്യത്തിലും, വർഗ്ഗസാമ്യത്തിലും, അംഗസാമ്യത്തിലും, പ്രകൃതസാമ്യത്തിലും, വംശസാമ്യത്തിലും ഞങ്ങളോടൊത്തവരായവരെല്ലാവരേയും ആശ്വസിപ്പിക്കേണമേ. അവർക്ക മനഃപൂർവ്വമായും അല്ലാതേയും വന്നുപോയിട്ടുള്ള പാപങ്ങളെ ക്ഷമിക്കേണമേ. അറിവോടും, അറിവുകൂടാതേയും ഉള്ള അവരുടെ സർവ്വകൃത്യങ്ങളേയും മായിച്ചുകളയണമെ. വിശേഷിച്ചു കർത്താവേ! ഞങ്ങൾഇന്നു ശവസംസ്കാരം ചെയ്യുന്ന ഈ ദാസനേയും, അവരുടെ കൂട്ടത്തിൽ ഓർക്കേണമെ. ഇവന്റെ ആത്മാവ്, കമനീയമായ സ്ഥലത്ത് നിയോഗിക്കപ്പെടുന്നതിനും, സ്വർഗ്ഗീയ പാളയത്തിൽ കുടിയിരുന്ന്, സൗരഭ്യം വീശുന്ന മേച്ചിൽസ്ഥലത്തിൽ അധിവസിക്കുന്നതിനും, വിശുദ്ധസ്ഥലത്തിൽ ഇടവിടാതെ സഞ്ചരിച്ച് ആഹ്ളാദപരമായ വസതിയിൽ വിശ്രമിക്കുന്നതിനും, അബ്രഹാമിന്നും. ഇസ്സഹാക്കിന്നും, യാക്കോബിന്നും സത്യാരാധനയിലും, സുകൃതജീവിതത്തിലും, ആയുഷ്കാലം കഴിച്ചിരിക്കുന്ന ഏവർക്കുമുള്ളതായി, കമനീയമായ യോഗശാലയും, സങ്കടങ്ങളോ, ദുരിതങ്ങളോ മനോവേദനകളോ, തീണ്ടാതെ അകന്ന് സന്തോഷങ്ങൾ നിറഞ്ഞിരിക്കുന്ന വസതിയും സ്ഥിതിചെയ്യുന്നസ്ഥലത്തു പരിശുദ്ധരോടൊരുമിക്കുകയും, പുണ്യാത്മാക്കളുടെ കൂട്ടത്തിൽ ആനന്ദിക്കുകയും പ്രവാചകന്മാരുടേയും ശ്ലീഹന്മാരുടേയും ഒരുമിച്ചു സന്തോഷിക്കുകയും ചെയ്യുന്നതിനും, അഭംഗുരമായ പ്രകാശത്തിൽ സ്ഥിരവാസം ലഭിച്ച് നിരന്തരമായി ശാന്തിപ്രാപിക്കുന്നതിനും, കല്പനകൊടുക്കേണമേ. ഞങ്ങളുടെ മാതാപിതാക്കന്മാരും, സഹോദരീസഹോദരന്മാരും ആയി ഞങ്ങളോടൊന്നിച്ചു നിന്നു പ്രാർത്ഥിക്കുന്ന ഇവരെല്ലാവരുടേയും മനോവേദനകളെ ദൂരീകരിച്ചും, ആത്മകഷ്ടതകളെ ശമിപ്പിച്ചും, പ്രലാപകരമായ ദീർഘശ്വാസങ്ങളെ ഇല്ലായ്മചെയ്തും, ദുഃഖബാഷ്പങ്ങളെ തുടച്ചുകളഞ്ഞും, അനുശോചകർക്ക് ആശ്വാസവും ദുഃഖദംശനം ഏററിരിക്കുന്നവർക്ക് സഹായവും വിരഹതാപം ഏററ് ഹൃദയം നീറുന്നവർക്ക് സാന്ത്വനവും ഏകിയുംകൊണ്ട്, അവരേവരേയും നിന്റെ അനുകമ്പക്കർഹരാക്കി ഗാഢമായ ശാന്തതയിൽ എത്തിച്ച് എല്ലാവിധത്തിലും സഹായിക്കുകയും, ഓരോ സാന്ത്വനവാക്കുകളാലും, പ്രവൃത്തികളാലും, ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തുകയും ചെയ്യേണമേ! എപ്പോഴും, എവിടേയും, സുസ്ഥിരരും, അരോഗദൃഢഗാത്രരും, സത്യസന്ധരും, തെററിപ്പോകാത്തവരും, നിരുപദ്രവികളും, സങ്കടപ്പെടാത്തവരും, കഷ്ടതകളു

ക്രൂടാത്തവരും, വേദനയില്ലാത്തവരും, ഞെരുക്കമില്ലാത്തവരും ആയി കാത്തു് ഞങ്ങളേവരേയും നിൻെറ വിശുദ്ധാത്മാക്കളോടൊന്നിച്ച് നിത്യാനന്ദകൾക്ക യോഗ്യരാക്കേണമേ. എന്തെന്നാൽ നീ നല്ലവനും നൽവരങ്ങൾ ധാരാളമായി തരുന്നവനും, ദാനങ്ങൾ വർഷിച്ചുകൊണ്ടിരിക്കുന്നവനും ആകുന്നുവല്ലോ. നിനക്കും നിൻെറ ഏകജാതനും, നിൻെറ പരിശുദ്ധാത്മാവിനും ഞങ്ങൾ സ്തുതിയും സ്തോത്രവും കരേറ്റാ, ഹോശോവബ്ക്ലസുബാൻലഒൽമീൻ. ദൈവത്തിൽനിന്നു കടങ്ങളുടെ........ആമ്മീൻ.

ദേകാലോകൾ (ബോദെക്ത്നെഹവെ)

വിനീതനായ മോശയുടെ മരണത്തിൽ അവൻെറ ബഹുമാനത്തിനായി സ്വർഗ്ഗദൂതർ ഇറങ്ങിവന്നു, പട്ടക്കാരുടേയും, ലേഖ്യക്കാരുടേയും സ്ഥാനത്തു് കർത്താവു എഴുന്നെള്ളിവന്നു് പർവ്വത്തിൽ വച്ചു് അവനെ സംസ്കരിച്ചു. ചുററിനിന്നിരുന്ന അഗ്നിമയന്മാരുടേയും ആത്മമയന്മാരുടേയും സംഘത്തിനു, അവൻ ഇഷ്ടനായിരുന്നു. സർവ്വസൃഷ്ടികളുടേയും ഉടയവനാൽ സംസ്കരിക്കപ്പെട്ടുന്നതിനു, ആ പ്രവാചകപ്രധാനിക്കു് ഭാഗ്യംലഭിച്ചു. വരുവീൻ, സഹോദരരേ! തൻെറ ദാസരെ സംസ്കരിച്ചുരുള്ളുന്നവനു സ്തുതി. തനിക്കുസ്തുതി, ഹാലേലൂയ്യാ എന്നു നമുക്കു പാടാം.

എത്രവലിയോരത്ഭുതമാകുന്നു നമ്മുടെ നാഥൻ ആദാമ്യകുലത്തിന്നു അനുഭവമാക്കിതന്നതു്? തൻെറ സ്നേഹിതനായ ലാസറിനെക്കുറിച്ചു്തൻെറ ശിഷ്യന്മാരുമായി താൻ കബറിങ്കൽഎത്തി, കരഞ്ഞുവിലപിച്ചുകൊണ്ടിരുന്ന ജനസംഘത്തെനോക്കി നിങ്ങൾ അവനെ എവിടെവച്ചു എന്നു ചോദിച്ചു. ഇതാ! അവനെ കബറടക്കീട്ടു ദിവസം നാലായിരിക്കുന്നു എന്നു അവർമറുപടിപറഞ്ഞു. താൻ ശബ്ദംഉയർത്തി വിളിച്ചു അവനെ എഴുന്നേല്പിച്ചു. ഈ മഹൽസംഭവംകണ്ടു് പുരുഷാരങ്ങൾ അവനെ ഉയർപ്പിച്ചവനെ സ്തുതിച്ചു. ബാറെക്മോർ.

പട്ടക്കാ:-ശുബ്ഹോ...............

ബൂസിയുടെ മകനായ ഹസ്കീയേലേ! ദിവ്യദർശനങ്ങളിൽ മികച്ചവനെ! വരിക ഉയർപ്പുനാളിൽ മരിച്ചവർ എങ്ങിനെ ഉയത്തെഴുനേൽക്കുമെന്നു് എന്നെ വിശദമായി കാണിക്കുക. കർത്താവു എന്നെ മൈതാനത്തിൽ കൊണ്ടുപോയി നിറുത്തി, വരണ്ടുണങ്ങിപോയിരുന്ന അസ്ഥികൾ കാണിച്ചുകൊണ്ടു് എന്നോടു പ്രവചിക്കുക എന്നരുളിച്ചെയ്തു. ഞാൻ പ്രവചിക്കുകയാൽ പെട്ടെന്നു് ആ

www.malankaralibrary.com

ത്മാവുവന്ന് ആ അവശിഷ്ടാസ്ഥികളിൽ പ്രവേശിക്കുകയും അവർ ജീവിച്ചു മൃതന്മാരായവൎക്ക് ഉയിരേകുന്നവനു സ്തുതി, ഹാലേലുയ്യാ, തനിക്കു സ്തുതി എന്നു പാടിത്തുടങ്ങുകയും ചെയ്തു.

മെനൊലം..............

മരിച്ചഴുകിപ്പോകുന്ന ശരീരം, പിന്നെ പുനരുത്ഥാനനാളിൽ എങ്ങിനെ ഉയൎത്തെഴുന്നേല്പാൻ കഴിയും എന്നിങ്ങനെ ഒരു രാത്രിയിൽ മനുഷ്യവൎഗ്ഗത്തെക്കുറിച്ചു താൻ വിചാരനിമഗ്നനായിരിക്കെ, ചിതറികിടക്കുന്ന അസ്ഥികളോട് നിങ്ങൾ ഓരോന്നുംതമ്മിൽ ചേൎന്നിണങ്ങുവിൻ എന്ന് ഹെസ്കീയേൽ വിളിച്ചുപറയുന്ന ശബ്ദം ഞാൻ കേട്ടമാത്രയിൽ ഇതാ ആത്മാവുവന്ന് ആ മൃതശിഷ്ടങ്ങളിൽ പ്രവേശിച്ചു. ഉടനെ അവർ ജീവിച്ച് അവരുടെ കണ്ണുകൾ കാണുകയും, ചെവികൾ കേൾക്കുകയും, വായ്കൾ കൎത്താവിനു സ്തുതി ഉച്ചരിക്കുകയുംചെയ്തു. വരുവീൻ! സോദരരെ! മൃതരായവൎക്കുയിരേകുന്നവനു സ്തുതി; ഹാലേലുയ്യാ തനിക്കുസ്തുതി, എന്നു നമുക്കുപാടാം. മൊറിയോറൊ...........

## എത്രൊ

വളരെ കരുണയുള്ള ഞങ്ങളുടെ ദൈവമായ കൎത്താവേ! ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. നിദ്രപ്രാപിച്ച നിന്റെ ആചാൎയ്യനായ ( ) ആത്മാവിന്നുവേണ്ടി ഈ സമയത്തു ഞങ്ങൾ നിനക്ക് സമൎപ്പിച്ചതായ ഈ സുഗന്ധധൂപം കൈക്കൊള്ളണമെ. ഞങ്ങളുടെ കൎത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ. നിന്റെ പരിശുദ്ധപ്രധാനാചാൎയ്യന്മാരോടൊന്നിച്ച് പാപമോചനത്തിനും നീതീകരണത്തിനും തിരുസന്നിധിയിലെ മുഖപ്രസാദത്തിനും ഇവനെയോഗ്യനാക്കണമെ. മോറാൻപാലൊ.... ആമ്മീൻ.

വോറൊനു് (ബാറുബ്ത്തോംബ്രിശീസ്)

ഐശ്വൎയ്യം സമ്പാദിച്ചുകൊണ്ട് ഞങ്ങളുടെ ഇടയിൽനിന്നു വേർതിരിഞ്ഞു പോയിരിക്കുന്ന വാത്സല്യസഹോദരാ! നിന്റെ പ്രാൎത്ഥന ഞങ്ങൾക്ക് കോട്ടയും, അഭയസ്ഥാനവും ആയിരിക്കട്ടെ. കൎത്താവിന്റെ തിരുമുമ്പാകെ ഞങ്ങൾക്കുവേണ്ടി രാപകൽ അപേക്ഷിക്കേണമേ.

ജ്ഞാനസ്നാനത്താൽ അവിടുത്തേക്കു ലഭിച്ചിരിക്കുന്ന സത്യ ആശ്വാസമായ പരിശുദ്ധാത്മാവുമൂലം, നിന്മേലുപറ്റകൾ പ്രാ

www.malankaralibrary.com

പിച്ചുകൊണ്ടു് യജമാനന്റെ പുത്രനെ എതിരേററു അനന്ദം അനു ഭവിക്കുന്നതാകയാൽ നീ ഭാഗ്യവാനാകുന്നു. ബാറെക്മോർ...

പട്ടക്കാരൻ:— ശുബ്ഹൊ...............

ഞങ്ങളുടെ സഹോദരാ! നീ വിശുദ്ധിയോടെ രാപകൽ പാടിട്ടുള്ള ആത്മീയപാട്ടുകളാൽ,സന്തോഷങ്ങളുടെ മണവറയിലേക്കു ദൈവപുത്രന്റെ സ്നേഹിതന്മാരുമൊരുമിച്ചു് ആഗതനാകുമ്പോൾ നിന്നെ കാണ്മാൻ കർത്താവു ഞങ്ങളെ അനുഗ്രഹിക്കട്ടെ.

മെന്ഓലം..............

കരുണനിറഞ്ഞ മ്ശിഹാകർത്താവേ നിന്നിലുള്ള ആശയോടെ മരിച്ചു് നിന്റെ ഉയർത്തെഴുന്നേൽപിനെ നോക്കിപ്പാർക്കുന്ന ഞങ്ങളുടെ മരിച്ചുപോയവരെ മറന്നുപോകാതെ, നിന്റെ കൃപയെ സ്തോത്രംചെയ്‌വാൻ, അവരുടെ ശരീരങ്ങളെ പുനർജ്ജീവിപ്പിക്കേണമേ.

മദ്‌രോശൊ (കാപസ്മൽകോ)

ആചാര്യസ്ഥാനത്തിന്റെ പദവിയെ മഹിമപ്പെടുത്തി അതിന്റെ അധികാരം സർവത്ര നടപ്പിലാക്കിയവനു സ്തുതി.

അത്യുന്നതത്തിൽ ജീവനുള്ളവരുടെ വസതിയിൽ അവർപുനരുത്ഥാനനാളോളം, പാർപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ, രാജപുത്രന്റെ എഴുന്നെള്ളത്തുനാളിൽ, അതിരററ സന്തോഷത്തോടെപുറപ്പെട്ടു് തന്നെ എതിരേൽക്കുമെന്നു് സത്യമായും എഴുതപ്പെട്ടിരിക്കുന്നതുകൊണ്ടു്, പരേതരായ മേൽപട്ടക്കാരും, ദേഹവിയോഗം ചെയ്ത ഇടയന്മാരും, കർത്താവിനു ജീവനുള്ളവരാകുന്നു.

അല്ലയോ മഹത്വമുള്ള ആചാര്യത്വമേ, എനിക്കു ദൈവവും തലവനും, മഹാപുരോഹിതനുമായി തീർന്നരുളീട്ടു്, ആരാൽ എനിക്കു ശുദ്ധീകരണം ലഭിച്ചുവോ, ആ ദൈവത്തിന്റെ തിരുബലികളെ സമർപ്പിക്കുന്ന ലോകൈകനാഥേ, കർത്താവു നിന്നെ സത്യമായി സ്നേഹിച്ചു്, തലമുറതോറും നിലനിറുത്തി നിയോഗിച്ചാക്കിയിരിക്കുന്നു. ന്യായവിധിനാളിൽ ലോകത്തിനു കരുണലഭിപ്പാൻ പുനരുത്ഥാനത്താൽ അഹറോനും, ശെമഓനും ഒരുമിച്ചപേക്ഷിക്കും.

അയ്യോ! എനിക്കു ദുരിതം! എന്തെന്നാൽ എന്നെ മണ്ണുക്രമപ്പെടുത്തിയ സ്രഷ്ടാവിന്റെ നിയമത്തെ ഞാൻ അതിലംഘി

www.malankaralibrary.com

ച്ചു. മോഹത്തിലകപ്പെട്ട് മഹിമയെ ത്യജിച്ചു. ഭോജനത്താൽ തള്ളപ്പെട്ടവനായ ബഹിഷ്കരണത്താൽ ശപിക്കപ്പെട്ട ഭൂമി അവകാശവുമായിരിക്കുന്നു. മ്ശിഹാ തന്റെ പുനരുത്ഥാനത്താൽ എനിക്കു പുനരാഗമനം നൽകും എന്നു് ആദാം പറുദീസായിൽ നിന്നു പുറത്തുപോന്നപ്പോൾ സങ്കടനമേതം ദുഃഖിച്ചുപറഞ്ഞു.

ഭയങ്കര ന്യായവിധിയെക്കുറിച്ചു്, ആത്മലിഖിതമായ തിരുവെഴുത്തുകളിൽനിന്നു എനിക്കു കേട്ടറിവുണ്ടെങ്കിലും, ഇതാ കാമലോകത്തിലെ മോദകരമായ നിദ്രയിൽ ഞാൻ നിമഗ്നനായി. ന്യായവിധിവാർത്ത, ഒരിക്കലും കേട്ടുകേൾവിപോലുമില്ലാത്ത ഒരുവനെപ്പോലെ ഞാൻ ദുഷിച്ചു വഷളനായിപ്പോയി കർത്താവേ! എനിക്കു ഇമ്പമായി തോന്നിയ ഈ നിദ്രയിൽ എന്നെ കൈവെടിയാതെ ഇതിനെ വെറുത്തു നിന്നെ സ്നേഹിക്കുവാൻ എന്നെ യോഗ്യനാക്കേണമേ.

ഖേറൊന്നു് (പറുദൈസാ)

നീതിമാന്മാരെക്കുറിച്ചുള്ള ഓർമ്മ നമുക്കു് വാഴ്വും അവരുടെ പ്രാർത്ഥന നമ്മുടെ ആത്മാക്കൾക്കു കോട്ടയുമായിരിക്കട്ടെ.

എന്റെ സഹോദരന്മാരേ! നമ്മുടെ കർത്താവിന്റെ മഹിമയിൻ കൊടി പ്രത്യക്ഷമാകുന്ന നാളിൽ പരിശുദ്ധന്മാരോടൊരുമിച്ചു് ഇളവുകൂടാതെ തന്നെ നാം സ്തുതിചെയ്‌വാനായിട്ട് തനിക്കു് ആർദ്രകരുണതോന്നി നാം എല്ലാവരേയും, പട്ടക്കാരുടെക്കൂട്ടങ്ങളിൽ ചേർക്കുവാൻവേണ്ടി അവരുടെ ഓർമ്മദിവസം അവരുടെ ഉടയവനോടു നാം പ്രാർത്ഥിച്ചു തനിക്കുസ്തുതി കരേറ്റണം.

അനുതാപികൾക്കു താഴെയും, പുണ്യവാന്മാർക്കു മദ്ധ്യത്തിലും, വിജയികൾക്കു ഉയരത്തിലും, പരിപൂർണ്ണന്മാർക്കു തിരുസന്നിധിയിലുമായി എല്ലാവർക്കും സംയുക്തനിലകളായിട്ടുള്ള പറുദൈസായിലെ ക്രമമുള്ള പദവികളിൽ, ആചാര്യന്മാർ ആരോഹണംചെയ്യുമ്പോൾ ഓരോരുത്തനും താന്താന്റെ അദ്ധ്വാനം അനുസരിച്ചു നീതിയുക്തമായി പ്രാപിച്ച പദവികളിൽ പരിശോഭിച്ചുകൊണ്ടിരിക്കും.

തങ്ങളുടെ വാദപ്രതിവാദം കേൾക്കുന്നതിനു ശ്രവണേന്ദ്രിയത്തെ മദ്ധ്യസ്ഥമാക്കിവച്ചുകൊണ്ടു്, കണ്ണുകൾ സൗന്ദര്യമാഹാത്മ്യത്തേയും, ഹൃദയം ഐശ്വര്യമാഹാത്മ്യത്തേയും കാമിച്ചു് ആനന്ദിക്കുന്നു എന്നും, അവ തമ്മിൽ വിവാദിക്കുന്നതിനിടയിൽ നീതി, കടന്നുവന്നു് അവയെ നോക്കി പ്രവത്തിച്ചുണ്ടാക്കാത്ത അ

www.malankaralibrary.com

വകശികളെ! മതി. ഇന്നു വീരവാദം ചെയ്യുന്നവർ നാളെ നിശബ്ദരായിരിക്കാം എന്നറിഞ്ഞു് ശണ്ഠയിടാതെ അടങ്ങിയിരിപ്പീൻ, എന്നിവിധം ശാസിക്കയുണ്ടായി.

ബഹുജനങ്ങളുടെ സഹോദരനും സമീപസ്ഥനുമാക്കു സ്നേഹിതനുമേ! ആരു നിന്നെ ഞങ്ങളിൽനിന്നു വേർതിരിച്ചു് ഞങ്ങളുടെ സാമീപ്യംവിരോധിച്ചു് നിന്നെ കൂട്ടിക്കൊണ്ടുപോയിരിക്കുന്നുവോ ആ മിശിഹാ ദുഃഖംനിക്കി നിന്നെ സന്തോഷിപ്പിക്കുകയും കരുണാപൂർവ്വം നിൻെറ ആത്മാവിനെ കൈക്കൊള്ളുകയും, നീ സ്നേഹിച്ചു് ബഹുമാനിച്ചുപോന്നതിനുവേണ്ടി തിരുസന്നിധിയിൽനിന്നെ സന്തോഷിപ്പിച്ചു തൻെറ സ്നേഹിതരായ നീതിമാന്മാരുടെ കൂട്ടത്തിൽ ആനന്ദിപ്പിക്കുകയുംചെയ്യും.

വേറൊന്നു് (ദാവീദ്ബക്കിതെ)

കർത്താവെ! ഞങ്ങളുടെ സഹോദരങ്ങളെ സ്വർഗ്ഗരാജ്യത്തിൽ കണ്ടെത്തുവാൻ നിൻെറ പ്രത്യക്ഷതയുടെനാളിൽ ഞങ്ങൾക്കനുഗ്രഹമേകണമെ. പ്രജാവാത്സല്യ നാശാവസ്ഥയിൽ പഴകികിടക്കുന്ന പ്രതിരൂപങ്ങൾ, നിന്നാൽ കേട്ടുപോക്കി നവീകരിക്കപ്പെട്ടേണമെ. ദൈവപുത്രാ! നീ മൃതരായ എല്ലാവൎക്കും ഉയിരേകുന്നവനാകയാൽ നിൻെറ വാൎത്തകൾ വിസ്മയനീയമാകുന്നു.

സ്വന്തം ദുഷ്കൃത്യങ്ങളെപ്പററി മനസ്താപിപ്പാൻ സംഗതിയാകാതെ മരിച്ചുപോയവനു് അയ്യോ! ദുരിതം, ഞങ്ങളുടെ കർത്താവെ! സ്ളീബായിൽവച്ചു് ആ കള്ളനോടു കരുണചെയ്തതുപോലെ ഇന്നും ഞങ്ങളോടും കരുണചെയ്യേണമേ. ഞങ്ങളുടെ കർത്താവെ! നീ കരുണക്കടലാകയാൽ, നിൻെറ കരുണാമാരി ഞങ്ങളിൽ ചൊരിയേണമേ.

ഞങ്ങളുടെ കർത്താവെ! നീ സമാധാനത്തിൻെറ തുറമുഖമാകയാൽ തിരമാലകളിൽനിന്നു് നിൻെറ തുറമുഖത്തിൽ ഞങ്ങൾക്കു രക്ഷ നൽകേണമെ ഞങ്ങളുടെ കർത്താവായ യേശുവെ! നീ പ്രകാശമാകയാൽ നിൻെറ വെളിച്ചത്തിൽ ഞങ്ങൾ പ്രകാശംകാണുമാറാകണമെ ഞങ്ങളുടെ കർത്താവെ, ഞങ്ങൾ നിൻെറജനമാകുന്നു. കർത്താവെ നിൻെറ ജനം നിന്നോടുകൂടെയാകയാൽ ഞങ്ങൾക്കു ഉപദ്രവമുണ്ടാകാതിരിക്കണമെ.

ഞങ്ങളുടെ കർത്താവെ! നിൻെറ സ്ലീബാ ദുഷ്ടനിൽനിന്നും അവൻെറ സൈന്യങ്ങളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളുന്ന കോ

www.malankaralibrary.com

ട്ടയായിരിക്കണമേ. നല്ല ഉടയവനെ! നിൻെറ കരുണകൾ അടി യാരുടെ ദുഷ്ടതകളെക്കാളും ദുർമ്മാർഗ്ഗങ്ങളെക്കാളും മഹത്തരമാകുന്നു. ഞങ്ങൾക്കുവേണ്ടി മരിച്ച നല്ല ഇടയനായ കർത്താവേ! നിൻെറ ഇടവകയിൽനിന്നു് നിനക്കു സ്തോത്രമുണ്ടാകട്ടെ!

മോർ യാക്കോബിൻെറ ബോവൂസൊ

ദൈവപുത്രാ: അനശ്വരമായ സ്വർഗ്ഗരാജ്യത്തിൽ............ മരണം പട്ടക്കാരുടെ മോടിയെ ഭൂഗർഭവസതിയിൽ ചവുട്ടികള ഞ്ഞു. അതിൻെറ കൊത്തളങ്ങൾക്കുള്ളിൽ ശെമ്മാശന്മാരുടെ പ്ര ഭാവം കബറടക്കപ്പെട്ടു. പള്ളിയിലെ തോഴൻ ഇന്നു ശവക്കല്ലറയി ലെ ചെളിയായി തീരുകയും, അവൻ സ്തുതിപാടിക്കൊണ്ടിരുന്ന വീണ ഉടഞ്ഞു ശബ്ദരഹിതമാകയുംചെയ്തു.

പള്ളിയിൽ ഇവൻെറ രാഗമാഹാത്മ്യം നശിക്കയും, ആലയ ത്തിൽ ഇവൻെറ മനോഹരഗാനങ്ങൾ നിന്നുപോകയും ചെയ്തു. പ രിശുദ്ധബലിപീഠം വിരഹദുഃഖാപ്ലൂതു് വിലപിക്കുന്നു. ഇവ ൻെറ ശുശ്രൂഷ നിന്നുപോയതിനാൽ ശുദ്ധസ്ഥലവും ക്ളേശി ക്കുന്നു.

ദൈവപുത്രാ! പരേതനായ പട്ടക്കാരൻ നിൻെറ അടുക്കൽ സന്തോഷിക്കുകയും നിൻെറപിതാവിൻെറ മഹത്വത്തിൽ നീ എ ഴുന്നെള്ളിവരുമ്പോൾ നിന്നാൽ രക്ഷിക്കപ്പെടുകയും ചെയ്യേണമേ. ഈ നിര്യാതനായ ഞങ്ങളുടെ സഹോദരനേയും, വിയോഗംചെയ്ത ഞങ്ങളുടെ ഗുരുക്കന്മാരേയും സ്വർഗ്ഗരാജ്യത്തിൽ നിൻെറ വിശുദ്ധ ന്മാരോടൊന്നിച്ച പന്തിയിരുത്തേണമേ.

കർത്താവേ! മനോഹരഗീതങ്ങളാൽ സ്തോത്രഘോഷങ്ങളും നി ഷ്കപടമായ സ്തുതിയും, ഭൗമീകന്മാരായ ആചാര്യന്മാരുടെ ഗണ ത്തിൽനിന്നു് നിനക്കു സമർപ്പിക്കുമാറാകേണമേ. നീ ഭൂവാസിക ളുടെ സംഘയിൽ നിന്നു അവരെ വേർപെടുത്തി കടിഞ്ഞൂലുകളുടെ സഭയിലേക്കു ചേർത്തതിനാൽ നിനക്കുസ്തുതി.

തൻെറ ദാസനെ, ആദിയിൽ തിരഞ്ഞെടുത്ത പിതാവിന്നു സ്തുതി, തിരുസന്നിധിയിൽ ആരുടെ സന്നിധിയിൽ ആരാധന ചെയ്തുവോ, ആ പുത്രനു വന്ദനം. ഇവൻ ആയുഷ്കാലം മുഴുവനും ശുശ്രൂഷിച്ചുവന്ന ക്രൂദാശകളുടെ ഉടമസ്ഥനായ പരിശുദ്ധാത്മാവിനു സ്തോത്രം, ഏകസ്വഭാവമായിരിക്കുന്ന ത്രിത്വത്തിനുസ്തുതി.

മഹാപുരോഹിതശ്രേഷ്ഠനും പ്രധാനാചാര്യനുമായമിശിഹാ....

"ചാത്തുംനീതിയെ നിന്നാചാര്യന്മാരും ഇത്യാദി ചൊല്ലി

എല്ലാവരും ധൂപം വയ്ക്കണം"

---

www.malankaralibrary.com

# അഞ്ചാം ശുശ്രൂഷ

ദൈവമേ നീ പരിശുദ്ധനാകുന്നു, ഇത്യാദി ഒരു കൗമ്മാ

## സ്ലൂസൊ

യഥാൎത്ഥ പ്രധാനാചാൎയ്യനായ യേശുമിശിഹാ! ഈ ലോകത്തിൽനിന്നു നിദ്രപ്രാപിച്ചുപോയ നിന്റെ ആചാൎയ്യനെ നിന്റെ ഗുണവാന്മാരായ ആചാൎയ്യസംഘത്തോടുചേൎത്തു് വിശ്രമിപ്പിക്കയും എന്നെന്നേക്കും നിന്നെ മഹത്വപ്പെടുത്തുവാൻ തക്കവണ്ണം നിന്റെ വിശുദ്ധന്മാരോടൊന്നിച്ചു് നിന്റെ സ്വൎഗ്ഗരാജ്യത്തിൽ ആനന്ദിപ്പിക്കയും ചെയ്യേണമെ. ഹോശോ........ആമ്മീൻ.

കുക്കുലിയോൻ സങ്കീൎത്തനം 35: 1—5

കൎത്താവെ! നീ എന്റെ വ്യവഹാരം നടത്തി എന്നോടു യുദ്ധം ചെയ്യുന്നവരോടു യുദ്ധം ചെയ്യേണമേ. എന്റെ സഹായത്തിനായി നീ ആയുധവും പരിചയുംപിടിച്ചു് നിൽക്കേണമെ നീ വാൾഊരി എന്നെ ഉപദ്രവിക്കുന്നവരുടെനേരേ മിന്നിക്കേണമേ. "ഞാൻ നിന്റെ രക്ഷിതാവാകുന്നു"വെന്നു് എന്റെ ആത്മാവിനോടു പറയേണമെ. എന്റെ ആത്മാവിനെ അന്വേഷിക്കുന്നവർ ലജ്ജിച്ചു ശങ്കിക്കയും തങ്ങളുടെ പിമ്പിലേക്കു് തിരിഞ്ഞു നാണിക്കയും ചെയ്യും. എനിക്കു് വിരോധമായി ദോഷം ആലോചിച്ചവർ കാററിൻ മുൻപാകെ പൊടിമണ്ണുപോലെ ആയിത്തീരും. ശുബഹോ........ മെനഓലം......

എക്ബൊ (യൌമോനോ)

കൎത്താവെ! എന്റെ വ്യവഹാരം നീ നടത്തേണമേ. കൎത്താവെ എന്നോടു ശണ്ഠകൂടുന്ന സാത്താനും ഞാനുമായിട്ടുള്ള കാൎയ്യം നീ തീൎക്കേണമേ. ഞാൻ ലോകത്തിലായിരുന്നപ്പോൾ അവൻ എനിക്കു് കണ്ണിവച്ചു്, അവന്റെ വലയിൽ എന്നെ കുടുക്കി. ഇപ്പോൾ ഞാൻ അവനിൽനിന്നും വിട്ടൊഴിയുവാൻ ആരംഭിച്ചതിൽ അവൻ എന്നെ അരിഷ്ടപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. കൎത്താവെ അതരുതേ! എന്റെ നാഥാ! ഞാൻ അവന്റെകൂടെ പോകുവാൻ ഇടയാകരുതേ! പരിശുദ്ധനും മഹത്വമുള്ളവനുമായി പ്രജാവാത്സല്യമുള്ള കാരുണ്യവാനെ! നിന്നോടുകൂടെ നിന്റെ പിതാവിന്റെ സ്ഥലത്തേക്കു് ഞാൻ വരുമാറാകേണമേ!

www.malankaralibrary.com

മാനീസോ.

എനിക്കു് മരണഉറക്കം വരാതെ എന്റെ കണ്ണുകളെ പ്രകാശിപ്പിക്കണമേ!

ഞങ്ങളുടെ രക്ഷിതാവെ! പുണ്യവാനും പൂർണ്ണപരിപാകതയുള്ളവനുമായി പ്രധാന പിതാവായ യൗസേപ്പിന്റെ അസ്ഥികളെ മെസ്രേൻരാജ്യത്തുനിന്നും വാഗ്ദത്തനാട്ടിലേക്കു കൊണ്ടുപോകുവാൻ നീ നിയോഗിച്ചു. അതു അനിർവ്വചനീയമായ മരിച്ചവരുടെ ഉയർപ്പിന്റെ ദിവ്യമായ മഹാരഹസ്യത്തെ തെളിയിക്കുന്നതായിരുന്നു. അതുമൂലം ഞങ്ങൾക്കെല്ലാവർക്കും പുനർജനനത്തിന്റെ യഥാർത്ഥമായ ആശ ലഭിക്കുകയും ചെയ്തു. കർത്താവെ! നിന്റെ ആശനിമിത്തം നിന്റെ ശുശ്രൂഷയായ ജീവന്റെ നുകം ആകാംക്ഷയോടെ കൈക്കൊണ്ടു് നിന്റെ വിശുദ്ധകല്പനകൾ അനുസരിച്ചു നടന്നിട്ടുള്ള ഈ നിന്റെ ദാസനെ ഓർത്തുകൊള്ളേണമേ! കർത്താവെ നിന്റെ തിരുമുമ്പാകെ നിരന്തരമായി അദ്ധ്വാനിച്ചു് വിയർത്തൊഴുകിയിട്ടുള്ള എല്ലാവരേയും നിന്റെ കരുണാബാഹുല്യത്താൽ നിന്റെ വിശുദ്ധന്മാരുടെ ഭവനങ്ങളിൽ ആശ്വസിപ്പിക്കണമേ!

മാബ്‌റോനേ

ഞങ്ങളുടെ രാജാവായ യേശുവെ! നീ വലിയ മഹത്വത്തോടുകൂടി നാലുമുഖമുള്ള രഥത്തിന്മേൽ എഴുന്നള്ളിവരുന്ന നിന്റെ ഭയങ്കരമായ മഹാദിവസത്തിൽ ഈറേന്മാരുടേയും മാലാഖമാരുടേയും ആയിരമായിരങ്ങളും പതിനായിരംപതിനായിരങ്ങളും തിരുസന്നിധിയിൽ ശുശ്രൂഷചെയ്യുന്നു. പരിഭ്രമജനകമായ ആ കഠിനദിവസത്തിൽ ഈ ലോകം മുഴുവനും ന്യായംവിധിപ്പാൻ നീ എഴുന്നള്ളിവരുമ്പോൾ പർവ്വതങ്ങൾ നിന്റെ മുമ്പാകെ ഉരുകുകയും സമുദ്രവും അതിന്റെ ഉറവകളും വററിപ്പോകയുംചെയ്യുന്നു. ഭയങ്കരമായ മഹാദിവസത്തിൽ നീ സിംഹാസനത്തിന്മേൽ ഇരിക്കുമ്പോൾ രാജാക്കന്മാരുടേയും ആചാര്യന്മാരുടേയും ദീർഘദർശിമാരുടേയും വംശങ്ങൾ നിന്റെ തിരുസന്നിധിയിൽ വന്നുകൂടുന്നു. ഭയങ്കരമായ വലിയദിവസത്തിൽ ഓരോരുത്തർക്കും അവനവന്റെ അദ്ധ്വാനങ്ങൾക്കും പ്രവൃത്തികൾക്കും തക്കവണ്ണം പ്രതിഫലം നൽകുകയും ചെയ്യുന്ന ഞങ്ങളുടെ നാഥനായ കർത്താവെ! ആ ദിവസം ഞങ്ങളോടു കരുണചെയ്യണമേ! സ്തൗമൻകാലോസ്... ....

www.malankaralibrary.com

# പ്ര്വമിയോൻ

മഹാപുരോഹിതശ്രേഷ്ഠനും താലന്തുകൾ വിഭജിച്ച് കൊടുക്കുന്നവനും കുപ്പയിൽനിന്ന് തന്റെ സിംഹാസനത്തിലേക്ക് ഉയർത്തി തന്റെ ശ്രീഭണ്ഡാരത്തിൽ അധികൃതരാക്കുന്നവനും ആയവനു സ്തുതി. തന്റെ ദാസന്റെ ശവസംസ്കാരസമയത്തിലും..........

# സെദറാ

ഞങ്ങളുടെ കർത്താവേ ശ്ലീഹാക്കന്മാരുടെ ദൈവം തമ്പുരാനെ! അശുദ്ധന്മാരും വെടിപ്പില്ലാത്തവരുമായ നിന്റെ ദാസരായ ഞങ്ങൾ, വെടിപ്പോടും വിശുദ്ധിയോടുംകൂടെ തിരുസന്നിധിയിൽ ശുശ്രൂഷിക്കയും കാലത്തും സന്ധ്യയ്ക്കും ആരാധനകൾനടത്തി സൽക്കർമ്മങ്ങളാൽ നിന്നെ പ്രീതിപ്പെടുത്തുകയും ചെയ്തിട്ടുള്ള ഈ ഞങ്ങളുടെ സഹോദരനായ ആചാര്യനുവേണ്ടി നിന്റെ ദയയോടു അപേക്ഷിച്ച് യാചിക്കുന്നു. കർത്താവെ, അവനെ ശരിയായ പരിശോധന നടത്തിവിസ്തരിച്ച് ശിക്ഷിക്കരുതേ! നിന്റെ പരിശുദ്ധമദ്ബഹാകളുടെ കട്ടിളപ്പടികളിൽ ചവുട്ടിനടന്നിട്ടുള്ളകാലുകൾ അഗ്നിക്കനലുകളിൽ ചവിട്ടുവാൻ സംഗതിവരുത്തരുതേ! കർത്താവെ നിനക്ക് ആത്മീകഗാനങ്ങൾ പാടീട്ടുള്ള വായും നാവും പൊത്തിഅടച്ച് മൗനമാക്കരുതേ! കർത്താവെ നിന്റെ പരിശുദ്ധപുസ്തകങ്ങൾ നോക്കിയിട്ടുള്ള കണ്ണുകൾ ഇരുളടഞ്ഞു ചിതലിന്നും പുഴുവിന്നുംകൂടുകളായി തീരരുതേ. നിന്റെ പരിശുദ്ധങ്ങളായ വന്ദ്യക്രൂദാശകൾ ആഘോഷിച്ചിട്ടുള്ള കൈകൾ പൊള്ളി ചുരുണ്ടുപോകുവാൻ നീ കൈവിടരുതേ! കർത്താവെ ഇവനുവേണ്ടിയുള്ള ഞങ്ങളുടെ ബലഹീനപ്രാർത്ഥനകൾകേട്ടു ഞങ്ങളും ഇവനും ചെയ്തുപോയിട്ടുള്ള സകല പാപങ്ങളും കുററങ്ങളും ക്ഷമിച്ച് പരിഹരിക്കേണമേ! എന്തെന്നാൽ നീ ധാരാളമായി നൽവരവും അനവധി ദാനങ്ങളുമുള്ള കർത്താവാകുന്നുവല്ലോ ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും............ഹോശോ......ദൈവത്തിൽനിന്ന് കടങ്ങളുടെ പരിഹാരവും............ആമ്മീൻ.

**കോലൊ (ലെഖൽബീനെ)**

ശോഭയുള്ള പരിശുദ്ധപട്ടക്കാരാ നീതിമാന്മാരോടും പുണ്യവാന്മാരോടും ഒരുമിച്ച് ജീവസമ്പൂർണ്ണമായ തുറമുഖത്തിൽപോയി വിശ്രമിപ്പാൻവേണ്ടി ആളയച്ചു നിന്നെ കൊണ്ടുപോയ ഞ

www.malankaralibrary.com

ങ്ങളുടെ മ്ശിഹാകർത്താവിനു സ്തുതി. ഹാലേലൂയ്യാ–ഉ ഹാലേലൂയ്യാ.

എഴുതിയിരിക്കുന്നപ്രകാരം ദൈവം മോശയെ നോബ്പർവ്വതത്തിൽ വാത്സല്യത്തോടെ ശവസംസ്കാരം ചെയ്തു. എന്നാൽ ഞങ്ങളുടെ വാത്സല്യസഹോദരാ! മ്ശിഹായും തൻെറ സഭയും വാത്സല്യത്തോടെ നിന്നെ യാത്ര അയയ്ക്കുന്നു. ഹാലേലൂയ്യാ–ഉൗഹാലേലൂയ്യാ.

ബാറെക്മോർ........... ശുബഹൊലാബോ............

ശോഭയുള്ള പട്ടക്കാരാ! നിന്നെ ആളയച്ചു കൂട്ടിക്കൊണ്ടുപോയ ദൈവം നിന്നെ കാണ്മാൻ ഞങ്ങളെല്ലാവരേയും യോഗ്യരാക്കുകയും പ്രകാശത്തിൻെറ മണവറയായ സ്വർഗ്ഗരാജ്യത്തിൽ നീതിമാന്മാരോടുകൂടെ നിന്നെ ആനന്ദിപ്പിക്കുകയും ചെയ്യുമാറാകട്ടെ. ഹാലേലൂയ്യാ–ഉൗഹാലേലൂയ്യാ.

മെനഓലം................

ഹാനനിയാ മുതലായ ചൈതങ്ങൾക്കു് അഗ്നിച്ചൂളയിൽ തളിച്ച അനുഗ്രഹചാറിമഞ്ഞു വിശുദ്ധ സഭാമക്കളുടെ ശരീരങ്ങളിൽനിന്നു് അഗ്നിജ്വാലയെ കെടുത്തുകയും അതിനാൽ അവർക്കു തണുപ്പു ലഭിക്കയും ചെയ്യുമാറാകട്ടെ.

## എത്രൊ

കാരുണ്യവാനായ കർത്താവെ! ഞങ്ങൾ നിന്നിൽ അഭയംപ്രാപിച്ചു് ഈ സുഗന്ധധൂപം സമർപ്പിക്കയും നിൻെറ കൽപനയാൽ ഇവിടെനിന്നും നിര്യാതനായ ഈ നിൻെറ ആചാര്യനുവേണ്ടി നിന്നോടപേക്ഷിക്കയും ചെയ്യുന്നു. അന്ധകാരസൈന്യങ്ങളുടെ വലയിൽനിന്നു ഇവനെ രക്ഷിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ! വെടിപ്പോടെ നിനക്കു ശുശ്രൂഷചെയ്തിട്ടുള്ള പരിശുദ്ധാചാര്യന്മാരോടൊന്നിച്ചു് വസിപ്പാൻ ജീവസ്ഥലത്തേക്കു് ഇവനെ കൊണ്ടുപോകയും ചെയ്യണമെ. ഹോശൊവബ്........ആമ്മീൻ.

വേറൊരു കോലോ(ത്രൈഹ്ലൻഒൽമൊ)

ഞങ്ങളുടെ സഹോദരാ! ദാവീദിനെ തൻെറ സഹോദരന്മാരിൽനിന്നെന്നപോലെ നിന്നെ നാഥൻ നിൻെറ സ്നേഹിതന്മാ

www.malankaralibrary.com

രിൽനിന്ന നിന്നെ തിരഞ്ഞെടുത്തു—ദാവീദിനെ കൊമ്പിൽനിന്ന തൈലാഭിഷേകം ചെയ്തു. നിന്നെ വലത്തുകൈ തലയിൽവച്ചും ഞയത്തുമനസ്സിലാക്കി

എന്റെ വത്സരേ! ഞാൻ മണവറയിൽപോയി ആരാധന നടത്തുന്നവനും എന്റെ ബാല്യംമുതൽ മണവാളന്നായി കരുതി വച്ചിരിക്കുന്ന എന്റെ കാഴ്ച സാർപ്പിപ്പാൻ ഇടയാകുന്നതിന്നമായി എനിക്കുവേണ്ടി പ്രാർത്ഥിപ്പീൻ. ബാറക്മോർ.

ശുബ്ഹോ.................

കർത്താവെ, നിന്നിൽ വിശ്വസിക്കയും നിന്റെ സുവിശേഷത്തിന് ശിഷ്യപ്പെട്ടുകയും നിന്റെ തിരുശരീര രക്തങ്ങൾ സ്വീകരിക്കയും ചെയ്ത ഈ ആചാര്യൻ നിന്റെ വലത്തുഭാഗത്തു നിൽക്കുമാറാകണമെ മെനങ്ങലം......

നിന്നിലുള്ള ആശയിൽ നിദ്രപ്രാപിച്ച നിന്റെ ദാസന്മാരെ നിന്റെ മഹത്വം ധരിപ്പിക്കയും നിന്റെ കൃപയ്ക്കു സ്തുതി സമർപ്പിപ്പാൻതക്കവണ്ണം നിന്റെ മണവറയിൽ അവരെ സന്തോഷിപ്പിക്കയും ചെയ്യണമെ,

മദരാശെ (അബൊക്സബ്വെ)

വിശ്വാസികളായ മരിച്ചവർക്ക പുനരുത്ഥാനം നൽകുന്ന ദൈവമേ! നിനക്കുസ്തുതി.

ആചാര്യത്വമാകുന്ന താലന്തു് കർത്താവു എനിക്കു തരികയും ഞാൻ എന്റെ മനസ്സോടെ അതു് ഭൂമിയിൽ കുഴിച്ചുവയ്ക്കുകയും ചെയ്തു. താൻ എഴുന്നെള്ളിവന്നു് എന്നോടു അതു ചോദിക്കുമ്പോൾ ഞാൻ നിന്റെ ദ്രവ്യം വ്യാപാരം ചെയ്തു വർദ്ധിപ്പിക്കാത്ത ഉദാസീനദാസനായിത്തീർന്നതിനാൽ എനിക്കു കഷ്ടം.

കർത്താവെ! നിന്റെ ആരാധകന്നു് നിന്റെ മഹത്വമുള്ള ഭവനങ്ങളിൽ വിശ്രാമം നൽകണമെ. ഞങ്ങളുടെ കർത്താവെ! ഞങ്ങളുടേയും ഇവന്റെയും കുററങ്ങളെ നീ പൊറുത്തു ക്ഷമിച്ചു കൊണ്ടു് ഇവൻ പുണ്യം നൽകുകയും ഞങ്ങളുടെമേൽ കരുണയുണ്ടാകുകയും ചെയ്യണമെ!

കർത്താവെ! നിന്നിൽ നിദ്രപ്രാപിച്ച ഞങ്ങളുടെ സഹോദരന്റെ ആത്മാവിനെ ആനന്ദകരമായ സൗഭാഗ്യഭവനങ്ങളിലും പ്രകാശസമ്പൂർണ്ണമായ ഗൃഹാരങ്ങളിലും നീ വസിപ്പിക്കേണമെ!

www.malankaralibrary.com

ഇവൻ നിന്നോടുകൂടെ മണവറയിലേക്കും അനശ്വരമായ പുതിയ ജീവിതത്തിലേക്കും പ്രവേശിക്കമാറാകണമെ.

പറുദീസായിലെ വൃക്ഷങ്ങളുടെ ഇടയിൽ ഞാൻ ആനന്ദത്തോടെ കിടന്നുറങ്ങി. കാററൂതിയതിനാൽ വൃക്ഷങ്ങൾ ഇളകുകയും മാധുര്യശബ്ദം എന്റെ ചെവികളിൽ പതിക്കയും ചെയ്തപ്പോൾ എന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു എന്ന് എനിക്കുതോന്നി.

എന്റെ വത്സലരേ, വരുവിൻ കാഹളശബ്ദത്താൽ ക്ഷണനേരംകൊണ്ട് എല്ലാ മരിച്ചവരും കർത്താവിന്ന് സ്തുതിപാടി ഉയിർത്തെഴുന്നേൽക്കുന്ന അവസാനനാളിൽ ഉണ്ടാകുന്ന അത്ഭുതത്തെപ്പററി നമുക്ക് പരിശോധിക്കാം.

സകല കൂട്ടങ്ങളുമേ! സമാധാനത്തോടെ വസിപ്പീൻ. ഞങ്ങൾ നിങ്ങളുടെ സഹവാസത്തിൽനിന്നു നിത്യമായി വേർപിരിഞ്ഞിരിക്കുന്നു. നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയും ഓളങ്ങളുടെ ഇടയിൽ മുങ്ങിപ്പോകാത്ത കപ്പലുമായിരിക്കട്ടെ, എന്ന് മരിച്ചവർ ജീവനുള്ളവരോടു യാത്രപറഞ്ഞു വേർപിരിയുന്നു.

എന്റെ സഹോദരാ! നീ മരണമാകുന്ന പാനപാത്രം കുടിച്ചതിനാൽ ദുഃഖിക്കേണ്ട. ഇതാ നിന്റെ നാഥൻ എഴുന്നെള്ളിവന്ന് മരിച്ചവരെ ഉയർപ്പിക്കുകയും നിന്റെ മാംസാസ്ഥികളെ മഹത്വവും ആനന്ദവും ധരിപ്പിക്കയും ചെയ്യും.

ഞങ്ങളുടെ കർത്താവെ! നിന്റെ വിശുദ്ധ തിരുശരീരരക്തങ്ങളുടെ ഭരമേല്പിപ്പിനെ ഞങ്ങളിൽ കാത്തുകൊള്ളേണമേ. നിദ്രപ്രാപിച്ചവരുടെ അത്മശരീരങ്ങളെ നീ പുതുതാക്കണമേ! നിന്റെ തിരുശരീരരക്തങ്ങളുടെ ഗന്ധമേററു നിന്റെ ദാസനിൽ അഗ്നികെട്ടുപോകണമെ.

കർത്താവെ! നിനക്ക് സ്നേഹിതന്മാരായിത്തീന്ന നിന്റെ വിശുദ്ധന്മാരുടെ സംഘങ്ങളിലും സ്ഥാനങ്ങളിലും നീതിമാന്മാരുടെ പന്തിഭോജനങ്ങളിലും നിന്റെ ദാസനെ ക്രമീകരിക്കേണമേ നിന്റെ ജീവനുള്ള തിരുശരീരരക്തങ്ങൾക്ക് സംബന്ധക്കാരനായിതീന്നതിനാൽ ഇവനോടു ന്യായംവിധിപ്പാൻവരാതെ ഇവനു നീതീകരണം നൽകണമെ.

നല്ലവനും ദയാലുവുമായ ദൈവമേ! നിന്നിൽ നിദ്രപ്രാപിച്ച നിന്റെ ദാസനെ വിസ്മരിക്കരുതെ. ഇവന്റെ ശരീരത്തെ ഉയർപ്പിക്കയും കററങ്ങളെ നീതീകരിക്കയും ഇവൻ നിന്റെ വലത്തുഭാഗത്തുനിന്ന് നിന്റെ പരിശുദ്ധതിരുനാമത്തിന് സ്തുതിപാടുകയും ചെയ്യുമാറാ.

www.malankaralibrary.com

ഉയരത്തിൽ കൊമ്പുവിളിക്കയും കാഹളശബ്ദം മുഴങ്ങുകയും ചെയ്യുമ്പോൾ മരിച്ചവർ നാശംകൂടാതെ ശവക്കല്ലറയിൽനിന്നു ഉയർത്തെഴുന്നേൽക്കുന്നു. നിന്നെയുള്ള ആശയിൽ നിദ്രപ്രാപിച്ചു നിന്റെ ആരാധകന്മാർ നിന്റെ കരുണാപക്ഷത്തുമറച്ചുകൊള്ളപ്പെട്ടുമാറാകണമെ!

വേറൊരു മദ്റോശാ (ആനെഹബക്ദസംബെ)

എന്റെ സഹോദരന്മാരെ! എന്നെ ഏൽപിച്ചിരിക്കുന്ന താലന്തു പലിശസഹിതം എന്നോടു ചോദിക്കുമ്പോൾ ഞാൻ എന്തുചെയ്യും? മോശയും, ദീർഘദർശിമാരുടെ സംഘവും, തങ്ങളുടെ ആദായസഹിതം വരുമ്പോൾ, അവരെ സാമോദം സ്വീകരിക്കുന്നു. ഞാൻ ആകട്ടെ ലജ്ജിക്കേണ്ടിവരുന്നു.

കർത്താവെ! നിന്നിൽ നിദ്രപ്രാപിച്ച ഞങ്ങളുടെ സഹോദരന്റെ ആത്മാവിനെ നിന്റെ വിശുദ്ധന്മാരോടുകൂടെ ജീവന്റെ തുറമുഖത്തു ആശ്വസിപ്പിക്കേണമേ. നിന്നെ സ്നേഹിക്കുകയും നിന്നിൽ വിശ്വസിക്കുകയും ചെയ്ത എല്ലാ ദീർഘദർശിമാരുടേയും ശ്ലീഹന്മാരുടെയും പരിശുദ്ധ സഹദേന്മാരുടെയും, പ്രാർത്ഥനയാൽ നിന്നോടുകൂടെ അവൻ ആനന്ദിക്കമാറാകണമേ.

ആദാം ഭക്ഷിച്ച ഫലം കയ്പുള്ളതും, ആദാമേ! ഞാൻ നിനക്ക തന്നിട്ടുള്ള തോട്ടത്തിൽനിന്നു പുറപ്പെട്ടു കബറിനുള്ളിൽ പ്രവേശിച്ചു ഞാൻ വരുന്നതുവരെ മരിച്ചവരോടുകൂടെ വസിക്കുക, എന്നു തന്റെ നാഥനിൽനിന്നുകേട്ട ശബ്ദം സങ്കടകരവുമായിരുന്നു.

വേറൊരു മദ്റോശാ (ഹബിലൻമോറൻ ദബ്ത്തഹോമോ)

മരിച്ചവരെ ഉയർപ്പിക്കുന്ന കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു, ശവക്കല്ലറയിലുള്ളവർക്ക് പുനരുത്ഥാനം നൽകുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു.

ഞങ്ങളുടെ സഹോദരാ, നിന്റെ ശരീരത്തിൽ ഇനി കറപറ്റിക്കൂടാത്തതിനാൽ നീ സ്വയം ആശ്വസിച്ചുകൊള്ളുക. മണവാളനായ മിശിഹാതമ്പുരാനിൽ നീ സത്യസന്ധനായിതീർന്നതിനാൽ താൻ നിന്റെ തലയിൽ യോഗ്യമായ കിരീടം നൽകും.

താൻ നിന്റെ കണ്ണുകളെ പ്രകാശിപ്പിക്കുകയും, സന്തോഷകരമായ ശബ്ദം നിന്നെ കേൾപ്പിക്കുകയും ചെയ്യും. നശിച്ചു ശു

www.malankaralibrary.com

ന്യമായ നിന്റെ കാലുകളും മുഴങ്കാലുകളും, ശാന്തിയും സമാധാനവും കൊണ്ടു നിറയുകയും ചെയ്യും.

മോർ യാക്കോബിന്റെ ബോവൂസോ.

ദൈവപുത്രാ! അനശ്വരമായ സ്വർഗ്ഗരാജ്യത്തിൽ ശുദ്ധിമാന്മാരോടും നീതിമാന്മാരോടുംകൂടെ നിന്റെ ആചാര്യന് വിശ്രമം നൽകേണമേ.

ദൈവപുത്രന്റെ പട്ടമഹിഷിയായ സഭയെ, സമാധാനത്തോടെ വസിക്ക. തന്റെ സ്ലീബാ നിന്റെ മക്കൾക്കെല്ലാവർക്കും ഉന്നതമായ കോട്ടയായിരിക്കട്ടെ. എന്റെ ശിഷ്യരായ പരിശുദ്ധാചാര്യന്മാരെ! സമാധാനത്തോടെ വസിക്കയും നിങ്ങളുടെ പ്രാർത്ഥനകളിലും ധൂപങ്ങളിലും എന്നെ ഓർക്കുകയും ചെയ്യുവിൻ.

ഞാൻ ശുശ്രൂഷിച്ച പരിശുദ്ധ മദ്ബഹാ! സമാധാനത്തോടെ വസിക്ക. ഞാൻ ശുശ്രൂഷിച്ചിട്ടുള്ള മഹനീയകൂദാശകളെ! സമാധാനത്തോടെ വസിപ്പിൻ. എല്ലാ പള്ളികളും സകല ദയറാകളുമേ, സമാധാനത്തോടെ വസിപ്പിൻ. നമ്മുടെ കർത്താവിന്റെ സമാധാനം നിങ്ങളോടുകൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ.

മഹാ പുരോഹിതശ്രേഷ്ഠനും പ്രധാനാചാര്യനുമായ മിശിഹാതമ്പുരാനെ, നിനക്കു സ്തുതി. നിന്റെ കൂദാശകൾ അനുഷ്ഠിച്ച ഈ നിന്റെ പട്ടക്കാരന് പുണ്യം നൽകേണമേ.

പട്ടക്കാരുടെ കുക്കിലിയോൻ ചൊല്ലി എല്ലാവരും ധൂപം വീശണം.

---

## ആറാം ശുശ്രൂഷ

ദൈവമേ! നീ പരിശുദ്ധനാകുന്നു. ഇത്യാദി ഒരു കൗമ്മാ

## സ്ലൂമൊ

സ്വർഗ്ഗീയപ്രധാനാചാര്യനായ മിശിഹാതമ്പുരാനേ! നിന്നിലുള്ള ആശയോടെ ചരമം പ്രാപിച്ച ഈ ആചാര്യന് വിശ്രമവും പാപമോചനവും നൽകേണമേ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ! നിന്റെ ആചാര്യപ്രമുഖന്മാരായ മോ

www.malankaralibrary.com

ശയുടെയും അഹറോന്റെയുംകൂടെ ഈവന്റ് സഭയം ആനന്ദം നൽകണമേ. മോറൻവാലോഹാൻ......ആമ്മീൻ.

കുക്കിലിയോൻ സങ്കീർത്തനം 103:1—4

എന്റെ ആത്മാവെ! കർത്താവിനെ പുകഴ്ത്തുക. എന്റെ സകല അസ്ഥികളുമേ! അവന്റെ പരിശുദ്ധനാമത്തെ പുകഴ്ത്തുവിൻ. എന്റെ ആത്മാവെ! കർത്താവിനെ പുകഴ്ത്തുക അവന്റെ എല്ലാ ഉപകാരങ്ങളേയും മറക്കരുത്. താൻ നിന്റെ സകല അന്യായവും നിന്നോടു ക്ഷമിക്കുകയും, നിന്റെ സകല വേദനകളും സുഖപ്പെടുത്തുകയുംചെയ്യുന്നു. താൻ നാശത്തിൽനിന്ന് നിന്നെ രക്ഷിക്കയും, കൃപയാലും അനുഗ്രഹങ്ങളാലും നിന്നെ താങ്ങിക്കൊള്ളുകയും ചെയ്യുന്നു. ബാറെക്മാർ

ശുബഹോ....... മെന്ഓലം.........

എക്ബൊ (ഹൗദത്ത്ഇൻകൽബെറിയായൊസം)

ആദാമിൽ ജീവശ്വാസം ഊതുകയും, നിദ്രപ്രാപിച്ചവരെ തങ്ങളുടെ വാസസ്ഥലങ്ങളിൽ സന്ദർശിച്ച് ജീവോപദേശം നൽകുകയും ചെയ്ത ജീവദാതാവായവൻ ആദാമ്യസന്താനങ്ങളെ ഉയർപ്പിക്കുകയും ഓരോരുവനും അവനവന്റെ അദ്ധ്വാനത്തിനും കൃത്യങ്ങൾക്കും തക്കവണ്ണം പ്രതിഫലം നൽകുകയും ചെയ്യുവാൻവേണ്ടി അവസാനം എഴുന്നെള്ളിവരും.

മാനീസോ

ദൈവം നമ്മുടെമേൽ അനുഗ്രഹംചെയ്യും.

മിശിഹാതമ്പുരാനെ നിന്റെ സിംഹാസനത്തിൻമുമ്പാകെ നീതിയുടെ പ്രവൃത്തികളാലല്ലാതെ മനുഷ്യന് സഹായമോ, രക്ഷയോ ലഭിപ്പാൻ കഴിയുന്നതല്ല. ആകയാൽ ന്യായവിസ്താരത്തിലേക്ക് ഞാൻ വിളിക്കപ്പെടുമ്പോൾ എനിക്കുവേണ്ടി ശുപാർശചെയ്വാൻ ആർക്കു കഴിയും? അവിടെ സമാധാനം തരുവാൻ സമർത്ഥന്മാർക്കുപോലും കഴിയുന്നതല്ല. രാജാക്കന്മാർ ഭയത്തോടെ നഗ്നമായി നിൽക്കുന്നു. ആചാര്യന്മാർ തങ്ങൾ ഏററതിനെ അതിഭീതിയോടെ മടക്കി ഏല്പിക്കേണ്ടിവരുന്നു. നീതിമാന്മാർ പ്രയാസത്തോടെ രക്ഷപെടുന്നു. എന്നാൽ കർത്താവെ! പാപികൾക്കുവേണ്ടി നിനക്ക് പ്രാർത്ഥന സമർപ്പിക്കുവാൻ ആരുണ്ട്? നിന്റെ ബഹുലമായ കൃപയാലും കരുണയാലും എന്റെ ബഹുലമാ

www.malankaralibrary.com

യ പാപങ്ങളും കുറവുകളും ക്ഷമിച്ചു നീതീകരിക്കുകയും എന്നോടു കരുണതോന്നുകയും ചെയ്യേണമേ.

കാത്തീസ്മ

തന്റെ ദൂതന്മാരെ അരൂപികളായും തന്റെ ശുശ്രൂഷകന്മാരെ ജ്വലിക്കുന്ന അഗ്നിയായും സൃഷ്ടിക്കുകയും അഗ്നിമയന്മാരും ആത്മമയന്മാരും ആയ സൈന്യങ്ങളെ തന്റെ ശുശ്രൂഷക്കായി നിയോഗിച്ചു് ക്രമീകരിക്കയും ചെയ്തവൻ, ശോഭയുള്ള മേൽപട്ടക്കാർ ആചാര്യന്മാർ ശെമ്മാശ്ശന്മാർ എന്നിവരെകൊണ്ടു് തന്റെ പട്ടമഹിഷിയായ സഭയെ അലങ്കരിക്കുകയും സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ കൊടുത്തു് ഉയരത്തിലും ആഴത്തിലും സർവ്വ അധികാരവും അവർക്കു് നൽകുകയും ചെയ്തു. വിശ്വാസികളായ ഭവനക്കാർക്കു് തന്റെ ക്രദാശകൾ വിഭജിച്ചുകൊടുക്കുവാൻ അവരെ തന്റെ കലവറക്കാരായി നിയമിച്ചു, ആദാമിന്റെ പാപത്തിൽ പങ്കുള്ളവരാകയാൽ അത്യാഗ്രഹിയായ മരണമാകുന്ന പാനപാത്രം അവർ ആസ്വദിച്ചു് തന്റെ അടുക്കലേക്കു വന്നിരിക്കുന്നു. പ്രധാനനാഥനും, താലന്തുകൾ നൽകുന്നവനുമായ കർത്താവെ! വെടിപ്പോടും, വിശുദ്ധിയോടുംകൂടെ പരിശുദ്ധസ്ഥലത്തു നിന്നെ ശുശ്രൂഷിച്ച ആചാര്യന്മാരോടു് നീ ന്യായവിസ്താരം ചെയ്‌വാൻ ഇടയാകരുതെ എന്നു ഞങ്ങൾ കണ്ണുനീരോടെ ഈ സമയത്തു് നിന്നോടു് അപേക്ഷിക്കുന്നു. അവർ രാപകൽ ജാകരൂകതയോടെനിന്നു് നടത്തിയിട്ടുള്ള ഉപവാസങ്ങൾക്കും അദ്ധ്വാനങ്ങൾക്കും പകരമായി മഹാന്മാരായ അഹറോനോടും ഏലിയാസാറിനോടും ഫിനഹേസിനോടും ശമുവേലിനോടുംകൂടെ നിന്റെ മേശയിൽ ആനന്ദിച്ചു് തൃപ്തിയടയാതവണ്ണം നിനക്കു് സ്തുതിപാടുവാൻ ഇടയാകണമേ. അവർ, സ്വർഗ്ഗത്തിലെ ആദ്യജാതന്മാരുടെ സഭയിൽ ആത്മീയമായി ഹാലേലുയ്യാ പാടുകയും നിന്റെ കൃപക്കു് സ്തുതിസമർപ്പിക്കയും ചെയ്യുമാറാകേണമെ. എന്തെന്നാൽ നീമാത്രം നിരപരാധിയും ശോഭയുള്ളവനും പരാക്രമിയും മരിച്ചവർക്കു് പുനരുത്ഥാനം നൽകുന്നവനും ആകുന്നുവല്ലോ. സ്തൗമെൻകാ........

## പ്രൂമിയോൻ

താന്റെ മഹിമോദയത്തിങ്കൽ ലോകങ്ങൾ പരിഭ്രമിക്കുന്ന നീതിയുടെ സൂര്യനും തന്റെ മഹത്വപ്രത്യക്ഷതയിൽ മാലാഖമാർ അതിശയിക്കുന്ന പ്രഭാവമേറിയ ആനന്ദനാദവും താന്റെ ശോ

www.malankaralibrary.com

ഭയുള്ള കതിരുകളാൽ ശവക്കല്ലറയിലുള്ളവരെ സന്ദർശിക്കുകയും, തന്റെ മഹിമയേറിയ വെളിച്ചത്താൽ അന്ധകാരത്തെ പ്രകാശിപ്പിക്കുകയും ചെയ്യുന്ന യഥാർത്ഥപ്രകാശവും, തിരുമനസ്സുണ്ടായി ആഗ്യംകാണിക്കുമ്പോൾ മണ്ണിൽ നിദ്രപ്രാപിച്ചു കിടക്കുന്നവർ ഉണരുന്ന ബലമേറിയ ശക്തിയും ആയവന്ന് സ്തുതി. തന്റെ ദാസനായ ആചാര്യന്റെ ശവസംസ്കാരം നടത്തുന്ന ഈ സമയത്തും..........

## സെദറാ

ആകാശവും ഭൂമിയും തന്നാൽ സൃഷ്ടിക്കപ്പെട്ട പിതൃശക്തിയും ജ്ഞാനവും, അവയെ ഇല്ലാതാക്കീട്ട് സർവ്വമനുഷ്യാത്മാക്കളേയും, സർവ്വസൃഷ്ടിശ്വാസത്തേയും, എടുത്തുകൊണ്ട് പുതിയ ലോകത്തെ സൃഷ്ടിച്ചുണ്ടാക്കുവാനിരിക്കുന്നവനുമായ മിശിഹാതമ്പുരാനെ! ഈ ധൂപത്തോടും സുഗന്ധവാസനയോടുംകൂടെ നിന്നോടു ഞങ്ങൾ അപേക്ഷിച്ച് പ്രാർത്ഥിക്കുന്നു. വായുമണ്ഡലത്തിലെ പ്രാണവും, സകലത്തിന്റെയും ശ്വാസവും ജീവനും നൽകുന്ന ദൈവമെ! നീ ആകാശത്തെ കടലാസുപോലെ ചുരുട്ടുകയും സൂര്യചന്ദ്രന്മാരെ പ്രകാശരഹിതമാക്കുകയും ഭൂമിയേയും സമുദ്രങ്ങളേയും അവയിലുള്ള സകലത്തേയും സൂക്ഷ്മാവിയായി കയററികൊണ്ടുപോകുകയുംചെയ്യുമ്പോൾ, ആകാശമേഘങ്ങളിന്മേൽ നിന്റെ വിശുദ്ധമാലാഖമാരുമായി നീ എഴുന്നെള്ളിവന്ന് കോതമ്പുകൾ നിന്റെ അറകളിലേക്ക് ശേഖരിക്കുവാനും, പതിരുകൾ കെട്ടുകളായി കെട്ടി അഗ്നിയിൽ ദഹിപ്പിപ്പാനും നീ കല്പനകൊടുക്കുന്നു. കാരുണ്യവാനായ കർത്താവെ! ഇവയെല്ലാം സംഭവിക്കുന്നസമയത്ത് ഞങ്ങളിൽനിന്നു വേർപിരിഞ്ഞുപോയ ഈ നിന്റെ ദാസൻ, ശൂന്യം ഭവിക്കുന്ന ഈ നശ്വരലോകത്തിൽ, നിന്റെ തിരുമുമ്പാകെ ചെയ്തുപോയിട്ടുള്ള പാപങ്ങളും കുററങ്ങളും നിമിത്തം നിന്റെ തിരുമുഖം അവനിൽനിന്ന് തിരിച്ചുകളയരുതെ. ദുഷ്ടാത്മാക്കൾ മുഖാന്തരം ഇവൻ അന്ധകാരസ്ഥലത്തേക്ക് അയക്കപ്പെട്ടുമാറാകരുതെ. തങ്ങളുടെ ശവക്കല്ലറകൾ തങ്ങൾക്ക് നിത്യഭവനങ്ങളായിരിക്കുന്നവരോടുകൂടെ ഇവൻ തലമുറതലമുറകളായി, പാതാളനിവാസിയായിത്തീരരുതെ. തണുപ്പുലഭിക്കാതെ ഒരുവിരൽ വെള്ളം ഇരന്നന്വേഷിച്ചു ആ ധനവാനോടുകൂടെ കഠിനമായ അഗ്നിജ്വാലയിൽ ഇവൻ വേദനപ്പെട്ടുമാറാകരുതെ. ഇവൻ കളകളോടുകൂടെ കെട്ടപ്പെട്ട് കെടാത്ത അഗ്നിയിൽ ദഹിച്ചുപോകരുതെ. അഴുക്കുവസ്ത്രങ്ങൾ ധരിച്ചുവരോടുകൂടെ നിന്റെ കല്യാണഭവനത്തിൽനിന്ന് ഇവൻ ബഹിഷ്കരിക്കപ്പെടരുതെ. "ശപിക്കപ്പെട്ടവരെ! ആ കൽക്കറുസാ

www.malankaralibrary.com

കും അവൻെറ ദൂതന്മാൎക്കും ഒരുക്കിയിരിക്കുന്ന അഗ്നിയിലേക്ക്. എന്നിൽനിന്ന് പൊയ്ക്കൊൾവിൻ" എന്നുള്ള ദുഃഖാരിഷ്ടതകൾനിറഞ്ഞ ശബ്ദം ഇടത്തുഭാഗത്തുള്ളവരോടുകൂടെ ഇവൻ കേൾക്കാറാകായ്കെ. ഞങ്ങളുടെ കൎത്താവേശുമ്ശിഹാ! നിൻെറ എഴുന്നെള്ളത്തുദിവസത്തിൽ നിൻെറ കൃപയോടും ബഹുലമായ കരുണയോടുംകൂടെ കടാക്ഷമുണ്ടായി, മുഖപ്രസാദത്തോടു സന്തോഷസമേതം സ്വീകരിച്ച് ഇവന് സമാധാനം നല്കേണമേ. നിൻെറ വിശപ്പിന്ന് ആഹാരവും നിൻെറ ദാഹത്തിന്ന് വെള്ളവും തന്നവരോടൊന്നിച്ച് ഇവനെ നീ ആനന്ദിപ്പിക്കേണമേ. നിൻെറ വലത്തുഭാഗത്തെ കുഞ്ഞാടുകളോടുകൂടെ ഇവനെ നിൎത്തേണമേ. തങ്ങളുടെ വിളക്കുകൾ ഒരുക്കി പാത്രങ്ങളിൽ എണ്ണ ശേഖരിച്ചവരോടുകൂടെ നിൻെറ മണവറയിലേക്ക് ഇവനെ പ്രവേശിപ്പിക്കേണമേ. പരിശുദ്ധാത്മാവിൻെറ അങ്കി ധരിച്ചവരോടുകൂടെ നിൻെറ കല്യാണഭവനത്തിൽ ഇവനെ പന്തിഭോജനത്തിന്ന ഇരുത്തേണമേ. നിൻെറ വലത്തുഭാഗത്തെ കള്ളനോടുകൂടെ സൗഭാഗ്യകരമായ പറുദീസായിലേക്ക് ഇവനെ അയക്കേണമേ. "എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ ലോകാരംഭത്തിന്നുമുമ്പെ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന സ്വൎഗ്ഗരാജ്യം വന്ന് അവകാശമായി അനുഭവിപ്പിൻ" എന്നുള്ള അനുഗ്രഹകരമായ ശബ്ദം ഇവനെ കേൾപ്പിക്കേണമേ. എന്തെന്നാൽ മനുഷ്യരുടെ മുമ്പാകെ എന്നെ ഏറ്റുപറയുന്ന എല്ലാവരേയും പിതാവിൻെറയും തൻെറ വിശുദ്ധമാലാഖമാരുടേയും മുമ്പാകെ, ഞാനും ഏറ്റുപറയും എന്ന് നീ പ്രതിജ്ഞ ചെയ്തു അരുളിയിട്ടുണ്ടല്ലോ. ഞങ്ങളുടെ കൎത്താവേശുമ്ശിഹാ! നിൻെറ ദാസൻ നിൻെറ രക്ഷാകരമായ കഷ്ടാനുഭവങ്ങളിൽ പ്രശംസിച്ചുകൊണ്ടു തൻെറ നെററിമേൽ നിൻെറ വിജയകരമായ സ്ലീബാ വരക്കുകയും, നിൻെറ വിലയേറിയ വിശുദ്ധതിരുശരീരരക്തങ്ങൾ ഭക്ഷിച്ച് കുടിക്കുകയും ചെയ്തു. ആകയാൽ നിൻെറ വാഗ്ദാനങ്ങളും നിൻെറ കൃപയുടെ വചനങ്ങളും ഇവനിൽ നിവൎത്തിച്ചുകൊണ്ടു നീ ഇവനെ, സമ്മതിച്ചു പറയുന്നതുകേൾപ്പാൻ ഇവന് സംഗതിയാക്കേണമേ. നിൻെറ സ്ലീബായുടെ വലിയ അടയാളത്താൽ സകല ഭയങ്കരമായ കടവുകളിലും ഇവനു രക്ഷയുണ്ടായിട്ടു് ഇവനിൽ നിക്ഷിപ്തമായിരിക്കുന്ന നിൻെറ ശക്തിയുടെ മദ്രമാരുതനേററ് ഈ മഹാ അഗ്നി കെട്ടുപോകുകയും ഇവൻ അതിനെ അവഗണിച്ച് കടന്നുപോകുകയും ചെയ്യേണമേ. ഞങ്ങളുടെ കൎത്താവായ യേശുമ്ശിഹാ! നിൻെറ പിതാവിൻെറ സ്നേഹത്താലും നിൻെറ നിത്യമായ കൃപയാലും നിൻെറ പരിശുദ്ധാത്മാവിൻെറ മഹത്വത്താലും ഇവനെ നിൻെറ സ്വൎഗ്ഗരാജ്യത്തിന്നവകാ

www.malankaralibrary.com

ശിയാക്കുകയും, പ്രകാശമുള്ള മഹനീയസ്ഥലത്തു് അധിവസിപ്പിക്കുകയും ചെയ്യണമേ. ഹോശോവബ്.........

ദൈവത്തിൽനിന്നു് കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും രണ്ടുലോകങ്ങളിലും എന്നേയ്ക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ.

കോലോകൾ-മെ റിയോ മോറാൻ

ഞങ്ങളുടെ നാഥനായ കർത്താവേ! നീ ഉയർപ്പും ജീവനും നിദ്രപ്രാപിച്ചവരായ എല്ലാവർക്കും നല്ല ആശയുമാകുന്നു. നിന്നെ ഏറ്റുപറകയും നിൻെറ വിലയേറിയ തിരുശരീരരക്തങ്ങൾ അനുഭവിയ്ക്കുകയും ചെയ്ത ഈ നിൻെറ ദാസൻെറമേൽ കരുണയാകുന്ന പനിമഞ്ഞു് തളിക്കേണമേ. നീ ദയാലുവും കരുണാസമ്പൂർണ്ണനുമാകകൊണ്ടു് പുനരുത്ഥാനനാളിൽ നിൻെറ സൃഷ്ടിയോടു കരുണതോന്നുകയും ചെയ്യേണമേ.

ഞങ്ങളുടെ നാഥനായ കർത്താവേ! ഞങ്ങളുടെ വർഗ്ഗത്തിങ്കലേക്കു് നിന്നെ അയച്ച സ്നേഹത്താൽ സഭാമക്കളുടെമേൽ ദയവായി കരുണ ചെയ്യേണമേ. എന്തെന്നാൽ അവർ ഇവിടെ നിങ്കലേക്കു് അടുത്തു് വരികയും തങ്ങൾക്കു് സ്ളീബായുടെ അടയാളമുള്ളതിനാൽ പരിശുദ്ധാത്മവരത്തിൽനിന്നു് വിമുക്തരാകാതിരിപ്പാൻ വേണ്ടി നീതീകരണം നൽകുന്ന കലവറക്കാരനായ പട്ടക്കാരൻമുഖാന്തിരം നിന്നിൽനിന്നു് അച്ചാരം സ്വീകരിക്കുകയും ചെയ്തു. ബാറെക്മോർ.....

പട്ടക്കാരൻ:—ശുബ്ഹൊ.................

ഗാഗുൽത്തായുടെ ഉന്നതത്തിൽ വച്ചു് അട്ടഹസിക്കയും തൻെറ ശബ്ദത്താൽ പാറകൾ പൊളിയുകയും ചെയ്ത പരാക്രമനായ ദൈവമെ! ഗോത്രങ്ങളെ വിഴുങ്ങിയിരിക്കുന്ന പാതാളത്തിൽ നിൻെറ ശബ്ദം കേൾപ്പിക്കുകയും നീ മരിച്ചവരെ ഉയർപ്പിക്കുന്നവനാകയാൽ നിൻെറ കൃപയെ സ്തോത്രംചെയ്‌വാൻ മണ്ണിൽ നിദ്രപ്രാപിച്ചു കിടക്കുന്നവരെ ഉയർത്തുകയും ചെയ്യേണമേ.

മെനൗലം.................

എൻെറ അവകാശവും സൃഷ്ടിയുമായവരിൽ ഭയങ്കരങ്ങൾ പ്രവൃത്തിച്ച അത്യാഗ്രഹിയായ മരണമേ! നിൻെറ ജയമെവിടെ ആരെ രക്ഷിപ്പാൻ വേണ്ടി ഞാൻ മരണം ആസ്വദിച്ചുവോ, ആ ആ(ദ)

www.malankaralibrary.com

ൻെറ വത്സലരെ അടിമയിൽനിന്നു വിമുക്തരാക്കുക എന്നു നമ്മുടെ കർത്താവു് മരിച്ചവരെപ്പോലെ പാതാളത്തിൽ പ്രവേശിച്ചു് അവിടെ വിളിച്ചുപറഞ്ഞ നാദ ശബ്ദം ഹാ എത്ര അത്ഭുതകരമായിരുന്നു. മൊറിയോ റാഹേമ്മേ......

## എത്രൊ

കരുണയുള്ള ദൈവമായ കർത്താവേ! ഞങ്ങൾ നിന്നോടു് അപേക്ഷിക്കുന്നു. നിൻെറ അടുക്കലേക്കു് വിളിച്ചിരിക്കുന്ന ഇവൻ നിൻെറ ആചാര്യനുവേണ്ടിയുള്ള ഈ സുഗന്ധധൂപം കൈക്കൊള്ളേണമേ. സ്വർഗ്ഗീയ ഊർശ്ലേമിലെ രമണീയ സ്ഥലങ്ങളിൽ ഇവന്നു് വിശ്രമം നൽകേണമേ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ! കടങ്ങളുടെ പരിഹാരത്തിന്നും പാപമോചനത്തിന്നും തിരുസന്നിധിയിലെ മുഖപ്രസാദത്തിന്നും എന്നേക്കും ഇവനെ യോഗ്യനാക്കേണമേ. മോറാൻവാലോഹാൻല്ല ഒൽമീൻ. ആമ്മീൻ.

കോലൊ (സാദീക്കേമറഹേം)

വെടിപ്പോടെ സമർപ്പിച്ചതായ അഹറോൻപട്ടക്കാരൻെറ ധൂപം ആകാശവിതാനത്തിൽ എത്തുകയും ക്രൂബേന്മാരേ അത്ഭുതപരവശരാക്കുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ വിചാരഗതി ചേർന്നിരുന്ന അദൃശ്യാഗ്നിയെ അവർ കണ്ടു. ഭക്തിവൈരാഗ്യത്താൽ കയറിച്ചെന്നു് ഇതിൻെറമുമ്പിൽ നിൽപ്പാൻ അവക്കു സാധിച്ചില്ല. എന്നാൽ ഇതു്, തങ്ങൾക്കു് അർഹതയില്ലാത്ത സ്ഥാനം അപഹരിച്ച കോറഹ്, അബീറാം എന്നിവരുടേതുപോലെയല്ലായിരുന്നു. അഹറോനാകട്ടെ ഏററവും പുണ്യവാനും നിർമ്മലനും മനോശുദ്ധനുമായിരുന്നു. തന്നിമിത്തം അവൻെറ പ്രാർത്ഥന മഹോന്നതൻ സ്വീകരിച്ചു.

ഞങ്ങളുടെ രക്ഷിതാവേ! നിൻെറ എഴുന്നള്ളത്തുദിവസത്തിൽ എല്ലാ മനുഷ്യർക്കും അവനവൻെറ പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം നൽകുവാൻ നീ വെളിപ്പെട്ടു് എല്ലാ മനുഷ്യരേയും ഒരുമിച്ചുകൂട്ടി പരിശോധന നടത്തുന്നതും നീതിമാന്മാരേയും പാപികളേയും നീതിയോടെ വേർതിരിച്ചു് നിർത്തുന്നതുമായ സമയത്തു് ഭൂജാതന്മാരിൽ ഒരുവനും കുററമററവൻ അല്ലാത്തതിനാൽ നിൻെറ ദാസനെ ന്യായവിധിയിൽ പ്രവേശിപ്പിക്കരുതേ. നിന്നെയുള്ള ആശയിൽ നിദ്രപ്രാപിച്ച ഞങ്ങളുടെ സഹോദരൻെറനേരേ അഗ്നി ജ്വലിക്കയുമരുതേ. കർത്താവെ! നിൻെറ കൃപയെ സ്തോ

www.malankaralibrary.com

ത്രുംചെയ്യുവാൻതക്കവണ്ണം ഇവനോടു കരുണചെയ്യേണമേ. ബാറെക്മോർ

ശുബഹോ............

ജീവനുള്ളവർ ആർക്കായി ഇവിടെ കാഴ്ചകൾ അനക്കുന്നുവോ ആയവനു് ഭാഗ്യം. മേൽ സ്വർഗ്ഗത്തിൽ അവൻെറ ഓർമ്മ എഴുതപ്പെടുന്നു. മോശ ഗോത്രങ്ങളുടെ പേരുകൾ കല്പലകകളിൽ എഴുതി നിത്യസ്മരണ ചെയ്തിരുന്നു എങ്കിൽ, നിങ്ങളുടെ മരിച്ചവരും മിശിഹായുടെ എഴുന്നള്ളത്തിൽ തന്നോടൊരുമിച്ചു് ആനന്ദിക്കുന്നതിനുവേണ്ടി അവരുടെ പേരുകൾ സ്വർഗ്ഗത്തിലെഴുതപ്പെടുവാൻ ഇവിടെ പള്ളിയിൽ ഓർക്കുന്നതിനായി ജീവസമ്പൂർണ്ണമായ പ്രിസ്തായിൽ ചേർത്തുകൊൾവിൻ. മെനഓലാ..........

എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ ജീവരക്തം കുടിക്കുകയും ചെയ്യുന്ന എല്ലാവരും എന്നിലും, ഞാൻ അവരിലും വസിക്കുന്നു എന്നും അവസാനം അവർ ഉയർത്തെഴുന്നേൽക്കുമെന്നും തന്നിൽ വിശ്വസിച്ചവരോടു് തൻെറ സുവിശേഷത്തിൽ അരുളിച്ചെയ്തവനായി മൺമയനായ ആദാമിൻെറ സന്തതികൾക്കു് ഉയർപ്പു് വാഗ്ദാനം നൽകിയ മിശിഹാതമ്പുരാനേ! നിന്നെയുള്ള ആശയിൽ നിദ്രപ്രാപിച്ച ഈ നിൻെറ ദാസനേ നിൻെറ കൃപയാൽ ഉയർപ്പിച്ചു് ഇവനു് ജീവൻ നൽകേണമേ. കർത്താവേ! നിൻെറ മഹത്വമുള്ള മാലാഖമാരുടെ സംഘങ്ങളോടുകൂടി നീ ശോഭയോടെ എഴുന്നള്ളിവരുമ്പോൾ ഇവൻ നിന്നോടുകൂടെ സന്തോഷങ്ങളുടെ മണവറയിൽ പ്രവേശിക്കുമാറാകണമേ.

മദ്റോശോ (കുംപൗലാസ്സ്)

എൻെറ പിതാവേ! നീ ഇപ്പോൾ മൌനമായിരിക്കുന്നെങ്കിലും നിൻെറ സഹവാസം ആത്മമയന്മാരുടെ സ്ഥലത്താകയാൽ നീ ദുഃഖിക്കേണ്ട.

ഞങ്ങളുടെ പിതാവേ! നിൻെറ വേർപാടു് ഞങ്ങളെ സങ്കടപ്പെടുത്തിയിരിക്കുന്നതിനാൽ നിൻെറ സഹായം ഞങ്ങളുടെ സംഘത്തിനു് ഉണ്ടായിരിക്കേണമേ. ഏലിയായുടെ ആത്മാവു് ഇരട്ടിനൽവരത്താൽ ഏലീശായിൽ വസിച്ചതുപോലെ നിൻെറ മാധുര്യമേറിയ സംഭാഷണത്തിൽനിന്നു് വേർപിരിഞ്ഞ ഞങ്ങൾ നിൻെറ ശിഷ്യന്മാരിൽ നിൻെറ സാദൃശംകണ്ടു് ആശ്വസിക്കുമാറാകണമെ. അനേകരെ സമ്പന്നരാക്കിയ ദരിദ്രനായുള്ളോവേ നിൻെറ നൽവരം ഞങ്ങളിൽനിന്നു് വേർപിരിയുമാറാകരുതേ.

www.malankaralibrary.com

ഞങ്ങളുടെ പിതാവേ! ഈ ലോകം അതിലെ നിവാസികൾക്ക് വിപത്തുളവാക്കുന്നതിനാൽ നീ നിർമ്മലമായ പട്ടണത്തിലേക്ക് പൊയ്ക്കൊൾക. കളങ്കരഹിതമായ നിന്റെ നിർമ്മലത വിപത്തുളവാക്കുന്ന സ്ഥലത്തേക്ക അനുയോജ്യം ആയിട്ടുള്ളതാകുന്നു. മരണം വഴിയാത്രക്കാരനെപ്പോലെ നിന്നെ ശവക്കല്ലറയിലേക്ക് ക്ഷണിച്ചിരിക്കുന്നു. യേശു നിനക്ക് ശൂന്യമായ വാസസ്ഥലത്ത് ആശ്വാസം നൽകുന്നു. നീ ഒരു വഴിയാത്രക്കാരനെപ്പോലെ പാതാളത്തിൽ പ്രവേശിച്ച് വിശ്രമിക്കുകയും അവിടെ നിന്ന് പ്രയാണം ചെയ്ത് സ്വർഗ്ഗരാജ്യത്തിൽ മുമ്പ് വന്നെത്തുകയും ചെയ്ക.

ഗോത്രങ്ങളെ ന്യായംവിധിപ്പാൻ രാജകുമാരൻ എഴുന്നള്ളിവന്ന് കബറുകളിൽനിന്ന് മരിച്ചവരെ വിളിക്കുമ്പോൾ അവർ അതുകേട്ട് നാശം കൂടാതെ ഉയർത്തെഴുന്നേൽക്കുകയും മഹത്വത്താൽ പരിഭൂഷിതരായി മാലാഖമാരുടെ ആഘോഷത്തോടുകൂടി മണവറയിൽ പ്രവേശിക്കുകയും ചെയ്യുന്ന നാഴിക എത്ര ഭയങ്കരമാകുന്നു. കർത്താവേ! നിന്റെ വിശുദ്ധന്മാരോടുകൂടെ നിനക്ക് സ്തുതിയും സ്തോത്രവും പാടുവാൻ ഇവനെ യോഗ്യനാക്കേണമേ.

നിന്റെനിത്യാവസ്ഥയെ ഏറ്റുപറകയുംനിന്റെതിരുശരീരരക്തങ്ങളാൽപൂണ്യപ്പെടുകയുംചെയ്തഈ നിന്റെ ദാസൻ,ദുഷ്ടന്മാർക്കായി ഒരുക്കിയിരിക്കുന്ന അഗ്നിനരകത്തിൽ ദഹിച്ചുപോകുമാറാകരുതേ. കർത്താവേ! നിന്റെ കൃപയാൽ ഇവന്റെ പ്രതിരൂപം പുതുതാക്കണമേ. ഇവന്റെ കുറ്റങ്ങൾക്കും പാപങ്ങൾക്കും നീതീകരണവും ക്ഷമയും നൽകുകയും തിരുഹിതാനുവർത്തികൾക്കു വാഗ്ദാനം ചെയ്തിരിക്കുന്ന സ്വർഗ്ഗീയസൗഭാഗ്യങ്ങളിൽ ഇവൻ ആനന്ദിക്കുകയും ചെയ്യേണമേ.

കർത്താവേ! നീതി വളരെ പരിഭ്രമജനകവും തിരുസന്നിധിയിൽ നിൽക്കുന്ന സൈന്യങ്ങൾ ഭയങ്കരന്മാരുമാകുന്നു. നീ ഗോത്രങ്ങളെ ന്യായം വിധിപ്പാൻ എഴുന്നള്ളിവരുമ്പോൾ ഖൈഖേന്മാരും പരിഭ്രമിക്കുന്നു. മാലാഖമാർ അഗ്നിവാൾ ധരിക്കുകയും അന്യായക്കാരെ ദഹിപ്പിപ്പാനായി അഗ്നിജ്വലിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ കർത്താവേ! ഇവൻ ദഹിച്ചുപോകാതിരിപ്പാൻ ആസമത്ത് നിന്റെ കൃപയാകുന്ന പനിമഞ്ഞ് ഇവന്റെമേൽതളിക്കേണമേ.

"ഉണങ്ങിയ അസ്ഥികളെ, ജീവൻപ്രാപിപ്പിൻ" എന്ന്, കർത്താധികർത്താവിന്റെ കല്പനയാൽ ഉണങ്ങിയ അസ്ഥികളോട് ഹസ്കിയേൽ പ്രവാചനമായി പറഞ്ഞത് ഞാൻ കേട്ടു. ഉടനെ

ആ അസ്ഥികൂട്ടങ്ങളിൽ ആത്മാവ് പ്രവേശിച്ച് അവ എഴുന്നേററ് നിന്ന് അന്യോന്യം അറികയും തന്റെ ആശ്ചര്യത്താൽ സർവ്വലോകത്തേയും ഭരിക്കുന്ന സർവ്വസൃഷ്ടിനാഥനെ മഹത്വപ്പെടുത്തുകയും ചെയ്യും.

വേറൊരുമദ്‌റാശ (ഔ ദൗ ദമ്മെ)

മരിച്ചവരെ ഉയർപ്പിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു ശവക്കല്ലറയ ലുള്ളവർക്ക് പുനരുത്ഥാനം നൽകുന്നവനും അനുഗ്രഹിയ്ക്കപ്പെട്ടവനാകുന്നു.

ഞങ്ങളുടെ കർത്താവേ! നിന്നിലുള്ള ആശയിന്മേൽ നിദ്ര പ്രാപിച്ച ഈ നിന്റെ ദാസനെ മഹത്വം ധരിപ്പിയ്ക്കണമേ. നീ വംശങ്ങളേയും ഗോത്രങ്ങളേയും ന്യായം വിധിപ്പാൻ എഴുന്നള്ളിവരുമ്പോൾ നിന്റെ വിശുദ്ധസഭയിൽ നിനക്ക് ശുശ്രൂഷിച്ചവന്നു് നിന്റെ ആർദ്രകരുണധാരാളമായി നൽകുകയും സഭയുടെ ശത്രുവായ ദുഷ്ടൻ ലജ്ജിക്കുകയും ചെയ്യുമാറാകണമേ.

മണ്ണുകൊണ്ട് ആദാമിനെ സൃഷ്ടിക്കുകയും സ്വമനസ്സാലെ മരണം ആസ്വദിക്കുകയും ചെയ്തവൻ, തന്റെ പുനരുത്ഥാനംമൂലം നമുക്ക് ജീവസംപൂർണ്ണമായ ആശ നൽകിയതിനാൽ ശവക്കല്ലറ നിവാസികളേ! നിങ്ങൾ ദുഃഖവിലാപം ഒഴിഞ്ഞു സന്തോഷിപ്പിൻ. തന്റെ ആശയാൽ നമ്മെ ധൈര്യപ്പെടുത്തിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

വേറെമദ്‌റാശ(ഹബ്ലൻമോറൻ)

ഞങ്ങളുടെ കർത്താവെ! ഉയർത്തെഴുന്നേൽപ്പിങ്കൽ ഞങ്ങളുടെ മരിച്ചവരെ നിന്റെ സ്വർഗ്ഗരാജ്യത്തിൽ കാണ്മാൻ ഞങ്ങൾക്ക് സംഗതിയാക്കേണമേ.

കർത്താവേ! ശരീരത്തിൽനിന്നു എന്നെ കോപത്തോടെ ഉഗ്രമായി വേർതിരിക്കുവാൻ നീ കൽപ്പിക്കരുതേ. കർത്താവെ! നിനക്ക് പ്രകൃത്യാ കോപമില്ലാത്തതിനാൽ എന്നെ കുററക്കാരനായി ഗണിക്കയുമരുതെ.

ഞങ്ങളുടെ സൂര്യനാകുന്ന നിന്റെ പ്രകാശം നിന്നാൽ ശോഭിതരായവരിൽനിന്ന് ഒരിക്കലും അണഞ്ഞുപോകാനിടവരുകയില്ല. നിന്റെ കിരണത്തിൽ അൽപ്പം എനിക്ക വിട്ടുതരേണമേ.എന്നാൽ ശവക്കല്ലറ എനിക്ക് പ്രകാശിതമായിക്കഴിഞ്ഞു.

വിഴുങ്ങുന്നതായ പാതാളം ശവക്കല്ലറയുടെ വാതിൽ തുറന്ന് എന്നെ വിഴുങ്ങുവാൻ അവസരംനോക്കുമ്പോൾ, തന്നത്താൻ "വാ

www.malankaralibrary.com

തിൽ"എന്നു് നാമകരണം ചെയ്തവനെ! നിന്നിൽക്കൂടി ഞാൻ അകത്തുവന്നു് പാതാളത്തെ ജയിക്കുമാറാകണമെ.

എൻെറ വാസസ്ഥലങ്ങളിൽനിന്നു് അവർ എന്നെ വിട്ടശേഷം വീണ്ടും അവക്കു് ആജ്ഞ നൽകാൻ ഞാൻ തിരികെ പോകുന്നില്ല. എൻെറ വഴിയൊ കള്ളന്മാരാലും ഘാതകന്മാരാലും നിറഞ്ഞ ഘോരവനത്തിൽക്കൂടി പോകുന്നു.

വത്സലന്മാർ എനിക്കു് സമാധാനം തരികയും പതിവുപോലെ സങ്കടസമേതം വേദനയോടെ എൻെറ മുഖം ചുംബിച്ചു് എന്നെ പേർചൊല്ലി വിളിക്കയും ചെയ്യുമ്പോൾ എനിക്കു് വിളികേൾക്കുവാൻ നിവൃത്തിയില്ല.

കണ്ടാലും നിന്നെ വിളിക്കുന്ന സ്നേഹിതന്മാരോടും വത്സലന്മാരോടും നീ ഉത്തരം പറയാതിരിക്കുന്നതെന്തു്? നീ സ്നേഹിച്ചുകൊണ്ടു് എന്നെ ദ്വേഷിച്ചതെന്തു്? നീ വാഞ്ചിച്ചുകൊണ്ടു് നിൻെറ മുഖം തിരിച്ചതുമെന്തു ?

### മോർ യാക്കോബിൻെറ ബോവൂസൊ

ദൈവപുത്രാ! അനശ്വരമായ സ്വർഗ്ഗരാജ്യത്തിൽ വിശുദ്ധന്മാരോടും നീതിമാന്മാരോടുംകൂടെ നിൻെറ ആചാര്യന്നു വിശ്രമം നൽകണമെ.

പരിശുദ്ധപിതാവെ! കണ്ടാലും വലത്തുഭാഗത്തുള്ളവർ നീ ചെന്നു് ആശ്വസിപ്പാൻ നിന്നെ കാത്തിരിക്കുന്നതിനാൽ നീ പ്രകാശമണവറയിലേക്കു് സമാധാനത്തോടും മുഖപ്രസാദത്തോടുംകൂടെ പൊയ്ക്കൊൾക. അഗ്നിമയമായ ആത്മീയക്രൂബാശയാൽ നിനക്കു് ലഭിക്കപ്പെടുന്നതായി നിന്നെ ഭരമേല്പിച്ചിട്ടുള്ള വലത്തുഭാഗം നീ പോയി സ്വീകരിച്ചുകൊൾക.

വാഴ്ത്തപ്പെട്ട പട്ടക്കാരാ! പ്രാർത്ഥനകളാലും ശുശ്രൂഷകളാലുംനിന്നെ യാത്രയയയ്ക്കുന്ന നിൻെറ മക്കളെ നിൻെറ വലത്തുകൈ നീട്ടി അനുഗ്രഹിക്കണമെ. നിൻെറ ഉപദേശവചനം കേൾപ്പാൻ ആഗ്രഹിക്കുന്ന നിൻെറ ആളുകളെ നിൻെറ പദവിയിൽ നിന്നുകൊണ്ടു് നിൻെറ മാധുര്യവചനങ്ങൾ കേൾപ്പിക്കയും ചെയ്യണമെ.

മഹാപുരോഹിതശ്രേഷ്ഠനും പ്രധാനാചാര്യനുമായ മിശിഹാതമ്പുരാനെ! നിനക്കു സ്തുതി. നിൻെറ കൂദാശകൾ ശുശ്രൂഷിച്ചവനായ ഈ നിൻെറ ആചാര്യനു് നീ പുണ്യം നൽകണമെ.

പട്ടക്കാരുടെ കുക്കിലിയോൻ ചൊല്ലി എല്ലാവരും ധൂപംവീശണം

www.malankaralibrary.com

# ഏഴാം ശുശ്രൂഷ

ദൈവമേ നീ പരിശുദ്ധനാകുന്നു, ഇത്യാദി ഒരു കൗമ്മാ

## സ്ലൂമൊ

കത്താവെ! സത്യവിശ്വാസത്തോടെ ഞങ്ങളിൽനിന്നു യാത്ര പുറപ്പെട്ടിരിക്കുന്ന നിന്റെ ദാസനായ ( ) ആചായ്യന്റെ സകല കുറവുകളേയും നീതീകരിക്കണമെ. ഇവന്റെ യാത്രയ്ക്കു് മാലാഖമാരുടെ സഹായമുണ്ടാകണമെ. ഇവൻ ജീവതുറമുഖത്തേക്കു ചെന്നെത്തി നിന്റെ കരുണയാൽ നിന്റെ പരിശുദ്ധ പ്രധാനാചായ്യന്മാരോടൊന്നിച്ചു് ആനന്ദിക്കുമാറാകണമെ. ഫോശോ........

കുക്കുലിയോൻ സങ്കീത്തനം 34. 1—4

ഞാൻ കത്താവിനെ സദാനേരവും വാഴ്ത്തും. തന്റെ സ്തുതികൾ എല്ലാസമയവും എന്റെ വായിൽ ഉണ്ടായിരിക്കും. എന്റെ ആത്മാവു് കത്താവിൽ പ്രശംസിക്കും. ദരിദ്രന്മാർ കേട്ടു് സന്തോഷിക്കയും ചെയ്യും. എന്റെ ജനമെ! കത്താവിനെ പുകഴ്ത്തുവിൻ. നാം ഒരുമിച്ചു് തന്റെ തിരുനാമത്തെ ഉന്നതപ്പെടുത്തണം. ഞാൻ കത്താവിനോടു അപേക്ഷിച്ചു. താൻ എന്നോടുത്തരമരുളുകയും എന്റെ സവ്വ ഞെരുക്കങ്ങളിൽനിന്നും എന്നെ രക്ഷിക്കയുംചെയ്തു. ബാറെക് മോർ.

ശുബ് ഹോ................ മെന-ഓലം..............

എക്കുബൊ (യെസമോസനോ)

ഞാൻ സദാനേരവും കത്താവിനെ വാഴ്ത്തും. എന്തെന്നാൽ ആദാമിന്റെ മക്കളായ സകല പൂർവ്വീകന്മാരും ഈ മഹായാത്ര ചെയ്തവരാണു്. ആദ്യമെ സുന്ദരനായ ശേത്തും മദ്ധ്യകാലത്തു പരമാത്ഥിയായ നോഹയും ഈ യാത്രചെയ്തു. ഈശ്ശായയുടെ പുത്രനായ ദാവീദ് പ്രവാചകശ്രേഷ്ഠൻ ഇട്ട അടിസ്ഥാനത്തിൽ "ഞാൻ എല്ലാസമയത്തും കത്താവിനെ വാഴ്ത്തുകയും എല്ലായ്പൊഴും തന്റെ സ്തുതികൾ എന്റെ വായിൽ ഉണ്ടായിരിക്കയും ചെയ്യു"മെന്നു അവനോടു ഞങ്ങൾ സങ്കീത്തനമായി ഏററുപറയുന്നു.

മാനീസോ.

എല്ലാവരുടെയും കണ്ണുകൾ നിങ്കലേക്കു് നോക്കികൊണ്ടിരിക്കുന്നു. സ്വഗ്ഗത്തിൽ വസിക്കുന്ന സവ്വസൃഷ്ടാവായ മ്ശിഹാതന്നെ

www.malankaralibrary.com

രാനെ! ഞങ്ങളുടെ അദൃശ്യ മനോനയനങ്ങൾ നിങ്കലേക്ക് ഉയൎത്തുന്നു. നീ ആചാൎയ്യന്മാൎക്കും പാപികൾക്കുംവേണ്ടി നിൻെറ കൃപമൂലം തിരുവിഷ്ടത്താൽ ജഡത്തിൽ അനുഭവിച്ചിട്ടുള്ള നിൻെറ ജീവൻനൽകുന്ന രക്ഷാകരമായ കുരിശുമരണത്തെ ഞങ്ങൾ ധ്യാനിക്കുകയും ചെയ്യുന്നു നിദ്രപ്രാപിച്ച ദരിദ്രന്മാരെയും അതിഥികളെയും അവരോടുകൂടെ, ഞങ്ങൾ എവിടെനിന്നു എടുക്കപ്പെട്ടുവൊ ആ ഭൂമിയിൽ നിദ്രകൊണ്ടു കിടക്കുന്നവരേയും ഇന്നേദിവസം ഞങ്ങൾ ഓൎക്കുന്നു. ഞങ്ങൾക്ക് വാഗ്ദാനമുള്ള മരിച്ചവരുടെ പുനരുത്ഥാനത്തിൻെറ യഥാൎത്ഥ ആശയിന്മേൽ നിൻെറ അട്ടുക്കൽ സ്മരണയുള്ളവരേയും ഞങ്ങൾ അനുസ്മരിക്കുന്നു. അനിത്യമായ ഈ ജീവകാലം സമാധാനത്തിൽ കഴിപ്പാനും സകല വിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതമൂലംനിൻെറ ധാരാളമായ അനവധി കരുണയാൽ, നീ സ്നേഹിച്ച നീതിമാന്മാൎക്കുള്ള ഓഹരിയും അവകാശവും ഭവനങ്ങളും ലഭിപ്പാനും അവരോടുകൂടെ ഞങ്ങളെയും യോഗ്യരാക്കണമെന്നു നിൻെറ കരുണയോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

കാത്തിസ്മാ

കൎത്താവ് തൻെറ ദാസനായ മോശയെവിളിച്ച് ദുഃഖസംപൂൎണ്ണമായ വചനം അവനോടു സംസാരിച്ചുപറഞ്ഞു! അഹറോനും എലിയോസാറും അത്ഭുതംകാണ്മാൻവേണ്ടി അവരെ ഹോർപൎവ്വതത്തിലേക്ക് കരേററിക്കൊണ്ടു പോക. നമ്മുടെ പിതാവായ ആദാം കല്പനലംഘനത്താൽ ഉളവാക്കിയ മരണമാകുന്ന പാനപാത്രം കുടിപ്പാൻ ആ പൊതുവായ കുററംമൂലം അവൻ നിർബന്ധിതനായി മോശ തന്നോടു കല്പിച്ചപ്രകാരം തൻെറ സഹോദരനായ അഹറോനെയും അവൻെറ പുത്രനായ എലിയോസാറിനേയും കൂട്ടിക്കൊണ്ടു പൎവ്വതത്തിൽ കയറിയനാഴിക എത്ര ദുഃഖകരമായിരുന്നു മോശ തൻെറ സഹോദരനായ അഹറോൻെറമേൽ തൻെറ കൈകൾ ഉയൎത്തി അവനിൽനിന്നു കിരീടവും തൊപ്പിയും മസനപ്സായും മാതളങ്ങളും പൊൻമണികളും സകല പുരോഹിതാംശ വസ്ത്രങ്ങളും ഉരിഞ്ഞെടുത്തപ്പോൾ കരയാത്ത കണ്ണു ഏതു? പൎവ്വതത്തിൽ അംശവസ്ത്രം ഉരിഞ്ഞു നിൎയ്യാണം പ്രാപിപ്പാൻ പോകുന്ന അഹരോനെക്കാണുമ്പോൾ ദുഃഖിക്കാത്ത ഹൃദയവും ഏതു്? കൎത്താവ് ലേവ്യനായ അഹറോൻപട്ടക്കാരനെ ബഹുമാനപൂൎവ്വം ശവസംസ്കാരം ചെയ്‌വാൻ അഗ്നിമയന്മാരും ആത്മമയന്മാരുമായ സൈന്യങ്ങളേയും സംഘങ്ങളെയും ആജ്ഞയാൽ വരുത്തി. ഇങ്ങനെ എബ്രായസ്ത്രീകളുടെ സങ്കടകരമായ പ്രലാപങ്ങൾക്കും കണ്ണുനീരോടുകൂടിയ ദുഃഖങ്ങൾക്കും പകരം ഉന്നതത്തിലെ മാലാഖമാരുടെ പാട്ടുകളാൽ ആ ബഹുമാന്യ ആചാ

www.malankaralibrary.com

സ്ഥൻ കബാടക്കപ്പെട്ട ഞങ്ങളുടെ കത്താവെ! വെടിപ്പോടും വിശുദ്ധിയോടുംകൂടെ നിന്നെ ശുശ്രൂഷിച്ച് ഈ താൽക്കാലിക ജീവിതത്തിൽനിന്ന പരമം പ്രാപിച്ച ഈ ആചാര്യനെ നീതിമാന്മാരോടും പുണ്യവാന്മാരോടുംകൂടെ നിൻെറ മണവറയിൽ ആനന്ദിപ്പിക്കേണമെ. അവൻ നിൻെറ വലത്തുഭാഗത്തുനിന്നു സർവ്വശക്താ! നിനക്ക സ്തുതി അട്ടഹസിക്കമാറാകണമെ. സ്തൗമെൻകാലൊസ്...

## പ്രൂമിയോൻ

പട്ടക്കാരൻ.-നാശത്തിൽ പിറക്കപ്പെടുന്ന മരിച്ചവരെ നാശംകൂടാതെ ഉയർപ്പിക്കയും നാശത്തിൽ ജീർണ്ണിഭവിച്ച ശരീരങ്ങൾക്ക് മഹത്വത്തോടുകൂടി പുനരുത്ഥാനം നൽകുകയും നീതിയോടുകൂടിയ സത്യന്യായവിസ്താരം നടത്തി ഓരോരുത്തനും യുക്തവും യോഗ്യവുമായ പ്രതിഫലം നൽകുകയും പൊടിമണ്ണായ മരണമുള്ള മനുഷ്യവർഗ്ഗത്തെ പുതുതാക്കുകയും ചെയ്ത മ്ശിഹാതമ്പുരാനു സ്തുതി. തൻെറ ദാസനായ പുരോഹിതൻെറ ശവസംസ്കാരം നടത്തുന്ന ഈ സമത്തു ഇവനെയും ഞങ്ങളേയും പാപപരിഹാരത്തിനും ദോഷവിമോചനത്തിനും തൻെറ പ്രാഭവമേറിയ മഹത്വത്തിനും യോഗ്യരാക്കുവാൻ വേണ്ടി ഞങ്ങൾ അപേക്ഷിച്ചു പ്രാത്ഥിക്കുന്ന ഉത്തമനായതനിക്ക ഈ സമയത്തും എല്ലാപെരുനാളുകളിലും...

## സെദറൊ

പട്ടക്കാരൻ:-ഞങ്ങളുടെമ്ശിഹാതമ്പുരാനെ! നീ പ്രധാനാചാര്യനും പരിപൂർണ്ണമായി പുരോഹിതശുശ്രൂഷ ചെയ്യുന്നവരെ ശുദ്ധീകരിച്ച് ദൈവീകരാക്കുന്നവനുമാണല്ലൊ. ഈ ആയുസ്സിൽ നിനക്ക് ദൈവീകമായി പുരോഹിതശുശ്രൂഷ നടത്തിട്ടുള്ളവർക്ക് നിത്യായുസ്സിൽ നീ പുരോഹിതശുശ്രൂഷ നടത്തുന്നു. നീ ജീവൻെറ ഉറവയും ഉത്തമമായ നൽവരം നൽകുന്നവനുമാകുന്നു. ആകയാൽ നിൻെറ ദിവ്യമായ പരിശുദ്ധക്രൂദാശകളുടെ പുരോഹിതനായ ഈ നിൻെറ ദാസൻെറ പൌരോഹിത്യശവസംസ്കാരം നടത്തുന്ന ഈ സമയത്ത് തിരുസന്നിധിയിൽ ഞങ്ങൾ പ്രാത്ഥിക്കുന്നു. അനിത്യമായ ഈ ആയുസ്സിൻെറ അതിത്തികടന്ന് ഇവിടെയുള്ള ശുശ്രൂഷയിൽനിന്ന് നിൻെറ അടുക്കലേക്ക് സ്ഥലംമാറിയിരിക്കുന്ന ഈ നിൻെറ ദാസനെ ബഹുമാന്യമരണം ആസ്വദിച്ചവർക്ക് യോഗ്യമാകുന്ന പ്രകാരം നീ കൈക്കൊള്ളണമെ. ഇവൻ എത്രനൈന്യങ്ങ

www.malankaralibrary.com

ളാൽ പിടിപെടാതെ നിൻെറ വിശുദ്ധ മാലാഖമാരുടെ പുണ്യ സംഘങ്ങളാൽ ഇവൻെറ ആത്മാവിനെ സഹായിക്കണമെ. കർത്താവെ! ആത്മീയമായ പുരോഹിതാങ്കിയാൽ ഇവനു ലഭിച്ച അതിമഹത്വംമൂലം ഈ ആയുസ്സിൽ നീ ഇവനെ ബഹുമാനിച്ചതുപോലെ ഇപ്പോഴും അതിൽ ഇരട്ടിയായ ഏററം വലിയ ബഹുമാനത്തോടെ ഇവൻ തിരുസന്നിധിയിൽ കാണപ്പെട്ടുവാൻ തിരുവിഷ്ടമുണ്ടാകണമെ അദ്ധ്വാനംചെയ്തവരെ സന്ദർശിപ്പാൻ നീ എഴുന്നെള്ളിവരുമ്പോൾ സുവിശേഷപരമായ ഇരട്ടിത്താലന്തുകളുടെ സൌഭാഗ്യകരമായ പ്രതിഫലം ഇവനു് നൽകേണമേ. അഹംഭാവികൾക്കു് അവകാശമായ ലജ്ജയിൽനിന്നു സ്വാതന്ത്ര്യപ്പെട്ടുകൊണ്ടു് നിൻെറ വലത്തുതൃക്കൈയുടെ നിഴലിൽ ഇവൻ വിശ്രമിക്കുമാറാകണമെ. പുരോഹിതസ്ഥാനത്തിരു ഇവൻ ആത്മികമായി നടത്തിട്ടുള്ള വിശുദ്ധക്രൂദാശകളാൽ ഇവനു് ലഭിച്ചിട്ടുള്ള ക്രൂദാശപരമായ കൃപമൂലം നരകയാതനകളിൽനിന്നു് രക്ഷപെട്ടുകൊണ്ടു് സ്വർഗ്ഗീയ ആദ്യജാതന്മാരുടെ സഭയിൽ പ്രകാശത്തിൻെറ പുത്രന്മാരോട്ടുകൂടെ ഇവൻ തിരുസന്നിധിയിൽ കാണപ്പെടേണമേ. ദീർഘദർശിമാരുടേയും ശ്ലീഹന്മാരുടേയുംകൂടെ സന്തോഷിച്ചു് ആഹ്ലാദിക്കുകയും സത്യവിശ്വാസികളായ പുരോഹിതന്മാരോട്ടുകൂടെ നിൻെറ സ്വർഗ്ഗരാജ്യത്തിൽ അനവധിയായി അനശ്വരബലികൾ സമർപ്പിച്ചു് ആനന്ദിക്കുകയും ചെയ്‌വാൻ ഇവനെ യോഗ്യനാക്കണമേ. ഞങ്ങളുടെ മഹാമതാദ്ധ്യക്ഷനും ദൃശ്യവും അദൃശ്യവുമായ സകല സൃഷ്ടിയുടേയും സൃഷ്ടാവും അധിപതിയും ജീവനുള്ളവരുടേയും മരിച്ചവരുടേയും നാഥനും മരണമുള്ളവരായ ഞങ്ങൾക്കു് ശാശ്വത സൌഭാഗ്യജീവിതം ഒരുക്കിതരുന്നവനും ആയ ഞങ്ങളുടെ സത്യദൈവമേ! നിൻെറ മഹത്വരാജ്യത്തെക്കുറിച്ചു് വിവിധമായ അറിവും ജീവൻ നൽകുന്ന വാഗ്ദാനങ്ങളും നീ ഞങ്ങൾക്കു നൽകി നിൻെറ നിസ്സീമമായ അവർണ്ണനീയ അനുഗ്രഹങ്ങളാൽ മൺമയരായ മനുഷ്യർ നിൻെറ കല്പനകളാകുന്ന ഇടുക്കുവഴികളിൽകൂടി നടപ്പാൻ പ്രാപ്തരാകയും നിത്യവും തങ്ങളുടെ കുരിശു് എടുത്തു് നിന്നെ അനുഗമിച്ചതിനാൽ അവർ നിനക്കു് യോഗ്യന്മാരെന്നു സൂചിപ്പിക്കയുംചെയ്തു. ആകയാൽ നിൻെറ സീമാതീതമായ കൃപയോട്ടു് ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിസ്സാരന്മാരായ ഞങ്ങളുടെ പ്രാർത്ഥനയെ ശ്രദ്ധിച്ചുകൊണ്ടു് നിൻെറ രക്ഷാകരവും ജീവൻ നൽകുന്നതുമായ ഉപദേശപ്രകാരം നിൻെറ അടുക്കലേക്കു് വിളിച്ചുകൊണ്ടുപോയിരിക്കുന്ന ഈ നിൻെറ ദാസനെ സമാധാനപരമായ കരുണകൾക്കൊത്തവണ്ണം നീ കൈക്കൊള്ളേണമേ. എന്തുകൊണ്ടെന്നാൽ ഇവൻ തൻെറ ജഡത്തെ അതിൻെറ വികാരമോഹങ്ങളോട്ടുകൂടെ ക്രൂ

www.malankaralibrary.com

ശിച്ച് അഹോരാത്രം നിന്റെ ന്യായപ്രമാണത്തിൽ ധ്യാനിക്കുകയും ലൌകിക ആനന്ദങ്ങൾ പരിത്യജിച്ച് സൌഭാഗ്യകരമായ വിലാപം സ്നേഹിച്ച് ആശ്ലേഷിക്കുകയും നിന്റെ വിശുദ്ധ കല്പനകൾ അനുസരിച്ച് നിന്റെ തിരുനാമസ്നേഹംനിമിത്തം നാട്ടും കുടുംബവും അവഗണിച്ച് തന്റെ കുരിശ് എടുത്തുകൊണ്ട് നിന്റെ കല്പനകളാകുന്ന ഇടുക്കു വഴികളിൽക്കൂടി നടപ്പാൻ സന്നദ്ധനാകയും ഞെരുക്കമുള്ള വാതിലുകളിൽക്കൂടി പ്രവേശിച്ച് നിന്റെ തിരുഹിതാനുവർത്തികളായ ഏവർക്കുമായി വാഗ്ദാനംചെയ്തിട്ടുള്ള നിന്റെ സ്വർഗ്ഗരാജ്യത്തിൽ കടപ്പാൻ ബദ്ധശ്രദ്ധനാകയുംചെയ്ത കർത്താവെ! ഇവയെല്ലാം നീ ഓർത്തുകൊണ്ട് രക്ഷപ്രാപിക്കുന്നവരുടെ ശുശ്രൂഷയ്ക്കായി നിന്നാൽ വേർതിരിക്കപ്പെട്ട ഇവനെ നിന്റെ കരുണയുടെ പ്രശാന്തമാലാഖമാരെ നീ ഭരമേല്പിച്ച് നിന്റെ അളവററ കരുണയാൽ നിന്റെ തിരഞ്ഞെടുക്കപ്പെട്ടവരോടൊന്നിച്ച് ഇവൻ ക്രമീകരിക്കപ്പെടുവാൻ കല്പന ഉണ്ടാകേണമേ. ആദിമുതൽ നിന്നെ പ്രീതിപ്പെടുത്തീട്ടുള്ള നിന്റെ പുണ്യവാന്മാരോടുകൂടെ ഇവൻ വിശ്രമിച്ചുകൊണ്ട് പ്രധാന പിതാക്കന്മാരുടെ മോദകരമായ മാർവ്വിടങ്ങളിൽ ആനന്ദിക്കുമാറാകണമെ. ഞങ്ങൾ നിനക്കും വാഴ്ത്തപ്പെട്ടവനും ഭാഗ്യവാനുമായ നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും ഇപ്പോഴും എല്ലായ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുമാറാകണമേ ആമ്മീൻ.

ദൈവത്തിൽനിന്നു കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്കു മോചനവും രണ്ടുലോകങ്ങളിലും എന്നെന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ.

കൊലൊ (മലക്‌മൊറിമയൊ കാദറനാൻ)

ആചാര്യസ്ഥാനത്തിന് വിനയവും വെടിപ്പും വിശുദ്ധിയും നല്ല പഠിപ്പും എത്ര ഉചിതമാകുന്നു! ദൈവത്തിന്റെ ആചാര്യൻ ഉണർവ്വുള്ളവനും തന്റെ സകല നടപടികളിലും പരിപൂർണ്ണനും സ്വഭവനത്തിലും സഭയിലും യോഗ്യനായ ഉത്തമ ഭരണക്കാരനും ആയിരിയ്ക്കണമെന്ന് തെരഞ്ഞെടുക്കപ്പെട്ട പൌലോസ് ശ്ലീഹാ തന്റെ വാത്സല്യ തീമോത്തിയോസ്സിനും തന്റെ ശിഷ്യനായ തീത്തോസിനും എഴുതിയിരിക്കുന്നു.

ഞങ്ങളുടെ കർത്താവേ! നിന്റെ പരിശുദ്ധ പള്ളിയിൽ വെടിപ്പോടെ ശുശ്രൂഷചെയ്കയും പരിശുദ്ധബലിപീഠത്തിൽ പാപപരിഹാരത്തിനായി സ്വന്തകൈകളാൽ നിന്റെ പരിശുദ്ധതിരു

www.malankaralibrary.com

ശരീരരക്തങ്ങൾ പൂജിച്ച് ആഘോഷിയ്ക്കുകയും ചെയ്തിട്ടുള്ള ഈ നിന്റെ ദാസനായ ആചാര്യൻ തന്റെ ജീവിതം അവസാനിപ്പിച്ചിരിക്കുന്നു. കർത്താവേ! നിന്റെ തിരുശരീരരക്തങ്ങളാൽ ഇവന്റെ പാപങ്ങൾക്കും കുററങ്ങൾക്കും ക്ഷമയും നീതീകരണവും ലഭിയ്ക്കുകയും നിന്റെ വലത്തുഭാഗത്ത് ഇവൻ നിനക്ക് സ്തുതിപാടുകയും ചെയ്യുമാറാകണമെ. ബാറെക്മോർ.

ശുബ്ഹോ...........

രാജത്വവും ആചാര്യത്വവും, ക്രമീകരണങ്ങളും നിയമങ്ങളും ഉളവാകുന്ന രണ്ടു് ഉറവകളാകുന്നു. രാജത്വത്തിൽനിന്നു് ഭൌമീക നിയമങ്ങളും ആചാര്യത്വത്തിൽനിന്നു് സ്വർഗ്ഗീയനിയമങ്ങളും ക്രമീകരണങ്ങളും അത്രേ ഉണ്ടാകുന്നതു്. രാജത്വം ഭൂമിയിലും ആചാര്യത്വം ഭൂമിയിലും സ്വർഗ്ഗത്തിലും അധികാരമുള്ളതാകുന്നു. രാജത്വത്തെ ബഹുമാനിക്കുകയും ആചാര്യത്വത്തെ പുകഴ്ത്തുകയുംചെയ്ത കർത്താവു് വാഴ്ത്തപ്പെട്ടവനാകുന്നു. മെനഓലം...........

ദൈവപുത്രാ! ഞാൻ നിന്നിൽനിന്നു് കൈക്കൊണ്ട താലന്തു ദുഷ്ടദാസനെപ്പോലെ കുഴിച്ചു് ഒളിച്ചുവച്ചില്ല കർത്താവേ! എന്നിലുണ്ടായിരുന്ന ശക്തിക്കുതക്കവണ്ണം അതുകൊണ്ടു് വ്യാപാരംചെയ്തു വളരെ ഇരട്ടിയായി ആ നിക്ഷേപം ഇതാ എന്റെ അടുക്കൽ സൂക്ഷിച്ചിരിക്കുന്നു. അവസാനനാളിൽ നീ എഴുന്നള്ളിവരുമ്പോൾപലിശയോടുകൂടി താലന്തുകൾ നിനക്കു് തരികയും ഞാൻ മുഖപ്രസാദത്തോടെ നിനക്കു സ്തുതിപാടുകയും ചെയ്യുമാറാകണമെ. മൊറി...

## എത്രൊ

കാരുണ്യവാനായ കർത്താവെ! ഞങ്ങൾ നിന്നിൽ അഭയംപ്രാപിച്ചു് ഈ സുഗന്ധധൂപം സമർപ്പിക്കുന്നു. നിന്റെ കൂദാശകൾ ശുശ്രൂഷിച്ചു് ഈ ലോകം വെടിഞ്ഞിരിക്കുന്ന ഈ ആചാര്യന്റെ ആത്മാവിനുവേണ്ടി നിന്നോടപേക്ഷിക്കയും ചെയ്യുന്നു. പിശാചുക്കളുടെ പിടിയിൽനിന്നു വായുമണ്ഡലത്തിലെ ശത്രുസംഘത്തിൽനിന്നും ഈ ആത്മാവു് രക്ഷപ്രാപിച്ചു്, ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമെ! ഞങ്ങളോടുള്ള നിന്റെ ബഹുലമായ കരുണയാൽ നിന്റെ വിശുദ്ധന്മാരുടെ പട്ടണത്തിലെ ജീവഭവനങ്ങളിൽ വസിക്കുമാറാകണമെ. മോറാൻവാലോഹോ........ ആമ്മീൻ.

കോലൊ (ല്വമൽകാ സറെസമ്മോ)

കർത്താവു് അമ്രമിന്റെ പുത്രനായ മോശയെവിളിച്ചു് അവനോടു ഇങ്ങനെ കൽപിച്ചു് അരുളിചെയ്തു നിന്റെ സഹോദ

www.malankaralibrary.com

രനായ അഹറോനെയും കൂടെ ഏലിയാസാറിനെയും കൂട്ടിക്കൊണ്ടു പോക. ഇതാ അഹറോന്റെ മരണദിവസം അടുത്തിരിക്കുന്നതിനാൽ നിങ്ങൾ മൂവരും ഒരുമിച്ച് കർമ്മം നിറവേററുക

സകല മരിച്ചവർക്കും പുനരുത്ഥാനം നൽകുന്ന കർത്താവെ! നിനക്കു സ്തുതി. നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും മരണം നിന്റെ കണ്ണുകളിൽ എത്ര വിലയേറിയതാകുന്നു. നിന്റെമാഹാത്മ്യം മോശയെ കബറാക്കുകയും ലാസർ നാറിയശേഷം നിന്റെ ശബ്ദത്താൽ കബറിൽനിന്നുയിർത്തെഴുന്നേൽക്കുകയും ചെയ്തു. ബാറെക് മോർ.

പട്ടക്കാരർ:—ശുബ്ഹൊ........ ... ...

ആചാര്യന്മാരായ അഹറോന്റെ മക്കൾ നോദൊബും അബീഹൂവും ധൂപകലശങ്ങൾ എടുത്ത് അഹറോൻ ആചാര്യശുശ്രൂഷനടത്തുന്ന മഹാശുദ്ധസ്ഥലത്തേക്കു പ്രവേശിച്ച് അവിടെ ധൂപനമസ്കാരം കഴിച്ചു അത്യുന്നതൻ അവരോടു കോപിക്കയും ആ ധൂപകലശങ്ങളാൽ അവരുടെ ശരീരങ്ങൾ ദഹിച്ചുപോകയും ചെയ്തു. മെനഓലം.......

ഉഴവ്ചൊല്ലിയിൽ മഴത്തുള്ളികൾക്കായി നോക്കിക്കിടക്കുന്ന വിത്തുകൾപോലെ മരിച്ചവർ ശവക്കല്ലറകൾക്കുള്ളിൽ പുനരുത്ഥാനദിവസത്തിന്നായി കാത്തിരിക്കുന്നു. രാജകുമാരൻ അവരെ വിളിക്കുമ്പോൾ സന്തോഷത്തോടെ അവനെ എതിരേല്പാൻ അവർ പുറപ്പെട്ടുവന്നു് പ്രതിഫലം കൈക്കൊള്ളുന്നു

മദ്റോശൊ (റൂഹൊബുദാവീദ്)

ദൈവമെ! നിന്റെ കരുണയാൽ ഞങ്ങളുടെ മരിച്ചവർക്ക് നല്ല ആശ നൽകണമെ. മോശക്കും അഹറോനും ശ്മൂയേലിനും തങ്ങളുടെ പ്രവൃത്തികൾക്കു തക്കവണ്ണം ഞാൻ പ്രതിഫലം നൽകുമെന്നു് ദാവീദുമുഖാന്തിരം ആത്മാവു് പാടി അവർക്കു പ്രതിഫലം നൽകുമെന്നല്ലാതെ പ്രതിഫലം നൽകി എന്നല്ലാ പാടിയതു്. അവരുടെ പുനരുത്ഥാനത്താൽ അവർക്കു് പെട്ടന്നു് മഹത്വം നൽകുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

എന്റെ സഹോദരന്മാരെ! ജനനംമുതൽ മരണംവരേയും മരണംമുതൽ ഉയിർപ്പുവരേയും നാമെല്ലാവർക്കും വഴി ഒന്നാകുന്നു. എന്നാൽ അവിടംമുതൽ ഒന്നു നിത്യജീവങ്കലേക്കും വേറൊന്നു നിത്യമരണത്തിലേക്കുമായി വഴി രണ്ടാകുന്നു. നാമെല്ലാവരും ജീവന്റെ വഴിയെ പ്രാപിപ്പാൻ വേണ്ടി തന്നത്താൻ പ്രാർത്ഥിക്കണം.

www.malankaralibrary.com

വേറെ മദ്രാശെ (ന്സാബ്ബാറൂയ)

ഞങ്ങളുടെ വംശത്തലവന്റെ സ്രഷ്ടാവെ! നിന്റെ മരണത്താൽ ഞങ്ങളെ ജീവിപ്പിച്ചതിനാൽ നിനക്കുസ്തുതി.

ജ്ഞാനികളേ, കണ്ടാലും പരേതനായ ഗുരുനാഥൻ മൌനമായി വചനംക്രൂടാതെ നിങ്ങളോടുപറയുന്നു. നിങ്ങൾ ദ്രവ്യം സമ്പാദിക്കരുത്. എന്തെന്നാൽ ഞാൻ അതു മോഹിച്ച് സമ്പാദിച്ചെങ്കിലും അതുപേക്ഷിച്ച് നിന്ദ്യനായിത്തീൎന്നിരിക്കുന്നു. എന്റെ മൃതശരീരം തണുത്ത് അധഃപതിച്ചുകിടക്കുന്നതിനാൽ അതു കാണുന്ന എല്ലാവൎക്കും പരിഭ്രമമായിത്തീരും. എന്നെ കൊണ്ടുപോകുന്നവർ എന്നെ കബറിൽഅടക്കുവാൻ തീവ്രസന്നദ്ധരായി നിൽക്കുന്നു.

പാതാളത്തിൽ നാശം ഭവിച്ചു മരിച്ചുകിടക്കുന്നവനെ! നിന്റെ നാശത്തെക്കുറിച്ച് എന്നെ അറിയിക്കുക, കണ്ടാലും നിന്റെ കൗതുകമുള്ള സൌന്ദൎയ്യം കബറിന്നുള്ളിൽ നശിച്ചില്ലാതെയായി പൊടിമണ്ണായിത്തീർന്നിരിക്കുന്നു. സ്നേഹമേറിയ കണ്ണുകൾ സൂൎയ്യകാന്തിപോലെ ആയിരുന്നെങ്കിലും ഇപ്പോൾ മങ്ങിഅടഞ്ഞു പ്രകാശം കാണാതെവണ്ണം ഇരുണ്ടു് ശൂന്യമായിരിക്കുന്നു.

വേറൊരു മദ്രാശാ (ഫബിലൻമോറൻ)

ഞങ്ങളുടെ കൎത്താവെ! പുനരുത്ഥാനത്തിൽ ഞങ്ങളുടെ മരിച്ചവരെ സ്വർഗ്ഗരാജ്യത്തിൽ കാണ്മാൻ ഞങ്ങൾക്ക് സംഗതിയാക്കണമെ.

എന്റെ വത്സലരെ! അപ്പോൾ ഞാൻ മൗനമായി ആംഗ്യം കാണിച്ച് ഉത്തരം പറയും. നിങ്ങൾ ബുദ്ധിയോടെ ശ്രദ്ധിപ്പീൻ. ഞാൻ നിങ്ങളെ ഒരിക്കലും അന്യായമായി നിന്ദിച്ചിട്ടില്ലാ. കണ്ടാലും എന്നെ വേദനയോടെ കൊണ്ടുപോകുന്നവർ വേഗംപോകുവാൻ എന്നെ ആകർഷിക്കുന്നു ശാന്തതയോടുക്രൂടി നിങ്ങളോടുചിതമായി സംസാരിപ്പാൻ എനിക്ക് ഇടതരുന്നില്ല.

കണ്ടാലും അവർ എന്റെ വായ് സംസാരമില്ലാത്തതാക്കുകയും എന്റെ ചെവികൾ ബലമായി അടയ്ക്കുകയും നിത്യമാൎഗ്ഗത്തിലേക്ക് എന്നെ പൂർണ്ണമായി നിർബന്ധിച്ച് വേർതിരിക്കയും ചെയ്തു. ഇനി എന്റെ സഹോദരന്മാരെ! സംശയമെന്യെ ബുദ്ധിയോടെ നിങ്ങളുടെ സ്നേഹം എന്നിൽ സ്ഥിരപ്പെടുത്തുവീൻ. നിങ്ങൾ ഇളവില്ലാതെ എനിക്കുവേണ്ടി പ്രാൎത്ഥിക്കയും പൊതുവെ സമാധാനത്തോടെ വസിക്കയും ചെയ്‌വീൻ.

ദുർഗന്ധം അടിക്കുന്നതിനു മുമ്പ് അവനെ ശവക്കുഴിയിൽ അടക്കുവാൻ വേഗം പോകാമെന്നു പറഞ്ഞുകൊണ്ടു് ശവക്കല്ലറ

www.malankaralibrary.com

യിലേക്കുള്ള വഴിയിൽ അവർ എന്നെ എടുത്തു് ധൃതിയായി കടന്നുപോകുന്നു. എന്റെ സഹോദരന്മാരെ! ഞാൻ കാണാത്തവഴിയിൽക്കൂടി നിങ്ങൾ എന്നെ എവിടെ ധൃതിയായി കൊണ്ടുപോകുന്നു! ഇരുളടഞ്ഞ ശൂന്യഭവനമായ ശവക്കല്ലറയിൽ എന്നെ അകത്തിട്ടടയ്ക്കുന്നതുമെന്തു്?

എന്റെ സ്നേഹിതന്മാരെ! എന്നോക്കം കാണ്മാൻ കഴിയാത്തവണ്ണം നിങ്ങൾ എന്നെ അടക്കുന്നതെന്തു്? കണ്ണാലും ദുഃഖവിലാപങ്ങളുടെ വാസസ്ഥലമായ ശവക്കല്ലറകളിൽ ഇതാ എന്നെ നിങ്ങൾ കബറടക്കുന്നു. എന്റെ സഹോദരന്മാരെ! ഈ ദിവസമല്ലാതെ നിങ്ങൾ ഒരിക്കലും പാതാളത്തിൽ എനിക്കു് കിടക്ക വിരിച്ചിട്ടില്ലാ. ഇതുപോലെ ഇത്ര സങ്കടകരമായവിരുന്നു് നിങ്ങളൊരിക്കലും എനിക്കു നൽകിയിട്ടുമില്ല

ഞാൻ ഇന്നലെ നിങ്ങളുടെ വാത്സല്യസഹോദരനും പ്രിയ സഹവാസിയും ആയിരുന്നു. ഇമ്പകരമായ വിരുന്നിൽ ആനന്ദിപ്പാൻ നിങ്ങൾ ഓരോരുത്തരായി എന്നെ ആകർഷിക്കുന്നു. നിങ്ങൾ എനിക്കെന്നപോലെ തങ്ങളുടെ സ്നേഹിതന്മാർക്കു വിരുന്നുകഴിച്ച സഹോദരന്മാർ ഉണ്ടായിരിക്കുമൊ! കണ്ടാലും നിങ്ങൾനാശകരമായ ചിതലിനും പുഴുവിനും കൃമിക്കും ഭക്ഷണമായി എന്നെ ഏല്പിച്ചിരിക്കുന്നു.

മോർ യാക്കോബിന്റെ ബോവൂസോ.

വൈപുത്രാ! അനശ്വരമായ സ്വർഗ്ഗരാജ്യത്തിൽ വിശുദ്ധന്മാരോടും നീതിമാന്മാരോടുംകൂടെ നിന്റെ ആചാര്യന്റെ വിശ്രമം നൽകണമെ.

ഞങ്ങളുടെ സഹോദരന്റെ ഇമ്പകരമായ രാഗം പള്ളിയിൽനിന്നു മുങ്ങിപ്പോയതിനാൽ ഇന്നൊദിവസം പള്ളി ദുഃഖം പൂണ്ടിരിക്കുന്നു പരിശുദ്ധബലിപീഠം ഇവനെയും ഇവന്റെ ബലിശുശ്രൂഷകളെയും സംബന്ധിച്ചു് വിലപിക്കുന്നു, ഇവന്റെ ശ്രുതിയും സ്തുതിപ്പുകളുടെ ശബ്ദവും ഇല്ലാതായിത്തീർന്നതിനാൽ ഇവന്റെ ജനങ്ങൾ ക്ഷീണിച്ചിരിക്കുന്നു.

മരണംമൂലം ഞങ്ങളിൽനിന്നു് വേർപിരിഞ്ഞുപോയ ഞങ്ങളുടെ സഹോദരന്റെ വിയോഗത്തെപ്പററി പരിശുദ്ധസഭ ഇന്നു വിലപിക്കുന്നു ഇവൻതന്റെധൂപത്താൽനിത്യവുംഞങ്ങളെല്ലാവരെയും ആനന്ദിപ്പിച്ചു. ഇപ്പോൾ ഇതാ മരണം ഇവനെ ശവക്കല്ലറയിൽ ദുർഗന്ധമാക്കുന്നു.

www.malankaralibrary.com

മഹാപുരോഹിതശ്രേഷ്ഠനും പ്രധാനാചാര്യനുമായ മ്ശിഹാ തമ്പുരാനെ, നിനക്കു സ്തുതി. നിന്റെ കൂദാശകൾ ശുശ്രൂഷിച്ച ഈ നിന്റെ ആചാര്യന് നീ പുണ്യം നൽകണമെ.

"ചാരത്തിൽ നീതിയെ നിന്നാചാര്യന്മാരും ഇത്യാദി ചൊല്ലി എല്ലാവരും ധൂപം വയ്ക്കണം"

---

# എട്ടാം ശുശ്രൂഷ

ദൈവമേ! നീ പരിശുദ്ധനാകുന്നു. ഇത്യാദി ഒരു കൗമ്മാ

## സ്ലൂസൊ

തന്റെ ശുശ്രൂഷയ്ക്ക് പ്രധാനാചാര്യന്മാരെ ശുശ്രൂഷകരായി നിയമിക്കുകയും ഇന്ന് ഈ ശുശ്രൂഷകനെ തന്റെ അടുക്കലേക്കു വിളിക്കുകയും ചെയ്ത കാരുണ്യവാനായ ദൈവമേ! ഇവന്റെ സകല കുററങ്ങളും ക്ഷമിക്കയും പാപങ്ങൾ പരിഹരിക്കയും ചെയ്യണമെന്ന് ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. പരിശുദ്ധ പിതാക്കന്മാരോടുകൂടെ വിശ്രമവും നിത്യാനന്ദാവകാശവും സദയം ഇവനു നൽകണമെ. ഹോശോ...........ആമ്മീൻ

കുക്കിലിയോൻ സങ്കീർത്തനം 33:1-5

ദുഷ്ടന്മാരിൽ നീ അസൂയപ്പെടരുതു്. അന്യായം പ്രവർത്തിക്കുന്നവരിൽ നീ പൈശുന്യപ്പെടുകയുമരുതു്. എന്തെന്നാൽ അവർ പുല്ലുപോലെ വേഗത്തിൽ ഉണങ്ങുകയും പച്ചസസ്യംപോലെ വാടുകയും ചെയ്യുന്നു. ദൈവത്തിൽ ആശ്രയിച്ചു് നന്മചെയ്യുക. ഭൂമിയിൽ വസിച്ചു് വിശ്വാസം അന്വേഷിക്കുക. കർത്താവിൽ ശരണപ്പെടുക. താൻ നിന്റെ ഹൃദയത്തിന്റെ യാചന നിനക്കു നൽകും. കർത്താവിന്റെ മുമ്പാകെ നിന്റെ വഴി നേരെയാക്കി തന്നിൽ ശരണപ്പെടുക. ബാറെക്മോർ.

ശുബഹോ........ മെന്ഓലം.........

എക്ബോ. (യൗമമനോ)

ആദാമും ഹവ്വായും വ്യസനിച്ചു കരഞ്ഞു് വിലാപസമേതം പറുദീസായിൽനിന്നു പുറപ്പെട്ടു് അന്യോന്യം തലചാരി ദുഃഖ

www.malankaralibrary.com

ത്തോടെ വാവിട്ടു കരഞ്ഞു് പറഞ്ഞു. ഹാ! സൗന്ദര്യമുള്ളവരേ! അയ്യോ! കഷ്ടം! കഷ്ടം!! സ്നേഹമുള്ള ദമ്പതിമാരേ, കഷ്ടം! കഷ്ടം!! തങ്ങൾക്കു ലഭിച്ച ആ സ്ഥലത്തിനു് അവർ എങ്ങനെ ഇതരന്മാരായിത്തീർന്നു.

മാനീസ

കർത്താവെ! നിൻെറ അനുഗ്രഹം എനിക്കു് വേഗം മുൻഗമിയ്ക്കണമേ. എൻെറ ജീവിതത്തിൻെറ അന്ത്യകാലം സമീപിച്ചിരിക്കുന്നു. ഇനി എല്ലാ പ്രവൃത്തികളേക്കുറിച്ചും നിയമപരമായി എൻെറ ആത്മാവിനോടു് ചോദ്യം ചെയ്യുമ്പോൾ എന്നെ സഹായിപ്പാൻ കഴിയുന്ന കെട്ടിടങ്ങളോ സമ്പാദ്യങ്ങളോ ഏതാകുന്നു? ദൈവമായ യേശുതമ്പുരാൻ ന്യായാസനത്തിൽ ഇരിക്കുമ്പോൾ അവിടെ സൽപ്രവൃത്തികൾ ഇല്ലെങ്കിൽ ധനവാൻെറ സ്വർണ്ണവും അതിസമ്പത്തും അവഗണനീയവും സഹായശൂന്യവുമാകുന്നു. അങ്ങിനെതന്നെ ദരിദ്രനും മനോശുദ്ധിയില്ലെങ്കിൽ അവൻെറ ദരിദ്രാവസ്ഥ നിഷ്പ്രയോജനമായി ഭവിക്കുന്നു. ആകയാൽ കർത്താവെ! നിൻെറ കൃപപോലെയും ബഹുലമായ കരുണപോലെയും ഇവിടെയും അവിടെയും എന്നോടു കരുണചെയ്യുവാൻ ദയവുണ്ടാകണമെന്നു് ഞാൻ നിന്നോടു് അപേക്ഷിക്കുന്നു.

മാബ്രൊനൈ

സുന്ദരൻെറ സഹചാരിണിയായ ഹവ്വാ! നീ വഞ്ചകനായ സർപ്പത്തിനു് വശംവദയാകയും അസമയത്തു് ഫലം പറിച്ചു് ഭക്ഷിച്ചു് ആദാമിനു കൊടുക്കുകയും അവനും ഭക്ഷിച്ചു് അവൻെറ സ്രഷ്ടാവു് നിശ്ചയിച്ച അതിരുകടന്നു് കൽപ്പനലംഘനക്കാരനാവുകയുംചെയ്തു. എന്നാൽ അവൻെറ സ്രഷ്ടാവിനു് അവനെസംബന്ധിച്ചു് സഹതാപം തോന്നിയതിനാൽ അവനെ ധൈര്യപ്പെടുത്തുകയും "സകല സൃഷ്ടികളിലും തലവനായ ആദാമിനെ ഞാൻ കൈവിടുന്നതല്ല. ഞാൻ ഇറങ്ങിച്ചെന്നു് അവനെ രക്ഷിച്ചു് അവൻെറ ആദ്യാവകാശത്തിലേക്കു് വിജയകരമായി തിരിച്ചുകൊണ്ടുവരു"മെന്നു് അവനോടു പറകയുംചെയ്തു. സ്തൌമെൻകാലോസു്. കുറിയേ.........

# പ്രുമിയോൻ

പട്ടക്കാരൻ:—അഗ്നിമയന്മാരായ ശുശ്രൂഷകന്മാരുടെ പുരോഹിതശുശ്രൂഷ കൈക്കൊള്ളുന്നവനും, തൻെറ ജനത്തിനു് നീതീക

www.malankaralibrary.com

കരണം നൽകുവാനും താൻെറ ദൈവതചത്തെ പ്രീതിപ്പെടുത്തുന്ന ബലികൾ അർപ്പിക്കുവാനുംവേണ്ടി മൺമയന്മാരും, മരണമുള്ളവരും ആയ മനുഷ്യരിൽനിന്ന് തൻെറ ശുശ്രൂഷകന്മാരായി ആചാര്യന്മാരെയും, പ്രധാനാചാര്യന്മാരേയും നിയമിച്ച് ദിവ്യദാനങ്ങളാലും ആത്മീയവരങ്ങളാലും, അവരെ അനുഗ്രഹിച്ച് അലങ്കരിച്ചവനും അനശ്വരമായ വാശ്വതജീവിതംപ്രാപിച്ച് സ്വർഗ്ഗീയഊർശ്ലേം സഭയിൽ സ്വീകാര്യയോഗ്യമായ ബലികൾ പൂജിപ്പാൻവേണ്ടി മരണമയന്മാരായ എല്ലാവക്കും നിയോഗിച്ചിട്ടുള്ള മരണം ആസ്വദിപ്പാനായി ഞങ്ങളുടെ മനുഷ്യവർഗ്ഗത്തിന് ഉണ്ടായിട്ടുള്ള മരണത്തിൻെറ വിധി തീർപ്പിനാൽ താൽക്കാലികമായ ജീവിതത്തിൽനിന്ന് അവക്ക് വിയോഗം നൽകുന്നവനും ആയ സ്വർഗ്ഗീയമഹാപുരോഹിതന് സ്തുതി. ഞങ്ങളും അവരുടെ ഓർമ്മയെ കഴിച്ചുകൊണ്ടു അവരുടെ പ്രാർത്ഥനകളാൽ അനുഗ്രഹം പ്രാപിപ്പാനും അവരുടെ തിരുശേഷിപ്പുകളിൽനിന്ന് സഹായങ്ങളും അവരുടെ നാഥനിൽനിന്ന് ലംഘനവിമോചനവും പാപപരിഹാരവും ലഭിപ്പാനും യോഗ്യരായിത്തീരണമെ. തൻെറ ദാസനായ ആചാര്യൻെറ ഈ ശവസംസ്കാര സമയത്തും........

## സെദറൊ

വലിയവനും വിസ്മയനീയനും സർവ്വത്രഭാഗ്യവാനും യഥാർത്ഥ പ്രധാനാചാര്യനും ഉത്തമ ഇടയനും നീതീകരണം നൽകുന്ന ബലിയും ആയ ദൈവമേ! നിൻെറ തിരുബലിയാലും ജീവൻനൽകുന്ന മരണത്താലും രക്ഷാകരമായ ഉയിർത്തെഴുന്നേൽപ്പിനാലും ഞങ്ങളുടെ സഭയിലെ ആചാര്യസ്ഥാനത്തെ നീ പരിപൂർണ്ണമാക്കി. പരിശുദ്ധശ്ലീഹന്മാർക്ക് നീ നൽകിട്ടുള്ള ശുദ്ധീകരണകൃപയാൽ മരണത്തിൻെറ ആണിയെ ചവുട്ടുകയും ഈ മരണം മരണമല്ല, യഥാർത്ഥ ജീവങ്കലേക്ക് കടത്തുന്ന നിദ്രാമയക്കമായി ഗണിയ്ക്കുകയും ചെയ്യുവാൻ തക്കവണ്ണം പുരോഹിതവരങ്ങൾ അവരുടെ കയ്യിൽ ഭരമേൽപ്പിക്കുകയുംചെയ്തു. ഞങ്ങളുടെ മതാദ്ധ്യക്ഷനും മഹാപുരോഹിതശ്രേഷ്ഠനും ആയ കർത്താവെ! ആചാര്യശുശ്രൂഷയുടെ ഓഹരിക്ക് അനുയോജ്യരായിരിക്കെ യോഗ്യരായിത്തീർന്ന ഞങ്ങൾ പുരോഹിതമഹത്വത്തിൻ വർണ്ണനയെ നിനക്കുസമർപ്പിച്ചുകൊണ്ടു നിൻെറ ദൈവീകമായ പ്രജാവാത്സല്യത്തോട് പ്രാർത്ഥിക്കുന്നു. ദൈവീകമായ പുരോഹിതശുശ്രൂഷയിൽ മുൻകൂട്ടി സംബന്ധക്കാരനാക്കുകയും ഞങ്ങൾക്ക് വിധിച്ചു നിശ്ചയിച്ചിട്ടുള്ള മരണനികുതിയ്ക്കു ഇപ്പോൾ വശംവദനാകുകയും ചെയ്തിട്ടുള്ള ഈ നിൻെറ ദാസൻെറ

www.malankaralibrary.com

ആത്മാവിനെ പരിശുദ്ധരായ സമാധാനദൂതന്മാർമൂലം നീ കൈക്കൊള്ളേണമേ. ഇവിടെയുള്ള അവൻെറ ശുശ്രൂഷയുടെ സേവനത്തെ നീ ഓർത്തുകൊണ്ട് സത്യവിശ്വാസികളായ പുരോഹിതന്മാരുടെയും, പുണ്യവാന്മാരായപ്രധാനാചാര്യന്മാരുടെയും ആത്മാക്കൾ നിവസിക്കുന്ന സൌഭാഗ്യഭവനങ്ങളിലേക്ക് ആ മാലാഖമാരോടുകൂടെ ഇവൻെറ ആത്മാവ് പറന്നുകയറുവാൻ സംഗതിയാക്കണമെ. ഞങ്ങളുടെ ബലഹീനവർഗ്ഗത്തിൻെറ ശക്തിക്കു തക്കവണ്ണം നിൻെറ തിരുമുമ്പാകെ പൌരോഹിത്യപരമായി ഇവൻ നടത്തീട്ടുള്ള പ്രാത്ഥനകളും നിലകളും നീ ഓർത്തു് നിൻെറ ആഹ്ളാദകരവും സന്തോഷകരവുമായ എതിരേല്പിൻ ഇവനെ കൈക്കൊള്ളണമെ. നിൻെറ പരിശുദ്ധമദ്ബഹാമുമ്പാകെ ഇവൻ സമർപ്പിച്ചിട്ടുള്ള ബലികളും കുർബാനകളും ഓർത്തു് ഇവന്നു സന്തോഷവും ആനന്ദവും നൽകണമെ. നിൻെറ സ്വർഗ്ഗീയ മഹാശുദ്ധസ്ഥലത്തു് ഇവൻെറ ആത്മാവിനെ വസിപ്പിക്കണമെ. ഇവൻ സ്തുതിയും സ്തോത്രവും സമർപ്പിച്ചുകൊണ്ടു് മാലാഖമാരുടെ സന്തോഷത്തിനായി കാത്തിരുന്നു അവിടെയുള്ള ശുശ്രൂഷകന്മാരോടുകൂടെ വസിക്കുമാറാകണമേ. കർത്താവെ! ഇവന്നുവേണ്ടി പാപികളായ ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥനകൾ സന്തോഷത്തോടെ കൈക്കൊൾവാൻ തിരുവിഷ്ടമുണ്ടാകണമെ. പരിശുദ്ധ പട്ടക്കാരിൽ പ്രധാനികളോടും മഹത്വമുള്ളവരോടും കൂടെ ഇവനെ ആശ്വസിപ്പിക്കണമെ. ഏതുവിധവും ഇവനിൽ പററിയിട്ടുള്ള സകല മാലിന്യവും കറയും അശുദ്ധിയും നിൻെറ തിരുമുമ്പാകെ പുരോഹിതശുശ്രൂഷ നടത്തീട്ടുള്ള വിശുദ്ധക്കുദാശകളാൽ ഇവനിൽ ഉളവായിട്ടുള്ള നീതീകരണം നൽകുന്ന കൃപമൂലം കഴുകി വെടിപ്പാക്കണമെ. ഇവൻ വെടിപ്പുള്ളവനും കററമില്ലാത്തവനുമായി അവസാനനാളിൽ നിൻെറ ശ്രേഷ്ഠതയിൻമുമ്പാകെ വെടിപ്പോടെ നിൽക്കുമാറാകണമെ. വിശുദ്ധന്മാരോടും സ്വർഗ്ഗസേനകളോടുംകൂടെ നിന്നെയും നീ മുഖാന്തിരം നിന്നോടുകൂടെ നിൻെറ പിതാവിനെയും സൗഭാഗ്യവാനും കരുണയുടെ ഉറവയും സാരാംശത്തിൽ നിന്നോടൊന്നായിരിക്കുന്നവനുമായ നിൻെറ പരിശുദ്ധാത്മാവിനെയും സ്തുതിക്കുമാറാകണമെ. ഹോശോവബ്... ......ദൈവത്തിൽനിന്നു കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും രണ്ടുലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ.

കോലോ.

ലത്തഹ്ളെമ്മൊദ് ഹൈമ്മോന്നൂസോ.

ഞങ്ങളുടെ രക്ഷിതാവെ! വിശ്വാസത്താലും സുകൃതനടപടികളാലും നിന്നെ ശുശ്രൂഷിച്ചു് ഈ ആയസ്സിൽനിന്നു കടന്നുപോ

www.malankaralibrary.com

യ ഈ ആചാര്യനെ നിന്റെ തിരുഹിതാനുവർത്തികളായ വിശുദ്ധന്മാരോടുകൂടെ നിന്റെ സ്വർഗ്ഗരാജ്യത്തിൽ ആനന്ദിപ്പാൻ, ഞങ്ങളുടെ കർത്താവെ! നിന്റെ കരുണയാൽ യോഗ്യനാക്കണമെ. ഇവൻ നിനക്ക് സ്തുതിയും സ്തോത്രവും പാടിക്കൊണ്ട് ഈറേന്മാരുടെയും മാലാഖമാരുടെയും മദ്ധ്യെ വെടിപ്പോടെ നിനക്ക ശുശ്രൂഷിക്കയും അവസാനനാളിൽ നീ എഴുന്നെള്ളി വരുമ്പോൾ ഇവൻ ഏററിട്ടുള്ള താലന്തുകൾ ആദായസഹിതം നിന്നെ ഏല്പിക്കയും ചെയ്യാമറാകണമെ.

ഇസ്രായേല്യരുടെ രാജാവും ദീർഘദർശിയുമായ ദാവീദെ! പുനരുത്ഥാന ദിവസത്തെ സംബന്ധിച്ച് എന്നോടു വിശദമായി വ്യാഖ്യാനിച്ച് പറക. കർത്താവ് ഭൂമിയെ പുതുതാക്കുകയും, സമുദ്രത്തിന്റെ ആഴങ്ങളിൽ മരണത്തിന്നടിമപ്പെട്ട എല്ലാവരെയും കരേററിക്കൊണ്ടു വരികയും ചെയ്യുന്നു. ന്യായവിധിക്കായി തന്റെ സിംഹാസനം ഒരുക്കുകയും തന്റെ സ്ളീബായെ ഉപേക്ഷിച്ച എല്ലാവരേയും അഗ്നിജ്വാലയാൽ ന്യായം വിധിക്കയും ചെയ്യുന്നു. ബാറെക് മോർ ശുബഹോ......

എല്ലാസൃഷ്ടികളേയും സൃഷ്ടിച്ചശേഷം സുന്ദരനായ ആദാമിന്റെ സ്വരൂപത്തെ സൃഷ്ടിപ്പാൻ സൃഷ്ടാവിന്ന് ഇഷ്ടംതോന്നി. നമ്മുടെ കർത്താവു് ഭൂമിയുടെ നാനാഭാഗങ്ങളിൽനിന്നും തന്റെ തൃക്കൈകളിൽ മണ്ണെടുത്ത് തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ആദാമിനെ മനഞ്ഞുണ്ടാക്കുകയും അവനെ പറുദീസായിൽ അവകാശിയാക്കുകയും ചെയ്തു. ആ തോട്ടം അവനെ ഭരമേല്പിച്ചിട്ട് അവനോടു ജീവവൃക്ഷത്തെ കാത്തുകൊൾവാൻ കല്പിക്കയും "ആകാശവും ഉയരവും എന്റെയും എന്റെ കല്പന ആചരിച്ചാൽ ഭൂമിയും ആഴവും നിന്റെയും ആകുന്നു" എന്നു പറകയും ചെയ്തു. മെനഓലാം......

തങ്ങളുടെ ജീവകാലത്ത് നാവുകളാൽ സ്തുതിപാടിട്ടുള്ള മരിച്ചവർ, മേൽസ്വർഗ്ഗത്തിൽ സ്വർഗ്ഗീയ ആദ്യജാതന്മാരുടെ സഭയിലും തിരുസന്നിധിൽ സേവനംചെയ്ത് തിരുഹിതം അനുവർത്തിച്ചിട്ടുള്ള നീതിമാന്മാരുടെ ആത്മാക്കളോടുകൂടെയും സ്മരിക്കപ്പെടേണമെ. നീമാത്രം കുററമററവനും പാപികളുടെ പാപങ്ങൾക്ക് നീതീകരണം നൽകുന്നവനുമാകയാൽ അവരോടു ന്യായവിസ്താരം നടത്തരുതെ. നിന്റെ തിരുശരീരരക്തങ്ങൾ അവർക്ക് വഴയാ പാലവും കടത്തും ആയിഭവിക്കയും തന്നിമിത്തം അവർസന്തോഷമണവറയിലേക്ക് ചെന്നെത്തുകയും ചെയ്യണമെ. മൊറിയൊറാഹെമ്മെ . . . .

www.malankaralibrary.com

## എത്രോ

മേലുള്ളവർക്കു ഉയരത്തിലും താഴെയുള്ളവർക്കു ഭൂവിയിലും മരിച്ചവർക്കു കബറുകളിലും സുഗന്ധവാസന വീശിയ സുഗന്ധധൂപമായ കർത്താവെ! നിന്റെ ഉപദേശമേച്ചിൽസ്ഥലങ്ങളിൽ നിന്റെ ഇടവകയെ മേയിക്കയും തിരുസന്നിധിയിൽ നിന്റെ ജീവൻ നൽകുന്ന ക്രദാശകൾ ശുശ്രൂഷിക്കയും ചെയ്ത ഈ നിന്റെ ആചാര്യന്റെ ആത്മാവിനു ആശ്വാസത്തിന്റെയും നീതീകരണത്തിന്റെയും ഗ്രാഹ്യം നൽകണമെ. കർത്താവെ! നീതിമാന്മാരുടെ സന്തോഷകരമായ പ്രതിഫലത്തിന്നും അവസാനം ന്യായവിധിയിങ്കൽ ഉത്സാഹമുള്ള ഭൃത്യന്മാരോടൊന്നിച്ചുള്ള കൂലിക്കും ഇവനെ യോഗ്യനാക്കുകയും നിന്റെ മഹാപുരോഹിതശ്രേഷ്ഠന്മാരായ മോശയോടും അഹറോനോടുംകൂടെ ആശ്വസിപ്പിക്കയും ചെയ്യണമെ. മോറാൻ വാലോ........ ആമ്മീൻ.

കോലോ (മെറിദയം മോറാൻ)

കർത്താവെ! തങ്ങളുടെ നടപടികളാൽ നിന്നെ പ്രസാദിപ്പിച്ചു തിരുവിഷ്ടത്തിന്നു ഇണങ്ങിയവരായ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ഈ ഞങ്ങളുടെ സഹോദരന്റെ ആത്മാവിനെ ജീവന്റെ തുറമുഖത്തും നിന്റെ സകല വിശുദ്ധന്മാരോടൊരുമിച്ചും സമാധാനത്തോടെ ആശ്വസിപ്പിക്കണമെ.

ശുദ്ധസ്ഥലത്തു സേവനം നടത്തുകയും, സ്തേപ്പാനോസിനെപ്പോലെ മഹത്വമുള്ള മദ്ബഹായിൽ ശുശ്രൂഷിക്കയുംചെയ്ത ഞങ്ങളുടെ ശോഭയുള്ള സഹോദരാ! നിന്റെ ആയുഷ്കാലം മുഴുവനും പരിപാകത, നിനക്കിഷ്ടമായിത്തീർന്നതിനാൽ ആനന്ദമണവറയിൽ നീ സന്തോഷിക്കുമാറാകട്ടെ ബാറെക്മോർ ശുബ്ഹോ ....

ഞങ്ങളുടെ സഹോദരാ! ദൈവദൂതന്മാർ നിന്നിൽ സന്തോഷിക്കയും മാലാഖമാർ നിന്നെ സ്വീകരിക്കയും ഏദൻതോട്ടവും അതിലെ നിവാസികളും ആകാംക്ഷയോടെ നിന്നെ എതിരേൽക്കയും ചെയ്യുന്നു. എന്തെന്നാൽ ദൈവത്തിന്റെ തിരുസന്നിധിയിൽ അഭോരാത്രം ആദിമുതൽ അവസാനംവരെ നിന്റെ നടപടി ഉത്തമമായിട്ടുള്ളതു മാത്രമാകുന്നു.

മെനഓലം വ ദ........

www.malankaralibrary.com

ഞങ്ങളുടെ നാഥനായ കർത്താവെ! ഹാബേലിൻെറ കാഴ്ച കൈക്കൊണ്ടതുപോലെ നിൻെറ ദാസന്മാരുടെ ശുശ്രൂഷ കൈക്കൊള്ളണമെ! നീതിമാനായ നോഹയെ പെട്ടകത്തിനുള്ളിൽ കാത്തുകൊണ്ടതുപോലെ, കർത്താവെ! നിൻെറ സഭയേയും അതിൻെറ മക്കളേയും കാത്തുകൊള്ളണമെ. നിൻെറ മാതാവിൻെറയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ സഭയിൽനിന്ന് ശിക്ഷകളും കോപസൂചകങ്ങളായ വടികളും നീക്കിക്കളയണമെ,

മദ്റാശൊ (ശാംബോറെ)

മനുഷ്യവർഗ്ഗത്തെ വഞ്ചനയാലും ചതിവാലും വഞ്ചിച്ച് ജയിച്ച അധികാരിയായ ആക്ൽകർസായെ സ്ലീബാമൂലം ജയിച്ചവനു സ്തുതി.

അബ്രാമിൻെറ പുത്രനായ മോശയെ എൻെറ വലയിൽ അകപ്പെടുത്തിയിരിക്കുന്നു. അവൻ വിഖ്യാതനായ വീരനും എബ്രായ മഹാജനത്തിന് ദൈവത്തെപ്പോലെ ആയിത്തീർന്നവനും ദൈവത്തോടു സംസാരിച്ചവനുമാകുന്നു. വരികാ, അവൻെറ അസ്ഥിക്കൂട്ടങ്ങളെ ഞാൻ നിന്നെ കാണിച്ചുതരാം. സൂര്യചന്ദ്രന്മാരെ വിലക്കിനിർത്തുകയും കർത്താവിൻെറ ശത്രുക്കളെ വീഴ്ത്തുകയുംചെയ്ത നീതിമാനായ യേശുബർനൂനെയും ബുദ്ധിമാനും മഹാ ജ്ഞാനിയുമായ ശ്ലേമ്മൂനേയും അങ്ങനെതന്നെ എന്ന് മരണം പറയുന്നു.

സകല യോദ്ധാക്കളെയും ജയിച്ചവൻ ഞാനാകുന്നു. അവരെ ഞാൻ പാതാളത്തിൻെറ മൂലകളിൽ കൂട്ടിയിരിക്കുന്നു. മറിയാമിൻെറ പുത്രാ! അകത്തുവന്ന് പരാക്രമികളുടെ പ്രധാന അവയവങ്ങളും മഹാനായ ശെമിശോൻെറ അസ്ഥിക്കൂട്ടങ്ങളും മല്ലനായ ഗുലിയാത്തിൻെറയും ഇരിമ്പുകട്ടിൽ ഉണ്ടാക്കി അതിൽകിടന്ന വീരകുമാരൻ ഊഗിൻെറയും അസ്ഥിപഞ്ജരവുമാകുന്ന ഭയങ്കരകാഴ്ചകൾ കാണുക. ഞാൻ അവനെ തള്ളി അധഃപതിപ്പിക്കയും ആ സിംഹത്തെ പാതാളത്തിൻെറ വാതുക്കൽ എന്നേക്കുമായി തള്ളിവീഴിക്കയും ചെയ്തു എന്നു മരണം പറയുന്നു.

വേറെ മദ്റാശൊ (എപ്പിനെദേൻവെശ്ത്താ എല്ലുക്ൻ)

ആദാമിൻെറ മക്കൾക്ക് പുനർജീവൻ നൽകുന്നവനെ! നിനക്കുസ്തുതി. ഞാൻ തിരിച്ചുവന്ന് പുതിയ ജീവിതസ്ഥേഹത്തെപ്പററി നിങ്ങളോടു അറിയിക്കാം. ആയതു് ഹാബേലിന്ന് കാഴ്ചയയന്നപ്പാൻ സംഗതിയാകുകയും ഭൂമിയിലെ മുന്തിരിങ്ങാപ്പഴത്തി

www.malankaralibrary.com

ൻെറ വീഞ്ഞിൽ അത്തു് സന്തോഷിക്കയും അവനെ കൊന്നവനെപ്പററി അതിനാൽ അവൻ എബിവോടെ നിലവിളിച്ചു് സംസാരിക്കയും ചെയ്തു. മരണത്തെ ജയിച്ചു് ആദ്യം ആരാധന ചെയ്ത ഹാനോക്കിനെ അത്തു സഹായിക്കയും ജീവനുള്ള ആ പുണ്യവാൻെറ നിര്യാണത്തെ സംബന്ധിച്ചു് മുൻകൂട്ടി അറിയിപ്പാൻ ആദിയിൽ മരണം വിലപിക്കയുംചെയ്തു.

പുതിയ ജീവിതസ്തോത്രം ശേമിന്നു അനുഗ്രഹങ്ങളും മൽക്കിസ്ദെക്കിന്നു് പ്രധാനാചാര്യത്വവും അബ്രഹാമിന്നു വാഗ്ദാനവും നൽകി. അത്തു്, ഇസഹാക്കിനാൽ രഹസ്യങ്ങൾ മുൻകുറി കാണിക്കയും യാക്കോബിനാൽ ദൃഷ്ടാന്തം രേഖപ്പെടുത്തുകയും യൌസേപ്പിനാൽ ശ്രേഷ്ഠകാര്യങ്ങൾ പറകയും മോശയാൽ രക്ഷയും യോശുവായാൽ ബലവും നൽകുകയും ചെയ്തു അത്തു് അഹറോന്നു ആചാര്യത്വവും ദാവീദിന്നു രാജത്വവും ശമുവേലിന്നു് വിശുദ്ധിയുള്ള മുഖശോഭയും ഏലീശാക്കു് മുഖപ്രസാദവും നൽകി.

കർത്താവേ! നീ ഞങ്ങൾക്കുവേണ്ടി കാഴ്ചയായിത്തീർന്നതിനാൽ മഹാ പ്രധാനാചാര്യനും ആചാര്യനും കുററമററ ബലിയും സകല കാഴ്ചകളും കൈക്കൊള്ളുന്നവനുമാകുന്നു. കർത്താവെ! നിൻെറ ദാസരായ ഞങ്ങളുടെ കാഴ്ചകളും പ്രാർത്ഥനകളും കൈക്കൊള്ളണമെ! നിൻെറ പ്രത്യക്ഷതയുടെ ദിവസത്തിന്നു് കാത്തിരിക്കുന്നവനായി നിന്നിലുള്ള ആശയോടെ നിദ്രപ്രാപിച്ച ഈ ആചാര്യനെ ശവക്കല്ലറയിൽനിന്നു പുനർജ്ജീവിപ്പിക്കയും ദയാസമ്പന്നനായ ദൈവമേ! നിൻെറ കൃപനിമിത്തം നിനക്കു സ്തോത്രംചെയ്‌വാൻ ഇവന്നു ദയയും കരുണയും നൽകുകയും ചെയ്യണമെ.

വേറെ മദ്രാശം (ഹബ്ലൻ ഭമാറൻ)

“എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ! നിങ്ങൾ അകത്തുവന്നു് ജീവൻ അവകാശമായി അനുഭവിപ്പീൻ” എന്നു പറയുന്നതിൻെറ ജീവശബ്ദം കർത്താവെ! ഞങ്ങൾ കേൾക്കുമാറാകണമേ.

ഇന്നത്തെ ഈ വിരുന്നുപോലെ ഞാൻ ഒരിക്കലും കാണുകയാകട്ടെ ആസ്വദിക്കയാകട്ടെ ചെയ്തിട്ടില്ല. എന്തെന്നാൽ അതിലെ വീഞ്ഞിനാൽ എൻെറ ഇന്ദ്രിയങ്ങളെല്ലാം ദരിതപ്പെടുകയും എൻെറ വായ് കയ്ക്കുകയും എൻെറ പല്ലുകളെല്ലാം പുളിയ്ക്കുയുംചെയ്തു. എൻെറ സഹവാസികളും കൂട്ടാളികളുമായ വത്സലന്മാരും സഹോ

www.malankaralibrary.com

രേന്മാക്കും സ്നേഹിതന്മാക്കും പകരം ഇതാ ചിതലും പുഴുവും കൃമിയും കൂട്ടങ്ങളായിവന്നു് എന്നെ നശിപ്പിക്കുവാൻ തുടങ്ങുന്നു.

എന്റെ കണ്ണുകളെ! നിങ്ങൾക്കു കഷ്ടം! നിങ്ങളുടെ കൺമിഴികൾ ഇരുളടഞ്ഞു് വേദവാക്യങ്ങളെയൊ ആത്മരഹസ്യങ്ങളെയൊ നോക്കി കാണ്മാൻ പാടില്ലാത്തവണ്ണം ആരു് നിങ്ങളെ കുരുടാക്കി? എന്റെ വായേ, നീ ദാവീദിനോടുകൂടെ സങ്കീർത്തനം ചൊല്ലുകയോ മാധുര്യശബ്ദങ്ങളാൽ പാട്ടുപാടുകയോ ചെയ്യുന്നില്ല എന്നു തന്നെയല്ല, പാട്ടുകൾ രചിക്കയോ ഗാനങ്ങൾ മാറിച്ചൊല്ലുകയോ ചെയ്യുന്നില്ല.

നീ മോചനം അപേക്ഷിക്കയൊ നീതീകരണത്തിനുവേണ്ടി പ്രാർത്ഥിക്കയൊ ചെയ്യുന്നില്ല നീ പ്രലാപശബ്ദങ്ങൾ ഉച്ചരിക്കയൊ നിന്റെ കാരുണ്യവാനെ നമിക്കയൊ ചെയ്യുന്നില്ല. എന്റെ പല്ലുകളെ! നിങ്ങൾക്കു് കഷ്ടം. നിങ്ങളുടെ നിയമാനുസരിച്ചു് കൂട്ടുകാരെ ശുശ്രൂഷിക്കയൊ വചനങ്ങളുടെ നിർമ്മാണത്തിന്നായി ശബ്ദിക്കുന്നതിനു നാവിനെ സഹായിക്കയൊ ചെയ്യുന്നില്ല.

എന്റെ അധരങ്ങളെ! നിങ്ങൾക്കു് കഷ്ടം. ജീവൗഷധമായ രക്ഷയുടെ പാനപാത്രം നിങ്ങൾ സ്വീകരിക്കുന്നില്ല ഇതാ നിങ്ങൾ ഇനിമേൽ കാദീശ് പാടാതവണ്ണം അനങ്ങാതിരിക്കുന്നു. എന്റെ കൈകളെ! നിങ്ങൾക്കു് കഷ്ടം. ഇനി എന്നേക്കും ദൈവത്തിന്റെ തിരുശരീരം നിങ്ങൾ ആഘോഷിക്കുന്നില്ല. സ്വീകരിക്കുന്ന എല്ലാവരുടെയും ജീവൗഷധത്തിന്നായി നിങ്ങൾ തിരുശരീരം മുറിച്ചു് ഭാഗിച്ചുകൊടുക്കുന്നുമില്ല. എന്റെ വിരലുകളെ! നിങ്ങൾക്കു് കഷ്ടം. എന്നേക്കും നിങ്ങൾ വിശുദ്ധപുസ്തകങ്ങൾ വിടർത്തുകയൊ നിങ്ങളുടെ കൂട്ടുകാർക്കു് ചൂണ്ടാണിവിരൽകൊണ്ടു് വരികൾ കാണിച്ചുകൊടുക്കുകയൊ ചെയ്യുന്നില്ല.

### മോർ യാക്കോബിന്റെ ബോവൂസൊ

ദൈവപുത്രാ! അനശ്വരമായ സ്വർഗ്ഗരാജ്യത്തിൽ വിശുദ്ധന്മാരോടും നീതിമാന്മാരോടുംകൂടെ നിന്റെ ആചാര്യന്നു് വിശ്രമം നൽകണമെ.

കർത്താവെ! തങ്ങളുടെ നടപടികളാൽ സദാ നിന്നെ പ്രസാദിപ്പിച്ച വിശുദ്ധന്മാരോടുകൂടെ ഞങ്ങളുടെ സഹോദരന്റെ ആത്മാവിനു് വിശ്രമം നൽകണമെ. കർത്താവെ! നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും ശ്ലീഹന്മാരുടെയും സത്യവിശ്വാസികളായ പിതാക്കന്മാരുടെയും സംഘങ്ങളിൽ ഇവനെ ക്രമീകരിക്കണമെ

www.malankaralibrary.com

ഞങ്ങളുടെ സഹോദരാ! പ്രകാശത്തിൻറ കൂട്ടങ്ങളിലേക്ക് നീ സമാധാനത്തോടെ പോക. തിരുസന്നിധിയിൽ പ്രീതിസമ്പാദിച്ച വിശുദ്ധന്മാരോടുകൂടെ സ്തുതിപാടുകയും ചെയ്യുക. സമാധാനത്തോടെപോയി പ്രകാശമണവറയിൽ വസിക്കുക. ജീവൻെറ അറയിലേക്ക് നിന്നെ കൊണ്ടുപോയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. തനിക്ക് മഹത്വമുണ്ടായിരിക്കട്ടെ.

മഹാ പുരോഹിതശ്രേഷ്ഠനും ആചാര്യപ്രമുഖനുമായ മ്ശിഹാതമ്പുരാനെ! നിനക്ക് സ്തുതി. നിൻെറ ക്രൂദാശകൾ ശുശ്രൂഷിച്ച ഈ നിൻെറ ആചാര്യന്നു നീ പുണ്യം നൽകണമെ.

സൂമ്മൊറൊ.

(ഹോറന്നൊ യറഹെം.)

യാക്കോബ് കരയുന്നു. അവനോടുകൂടെ ഗോത്രതലവന്മാരും കരയുന്നു. കാണാതെപോയ യൌസേപ്പിനെക്കുറിച്ചു കരയുന്നു. മെസ്രേനിൽ ബന്ധിച്ചിരിക്കുന്ന ശെമഊനെക്കുറിച്ചും അവർ കൂട്ടിക്കൊണ്ടുപോയ ബെനിയാമ്മിനെക്കുറിച്ചും കരയുന്നു. എല്ലാം അതിഭയങ്കരംതന്നെ.

മദ്ബഹായുടെ താഴെ വടക്കുഭാഗത്തോ മറ്റെവിടെയെങ്കിലും ഉചിതമായ സ്ഥലത്തോ നിന്നു പഴമ വായിക്കണം.

ആദ്യപുസ്തകം 49: 33-50: 14.

സൂമ്മൊറൊ. (കുൽനേശ്മെ)

പാതാളത്തിലെ ദുഃഖഭവനങ്ങളിൽ ഇറങ്ങിച്ചെന്നു മരിച്ചവരെ സന്ദർശിക്കയും അവരുടെ അസ്ഥികളിൽ കരുണയാകുന്ന പനിമഞ്ഞു തളിക്കയുംചെയ്ത ഉത്തമനും ഭയങ്കരനുമായ കർത്താവിനെ എല്ലാ ജീവികളും മഹത്വപ്പെടുത്തുന്നു. ആകയാൽ ഞങ്ങളെല്ലാവരും അവരെ യോഗ്യമായി ഓർക്കുകയും ചെയ്യുന്നു.

സംഖ്യ 20 23-29.

സൂമ്മൊറൊ. (ഹമയീദേൻ മൊദറാലൊൻ)

സകല സൃഷ്ടികളും അവയുടെ സ്ഥാനം വിട്ടുവാൻ വിറക്കുമ്പൊൾ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും പ്രകാശിക്കാതെ മാഞ്ഞുപോകുന്നു. സൃഷ്ടാവിൻെറ കല്പനയാൽ ലോകത്തിന്നു അന്ത്യം ഭവിക്കുന്നു. എന്നാൽ ശവക്കല്ലറകൾ ഇളകിത്തുറക്കപ്പെട്ടു അവയിലുള്ള മരിച്ചവർ ഉയർന്നെഴുന്നേൽക്കുകയും നേരോടും നീതിയോടുംകൂടിയ നിർദ്ദയമായ ന്യായവിസ്താരത്തിൽ തങ്ങൾക്കു പ്ര

www.malankaralibrary.com

തിഫലം കൈക്കൊൾവാൻതക്കവണ്ണം ന്യായവിസ്താരസ്ഥലത്തേക്ക് വന്നുകൂടുവാനും ചെയ്യുന്നു.

യോബ് 7: 1—21,

സൂമ്മൊറൊ (ആനീദെദ്ലബ ശൂക്)

കർത്താവെ! മാർമ്മ ദീസായാൽ നിന്നെ ധരിച്ചു മരിച്ചവരുടെ ശരീരങ്ങളെ, നീ എഴുന്നെള്ളിവരുമ്പോൾ മഹത്വത്തിന്റെ അങ്കി ധരിപ്പിക്കണമെ. കൊമ്പിന്റെ ശബ്ദത്താലും കാഹളധ്വനിയാലും സകല മനുഷ്യവർഗ്ഗത്തെയും നീ പുനർജീവിപ്പിച്ച് പുതുതാക്കുന്ന സമയത്ത്, കർത്താവെ! നിന്റെ കൃപാബാഹുല്യത്താൽ അവരുടെ പാപങ്ങളും കുററങ്ങളും ക്ഷമിച്ച് പുണ്യപ്പെടുത്തണമെ. കർത്താധികർത്താവെ! നിന്റെ നിത്യതയുടെ ശക്തിക്ക് സ്തുതി. തന്റെ സൃഷ്ടികളുടെ രക്ഷയ്ക്കായി എഴുന്നെള്ളിവന്ന ദൈവമേ! ഞങ്ങളോട് കരുണ ചെയ്യണമെ.

ന്യായാധിപതിമാർ 16:23—31

സൂമ്മോറൊ (ഐഡ്ഡെനൗഉസറെ)

അഴിഞ്ഞുപോകുന്ന ഈ ലോകത്തിന്റെ ധനവും അലങ്കാരവും എവിടെ? പാതാളത്തിൽ ശൂന്യമായി നശിക്കുന്ന മോഹനീയസൗന്ദര്യം എവിടെ? ജ്ഞാനികളിൽനിന്നു മാഞ്ഞുപോയ ജ്ഞാനവും എവിടെ? നിങ്ങൾ ശവക്കല്ലറയ്ക്കകത്ത് രാജാക്കന്മാരും ഭിക്ഷാർത്ഥികളും വന്ന് കൂടിയിരിക്കുന്ന സ്ഥലം കാണ്മീൻ. പാതാളത്തിൽ ധനവാന്മാരും ദരിദ്രന്മാരും ഒരുമിച്ചുകിടക്കുന്ന സ്ഥലവും വന്നുകാണ്മീൻ. സർവ്വനാഥനായ കർത്താവെ! നിന്റെ ദാസന്മാരുടെ ആത്മാക്കൾക്ക് നിത്യമായ വാഗ്ദത്തജീവിതത്തിൽ നിന്റെ കരുണാബാഹുല്യവും നിമിത്തം വിശ്രമം നൽകണമെ.

ദാനിയേൽ 12:1—13

സൂമ്മൊറൊ (മ്നഹമ്മോനാഉമാഹേ)

മരിച്ചവരെ പുനർജീവിപ്പിക്കുന്നവനെ! ശവക്കല്ലറകളിലുള്ള മരിച്ചവർക്ക് നീ പുനരുത്ഥാനം നൽകണമെ. അവരുടെ വായ്കളിൽ നിന്റെ സ്തുതിയാകട്ടെ, അവരുടെ നാവുകളിൽ നിന്റെ ശബ്ദമാകട്ടെ ഇല്ല ലാസറിനെ ശവക്കല്ലറയിൽനിന്നു വിളിച്ച ആ ശബ്ദത്താൽതന്നെ വിശ്വാസികളാൽ എല്ലാ മരിച്ചവരെയും വിളിച്ചുണർത്തണമെ യൗനാനെപ്പോലെ എന്റെ സങ്കടങ്ങ

www.malankaralibrary.com

ളാൽ ഞാൻ നിലവിളിച്ചു നിൻെറ കരുണ ഗാഢനിദ്രയിൽനിന്ന് എന്നെ ഉണർത്തണമെ. എനിക്കു സഹായമില്ലാതായിത്തീരരുതെ. കരുണയുടെയും ദയയുടെയും സമുദ്രമായ കർത്താവെ, ദയതോന്നി എന്നോടു കരുണയുണ്ടാകണമെ.

എശായ 38:1—8

സൂമ്മോറൊ (കോലെംദക്കറൊല്ലൂലെംഹൊസർ)

മരിച്ചു പഴകി നാറിയ ലാസറിനെ ശവക്കല്ലറയിൽനിന്ന വിളിച്ച ശബ്ദം സ്രഷ്ടാവിൻെറ കല്പനയാൽ പുനരുത്ഥാനത്തിൻെറ വലിയദിവസത്തിൽ മരിച്ചവരെ ശവക്കല്ലറയിൽനിന്ന വിളിച്ചുയർപ്പിക്കുന്നു. യൂശോപ്പോത്ത് താഴ്വരയിൽ രാജാവു സിംഹാസനത്തിന്മേൽ ഇരിക്കയും അവൻെറ മുമ്പാകെ നീതിയുള്ള ന്യായവിസ്താരത്തിനായി ഗോത്രങ്ങൾ വന്നുകൂടുകയും ചെയ്യുന്നു. ഞങ്ങളുടെ കർത്താവെ! മരിച്ചവർക്ക് പുനർജീവൻ നൽകുന്ന ദൈവമേ! ഞങ്ങളുടെമേൽ കരുണയുണ്ടാകണമെ.

ഈ വായന മദ്ബഹായുടെ വടക്കുവശത്തു നടയിൽനിന്ന വായിക്കണം

2. പത്രോസ് 3:8—18

സൂമ്മോറൊ

പൌലോസ്ശ്ലീഹാ ധന്യൻ ചൊൽ കേട്ടെനി............

ഈ വായന മദ്ബഹായുടെ തെക്കുവശത്തു നടയിൽനിന്ന വായിക്കണം

1 കൊറന്തി 15:34—57

എവൻഗേലിയോൻ

പെസ്ഗൊമൊ സങ്കീ: 131:9-10.

നിൻെറ പുരോഹിതന്മാർ നീതിയും നിൻെറ നീതിമാന്മാർ മഹത്വവും ധരിക്കും. നിൻെറ ദാസനായ ദാവീദു നിമിത്തം നിൻെറ അഭിഷിക്തൻെറ മുഖം തിരിച്ചുകളയരുതു്.

മത്തായി 24: 45-25: 30

## പ്രുമിയോൻ / ലൃത്ത്നിയാ

നാമെല്ലാവരും ദുഃഖത്തോടും സങ്കടത്തോടുംകൂടെ യോഗ്യമായി നല്ലവണ്ണം നിന്നു ദൈവത്തെ സംയോജിപ്പിക്കുന്ന ശബ്ദങ്ങളാൽ കുറിയേലായിസ്സോൻ എന്നു ഏററുചൊല്ലണം.

ജന:—കുറിയേ............

www.malankaralibrary.com

ജീവന്മേലും മരണത്തിന്മേലും അധികാരമുള്ളവനും മരണത്തിന്റെയും നിയ്യാണത്തിന്റെയും നാഥനും ആത്മാക്കളുടെയും സര്വ്വ ജഡങ്ങളുടെയും ദൈവവും ആകുന്ന ഞങ്ങളുടെ മ്ശിഹാതമ്പുരാനെ, ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ......

"ഞാൻ ഉയർപ്പും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്, അവർ ന്യായവിധിയിലേക്ക് വരാതെ മരണത്തിൽനിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു" എന്നരുളിച്ചെയ്ത മ്ശിഹാതമ്പുരാനെ, ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ............

മരിക്കുന്ന എല്ലാവരുടേയും മരണത്തിന്റെ ഗതി കാലുകളിൽനിന്നു തുടങ്ങി തലവരെ എത്തുന്നതിനുമുമ്പായി ബോധം അന്തൊപത്തിലേക്ക് ബദ്ധപ്പെടേണ്ടതാണെന്ന് തന്റെ വ്യാപാരത്തിൽ ക്രമീകരിച്ച് കല്പിച്ച സർവ്വജ്ഞാനിയായുള്ളോവേ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ........

ആകൽക്കറസ്സായുടേയും അവന്റെ സൈന്യങ്ങളുടേയും ആധിപത്യത്തിൽനിന്ന് ഞങ്ങൾ എല്ലാവരുടേയും ആത്മാക്കളെ രക്ഷിച്ച് വീണ്ടുകൊണ്ട മ്ശിഹാതമ്പുരാനേ, അന്യായക്കാരുടെ ആത്മാക്കളെ വീശിപിടിപ്പാൻ വായുമണ്ഡലത്തിൽ നിൽക്കുന്നവരിൽനിന്ന് ഈ ഞങ്ങളുടെ സഹോദരൻ ( ) ആത്മാവിനെ രക്ഷിച്ച് സ്വർഗ്ഗീയ ഊർശ്ലേമിലേക്ക് കൊണ്ടുപോകണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ........

തന്റെ ആചാര്യന്മാരെ ദൈവീകപദവികളിൽ ആദരിക്കയും അവരുടെ ശുശ്രൂഷയുടെ അന്ത്യത്തിൽ അവരെ കടത്തിക്കൊണ്ടുപോകയുംചെയ്ത കർത്താവെ! നിന്റെ അടുക്കലേക്ക് പുറപ്പെട്ടിരിക്കുന്ന ഈ ആചാര്യന്റെ ആത്മാവിനു പുണ്യാനൽകണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ...

തന്റെ പ്രധാനാചാര്യനായ മോശയെ തന്റെ വിശുദ്ധമാലാഖമാരുടെ കൈകളാൽ സംസ്കാരംചെയ്ത ദൈവമെ! നിന്റെ പള്ളിയിൽ പരിശുദ്ധമായി നിന്നെ ശുശ്രൂഷിച്ചിട്ടുള്ള ഈ ആചാര്യന്റെ യാത്രക്ക് നിന്റെ സമാധാന ദൂതനെ സദയം പറഞ്ഞയക്കണമെന്ന് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ...

തന്റെ പരിശുദ്ധ ആചാര്യന്മാരുടെ ആത്മാക്കളെ ആനന്ദസ്ഥലത്തേക്ക് വിളിച്ചുകൊണ്ടുപോയ കാരുണ്യവാനായ കർത്താവെ! നിന്റെ ശുശ്രൂഷകനായ ഈ ആചാര്യന്റെ ആത്മാവിനെ

www.malankaralibrary.com

ആദ്യജാതന്മാരുടെ സഭയിൽ നിന്റെ വത്സലന്മാരുടെ ഭവനങ്ങളിൽ വസിപ്പിക്കണമെന്നു് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. കുറിയേ.......

കർത്താവേ! നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിന്റെ എതിരേൽപ്പിന്നു പുറപ്പെടുവാനും സകല വിശുദ്ധന്മാരോടുമൊരുമിച്ചു നിന്നെയും നിന്റെ പിതാവിനേയും നിന്റെ പരിശുദ്ധ റൂഹായെയും സ്തുതിപ്പാനും തക്കവണ്ണം നിന്റെ സന്തോഷകരമായ ഉയർപ്പിന്റെ ശോഭയുള്ള കതിരുകളാൽ ഞങ്ങളുടേയും ഈ ആചാര്യന്റെയും നിന്റെ എല്ലാ ആചാര്യന്മാരുടേയും ആത്മാക്കളെ പ്രകാശിപ്പിക്കേണമേ. ഞങ്ങൾ മൂന്നുപ്രാവശ്യം കുറിയേലായിസ്സോൻ എന്നു് അട്ടഹസിച്ചു ചൊല്ലുന്നു.

കുറിയേ....... കുറിയേ....... കുറിയേ.......

മദ്‌റാശാ

(അഹദ് സിവ്ന്ത ഹോമ്മോ)

കരുണാപൂർണ്ണനായ മ്ശിഹാതമ്പുരാനെ, നിന്നിലുള്ള ആശയോടെ നിദ്രപ്രാപിച്ചു നിന്റെ ആരാധകനായ ഈ ദാസനെ പുനരുത്ഥാനത്തിൽ പുതുതാക്കി നിന്റെ രാജ്യത്തിൽ സന്തോഷിപ്പിക്കണമെ. മരണം അടുത്തുവന്നു് ഈ അംഗത്തെ ഞങ്ങളിൽനിന്നു വേർതിരിച്ചതിനാൽ ഞങ്ങൾ പരിമിതമായി ദുഃഖിക്കയും ഇവനെ ഏദനിലേക്കു കൊണ്ടുപോകുന്നതിനാൽ അപരിമിതമായി സന്തോഷിക്കയും ചെയ്യുന്നു.

ഞാൻ അയോഗ്യനായി വിശുദ്ധസ്ഥലത്തു നടക്കുകയും നിന്റെ വിലയേറിയ തിരുരക്തം നിന്റെ ജനങ്ങൾക്കു് പാനീയമായി നൽകുകയും ചെയ്തു. അതിനാൽ നിന്റെ ആനന്ദം എനിക്കു് പാനീയമായി നൽകണമെ. ഞാൻ എന്റെ കാലുകൾ കൊണ്ടു് എനിക്കു മനസ്സുള്ള സ്ഥലത്തേക്കു് നടന്നു എന്നാൽ ശവക്കല്ലറയിലേക്കുള്ള വഴിയിൽ അന്യർ എന്നെ വഹിച്ചുകൊണ്ടുപോകുന്നു. നിന്റെ ആനന്ദം എനിക്കു ആശ്വാസം നൽകണമെ.

ന്യായപ്രമാണത്തിന്റെ പൂർത്തിയാകുന്ന സ്നേഹത്താൽ ശോഭിച്ചലംകൃതനായ പരിശുദ്ധ ആചാര്യൻ നിന്റെ അടുത്തു വന്നെത്തുമാറാകണമെ. തലമുറകളായി നീതിമാന്മാർ പ്രതീക്ഷിച്ചിരുന്ന പ്രത്യാശക്കുവേണ്ടി ആകാംക്ഷയോടെ സേവനം ചെയ്തു് ക്ഷീണന്മാർക്കു് ആശ്വാസം നൽകിയ നിന്റെ ദാസൻ നിന്റെ തിരുമുഖത്തു വിശ്രമിക്കണമെ.

www.malankaralibrary.com

നിൻെറ നീതിയെ പ്രസംഗിച്ച് സത്യസന്ധനായിനിന്ന ഈ നിൻെറ ദാസൻെറ മുഖത്ത് നിൻെറ സത്യം ശോഭിക്കയും നിൻെറ പ്രത്യക്ഷതയുടെ നാഴികയിൽ നിൻെറ നീതിയാൽ ഇവൻ കാത്തുകൊള്ളപ്പെട്ടുകയും ചെയ്യണമെ. ബാല്യംമുതൽ നിൻെറ ദയാനുകം വഹിച്ചിട്ടുള്ള ഈ നിൻെറ ദാസനിൽനിന്ന പാപബന്ധനങ്ങൾ പൊട്ടിച്ചഴിക്കയും നിൻെറ മണവറയിൽ ഇവനെ സന്തോഷിപ്പിക്കയും ചെയ്യണമെ.

എൻെറ പിതാക്കന്മാരേ! സഹോദരങ്ങളേ ഞാൻ അനിത്യ ജീവിതത്തിൽനിന്ന നിത്യജീവിതത്തിലേക്ക് സ്ഥലംമാറിയിരിക്കുന്നതിനാൽ നിങ്ങൾ സമാധാനത്തോടെ വസിപ്പിൻ. സഹോദരൻ രക്ഷിക്കയൊ സ്നേഹിതൻ സഹായിക്കയൊ ചെയ്യുന്നില്ല എന്നുള്ള പ്രവാചകവചനം പ്രവൃത്തിയിൽ നിവൃത്തിയായതിനാൽ, കർത്താവെ! എന്നെ സഹായിക്കണമെ.

പിതാവിന മഹത്വവും പുത്രന സ്തോത്രവും പരിശുദ്ധാത്മാവിന്ന വന്ദനവും പുകഴ്ചയുമുണ്ടായിരിക്കട്ടെ ഞങ്ങളുടെ കർത്താവെ! നിനക്ക സ്തുതി.

കോലൊ (മോറഹീമിൻ)

നീ അഭയം പ്രാപിച്ച് നിൻെറ തോളിൽ ആഘോഷിച്ചിച്ചിട്ടുള്ള സ്ളീബാ അന്ധകാരമായ ശവക്കല്ലറക്കുള്ളിലേക്ക് നിന്നോടുകൂടെ വരികയും അത്ര നിനക്ക് വഴിയായിത്തീർന്ന് ശവക്കല്ലറയിൽനിന്ന ഏദനിലെ പറുദീസായിലേക്ക് നിന്നെ കൊണ്ടുപോകയും ചെയ്യും. ബാറെക് മോർ.

ശുബഹോ............

സ്വന്തമരണംമൂലം മരണത്തിൽനിന്ന ഞങ്ങളെ രക്ഷിച്ച മ്ശിഹാതമ്പുരാനെ! നിനക്കും അദൃശ്യനായ നിൻെറ പിതാവിന്നും സ്തുതിയും വന്ദനവും പുകഴ്ചയുമുണ്ടായിരിക്കട്ടെ. ആദാമിന്ന വേണ്ടി ഇറങ്ങിവരികയും അവനെ രക്ഷിച്ച് തിരിയെ ഏദനിലേക്ക് കൊണ്ടുപോകയും ചെയ്ത ദൈവമെ! നിനക്ക സ്തുതി.

സൂഗീസൊ (ബ്രോദശറൊബ്മർബദ്)

ഞങ്ങളുടെ സഹോദരാ! നിനക്ക കൂട്ടായിരിക്കുന്ന ആത്മീയ പിതാക്കൾ അബ്രഹാമിൻെറ വെടിപ്പുള്ള മാർവിടത്തിലേക്ക് നിന്നെ വഹിച്ചുകൊണ്ടുപോകുമെന്ന ലോകത്തിൽനിന്ന വിയോഗംചെയ്ത നീതിമാന്മാർ പരസ്പരം പ്രതിജ്ഞചെയ്യുന്നു.

www.malankaralibrary.com

ഞങ്ങളുടെ സഹോദരാ നിന്റെ കർത്താവിൽനിന്നു നീ വാങ്ങിയ ദ്രവ്യം, നോമ്പും നമസ്കാരവും ജാഗരണവുംമൂലം വളരെ ഇരട്ടിയായിത്തീർന്നതിനാൽ അതു നിങ്കൽ നിഷ്ഫലമായിത്തീർന്നില്ല. നിനക്കു വിജയം നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

ഈ താഴെയുള്ള മദ്റാശാ ചൊല്ലിക്കൊണ്ട് ശവമഞ്ചം മദ്ബഹായിൽ കൊണ്ടുപോയി ത്രോണോസിന്റെ മുമ്പാകെ വയ്ക്കുന്നു. മദ്റാശാ (ഹബീലൻ മോറൻ)

ഞങ്ങളുടെ കൂട്ടത്തിൽ പ്രധാനിയായ സഹോദരാ! സമാധാനത്തോടെ പോക. കർത്താവു് ജീവന്റെ സ്ഥലത്തേക്കു് നിന്നെ കൊണ്ടുപോകയും നീ പുനരുത്ഥാനദിവസത്തിൽ മുഖപ്രസാദത്തോടെ തന്റെ എതിരേൽപ്പിനു് പുറപ്പെട്ടു് സ്തുതിപാടുകയും ചെയ്യുമാറാകട്ടെ.

ശോഭയുള്ള പട്ടക്കാരാ! നിന്റെ നാഥൻ തനിക്കു് സ്തുതിപാടുവാൻ നിന്നെ തിരഞ്ഞെടുത്തതിനാൽ നീ സമാധാനത്തോടെ പോക. നീ സേവനം ചെയ്ത സ്രഷ്ടാവ് നിന്നെ സ്വർഗ്ഗരാജ്യത്തിൽ സന്തോഷിപ്പിക്കട്ടെ.

ശവമഞ്ചം മദ്ബഹായിൽ വച്ചിട്ടു് ത്രോണോസിന്മേൽ മെഴുകുതിരികൾ കത്തിച്ചു് മേൽപ്പട്ടക്കാരനോ പട്ടക്കാരനോ മൃതശരീരത്തിന്റെ മുഖത്തു് പുശ്ബോല്ലോമ്മോ (യാത്രപറച്ചിൽ) ചൊല്ലിക്കൊണ്ട് കുരിശുപോലെ ധൂപം വീശി ശവമഞ്ചം ഉയർത്തുകയും അപ്പോൾ മർവഹസാ കിലുക്കുകയും മണി അടിക്കുകയും ചെയ്യുന്നു. ഇങ്ങനെ മദ്ബഹായിലും പള്ളിയിലുമായി നാലുവശത്തേക്കും മുമ്മൂന്നു പ്രാവശ്യം പുശ്ബോല്ലോമ്മോ ചൊല്ലണം.

കിഴക്കോട്ടുമുഖമായി

പട്ടക്കാരൻ:— പരിശുദ്ധമദ്ബഹാ! സമാധാനത്തോടെ വസിക്ക.

ജനം:— ദൈവത്തിന്റെ പട്ടക്കാരാ സമാധാനത്തോടെ പോക

പട്ടക്കാരൻ:— ഞാൻ ശുശ്രൂഷിച്ച ദൈവാലയമെ! സമാധാനത്തോടെ വസിക്ക.

ജനം:— പള്ളിയുടെ അലങ്കാരമായുള്ളോവേ! സമാധാനത്തോടെ പോക.

പട്ടക്കാരൻ:— പരിശുദ്ധ ദേവാലയമെ സമാധാനത്തോടെ വസിക്ക. എന്നിൽ സമാധാനം വാഴുമാറാകട്ടെ.

ജനം:— കൂദാശകൾ അനുഷ്ഠിക്കുന്ന പുരോഹിതാ! സമാധാനത്തോടെ പോക.

www.malankaralibrary.com

പള്ളിക്കകത്തു് പടിഞ്ഞാറോട്ടു മുഖമായി

പട്ടക്കാരൻ:—പരിശുദ്ധ മേല്പട്ടക്കാരെ! സമാധാനത്തോടെ വസിപ്പിൻ

ജനം:— പരിശുദ്ധ പട്ടക്കാരാ! സമാധാനത്തോടെ പോക.

പട്ടക്കാരൻ:—പള്ളിയുടെ മേലധികാരികളെ! സമാധാനത്തോടെ വസിപ്പിൻ.

ജനം:— ഉത്തമഭരണകർത്താവെ! സമാധാനത്തോടെ പോക.

പട്ടക്കാരൻ:—സന്യാസിമഠാധിപരെ! സമാധാനത്തോടെ വസിപ്പിൻ

ജനം:— സത്യം പ്രസംഗിക്കുന്നവനെ! സമാധാനത്തോടെ പോക.

വടക്കോട്ടു മുഖമായി

പട്ടക്കാരൻ:—ശോഭയുള്ള ആചാര്യന്മാരെ സമാധാനത്തോടെ വസിപ്പിൻ.

ജനം:— ഞങ്ങളുടെ വാത്സല്യ സഹോദരാ, സമാധാനത്തോടെ പോക.

പട്ടക്കാരൻ:—വെടിപ്പുള്ള ശെമ്മാശന്മാരെ, സമാധാനത്തോടെ വസിപ്പിൻ

ജനം:— ഞങ്ങളുടെ സംഘാധിപാ! സമാധാനത്തോടെ പോക.

പട്ടക്കാരൻ:—സകല വൈദികന്മാരെ! സമാധാനത്തോടെ വസിപ്പിൻ.

ജനം:— ഭാഗ്യവാനായ ഞങ്ങളുടെ പിതാവെ! സമാധാനത്തോടെ പോക.

തെക്കോട്ടു മുഖമായി

പട്ടക്കാരൻ:—ഗ്രാമമേ! കുടിയാന്മാരേ! സമാധാനത്തോടെ വസിപ്പിൻ..

ജനം:— പറുദീസായുടെ അവകാശി; സമാധാനത്തോടെ പോക.

പട്ടക്കാരൻ:—പിതാക്കന്മാരേ! സഹോദരന്മാരെ! സമാധാനത്തോടെ വസിപ്പിൻ.

ജനം:— സത്യോപദേഷ്ടാവെ, സമാധാനത്തോടെ പോക.

www.malankaralibrary.com

പട്ടക്കാരൻ: —(സഹോദരാ) ഇൗ സമാധാനം എന്നോടുകൂടായിരിക്കട്ടെ.

ജനം:— ഞങ്ങളുടെ പിതാവേ! സന്തോഷകരമായ മണവറയിൽ ഇനി നിന്നെ ഞങ്ങൾ കാണുമാറാകണമെ.

അനന്തരം നഗരി കാണിക്കുന്നതിനായി താഴെയുള്ള സുഗീസൊ ചൊല്ലിക്കൊണ്ട് പള്ളിയിൽനിന്ന് പുറപ്പെട്ട് പ്രദക്ഷിണം ചെയ്ത് ഓരോ കരിശുങ്കലും എത്തുമ്പോൾ മേൽപ്രകാരം ആഘോഷിക്കേണ്ടതാണ്. വേണ്ടിവന്നാൽ 5–ാം വശത്തുള്ള മദ്‌രാശയും ചൊല്ലാവുന്നതാണ്.

സുഗീസാ (ഓഉമറൊ)

താൽക്കാലിക ഭവനമേ! ഐഹികജീവിതത്തിനായി എന്നെ വ്യാമോഹിപ്പിച്ചതെന്തു? ദുഷ്ടലോകമേ! എന്നെ നിർഭാഗ്യത്തിലാക്കിയതെന്ത്? പാപസമുദ്രമേ! എന്നെ ആഴത്തിൽ മുക്കിയതുമെന്തു? ഉത്തമാണ്ണൻ എന്നെ കാത്തിരിക്കുന്നിടത്തേക്ക് ഞാൻ ഇതാ പോകുന്നു.

ലോകമേ! നീ വസ്ത്രാലങ്കാരങ്ങളാൽ എന്നെ ആകർഷിക്കയും ധനസമ്പാദനങ്ങളാൽ എന്നെ വശീകരിക്കയും ചെയ്തു. പക്ഷിയെപ്പോലെ എന്നെ കുടുക്കുവച്ച് പിടിച്ച് ബന്ധിച്ചു. കടന്നുപോകുന്ന നിഴലിൽ എന്റെ പത്തു വിരലുകളെയും നീ പിടിച്ചു മനുഷ്യൻ തന്റെ സ്വപ്നത്തിൽ എന്നെപ്പോലെ ഞാൻ ഞെട്ടിഉണന്ന് പരിഭ്രമിച്ചുപോയി.

ന്യായാധിപൻ സംസാരിക്കുമ്പോൾ മാലാഖമാർ പരിഭ്രമിക്കുകയും അഗ്നിമയന്മാരും ആത്മമയന്മാരുമായ സംഘങ്ങൾ വിറച്ചുനിൽക്കുകയും ചെയ്യുന്നു. തദവസരത്തിൽ രഹസ്യങ്ങൾ വെളിപ്പെടുന്നതിനാൽ എന്നോടു കണക്കു ചോദിക്കുമ്പോൾ ഞാൻ എന്തു സമാധാനം കൊടുക്കേണ്ടു?

സൗകര്യമായ സ്ഥലത്തുവച്ച് ദിവംഗതനായ പട്ടക്കാരന്റെ കൈ എല്ലാവരും മുത്തണം. മേല്പട്ടക്കാരനുണ്ടെങ്കിൽ അദ്ദേഹം സ്ലീബാമുത്തിക്കൊണ്ട് മൃതശരീരത്തിന്റെ കയ്യിൻ സ്ലീബാ പിടിപ്പിച്ച് പട്ടക്കാർമുതൽ എല്ലാവരും സ്ലീബാ മുത്തേണ്ടതാണ്.

കൈ മുത്തുമ്പോൾ താഴെയുള്ളതു ചൊല്ലണം

(മൌദ്യാനെ)

പരിശുദ്ധ മദ്ബഹാ! ഞാൻ നിന്നിൽനിന്നു പുറപ്പെട്ടസമയം നീ എന്നോടൊന്നും പറഞ്ഞതേയില്ല. ഇനി ഞാൻ നിങ്കലേക്ക് തിരിച്ചുവരാത്തതുകൊണ്ട് നിന്നോടു യാത്രപറഞ്ഞിരിക്കുന്നു.

www.malankaralibrary.com

ശുദ്ധസ്ഥലത്തു പ്രകാശിച്ചിരുന്നതും പുനരുത്ഥാന മഹാദിവസത്തിൽ തെളിയിക്കുന്നു.

നമ്മുടെ കർത്താവിനോടുള്ള സ്നേഹം മൂലം, നീതീകരണം നൽകുന്ന പരിശുദ്ധ മദ്ബഹായിൽ നീ ശുശ്രൂഷിച്ചതിനാൽ മാലാഖമാർ വന്നു് പരിപൂർണ്ണമായ സന്തോഷസ്ഥലത്തേക്കു് നിന്നെ കൊണ്ടുപോകും. ഞങ്ങളുടെ സഹോദരാ! പാപങ്ങളുടെയും കുററങ്ങളുടെയും പരിഹാരത്തിനു് നമ്മുടെ കർത്താവു് നിന്നെ യോഗ്യനാക്കുകയും ഉയർപ്പിൻെറ മഹാദിവസത്തിൽ കരുണയാകുന്നപനിമഞ്ഞു് നിൻെറമേൽ തളിക്കയും ചെയ്യട്ടെ.

ദൈവപുത്രാ, വിശുദ്ധിയോടെ നിന്നെ ശുശ്രൂഷിച്ച ആചാര്യന്മാരെ വിസ്മരിക്കാതെ പുനരുത്ഥാനമഹാദിവസത്തിൽ അവരെ യഥാസ്ഥാനപ്പെടുത്തണമെ. ഞങ്ങളുടെ സഹോദരാ, നിൻെറ ദേഹവിയോഗത്തിൽ സഭ ദുഃഖിച്ചിരിക്കയും നിൻെറ ഇടവക സങ്കടം പൂണ്ടിരിക്കയും ചെയ്യുന്നു. നമ്മുടെ കർത്താവു് നിന്നിൽ പ്രിയപ്പെട്ടു് നിനക്കു് വിശ്രമം നൽകിയിരിക്കുന്നു. നിൻെറ പിൻഗാമികളിൽ നിനക്കു് തുല്യനായവൻ ഇല്ല.

കണ്ടാലും, മദ്ബഹാ നിൻെറ ക്രൂദാശയിൽനിന്നു മുങ്ങിയിരിക്കുന്നതിനാൽ സഹതാപത്തോടെ നിൽക്കുന്നു. അതിൽ നിൻെറ വലത്തുകയ്യുടെ ശുശ്രൂഷ ഇല്ലാത്തതിനാൽ അനാഥനെപ്പോലെ കരഞ്ഞു് വിലപിക്കുന്നു. ദേവാലയം നിൻെറ വേർപാടുനിമിത്തം സങ്കടപ്പെടുകയും വിലാപകീർത്തനം പാടുകയും ചെയ്യുന്നു. നീ നിന്നിട്ടുള്ള പ്രസംഗപീഠം നിൻെറ ദേഹവിയോഗംനിമിത്തം പ്രകാശംകെട്ടു് ഇരുളടഞ്ഞിരിക്കുന്നു.

പരിശുദ്ധസഭയിൽ മ്ശിഹായുടെ പെട്ടകം ശുശ്രൂഷിച്ച പട്ടക്കാരൻ ഇന്നു് തൻെറ ശുശ്രൂഷ അവസാനിപ്പിക്കയും തൻെറ സേവനജോലിയിൽനിന്നു വിശ്രമിക്കയും ചെയ്തു. പരിശുദ്ധപട്ടക്കാരും വിശ്വാസികളുടെ സകല സംഘവുമെ! എൻെറ യാത്ര അപകടരഹിതമായിരിപ്പാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു് ഞാൻ നിങ്ങളോടപേക്ഷിക്കുന്നു.

ഭാഗ്യവാനും പ്രകാശപരിഭൂഷിതനുമായ പ്രകാശത്തിൻെറപുത്രാ! സമാധാനത്തോടെ പോയി വിശുദ്ധന്മാർ വസിക്കുന്ന പ്രകാശമണവറയിൽ ആനന്ദിച്ചുകൊള്ളുക.

താബോർ പർവ്വതത്തിൽവച്ചു് ശിഷ്യന്മാർ നമ്മുടെ കർത്താവിൽ കണ്ടതായ പ്രകാശം നിൻെറ മുഖത്തിൽ ശോഭിക്കയും നിന്നെ സന്തോഷിപ്പിച്ചാനന്ദിപ്പിക്കയും ചെയ്യട്ടെ. നമ്മുടെ കർത്താവുമായി സംഭാഷണം ചെയ്തപ്പോൾ പൌലോസ്സ് ശ്ലീഹായുടെമേ

www.malankaralibrary.com

ൽ ശോഭിച്ച പ്രകാശം നിന്റെ നീതിയിന്മേൽ ശോഭിക്കയും നിന്റെ നിർമ്മലതയിൽ വന്നു വസിക്കയും ചെയ്യട്ടെ.

എന്റെ വത്സലരേ! ഞാൻ സ്ഥലംമാറിപ്പോകുവാൻ എനിക്കു വഴി ഒരുങ്ങിയിരിക്കുന്ന നിങ്ങളോടു യാത്രപറഞ്ഞു പോകുവാൻ ഞാൻ നിങ്ങളെ ആളയച്ചു വിളിച്ചിരിക്കുന്നു. എന്റെ സഹോദരന്മാരെ! വഴി ദീർഘവും എന്റെ യാത്ര എന്നേക്കുമുള്ളതുമാകുന്നു. ക്ഷണിച്ച ഭവനത്തിൽ ഞാൻചെന്നു എന്നെ സ്വീകരിപ്പാൻ എനിക്കുവേണ്ടി പ്രാർത്ഥിപ്പിൻ.

പരിശുദ്ധ പട്ടക്കാരും വിശുദ്ധസഭയുടെ മക്കളുമായ നിങ്ങളെല്ലാവരും എന്റെ യാത്ര പരിഭ്രമരഹിതമായിരിപ്പാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു ഞാൻ നിങ്ങളോടപേക്ഷിക്കുന്നു.

കൈമുത്ത് അവസാനിച്ചില്ലെങ്കിൽ പിന്നാലെ വരുന്ന 51, 121, 103 ഈ സങ്കീർത്തനങ്ങളും അവയെ തുടർന്നുള്ള പ്രാർത്ഥനകളും (ഇടസ്സുള്ള പ്രത്യേക പ്രാർത്ഥനകളൊഴിച്ച്) കൈമുത്ത് അവസാനിക്കുന്നതുവരെ ഇവിടെ ചൊല്ലാവുന്നതാണ്.

കൈമുത്തിനുശേഷം താഴെയുള്ള കോലോചൊല്ലിക്കൊണ്ട് ശവമഞ്ചം കബറങ്കലേക്ക് കൊണ്ടുപോകുന്നു.

കോലോ (മെന്നംബോ)

നീതിമാന്മാർ വസിക്കുന്ന സ്ഥലം പോയി കാണ്മാനായി ഒഴിഞ്ഞുപോകുന്ന ഈ ലോകത്തിൽനിന്നു നിത്യവഴിയിൽകൂടി ഞാൻ പുറപ്പെട്ടിരിക്കുന്ന എന്റെ സഹോദരന്മാരെ! നിങ്ങളുടെ പ്രാർത്ഥന എനിക്കു പാലമായിത്തീരുകയും ഭയങ്കരമായ കടവുകടന്നു ജീവന്റെ സ്ഥലത്തേക്കും സന്തോഷകരമായ മണവറയിലേക്കും ഞാൻ എത്തുകയും ചെയ്യുമാറാകട്ടെ. ബാറെക്മോർ. ശുബഹോ............

പള്ളിയും ആചാര്യന്മാരും സഹോദരന്മാരും ജനങ്ങളുമായുള്ളോരെ! നിങ്ങൾ സമാധാനത്തോടെ വസിക്കയും സ്വർഗ്ഗരാജ്യത്തിൽ എന്നെ സ്വീകരിപ്പാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്‌വിൻ. അവസാനത്തെ ന്യായവിസ്താരത്തിങ്കൽ ഓരോരുത്തനും താന്താന്റെ പ്രവൃത്തികൾക്കു സമാധാനം പറവാൻ നിൽക്കുമ്പോൾ സ്വർഗ്ഗീയരാജാവെ! നിനക്കു സ്തുതിപാടുവാൻ എന്നെ യോഗ്യനാക്കണമെ.

കബറിന്നരികെ ശവമഞ്ചം കൊണ്ടുചെന്നുവച്ച് താഴെയുള്ളതു ചൊല്ലണം

www.malankaralibrary.com

5 ...ാം സങ്കീർത്തനം

ദൈവമെ! നിന്റെ കൃപപോലെ എന്നോടു കരുണ ചെയ്യണമെ........

(ബ്ഹേറനൊയയൗമ്മൊ)

എന്റെ സഹോദരന്മാരെ! സമാധാനത്തോടെ വസിപ്പീൻ. നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കയും ശുശ്രൂഷക്കായി നിൽക്കുമ്പോൾ എന്നെ ഓർക്കുകയും ചെയ്‌വീൻ. പാതാളത്തിലെ മരിച്ചവർ ഉയർത്തെഴുന്നേൽക്കുന്ന മഹാദിവസത്തിൽ ഞാൻ വിശുദ്ധന്മാരോടുകൂടെ ചേരുവാൻ എനിക്കു കരുണ ലഭിക്കുമാറാകട്ടെ.

എന്റെ വത്സലരേ! ഒഴിക്കുവാൻ നിവൃത്തിയില്ലാത്ത മഹാഭീതിയത്രെ അവിടെയുള്ളത്. കൈക്കൂലിയെല്ലാ അപേക്ഷകൾക്കൊ അവിടെ സ്ഥാനമില്ലാത്തതിനാൽ ഞാൻ എങ്ങിനെ നീതീകരിക്കപ്പെട്ടും? അവിടെ എന്നെപ്പോലെയുള്ള മടിയന്മാർക്കു കഷ്ടം. ഞാൻ വളരെ പാപം ചെയ്തതിനാൽ എനിക്ക് എന്തുഭവിക്കുമെന്നറിഞ്ഞുകൂടാ.

ഇവിടെ എന്റെ ആയുസ്സ് ഏസപവും നിർഭാഗ്യസമ്പൂർണ്ണവുമാകുന്നു. ആയതു എന്റെ മനസ്സിൽ ചിന്തിക്കയൊ മരണം ആസന്നമാണെന്നു വിചാരിക്കയൊ ചെയ്തില്ലാ. ഒഴിഞ്ഞുപോകുന്ന ലോകത്തിൽ ഞാൻ ഇരുന്ന് ദിവസവും വിചാരിക്കയും പ്രയോജനശൂന്യമായ ലോകസംഗതികളിൽ വ്യാപൃതനാകയും ചെയ്തു.

പാതാളത്തിൽ മരിച്ചവരുടെമേൽ മഹാപ്രകാശം ഉദിക്കയും അവിടെ അവരുടെ അസ്ഥികളിൽ കരുണയാകുന്ന പനിമഞ്ഞ് തളിക്കയും ചെയ്തു. ആദിയിൽ എവിടെനിന്നു നിന്നെ പുറംതള്ളിയൊ ആ പർദീസായിൽ നിന്നെക്കാണുമ്പോൾ മരണവും സാത്താനും ലജ്ജിയ്ക്കും.

ദൈവത്തിന്റെ പുത്രാ! എന്റെ കണ്ണുകൾ നിന്റെ രക്ഷയ്ക്കായി കാത്തിരുന്നു. നീ എഴുന്നള്ളിവരുമ്പോൾ നിന്റെ വലത്തുഭാഗത്ത് എന്നെ നിർത്തിക്കൊള്ളണമെ. നിന്റെ തിരുവിഷ്ടപ്രകാരം നിന്റെ ദിവ്യരൂപത്തിൽ എന്നെ സൃഷ്ടിച്ചു. നിന്റെ സ്വരൂപം പാതാളത്തിൽ ജീർണ്ണിക്കുവാൻ നീ അനുവദിക്കരുതെ.

ഞങ്ങളുടെ സഹോദരാ വെള്ളത്തിൽനിന്നു നീ സ്വീകരിച്ച പരിശുദ്ധാത്മാവ്, നീ സ്തുതിപാടുവാൻ തക്കവണ്ണം ശവക്കല്ലറയിൽനിന്നു നിന്നെ ഉയർപ്പിക്കുമാറാകട്ടെ. ബാറെക്മോർ.

ശുബ്ഹോ................ മെനഓലം................

www.malankaralibrary.com

കർത്താവെ! മരിച്ചവർ നീ മുഖാന്തിരം ശവക്കല്ലറകളിൽ നിന്ന ഉയിർത്തെഴുന്നേൽക്കുന്നതിനാൽ മരിച്ചവരും ജീവനുള്ളവരും നിന്നെ സ്തുതിക്കുന്നു.

പട്ടക്കാരൻ മൃതശരീരത്തിന്മേൽ ഒഴിക്കുന്ന മൈസത്ത് എണ്ണയുടെ പ്രാർത്ഥന

ദൈവമായ കർത്താവെ! നിന്റെ ദൈവത്വത്തിന്റെ കൽപനയാലും നിന്റെ കർത്തൃത്വത്തിന്റെ തിരുവിഷ്ടത്താലും ഈ അനിത്യജീവിതത്തിൽനിന്നു ഈ നിന്റെ ദാസനെ നീ കൂട്ടിക്കൊണ്ടുപോയിരിക്കുന്നുവല്ലൊ. നിന്റെ അടുക്കൽനിന്നു നിന്റെ ദൂതസൈന്യങ്ങളുടെ സഹായം ഇവനു നൽകണമെ. ഇവന്റെ ശവത്തിന്മേൽ ഒഴിക്കുന്ന ഈ എണ്ണമൂലം, വായുമണ്ഡലത്തിൽ പതിയിരുന്നു മനുഷ്യാത്മാക്കളോടു യുദ്ധം ചെയ്യുന്ന എതിർസൈന്യങ്ങളാലും ശത്രുക്കളുടെ പാളയത്താലും ഇവൻ പിടിക്കപ്പെടാതെ തെറ്റി ഒഴിയുവാൻ സംഗതിയാകണമെ. പ്രകാശഭവനങ്ങളിലേക്കും വിശുദ്ധന്മാരോടുകൂടെയുള്ള സന്തോഷത്തിലേക്കും ഇവൻ ചെന്നെത്തുമാറാകണമെ. ഇവൻ സന്തോഷത്തോടും ആഹ്ളാദത്തോടുംകൂടെ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും സമർപ്പിക്കുമാറാകണമെ ഹാശൊ...... ആമ്മീൻ.

പട്ടക്കാരൻ മൃതശരീരത്തിന്റെ മുഖത്തും നെഞ്ചിന്മേലും മുട്ടുകളിലും സ്ളീബാപോലെ എണ്ണ ഒഴിച്ചു ചൊല്ലുന്നു.

അദ്ധ്വാനങ്ങളിൽ നിന്നുള്ള വിശ്രമത്തിനും യുദ്ധങ്ങളിൽനിന്നുള്ള രക്ഷയ്ക്കും ശുദ്ധിമാന്മാരോടൊന്നിച്ചുള്ള സന്തോഷത്തിനുമായി പിതാവിന്റെയും പുത്രന്റെയും ജീവനുള്ള പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിത്യജീവനായി ഈ എണ്ണ ഒഴിക്കുന്നു. ബശ്മൊദാബോ ❖ ആമ്മീൻ. ഉദാബ്റൊ ❖ ആമ്മീൻ. വദറൂഹോഹായൊവുകാദീശൊ ല്ഹായേദൽ ഓലം ഒൽമ്മീൻ ❖ ആമ്മീൻ.

പട്ടക്കാരൻ കയ്യിൽ മണ്ണെടുത്ത് കുരിശടയാളത്തിൽ മൃതശരീരത്തിന്റെ നെഞ്ചിന്മേൽ ഇട്ടുകൊണ്ട് ചൊല്ലുന്നു

(എത്തഌൻ ശാഹെംറെ)

നീ മണ്ണാകുന്നുവെന്നും മണ്ണിലേക്കുതന്നെ തിരിയെച്ചേരുമെന്നും വീണ്ടും അതിൽനിന്നു പുതുക്കപ്പെടുമെന്നും അരുളിച്ചെയ്തവനായ ഞങ്ങളുടെ കർത്താവെ! ഇതാ നിന്റെ ഇഷ്ടം നിവർത്തിയായിരിക്കുന്നു.

www.malankaralibrary.com

കത്താവെ! ഭക്തിയോടെ നിന്നെ ശുശ്രൂഷിക്കയും നിന്നെയുള്ള ആശയിന്മേൽ നിദ്രപ്രാപിക്കയും ചെയ്ത ഈ നിൻെറ ദാസന്നു വിശ്രമം നൽകുകയും ഇവൻെറ കുററങ്ങൾ ഇനി എന്നേക്കും ക്ഷമിക്കുകയും ചെയ്യുന്നമെ.

ഇവിടെ പരേതനായ പട്ടക്കാരൻ അവസാനമായി യാത്ര പറയുന്നതും ജനങ്ങൾ അതിന്നു മറുപടി കൊടുക്കുന്നതുമായ സന്ദർഭമാണ്.

(ഹോമ ഹസീനെംമത്തി)

കരുണാപൂർണ്ണനായ കത്താവെ! ആത്മാവും ശരീരവും നിൻെറ സ്വർഗ്ഗരാജ്യത്തിൽ ആനന്ദിപ്പാൻ തക്കവണ്ണം പുനരുത്ഥാനത്തിൽ നിൻെറ സൃഷ്ടിയെ പുതുതാക്കേണമെ.

പട്ടക്കാരൻ:—എൻെറ സഹോദരന്മാരെ എനിക്ക് സമാധാനം തരികയും നിങ്ങൾ സമാധാനത്തോടെ വസിക്കയും ചെയ്വിൻ. നിങ്ങളിൽ നിന്നുള്ള ഈ സമാധാനം അവസാനത്തോളം എന്നേക്കുമായിട്ടുള്ളതുമാകുന്നു.

ജനം:— ഭാഗ്യവാനായ ഞങ്ങളുടെ പിതാവെ! സമാധാനത്തോടെ പോക നമ്മുടെ കത്താവു് നിനക്ക് നിത്യജീവൻ നൽകുമാറാകട്ടെ.

പട്ടക്കാരൻ:—പട്ടക്കാരും അന്മേനികളുമായുള്ളോരേ! സമാധാനത്തോടെ വസിപ്പിൻ. നമ്മുടെ കത്താവു് നിങ്ങളുടെ അദ്ധ്വാനങ്ങൾക്ക് പ്രതിഫലമായി കൂലി നൽകുമാറാകട്ടെ

ജനം:— ഞങ്ങളുടെ പിതാവെ! സൌഭാഗ്യസമ്പൂർണ്ണമായ ഭവനത്തിലേക്കു് സമാധാനത്തോടെ പോക. നീ സ്നേഹിച്ചിട്ടുള്ള നമ്മുടെ കത്താവു് മാലാഖമാരോടുകൂടെ നിന്നെ ചേർത്തുകൊള്ളുമാറാകട്ടെ.

പട്ടക്കാരൻ!—എൻെറ സഹവാസികളായ സഹോദരന്മാരെ! സമാധാനത്തോടെ വസിപ്പിൻ. നമ്മുടെ കത്താവു് തൻെറ കൃപയാൽ നിങ്ങളുടെ ദുഃഖത്തെ ആശ്വസിപ്പിക്കുമാറാകട്ടെ.

ജനം:— ഭാഗ്യവാനായ പട്ടക്കാരാ! സമാധാനത്തോടെ പോക, നിൻെറ വലത്തുകൈ നീട്ടി ഈ കൂട്ടത്തെ അനുഗ്രഹിക്കേണമേ.

പട്ടക്കാരൻ:—എൻെറ സ്നേഹിതന്മാരേ, സഖാക്കളേ, സമാധാന

www.malankaralibrary.com

ത്തോടെ വസിപ്പീൻ. ഞാൻ ഇതാ നിങ്ങളിൽ നിന്നു എന്നേക്കുമായി വേർതിരിഞ്ഞിരിക്കുന്നു.

ജനം:— ഞങ്ങളുടെ പിതാവെ! ഞങ്ങൾ വാതിൽ അടച്ചു പോകുന്നു എങ്കിലും പുനരുത്ഥാനം നൽകുന്നവനായ നമ്മുടെ കർത്താവ് നിന്റെ മുൻപിൽ വാതൽതുറന്നു തരുമാറാകട്ടെ.

പട്ടക്കാരൻ:— പള്ളിക്കാരെ! നിങ്ങളെല്ലാവരും സമാധാനത്തോടെ വസിപ്പീൻ. നമ്മുടെ കർത്താവ് തന്റെ കൃപയാൽ നിങ്ങളുടെ സംഘങ്ങളെ കാത്തുകൊള്ളുമാറാകട്ടെ.

ജനം:— ഭാഗ്യവാനായ ഞങ്ങളുടെ പിതാവെ! വിശുദ്ധ സഭാമന്ദിരത്തിൽ ഞങ്ങളുടെ പ്രാൎത്ഥനയിൽ ഞങ്ങൾ ഇനി നിന്നെ ഓൎത്തുകൊള്ളാം.

പട്ടക്കാരൻ:— ഭുവനവും അതിലെ നിവാസികളുമായുള്ളോരെ! സമാധാനത്തോടെ വസിപ്പീൻ. ഇനി എന്നേക്കും നിങ്ങളിൽ സമാധാനം വർദ്ധിക്കുമാറാകട്ടെ.

ജനം:— ഭാഗ്യവാനായ ഞങ്ങളുടെ പിതാവേ നിന്റെ വേർപാടിൽ വളരെ ദുഃഖിക്കുന്നവരായ ഞങ്ങൾക്ക് നിന്റെ പ്രാൎത്ഥന കോട്ടയും അഭയസ്ഥാനവുമായിരിക്കട്ടെ.

പട്ടക്കാരൻ:— പട്ടക്കാരും വൈദികരുമായുള്ളോരെ! സമാധാനത്തോടെ വസിപ്പീൻ. നമ്മുടെ കർത്താവ് തന്റെ കൃപയാൽ നിങ്ങളുടെ സംഘങ്ങളെ കാത്തുകൊള്ളുമാറാകട്ടെ.

ജനം:— ഞങ്ങളുടെ സഹോദരാ! ഇവിടംവരെയും ഞങ്ങൾ നിന്നെ അനുയാത്രയാക്കിയിരിക്കുന്നു. ഇനി അങ്ങോട്ടു മാലാഖമാർ നിന്നെ അനുഗമിക്കട്ടെ.

പട്ടക്കാരൻ:— എന്റെ സഹവാസികളേ, നിങ്ങളെല്ലാവരും സമാധാനത്തോടെ വസിപ്പീൻ. എന്റെ യാത്രയിൽ നിർഭയമായി പോകുവാൻ തക്കവണ്ണം എനിക്കുവേണ്ടി പ്രാൎത്ഥിപ്പീൻ.

ജനം:— ഞങ്ങളുടെ പിതാവെ! ഞങ്ങളുടെ സംഘത്തിൽനിന്നു മാലാഖമാരുടെ സംഘത്തിലേക്ക് നീ വേർതിരിഞ്ഞിരിക്കുന്നു. ഇനി ഞങ്ങൾ സ്വൎഗ്ഗരാജ്യത്തിലെ മണവറയിൽ നിന്നെ കാണുമാറാകട്ടെ.

മൃതശരീരം കബറിലേക്ക് ഇറക്കിക്കൊണ്ടു ചൊല്ലേണ്ടതു്

www.malankaralibrary.com

ആ ഉൽകൃഷ്ട ശക്തിയുടെ അധികാരം ശവക്കല്ലറയിലേക്ക ഇറങ്ങിവന്ന് അവിടെ അത്ഭുതം പ്രവൃത്തിക്കയും മാലാഖമാർ ചിതറിക്കിടക്കുന്ന അസ്ഥികളിൽ വിസ്മയിക്കയും ചെയ്യുന്നു അവ മഹത്വം ധരിച്ച് ആത്മാവും ശരീരവും നാശം കൂടാതെ യോഗ്യമായി ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നു. കർത്താവെ! മാർത്തായുടെയും മറിയാമിന്റെയും സഹോദരനായ ലാസർ, നാറിയശേഷം നിന്റെ ശബ്ദംകേട്ട് ഉയിർത്തെഴുന്നേററതിനാൽ നിനക്കു സ്തുതി. നിന്റെ പ്രവേശനത്താൽ യായിറോസിന്റെ പുത്രി ഉണർന്നു. അവസാനനാളിൽ നീ വിളിക്കുന്ന ശബ്ദത്താൽ മരിച്ചവരും ഉയിർത്തെഴുന്നേൽക്കുന്നു. ബാറെക്മോർ.

ശുബ്ഹോ.................

മരിച്ചവരുടെ ഇടയിൽ ഇറങ്ങിവന്ന് മൺമയനായ ആദാമിനെ സന്ദർശിക്കയും "മൺമയനെ! ഞാൻ മരിപ്പിക്കയും ജീവിപ്പിക്കയും ചെയ്യുന്ന ദൈവപുത്രനാകയാൽ നീ എന്റെ കൽപന ലംഘിച്ചതിനെപ്പററി ഖേദിക്കേണ്ടാ" എന്ന് അവനോടു പറകയും ചെയ്ത അത്യുന്നതനായവന്റെ ശക്തിക്ക് സ്തുതി.

മെനൊലം..............

തന്റെ സാമർത്ഥ്യത്താൽ ഭൂതലം മുഴുവനും മരണനുകത്തിൽ പൂട്ടിയ ബുദ്ധിമാനായ സ്രഷ്ടാവ് ഉന്നതന്മാരായ രാജാക്കന്മാരെ അവരുടെ പദവികളിൽനിന്നും ഘോരന്മാരായ ന്യായാധിപന്മാരെ അവരുടെ അധികാരങ്ങളിൽനിന്നും തള്ളുന്നു.

കർത്താവെ! നിന്റെ സജീവമായ പരിശുദ്ധ തിരുശരീര രക്തങ്ങൾ അനുഭവിച്ച വിശ്വാസികളായ മരിച്ചവർ സുഗന്ധധൂപത്താൽ നീതീകരിക്കപ്പെടുകയും. മ്ശിഹാതമ്പുരാനെ! നീ അവക്ക് പുനരുത്ഥാനം നൽകുന്നതാകയാൽ അവർ നിന്റെ ദൈവത്വത്തിന്റെ വലത്തുഭാഗത്തുനിന്ന് നിനക്ക് സ്തുതിപാടുകയും ചെയ്യുമാറാകണമെ.

അനന്തരം മണ്ണിട്ട് കുഴിമൂടിക്കൊണ്ടു ചൊല്ലണം.

121–ാം സങ്കീർത്തനം.

കർത്താവിന്റെ ഭവനത്തിലേക്ക് നമുക്കു പോകാമെന്നു അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു. ഊർശ്ലേമെ. എന്റെ കാലടികൾ നിന്റെ വാതിലുകൾക്കകത്തു നിന്നിട്ടുണ്ടല്ലൊ. ഊർശ്ലേം ചുററും കോട്ടയുള്ള നഗരംപോലെ പണിയപ്പെട്ടിരിക്കുന്നു. കർത്താവിന്റെ ഗോത്രങ്ങളായ തലമുറകൾ കർത്താ

www.malankaralibrary.com

വിൻെറ തിരുനാമത്തിന്ന സ്തോത്രം ചെയ്യാനായി ഇസ്രായേലിന്ന സാക്ഷിയായി അവിടെ കയറിച്ചെല്ലന്നു. എന്തെന്നാൽ ദാവീദിൻെറ ഭവനത്തിലെ സിംഹാസനങ്ങളായ സിംഹാസനങ്ങൾ ന്യായവിസ്താരത്തിനായി അവിടെ ഇട്ടിരിക്കുന്നു. ഊർശ്ലേമിൻെറ കുശലം അന്വേഷിപ്പീൻ. ഊർശ്ലേമെ! നിൻെറ സ്നേഹിതന്മാർ സന്തുഷ്ടരായിരിക്കും. നിൻെറ സൈന്യത്തിൽ സമാധാനവും നിൻെറ കൊട്ടാരങ്ങളിൽ സമർദ്ധിയുമുണ്ടാകും. എൻെറ സഹോദരന്മാർക്കും എൻെറ സ്നേഹിതന്മാർക്കുംവേണ്ടി നിന്നിൽ സമാധാനമുണ്ടാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു. ഞങ്ങളുടെ ദൈവമായ കർത്താവിൻെറ ഭവനംനിമിത്തം ഞാൻ നിൻെറ നന്മകൾ അന്വേഷിക്കും. ദൈവമേ സ്തുതി നിനക്ക് യോഗ്യമാകുന്നു.

(റെംസ്ലീറെംസ്ലി)

കർത്താവെ! തൻെറ ചിറകുകളാൽ ഉയരത്തിലേക്ക് പറന്നിരിക്കുന്ന ഞങ്ങളുടെ സഹോദരനെ നിൻെറ സ്ലീബായുടെ ചിറകുകളിൽ മറച്ചുകൊള്ളണമെ.

ഉന്നതനായ മണവാളാ! നിനക്ക് സ്തുതി എന്നു പറഞ്ഞുകൊണ്ട് ഞങ്ങൾ ഇതാ സ്തുതിപാടുന്നു.

ഞങ്ങളുടെ സഹോദരാ! നീ സ്നേഹിച്ചിട്ടുള്ള മ്ശിഹാതമ്പുരാൻ സന്തോഷകരമായ സ്ഥലത്ത് രമണീയമണവറ ഇതാ നിനക്കൊരുക്കിയിരിക്കുന്നു.

ഉന്നതനായ മണവാളാ! നിനക്ക് സ്തുതിയെന്നു പറഞ്ഞുകൊണ്ടു് ഞങ്ങൾ ഇതാ സ്തുതിപാടുന്നു.

ഞങ്ങളുടെ സഹോദരാ! ദൈവദൂതന്മാരുടെയും മാലാഖമാരുടെയും സംഘങ്ങളിൽ സ്തുതിപാടുവാൻ തക്കവണ്ണം അവർ ഇതാ നിന്നെ കാത്തിരിക്കുന്നു

ഉന്നതനായ മണവാളാ......

ഭാഗ്യവാനായ പട്ടക്കാരാ! സമാധാനത്തോടെ പോക. പ്രകാശമുള്ള മണവറയിൽ ഞങ്ങൾ നിന്നെ കണ്ടു് സന്തോഷിക്കും.

ഉന്നതനായ മണവാളാ......

ഞങ്ങളുടെ സഹോദരാ! നീ കാത്തിരുന്ന മഹാ ഭാഗ്യത്തിലേക്കു പോക. ഇതാ വിജയകരമായ കിരീടത്താൽ നീ അതിലേക്കു എത്തിയിരിക്കുന്നു.

ഉന്നതനായ മണവാളാ .........

www.malankaralibrary.com

കർത്താവെ! നിന്നെ ശുശ്രൂഷിച്ചിട്ടുള്ള ശോഭയുള്ള ആചാര്യന് അവന്റെ അദ്ധ്വാനങ്ങൾക്കു് തക്ക കൂലി നൽകണമേ.

ഉന്നതനായ മണവാളാ.........

ഞങ്ങളുടെ സഹോദരാ, നിന്നെ കൂട്ടിക്കൊണ്ടുപോയ മ്ശിഹാതമ്പുരാൻ ഉയരത്തിൽ ഉദിക്കുന്നു. പുതിയ ജീവിതത്തിൽ നിന്നെ കാണ്മാൻ ഞങ്ങളെ യോഗ്യരാക്കട്ടെ.

ഉന്നതനായ മണവാളാ........

എന്റെ സഹോദരന്മാരെ നിങ്ങളിൽനിന്നുള്ള വേർപാടിൽ ഞാൻ വളരെ ദുഃഖിക്കുന്നു നിങ്ങളുടെ പ്രാർത്ഥന എനിക്കു് രക്ഷാസ്ഥലത്തേക്കുള്ള വഴിയായിരിക്കട്ടെ.

ഉന്നതനായ മണവാളാ........

## 103-ാം സങ്കീർത്തനത്തിൽനിന്നും മററും

എന്റെ ആത്മാവെ! കർത്താവിനെ പുകഴ്ത്തുക. താൻ നിന്റെ സർവ്വ അന്യായവും നിന്നോടു ക്ഷമിക്കയും നിന്റെ സർവ വേദനകളും സുഖപ്പെടുത്തുകയും ചെയ്യും. കർത്താവെ! നിന്റെ ജനത്തിന്മേൽ നിന്റെ അനുഗ്രഹം എന്നേക്കും ഉണ്ടായിരിക്കണമെ. നീ കർത്താവിനോടു് അപേക്ഷിച്ചു് അവന്റെ മുമ്പാകെ പ്രാർത്ഥിക്ക. നീ ചുററും കോട്ടകെട്ടിയിരിക്കുന്ന പട്ടണംപോലെ ആകും. കർത്താവിന്റെ വലത്തുകൈ ശക്തി പ്രവർത്തിച്ചു. രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായുള്ളോരേ! നിങ്ങൾ കർത്താവിനെ സ്തുതിപ്പീൻ. കർത്താവെ! നിന്റെ ദാസന്റെ ആത്മാവിനെ സന്തോഷിപ്പിക്കണമെ. രാജപുത്രി മഹത്വത്തോടെ നിന്നു. ഞങ്ങൾ ചെയ്‌വാൻ കടപ്പെട്ടിരുന്നതു് ചെയ്തു. മാലാഖമാർ അവരുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും. വലിയവരും ചെറിയവരുമായി കർത്താവിന്റെ ദാസന്മാരെ, നിങ്ങൾ എല്ലാവരും കർത്താവിനെ സ്തുതിപ്പീൻ. കർത്താവിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതായിരിക്കട്ടെ. ഊർശ്ലേമേ! നിന്നെക്കുറിച്ചു് ഞാൻ സമാധാനം സംസാരിച്ചു. ഇനിയും സംസാരിക്കയും ചെയ്യും. ഇസ്രായേലിന്മേൽ ഇനി എന്നെന്നേക്കും സമാധാനം ഉണ്ടായിരിക്കട്ടെ. കർത്താവു് നിന്റെ ഹൃദയത്തിന്റെ യാചന നിനക്കു നൽകും. സ്വപ്നം കാണുമ്പോൾ ഉണരുന്നവനെപ്പോലെ നീ ഉണരും. കർത്താവിനെ അന്വേഷിപ്പീൻ. നിങ്ങളുടെ ഹൃദയം ബലപ്പെടും. അവന്റെ മുഖം എല്ലായ്പോഴും അന്വേഷിപ്പീൻ. ദൈവമെ, സ്തുതി നിനക്കു യോഗ്യമാകുന്നു.

www.malankaralibrary.com

ത്രെംസ്ലിറോസ്ലി

മേലുള്ള ഊർശ്ലേമേ! മ്ശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞാൻ പ്രവേശിച്ചു വന്ദിപ്പാൻവേണ്ടി നിൻെറ വാതിലുകൾ എനിക്കു തുറന്നുതരേണമേ.

ഉന്നതനായ മണവാളാ! നിനക്കു സ്തുതിയെന്നു പറഞ്ഞുകൊണ്ടു ഞങ്ങൾ ഇതാ സ്തുതിപാടുന്നു.

നീ സ്നേഹിച്ചിട്ടുള്ള മ്ശിഹാതമ്പുരാൻ നിൻെറമുമ്പിൽ ശുശ്രൂഷിക്കുന്ന ആചാര്യന്മാരുടെ ശബ്ദത്തിൽ ഇഷ്ടപ്പെട്ടമാറാകട്ടെ.

ഉന്നതനായ മണവാളാ......

കർത്താവെ! നിൻെറ തിരുവിഷ്ടം നിവൃത്തിയാകയും നിൻെറ കല്പന എന്നെ കൂട്ടിക്കൊണ്ടുപോകയും ചെയ്യു ഞാൻ എഴുന്നേററു നിന്നെ സ്തോത്രം ചെയ്‌വാൻ നിൻെറ കരുണയാൽ എന്നെ ജീവിപ്പിക്കണമെ.

ഉന്നതനായ മണവാളാ......

ഭാഗ്യവാനായ പട്ടക്കാരാ! നിൻെറ വലത്തുകൈ നീട്ടി നിൻെറ ശരീരത്തെ ആഘോഷിച്ചിട്ടുള്ള ഈ കൂട്ടത്തെ വാഴ്ത്തണമെ.

ഉന്നതനായ മണവാളാ............

വിശുദ്ധ പട്ടക്കാരാ! നിൻെറ നാഥൻ ഞങ്ങളെല്ലാവരുടെമേലും തൻെറ കരുണ ചൊരിയുവാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കയും പ്രാർത്ഥിക്കയും ചെയ്യണമെ

ഉന്നതനായ മണവാളാ.......

ഞങ്ങളുടെ സഹോദരാ! പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും ശക്തി സകല ഉപദ്രവങ്ങളിൽനിന്നും നിന്നെ കാത്തുകൊള്ളുമാറാകട്ടെ.

ഉന്നതനായ മണവാളാ........

ഞങ്ങളുടെ രക്ഷിതാവെ! നിൻെറ ഇടവകയിലെ വിവേകമുള്ള ആടുകളെ നിൻെറ സ്ലീബായുടെ അടയാളത്താൽ മുദ്രകുത്തേണമെ.

ഉന്നതനായ മണവാളാ!.........

എൻെറ സഹോദരന്മാരെ! നിങ്ങളെല്ലാവരും പരിശുദ്ധ പള്ളിയിൽ നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെ യോഗ്യമായി ഓർത്തുകൊള്ളേണമേ.

ഉന്നതനായ മണവാളാ!.........

www.malankaralibrary.com

ഞങ്ങളുടെ കർത്താവേ! നിന്നിലുള്ള ആശയോടെ നിദ്രപ്രാപിച്ചവനായ നിന്റെ ദാസന്റെ ആത്മാവിനെ സ്വർഗ്ഗരാജ്യത്തിലെ മണവറയിൽ ആശ്വസിപ്പിക്കണമെ.

ഉന്നതനായ മണവാളാ!..........

ഞങ്ങളുടെ സഹോദരാ! പള്ളി ദുഃഖിക്കയും മദ്ബഹാ ഖേദിക്കുകയും ചെയ്യുന്നു. നിന്റെ ശിഷ്യന്മാർ മഹാ സന്താപനിമഗ്നരായുമിരിക്കുന്നു.

ഉന്നതനായ മണവാളാ!..........

ഞങ്ങളുടെ സഹോദരാ! ഇവിടംവരെ ഞങ്ങൾ നിന്നെ യാത്ര അയച്ചിരിക്കുന്നു. ഇനി അങ്ങോട്ടു ദൈവദൂതന്മാർ നിന്നെ അനുഗമിക്കട്ടെ.

ഉന്നതനായ മണവാളാ!..........

ഞങ്ങളുടെ സഹോദരാ! മോശയും ഏലിയാവും നിന്റെ എതിരേൽപ്പിന്നു പുറപ്പെട്ടുവന്ന് പ്രകാശമുള്ള കൂടാരങ്ങളിൽ നിന്നെ കൈക്കൊള്ളുന്നു.

ഉന്നതനായ മണവാളാ! ..........

എന്റെ സഹോദരന്മാരും സ്നേഹിതന്മാരുമെ! നിങ്ങൾ എന്നെ വളരെ ബഹുമാനിച്ചതിനാൽ ഇവിടെയും അവിടെയും നമ്മുടെ കർത്താവു് നിങ്ങൾക്കു് പ്രതിഫലം നൽകുമാറാകട്ടെ.

ഉന്നതനായ മണവാളാ!..........

എന്റെ സഹോദരന്മാരെ എനിക്കു് സമാധാനം തരുവിൻ നിങ്ങൾ സമാധാനത്തോടെ വസിപ്പിൻ. ഈ സമാധാനം അവസാനത്തോളം എന്നേക്കുമായിട്ടുള്ളതുമാകുന്നു.

ഉന്നതനായ മണവാളാ!..........

സഭയും അതിന്റെ മക്കളുമായുള്ളോരേ! സമാധാനത്തോടെ വസിപ്പീൻ. നമ്മുടെ കർത്താവു് നിങ്ങളുടെ കൂട്ടങ്ങൾക്കു് കോട്ടയായിരിക്കട്ടെ.

ഉന്നതനായ ഉണവാളാ........

ഞാൻ പുറപ്പെട്ടുപോന്ന ഭവനവും അതിലെ നിവാസികളുമായുള്ളോരെ! സമാധാനത്തോടെ വസിപ്പീൻ. നിങ്ങൾക്കു് അനവധിയായി സമാധാനം ലഭിക്കുമാറാകട്ടെ.

ഉന്നതനായ മണവാളാ..........

എന്റെ സഹോദരന്മാരും വാത്സല്യവാന്മാരുമെ. സമാധാനത്തോടെ വസിപ്പീൻ. നമ്മുടെ കർത്താവു് നിങ്ങളുടെ അദ്ധ്വാനങ്ങൾക്കു് പ്രതിഫലമായി കൂലി നൽകുമാറാകട്ടെ.

ഉന്നതനായ മണവാളാ..........

www.malankaralibrary.com

എന്റെ സഹവാസികളായുള്ളോരെ! നിങ്ങളെല്ലാവരും സമാധാനത്തോടെ വസിപ്പീൻ. ഞാൻ ഇനി എന്നേക്കമായി നിങ്ങളിൽനിന്ന വേർതിരിഞ്ഞിരിക്കുന്നു.

ഉന്നതനായ മണവാളാ............

എന്റെ സഹോദരന്മാരെ! നിങ്ങൾ വാതിൽ അടച്ച് സമാധാനത്തോടെ പോകുവീൻ. നമ്മുടെ കർത്താവ് എഴുന്നള്ളിവന്ന് എനിക്ക് അതു തുറന്നുതരുമാറാകട്ടെ

ഉന്നതനായ മണവാളാ.........

ഭാഗ്യവാനായ ഞങ്ങളുടെപിതാവെ. സമാധാനത്തോടെപോക. നിന്നെ കൂട്ടിക്കൊണ്ടുപോയ മ്ശിഹാതമ്പുരാൻ തന്റെ മണവറയ്ക്ക് നിന്നെ യോഗ്യനാക്കട്ടെ.

ഉന്നതനായ മണവാളാ........ ...

ഞങ്ങളുടെ സഹോദരാ? നിന്റെ ദേഹവിയോഗത്തിൽ മദ്ബഹാ ദുഃഖിക്കയും പള്ളി വിലപിക്കയും നിന്റെ ആരാധനസ്ഥലം നിന്റെ പ്രാർത്ഥനകൾ ഓർക്കുകയും ചെയ്യുന്നു.

ഉന്നതനായ മണവാളാ............

ശോഭയുള്ള ആചാര്യന്മാരും വിശുദ്ധ ജനങ്ങളുമായുള്ളോരെ! ഞാൻ പോകുന്നിടത്ത് എനിക്ക് സ്വീകരണം ലഭിപ്പാൻ എനിക്കുവേണ്ടി പ്രാർത്ഥിപ്പീൻ.

ഉന്നതനായ മണവാളാ............

എന്റെ സഹോദരന്മാരെ! എന്റെ വേർതിരിവിന്റെ സമയം ആസന്നമായിരിക്കുന്നു. ഞാൻ ചെന്ന് എന്നെ സ്വീകരിപ്പാൻ എനിക്കുവേണ്ടി പ്രാർത്ഥിപ്പീൻ.

ഉന്നതനായ മണവാളാ.......

ബാറെക് മോർ. ശുബഹോ........മെനഓലം........

ഞങ്ങളുടെ സഹോദരാ! നിനക്ക് പുനരുത്ഥാനം നല്കുന്ന പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിന്നും സ്തുതിയും സ്തോത്രവുമുണ്ടാകട്ടെ.

എല്ലാവരും മണ്ണിട്ട് കബർ നന്നായിമൂടി താഴെയുള്ള ബോതത്തെ ചൊല്ലണം
(ആത്ത്എശ്കഹത്തോൻ)

1 ഞാൻ ഇല്ലാതിരുന്നപ്പോൾ എന്നെ കണ്ടുപിടിച്ച ദൈവമേ. ഞാൻ ഉണ്ടായ ഇപ്പോൾ എന്നോടു കരുണചെയ്യണമെ

൨ ആദിയിൽ ഇല്ലായ്മയിൽനിന്ന എന്നെ സൃഷ്ടിച്ച ദൈവമെ, ഞാൻ നിനക്കുള്ളവനായിത്തീരുവാൻ എന്റെ കുററങ്ങൾ ക്ഷമിക്കണമെ.

www.malankaralibrary.com

൯ മനുഷ്യനായിത്തീർന്ന സർവലോകവല്ലഭാ! നിന്റെ ദയ കാണ്മാൻ എന്റെ കണ്ണുകളെ പ്രകാശിപ്പിക്കണമെ.

൭ സർവ്വന്യായാധിപനായ കർത്താവെ. നിന്റെ ന്യായവിസ്താരനാളിൽ എന്നെ ലജ്ജിപ്പിക്കരുതെ.

൮ കർത്താവെ, നീ എന്റെ ബലഹീനതയ്ക്കു മദ്ധ്യസ്ഥനായിത്തീരുകയും നീ മുഖാന്തിരം നിന്റെ പിതാവിന്റെ സ്ഥലത്തേക്കു ഞാൻ കരേറുകയും ചെയ്യേണമേ.

൦ മരണത്തിനുമുമ്പ് അനുതപിച്ച് ജീവിക്കാത്തവരായ എല്ലാ പാപികൾക്കും മഹാകഷ്ടം.

൧ രാജാവു് മഹത്വത്തോടെ സന്തോഷം എഴുന്നള്ളുകയും വലത്ഭാഗക്കാർ അവന്റെ എതിരേല്പിനുപുറപ്പെടുകയും ചെയ്യുന്നു

൨ കർത്താവെ! എന്റെ പാപങ്ങളും കുററങ്ങളും നീതീകരിച്ച് ക്ഷമിക്കയും നിന്റെ വലതുഭാഗത്ത് എന്നെ നിർത്തുകയും ചെയ്യണമെ

൩ തിരുമനസ്സോടെ ശരീരം ധരിച്ച ഉത്തമനെ! നിന്റെ ന്റെ നീതിയുടെമുമ്പാകെ ഞാൻ ലജ്ജിക്കമാറാകരുതെ

൪ കരുണാസാഗരമാകുന്ന കർത്താവെ! നാശസാഗരത്തിൽ നിന്നു് എന്നെ ഉദ്ധരിക്കേണമേ.

൫ ശോഭയുള്ള പട്ടക്കാരാ! നിന്നെ കൂട്ടിക്കൊണ്ടുപോയ കർത്താവ് നിനക്കു പുനരുത്ഥാനം നൽകുന്നതിനാൽ നീ ക്ലേശിക്കേണ്ട.

൬ ഉത്തമനായ നാഥാ! ഞാൻ നിന്നെ വന്ദിക്കുന്നു. ഞാൻ നിനക്കുള്ളവനായിത്തീരുവാൻ നിന്റെ തിരുമുഖത്തിൽ എന്നെ ചേർത്തുകൊള്ളണമെ.

൧൦ എന്റെ രക്ഷിതാവായ മ്ശിഹാ! എന്നെ ഉയർത്തെഴുന്നേൽപിക്കയും നിന്റെ ന്യായവിസ്താരദിവസത്തിൽ എനിക്കു് നിന്റെ ദയ ലഭിക്കയും ചെയ്യണമെ.

൨ നിന്റെ പ്രകാശം എന്റെ അംഗങ്ങളിൽ ഉദിക്കയും ഇരുളടഞ്ഞ പാതാളത്തിൽ എന്നിൽ അതു പ്രകാശിക്കയും ചെയ്യണമെ.

൩ എന്റെ ജീവന്റെ ശരണമായ കർത്താവെ! നീ മുഖാന്തിരം ഞാൻ സൌഭാഗ്യകരമായ സ്ഥലത്തുചെന്നെത്തുമാറാകണമെ.

www.malankaralibrary.com

൫. തിരുനാമത്താൽ ഞങ്ങൾക്കു സഹായം നൽകുന്ന കർത്താവെ! ഞാൻ നിന്നിൽ അഭയം പ്രാപിച്ചിരിക്കുന്നതിനാൽ നീ എനിക്കു സഹായമായിത്തീരണമെ.

൬. ഭൂമിയിലേക്കു ഇറങ്ങിവന്ന മഹാരക്ഷിതാവെ! നീ എനിക്കു കൂട്ടായിരുന്നു എന്നെ രക്ഷിക്കണമേ.

൭. ഞങ്ങളുടെ കർത്താവെ! നിന്റെ സ്ളീബാ എനിക്കു വഴിയും പാലവും ആയിത്തീർന്നു അതിൽകൂടി ഞാൻ ജീവന്റെ സ്ഥലത്തേക്കു കടന്നുപോകുമാറാകണമെ.

൮. ഞങ്ങളുടെ കർത്താവെ! നിന്റെ ശബ്ദം എന്റെ ഉറക്കം ഉണർത്തുകയും നിന്റെ എഴുന്നെള്ളത്തിൽ ഞാൻ നിന്റെ എതിരേൽപിന്നു പുറപ്പെടുകയും ചെയ്യേണമെ.

൯. ഞാൻ സ്വീകരിച്ച മാമ്മൂദീസായുടെ മുദ്രയും അടയാളവും സന്തോഷകരമായ മണവറയിലേക്കു എന്നെ പ്രവേശിപ്പിക്കണമെ.

൧൦. ഇതാ തിരുവെഴുത്തു നിവൃത്തിയായിരിക്കുന്നു. ഇനി നിങ്ങൾ സമാധാനത്തോടെ വസിച്ചു എനിക്കുവേണ്ടി പ്രാർത്ഥിപ്പീൻ. പിതാവിന്നു മഹത്വവും പുത്രന്നു വന്ദനവും പരിശുദ്ധാത്മാവിന്നു മഹത്വകിരീടവും ഉണ്ടാകട്ടെ

൧൧. മഹത്വമുള്ള ത്രിത്വത്തിന്നു സ്തുതിയും സ്തോത്രവും പുകഴ്ചയുമുണ്ടാകട്ടെ. മരിച്ചവർക്കു പുനരുത്ഥാനം നൽകുന്നവനെ! നിനക്കു സ്തുതി. നിന്നിൽ മൃതിപ്പെട്ടവരായ മരിച്ചവർക്കു നീ പുനർജ്ജീവൻ നൽകണമെ.

അനന്തരം മാലാഖമാരുടെ സ്തുതി കൌമ്മാ വിശ്വാസപ്രമാണം പട്ടക്കാരുടെ കക്കീലിയോൻ മുതലായവയും താഴെയുള്ള മോർ യാക്കോബിന്റെ ബോവൂസോയും ചൊല്ലണം.

ദൈവപുത്രാ! അനശ്വരമായ സ്വർഗ്ഗരാജ്യത്തിൽ ശുദ്ധിമാന്മാരോടും നീതിമാന്മാരോടും കൂടെ നിന്റെ ആചാര്യ്യന്നു വിശ്രമം നൽകണമെ.

ഞങ്ങളുടെ സഹോദരാ! നീ പോയി ശേതിനോടും ആനോശിനോടുംകൂടെ ചേർന്നു അവരുടെ പാട്ടുകളാൽ വിശുദ്ധിയോടും സന്തോഷത്തോടുംകൂടി സ്തുതിപാടുക. നീ പോയി തെരഞ്ഞെടുക്കപ്പെട്ടവനായ നോഹയോടുചേർന്നു സകലത്തിന്നും ജീവനും മരണവും പുതുക്കവും നൽകുന്ന പരാക്രമനെ സ്തോത്രം ചെയ്യുക.

ആദിമുതൽ ആചാര്യ്യന്മാരെ തെരഞ്ഞെടുത്ത പിതാവിന്നു സ്തുതി. അവരുടെ കൈകളിൽ ജീവന്റെ താലന്തു നൽകിയ പു

www.malankaralibrary.com

ത്രന്ന് വന്ദനം. പുത്രന്റെ ആചാര്യന്മാർക്കു്, മനുഷ്യരുടെ പാപപരിഹാരത്തിന്നു താക്കോൽ കൽപിച്ചുകൊടുത്ത പരിശുദ്ധപിതാവിന്നു സ്തോത്രം.

മഹാപുരോഹിത ശ്രേഷ്ഠനും പ്രധാനാചാര്യനുമായ മ്ശിഹാ തമ്പുരാനെ! നിനക്കു സ്തുതി. നിന്റെ കൃപാശകൾ അനുഷ്ഠിച്ച ഈ നിന്റെ ആചാര്യന്നു് പുണ്യം നൽകണമെ.

അനന്തരം ആചാര്യന്മാരിൽ ഒരുവൻ കിഴക്കോട്ടുതിരിഞ്ഞുനിന്നു് ഈ ഹൂത്താമാ പ്രാർത്ഥന ചൊല്ലണം.

ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ! നിനക്കു സ്തുതി. നിനക്കു സ്തുതി. എന്നേക്കും നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിന്റെ കൃപയാലും ബഹുലമായ കരുണയാലും ഞങ്ങളുടെ പ്രാർത്ഥനകൾ കേൾക്കണമെ. ഞങ്ങളുടെ ശുശ്രൂഷകൾ കൈക്കൊള്ളണമെ. ഞങ്ങളുടെ സഹായത്തിന്നായി എഴുന്നള്ളണമേ. ഞങ്ങളുടെ ബലഹീനതയോടു് ഉത്തരമരുളണമെ. ഞങ്ങളുടെ മരിച്ചവരെ പുണ്യപ്പെടുത്തണമെ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ! സത്യവിശ്വാസത്തിൽ നിന്നിലുള്ള ആശയോടുകൂടി നിദ്രപ്രാപിച്ച ഈ നിന്റെ ദാസനെ എന്നേക്കും നീതീകരിക്കണമെ.

പിന്നീടു് പടിഞ്ഞാറോട്ടു് തിരിഞ്ഞുനിന്നു് ചൊല്ലണം.

ദിവ്യവും ക്രിസ്തീയവും ആയ യോഗ്യതയാൽ ഇന്നു് സത്യവിശ്വാസത്തോടെ മിശിഹായിലുള്ള ആശനിമിത്തം നിദ്രപ്രാപിച്ച തന്റെ ഈ ദാസനെ ദൈവം തന്റെ ബഹുലമായ കരുണയാൽ തന്റെ വിശുദ്ധ തൃക്കൈകളിൽ കൈക്കൊള്ളുവാൻ നാമെല്ലാവരും തന്നോടു പ്രാർത്ഥിക്കണം. കർത്താവു് പറുദീസായിലെ മോഹനീയഭവനങ്ങളിൽ ഇവന്റെ ആത്മാവിനെ വസിപ്പിക്കയും അനശ്വരമായ ഭാഗ്യങ്ങളാൽ ഇവനെ ആശ്വസിപ്പിക്കയും ചെയ്യട്ടെ. നീതിമാനായ ന്യായാധിപൻ ഇവന്റെ കുറവുകളെ അവഗണിച്ചു് കള്ളനോടുകൂടെ ഏദന്റെ പറുദീസായിലേക്കു് ഇവനെ അയക്കുമാറാകട്ടെ. കർത്താവു് തന്റെ പരിശുദ്ധ സ്നേഹിതന്മാർക്കു്, പ്രതിജ്ഞചെയ്തിട്ടുള്ള വാഗ്ദത്തഭാഗ്യങ്ങൾ പ്രതിഫലമായി നൽകുമ്പോൾ അവരോടുകൂടെ ഇവനെ ചേർക്കയും അവരുടെ സംഘങ്ങളിലും നിരകളിലും ഇവനെ ക്രമീകരിച്ചു് മഹത്വത്തോടുകൂടി പരിശോഭിപ്പിക്കയും ചെയ്യട്ടെ. കർത്താവു് തന്റെ രണ്ടാമത്തെ എഴുന്നള്ളത്തിൽ ഇവനെ മഹത്വവസ്ത്രങ്ങളും അനശ്വരമായ അങ്കിയും ധരിപ്പിക്കട്ടെ. കർത്താവു് തന്റെ സന്നിധിയിലുള്ള ശോഭിതമായ കൂട്ടങ്ങളോടൊരുമിച്ചു് ഇവനെ ചേർക്കയും തന്റെ

www.malankaralibrary.com

ബലമുള്ള വലത്തുകയ്യും ഉന്നതഭുജവും ഇവനു നീട്ടിക്കൊടുത്തു നിത്യ
അന്ധകാരത്തിൽനിന്നും നാശകരമായ നീർച്ചുഴിയിൽനിന്നും വീ
ണ്ടെടുത്തു് അടുത്തുകൂടാത്തതായ പ്രകാശത്താൽ തേജോമയമായ
ആത്മീയതോട്ടത്തിലേക്കു് ഇവനെ പ്രവേശിപ്പിക്കുകയും ജീവവൃ
ക്ഷത്തോടടുത്തു് ഇവൻ നിവസിക്കയും ചെയ്യുമാറാകട്ടെ. സങ്കടക
രമായ വ്യസനവും നമ്മുടെ പിതാവായ അബ്രഹാമിന്റേയും നീ
തിമാനായ ലാസറിന്റേയും അടുക്കൽ ആ ധനവാൻ പൊരിഞ്ഞു
കരഞ്ഞുകൊണ്ടു് അതിവേദനപ്പെട്ട. പുഴക്കടിയേക്കാൾ ഏററം
സങ്കടകരമായ ദുഃഖവും കർത്താവു് ഇവന്റെ ആത്മാവിൽനി
ന്നു് അകററിക്കളയട്ടെ. സത്യവിശ്വാസത്തിന്റെ ദർശനത്തിൽ
നിന്നു് അടഞ്ഞുപോയിട്ടുള്ള ഇവന്റെ കണ്ണുകൾ ദുഷ്ടന്മാക്കായി
ഒരുക്കിയിരിക്കുന്ന പുകയും തമസ്സുമേററു് ഇരുളടയാതെ വിശുദ്ധി
യും നീതിയുംകൊണ്ടു് പ്രകാശിക്കയും ഇവൻ മഹത്വത്തിന്റെ
മേലങ്കി ധരിച്ചു് സന്തോഷസമ്പൂർണ്ണമായ ജീവമണവറയിൽ
ആനന്ദിക്കയും ചെയ്യട്ടെ. കർത്താവു തന്റെ രണ്ടാമത്തെ എഴുന്ന
ള്ളത്തിൽ സർവ്വലോക സ്രഷ്ടാവായ പരിശുദ്ധ ത്രിത്വത്തിന്റെ
പ്രകാശത്തിൽ ആനന്ദിക്കുമാറു് ഇവനു മഹത്വവും രക്ഷയും ന
ൽകുമാറാകട്ടെ. ഇവന്റെ പിൻഗാമികളായി ഇവന്റെ വിര
ഹദുഃഖത്തിൽ പങ്കുകൊണ്ടു് അനുശോചിക്കുന്ന ഏവർക്കും മ്ശി
ഹാതമ്പുരാൻ ആശ്വാസവും ധൈര്യവും നൽകിക്കൊണ്ടു് അവരു
ടെ കണ്ണുകളിൽനിന്നു കണ്ണുനീർ തുടച്ചുകളയുകയും അവരുടെ ഹൃ
ദയങ്ങളിൽ മരിച്ചവരുടെ ഉയർപ്പിനെപ്പററിയുള്ള ആശ്വാസം ന
ൽകുകയും ചെയ്യട്ടെ. എന്റെ സഹോദരന്മാരും വത്സലരുമേ,
അന്യോന്യം സഹതപിക്കുന്ന അംഗങ്ങളും വിശുദ്ധസഭയുടെ മ
ക്കളുമെന്നപോലെ നിങ്ങളുടെ സഹോദരന്മാരുടെ ആശ്വാസ
ത്തിന്നായി വരികയും "തമ്മിൽ തമ്മിൽ ആശ്വസിപ്പിപ്പിൻ
പരസ്പരം ധൈര്യപ്പെടുത്തുവിൻ മരിച്ചവനെ കബറടക്കിയ
വനാൽ നീതീകരിക്കപ്പെട്ടവിൻ. മരിച്ചവൻമൂലമുള്ള കൃപാനി
രോധിക്കരുതു്. കല്യാണഭവനത്തിൽ പോകുന്നതിനേക്കാൾ ദുഃഖ
സ്ഥലത്തു പോകുന്നതത്രെ നല്ലതു്" എന്നുള്ള ദിവ്യപുസ്തകത്തി
ലെ വേദവാക്യം നിങ്ങൾ നിവൃത്തിക്കയും ചെയ്തിരിക്കുന്നു, ആ
യതിനാൽ ദൈവം നിങ്ങളുടെ സഹായത്തിന്നായി വരികയും
നിങ്ങൾക്കു് നിരപ്പും സമാധാനവും നൽകുകയും ചെയ്യട്ടെ. ക
ർത്താവു തന്റെ കൃപാബാഹുല്യത്താൽ നിങ്ങളുടേയും വിശ്വാസി
കളായ എല്ലാ മരിച്ചവരുടേയും പ്രത്യേകമായി ഇന്നു് നാം ശവ
സംസ്കാരം ചെയ്തിരിക്കുന്ന ഈ നമ്മുടെ സഹോദരൻ (   )
കുറവുകളും കുററങ്ങളും പാപങ്ങളും ക്ഷമിക്കുമാറാകട്ടെ. ആദ്യ

www.malankaralibrary.com

മനുഷ്യൻ പാപം ചെയ്യുന്നതിനുമുമ്പ് അവന്റെ വാസവും ആനന്ദവും എവിടെ ആയിരിപ്പാൻ കൂടാരമടിച്ചുവോ, ആ തന്റെ വലത്തുഭാഗത്ത് കർത്താവ് ഇവനെ വിളിച്ചു നിറുത്തുമാറാകട്ടെ. ദോഷികളായ അന്ധകാരസൈന്യങ്ങളാൽ തോറ്റുപോകാത്ത സമാധാനദൂതനേ കർത്താവ് നാം എല്ലാവരോടുംകൂടെ അയക്കുമാറാകട്ടെ. കർത്താവ് തന്റെ സഭയിലും ജനത്തിലും ലോകത്തിന്റെ നാനാഭാഗങ്ങളിലും തന്റെ നിരപ്പും സമാധാനവും നൽകട്ടെ. ദൈവമാതാവായ മറിയാമിന്റെയും എല്ലാ പരിശുദ്ധന്മാരുടേയും ഞങ്ങളുടെ പിതാക്കന്മാരും സഹോദരന്മാരും ഗുരുക്കന്മാരുമായുള്ളോരേ! നിങ്ങളുടെയും പ്രാർത്ഥനകളാൽ ഈ ശുശ്രൂഷ എന്നേക്കും പരിപൂർണ്ണപ്പെടുവാനായിട്ട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ദൈവത്തിലുള്ള ആശയോടെ നിദ്രപ്രാപിച്ചു തന്റെ ആരാധകയായ ഈ ദാസനു് തന്റെ കൃപയാൽ വിശ്രാമം നൽകുമാറാകട്ടെ ദൈവത്തിന്റെ അനുഗ്രഹം നമ്മുടെ കൂട്ടത്തിന്മേൽ രണ്ടു ലോകങ്ങളിലും എന്നന്നേക്കും ഉണ്ടായിരിക്കട്ടെ

ജനം:- ആമ്മീൻ കുറിയേലായിസ്സോൻ.... കുറിയേ... കുറിയേ.... ഞങ്ങളുടെ കർത്താവേ! ഞങ്ങളോട് കരുണചെയ്യേണമെ ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യേണമെ. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളി ഞങ്ങളോടു കരുണ ചെയ്യേണമെ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ നിത്യശരണമെ നിനക്കു സ്തുതി. ബാറക്മോർ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി.

ദൈവം തന്റെ ദാസനെ കരുണയോടെ നീതീകരിച്ചു അംഗീകരിപ്പാൻ മൂന്നുപ്രാവശ്യം മുട്ടുകുത്തി പ്രാർത്ഥിക്കുന്ന എല്ലാവരേയും താൻ നീതീകരിക്കുമാറാകട്ടെ.

ഞങ്ങളുടെ മാന്യസഹോദരന്മാരേ, നാൽപതു ദിവസംവരെ ദിവസത്തിൽ രണ്ടുപ്രാവശ്യംവീതം സന്ധ്യയുടേയും പ്രഭാതത്തിന്റെയും പ്രാർത്ഥനകൾക്കുശേഷം കബറുങ്കൽ ശുശ്രൂഷ നടത്തേണ്ടതാണ്. എന്നാൽ മൂന്ന്, ഒൻപതു്, മുപ്പതു്, നാൽപതു് ഈ ദിവസങ്ങളിൽ പ്രത്യേകമായി ദിവസം മൂന്നുപ്രാവശ്യംവീതം സന്ധ്യ, പ്രഭാതം, മദ്ധ്യാഹ്നം എന്നീസമയങ്ങളിലും ശുശ്രൂഷനടത്തണം,

ദൈവസഹായത്താൽ മേൽപ്പട്ടക്കാരുടേയും പട്ടക്കാരുടേയും റമ്പാന്മാരുടേയും ശെമ്മാശന്മാരുടേയും ശവസംസ്കാരക്രമം അവസാനിച്ചിരിക്കുന്നു.

www.malankaralibrary.com

MALANKARA
LIBRARY
www.malankaralibrary.com